SOUTHERN LANGUAGES BOOK TRUST

രൂ: 2.00

# ചിത്രലേഖ

ഭഗവതീചരൺ വർമ്മ



# ചിത്രലേഖ

( ഒരു ഹിന്ദി നോവൽ )

ഗ്രന്ഥകർത്താ:

ഭഗവതീചരൺ വർമ്മ

മലയാളവിവർത്തനം :

ജി. ശ്രീധരൻ, B. A.

ഓറിയൻററ് ലോങ്ങ്മൻസ്
36-A, മൌണ്ട്റോഡ്, മദ്രാസ്-2
ബോംബെ : കൽക്കട്ട : ന്യൂഡൽഹി

ഓറിയന്റ് ലോങ്മൻസ് ലിമിറ്റഡ്
രജിസ്റ്റേർഡ് ആഫീസ്: 17, ചിത്തരഞ്ജൻ അവന്യൂ, കൽക്കട്ടാ 13
നിക്കോൾ റോഡ്, ബാലാർഡ് എസ്റ്റേറ്റ്, ബോംബെ 1
36–A, മൌണ്ട് റോഡ്, മദ്രാസ് 2
കാൻസൺ ഹൌസ്, 1/24, ആസഫ് ആലി റോഡ്, ന്യൂഡൽഹി 1
ഷാപ്പൂർ റോഡ്, അഹമ്മദാബാദ് 1
17, വുഡ് സ്ട്രീറ്റ്, ഷൂളൈ, ബാംഗ്ളൂർ 1
ഗൺഫൌണ്ടറി റോഡ്, ഹൈദരബാദ് 1
17, നാസിമുദീൻ റോഡ്, ഡാക്കാ
373/374, നാരായൺപേട്ട്, ലക്ഷ്മീറോഡ്, പൂനാ 2
ലോങ്മൻസ് ഗ്രീൻ ആൻഡ് കമ്പനി
48, ഗ്രോസ്‌വെനോർ സ്ട്രീറ്റ്, ലണ്ടൻ W. 1.
ന്യൂയോർക്ക്, ടോറൊണ്ടോ, കേപ്ടൌൺ, ക്രോയ്ഡൻ (ആസ്ത്രേലിയാ)

ഒന്നാംപതിപ്പ് ഏപ്രിൽ 1961

വില രൂപാ: 2.00

CHITRALEKHA
Malayalam translation of the famous
Hindi novel 'Chitralekha'
By Bhagavathi Charan Varma.

*First Edition : 3000 copies.* *April 1961.*

© Orient Longmans Ltd., 1961.

Published under the auspices of the
Southern Languages Book Trust, Madras–31.
Malayalam : New Series 3

Price: Rs. 2.00

Printed at Janatha Press, Madras-5.

എനിക്കും അനത്തോലേ ഫ്രാൻസിനും തമ്മിലുള്ള വ്യത്യാസം തന്നെയാണ് എന്റെ ചിത്രലേഖയ്ക്കും അനത്തോലേ ഫ്രാൻസിന്റെ ഛായയ്ക്കും തമ്മിലുള്ളത്. ചിത്രലേഖയിൽ ഒരു പ്രശ്നം അന്തർഭവിച്ചിട്ടുണ്ട്. മനുഷ്യജീവിതത്തെയും അതിലെ നന്മതിന്മകളെയും വീക്ഷിക്കുന്നതിന് എന്റേതായ ഒരു ദൃഷ്ടികോണമുണ്ട്. എന്റെ ആത്മാവിനു സ്വന്തമായ ഒരു സംഗീതവുമുണ്ട്.

— ഭഗവതീചരൺ വർമ്മ

# ഉപക്രമം

ശ്വേതാങ്കൻ ചോദിച്ചു: "പാപം എന്നാൽ എന്താണ്?"

മഹാപ്രഭു രത്നാംബരന് ഒരു ഗാഢനിദ്രയിൽനിന്ന് ഞെട്ടിയുണർന്ന പ്രതീതിയുണ്ടായി. അദ്ദേഹം ശ്വേതാങ്കനെ സൂക്ഷിച്ചുനോക്കി: "പാപമോ? വത്സാ! ഇതു് ഒരു കട്ടത്ത പ്രശ്നമാണ്; എന്നാൽ വളരെ സ്വാഭാവികവും. പാപം എന്നതു് എന്തെന്നാണ് നീ ചോദിക്കുന്നതു്. അല്ലേ?" രത്നാംബരൻ കോലാഹലം നിറഞ്ഞ പാടലീപുത്രത്തിലേയ്ക്കു നോക്കി. അംബരചുംബികളെന്നു് അഭിമാനം പൂണ്ടു നിൽക്കുന്ന അതിലെ പ്രാസാദങ്ങൾ നേരിയ അരുണപ്രഭയിൽ അപ്പോഴും ദൃഷ്ടിഗോചരമായിരുന്നു. "അതെ. പാപത്തിനു് ഒരു നിർവ്വചനം നൽകാൻ ഞാനും പലതവണ യത്നിച്ചിട്ടുണ്ടു്. എന്നാൽ എല്ലായ്പോഴും ഞാൻ പരാജയപ്പെടുകയാണു ചെയ്തതു്. പാപം എന്താണെന്നും അതു് എവിടെ സ്ഥിതിചെയ്യുന്നുവെന്നുമുള്ളതു് ഒരു വിഷമപ്രശ്നമാണ്. എനിക്കു് ഇന്നുവരെ അതിനുത്തരം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. നിരന്തരപരിശ്രമം ചെയ്തിട്ടും അനുഭവസമുദ്രത്തിൽ കിടന്നു നീന്തിത്തുടിച്ചിട്ടും പരിഹാരം കണ്ടെത്താൻ കഴിയാത്ത ഒരു പ്രശ്നത്തെ എങ്ങിനെയാണ് നിനക്കു മനസ്സിലാക്കി തരേണ്ടതു്?"

അല്പം നിറുത്തിയിട്ടു രത്നാംബരൻ തുടർന്നു: "എന്നാൽ ശ്വേതാങ്കാ! പാപത്തെ അറിഞ്ഞേ തീരൂ എന്നുണ്ടെങ്കിൽ നിനക്കു ലോകജീവിതത്തെ അന്വേഷിച്ചുചെല്ലേണ്ടിവരും. ഇതിനു തയ്യാറാണെങ്കിൽ ഒരുപക്ഷേ നിനക്കു പാപത്തെ കണ്ടെത്താൻ സാധിച്ചേയ്ക്കും."

ശ്വേതാങ്കൻ രത്നാംബരൻെറ മുമ്പിൽ ആനതശീർഷനായി ഉത്തരം പറഞ്ഞു: "ഞാൻ തയ്യാറാണ്."

"ഒരുപക്ഷേ നിനക്കും പാപത്തെ അന്വേഷിച്ചു കണ്ടുപിടിക്കാൻ ആഗ്രഹമുണ്ടായിരിക്കും" രത്നാംബരൻ വിശാലദേവനെ നോക്കിപ്പറഞ്ഞു.

വിശാലദേവനും രത്നാംബരന്റെ മുമ്പിൽ ശിരസ്സു കുനിച്ചു. "മഹാപ്രഭോ! അവിടത്തെ അനുമാനം ശരിയാണു്."

രത്നാംബരന്റെ മുഖം പ്രസന്നതകൊണ്ടു തിളങ്ങി— "നിങ്ങളെ അനുഭവശാലികളാക്കാൻ ലോകരംഗത്തേയ്ക്കയയ്ക്കുന്നതിനു മുമ്പു് നിങ്ങൾക്കു പരിത:സ്ഥിതികളെപ്പററി മനസ്സിലാക്കിത്തരേണ്ടതു് ആവശ്യമായിരിക്കുന്നു. ഈ നഗരത്തിലെ രണ്ടു മഹാനുഭാവന്മാർ എനിക്കു സുപരിചിതരാണു്. ഇക്കാര്യം സഫലീകരിക്കുന്നതിനു് നിങ്ങൾക്കു് ഇവരുടെ സഹായമവലംബിക്കേണ്ടിവരും. ഒരാൾ യോഗിയും മററെയാൾ ഭോഗിയുമാണു്. യോഗിയുടെ പേരു് കുമാരഗിരി എന്നത്രെ. ഭോഗിയുടെ പേർ ബീജഗുപ്തൻ എന്നും. നിങ്ങൾ രണ്ടാളുടെയും ജീവിതത്തെ ഇവരുടെ ജീവിതസ്രോതസ്സോടൊത്തു പ്രവഹിപ്പിക്കണം."

ശിഷ്യന്മാർ രണ്ടുപേരും ഒരുമിച്ചുത്തരം പറഞ്ഞു: "ഞങ്ങൾക്കു സമ്മതമാണു്."

"വിശാലദേവാ! നീ ബ്രാഹ്മണനാണു്. ധ്യാനം, ആരാധന എന്നിവയിലാണു് നിനക്കു് ആസക്തിയുള്ളതു്. അതുകൊണ്ടു നീ കുമാരഗിരിയുടെ ശിഷ്യനാകുന്നതാണുചിതം. ശ്വേതാങ്കാ! നീ ക്ഷത്രിയനാണല്ലോ. നിന്റെ ആസക്തി ലോകജീവിതത്തിലാണു്. അതുകൊണ്ടു് നീ ബീജഗുപ്തന്റെ സേവകനാകണം."

ശിഷ്യന്മാർ രണ്ടുപേരും ഒരുമിച്ചുത്തരം പറഞ്ഞു. "ഞങ്ങൾക്കു സമ്മതമാണു്."

"നിങ്ങൾ രണ്ടുപേരുടെയും മാർഗ്ഗം നിർണ്ണയിച്ചുകഴിഞ്ഞു. ഇനി എന്റെ കാര്യമാണു്. എന്നെപ്പററി നിങ്ങൾ ക്ലേശിക്കേണ്ടതില്ല. ജീവിതത്തിൽ ഉപാസനയോടൊപ്പം അനുഭവവും ആവശ്യമാണല്ലോ. നിങ്ങൾ അനുഭവം സമ്പാദിക്കുക. ഞാൻ ഇവിടെയിരുന്നു തപസ്സുചെയ്യാം. ഇന്നുമുതൽ ഒരു വർഷം കഴിഞ്ഞു് നിങ്ങൾ രണ്ടുപേരും ഇവിടെ വന്നു് എന്നെ കണ്ടുമുട്ടണം. അതിനുശേഷം നാം ആസൂത്രണം ചെയ്തിട്ടുള്ള പരിപാടിയനുസരിച്ചു് നമുക്കു വീണ്ടും പ്രവർത്തിക്കാം."

"എന്നാൽ ഒരു കാര്യം പ്രത്യേകം ഓർമ്മ വേണം. അദ്ധ്യയനംകൊണ്ടു് അറിയാനാവാത്ത കാര്യങ്ങൾ അനുഭവം മൂലമറിയുന്നതിനാണു് ഞാൻ നിങ്ങളെ ലോകരംഗത്തേയ്ക്കയയ്ക്കുന്നതു്. എന്നാൽ ഈ അനുഭവത്തിൻെറ പ്രവാഹത്തിൽ നിങ്ങൾ സ്വയം ഒഴുകിപ്പോകരുതു്. ഈ സംഗതി പ്രത്യേകം ശ്രദ്ധിച്ചുകൊള്ളണം. ലോകത്തിൻെറ അനുഭവകല്ലോലങ്ങളോടൊത്തു് നിങ്ങൾ പ്രയാണം ചെയ്യുകയാണു്. അവയിൽ മുങ്ങിപ്പോകരുതു്."

ശ്വേതാങ്കൻ വിശാലദേവനെ നോക്കി. വിശാലദേവൻ ശ്വേതാങ്കനെയും.

അല്പനേരം മൗനമായിരുന്നിട്ടു് രത്നാംബരൻ ഇങ്ങിനെ തുടന്നു: "നിങ്ങളെ നേരിടാൻ പോകുന്ന പരിതഃസ്ഥിതികളെ നിങ്ങൾക്കു മുൻകൂട്ടി പരിചയപ്പെടുത്തിത്തരാം. കുമാരഗിരി യോഗിയാണു്. അദ്ദേഹം ലൗകികമായ എല്ലാ ആഗ്രഹങ്ങളുടേയും മേൽ വിജയം കൈവരിച്ചിട്ടുണ്ടെന്നാണു് അവകാശപ്പെടുന്നതു്. ലോകത്തോടു് അദ്ദേഹത്തിനു വിരക്തിയാണു്. അദ്ദേഹം സുഖമെന്നതു് എന്താണെന്നു് അനുഭവിച്ചറിഞ്ഞിട്ടുണ്ടെന്നും അവകാശപ്പെടുന്നുണ്ടു്. അദ്ദേഹത്തിനു തേജസ്സും പ്രതാപവുമുണ്ടു്. ശാരീരികവും ആത്മീയവുമായ ബലമുണ്ടു്. കുമാരഗിരി മമത്വബോധത്തേയും ജയിച്ചവനാണെന്നാണു് ജനമതം. അദ്ദേഹം യുവാവുമാണു്. എന്നാൽ യൗവ്വനവും വിരക്തിയും ഒത്തുചേന്നു് അദ്ദേഹത്തിൽ ഒരു അലൗകികശക്തി സൃഷ്ടിച്ചിട്ടുണ്ടു്. സംയമമാണു് അദ്ദേഹത്തിൻെറ സാധന; സ്വർഗ്ഗം സാദ്ധ്യവും. വിശാലദേവാ! ആ കുമാരഗിരിയാണു് നിൻെറ ഗുരുവാകാൻ പോകുന്നതു്.

"ശ്വേതാങ്കാ! ബീജഗുപ്തൻ ഭോഗിയാണു്. അയാൾക്കു് യൗവ്വനത്തിൻെറ ഹൃദയോന്മേഷമുണ്ടു്; അയാളുടെ കണ്ണുകളിൽ മദ്യലഹരിയുടെ അരുണിമ പ്രകടമത്രേ. അയാളുടെ ആ ഭീമാകാരമായ മാളികയിൽ ഭോഗവിലാസം നൃത്തമാടുകയാണു്. രത്നം പതിപ്പിച്ച പാനപാത്രങ്ങളിലാണു് ബീജഗുപ്തൻെറ സമസ്തസുഖവും. പ്രതാപത്തിൻെറയും ഉല്ലാസത്തിൻെറയും തരംഗങ്ങളിൽ അയാൾ ക്രീഡിക്കുന്നു. അയാൾക്കു് ഐശ്വര്യത്തിനു യാതൊരു കുറവുമില്ല. ബീജ

ഗുപ്തൻ സുന്ദരനുമാണു്. അയാളുടെ ഹൃദയം ലൌകികമായ എല്ലാ ആഗ്രഹങ്ങളുടേയും നിവാസസ്ഥാനമാണു്. അയാളുടെ മാളികവാതിലിൽ ആടിക്കുലുങ്ങി നിൽക്കുന്ന മദയാനകളുണ്ടു്. ഗൃഹാന്തർഭാഗത്തു് സൌന്ദര്യമദംകൊണ്ടു് മതിമറന്ന നർത്തകികളുടെ നൃത്തകോലാഹലങ്ങളുണ്ടാകാറുണ്ടു്. ബീജഗുപ്തനു് ഈശ്വരനിൽ വിശ്വാസമില്ല. ഒരുപക്ഷേ ഈശ്വരനെപ്പററി അയാൾ ഒരിക്കലും ചിന്തിച്ചുകാണുകതന്നെയില്ല. സ്വർഗ്ഗം, നരകം എന്നിവയെപ്പററിയും അയാൾ നിശ്ചിന്തനാണു്. അയാളുടെ ജീവിതത്തിൻെറ സാധനയും സാദ്ധ്യവുമെല്ലാം ആനന്ദാഘോഷമല്ലാതെ മറെറാന്നുമല്ല. നീ ആ ബീജഗുപ്തൻെറ സേവകനാകണം. ശ്വേതാങ്കാ! ഇതു നിനക്കു സമ്മതം തന്നെയോ?"

"മഹാപ്രഭോ! താങ്കളുടെ ആജ്ഞയെ ഞാൻ ശിരസാ വഹിക്കുന്നു." ശ്വേതാങ്കനു തൻെറ സങ്കല്പമണ്ഡലത്തിനു വെളിയിൽ സ്ഥിതിചെയ്യുന്ന ഐശ്വര്യത്തെ അനുഭവിച്ചറിയണമെന്നു് ആഗ്രഹമുണ്ടായിരുന്നു.

"വിശാലദേവാ! നിനക്കും സമ്മതമാണോ?"

"മഹാപ്രഭോ! അവിടത്തെ ആജ്ഞയെ ഞാൻ ശിരസാ വഹിക്കുന്നു." വിശാലദേവൻ യൌവ്വനത്തിൻെറയും വൈരാഗ്യത്തിൻെറയും സംയോഗത്തിൽനിന്നുത്ഭൂതമായ ശക്തിമാഹാത്മ്യത്തെ അറിയാനാഗ്രഹിച്ചു.

"എന്നാൽ അങ്ങിനെതന്നെയാകട്ടെ" എന്നു പറഞ്ഞു് രത്നാംബരൻ എഴുന്നേററു.

പിറേറദിവസം ആശ്രമം ഒഴിഞ്ഞു. ഗുരു തപസ്യയുടെ ശുഷ്കമായ മണ്ഡലത്തിലേക്കും ശിഷ്യന്മാർ അനന്തമായ ജീവിതരംഗത്തിലേയ്ക്കും ഇറങ്ങിത്തിരിച്ചു.

# അദ്ധ്യായം ഒന്ന്

മദ്യം നിറഞ്ഞുതുളുമ്പുന്ന പാനപാത്രത്തെ ചിത്രലേഖയുടെ ചുണ്ടുകളോടടുപ്പിച്ചുകൊണ്ടു് ബീജഗുപ്തൻ ചോദിച്ചു: "ചിത്രലേഖേ! ജീവിതസുഖം എന്നതു് എന്താണെന്നറിയാമോ?"

ചിത്രലേഖയുടെ പാതിയടഞ്ഞ മിഴികളിൽ മാദകത്വം നിറഞ്ഞുനിന്നിരുന്നു; അരുണവർണ്ണമായ കപോലങ്ങളിൽ ഉല്ലാസച്ഛവിയും. യൗവ്വനത്തിൻെറ പ്രസരിപ്പ് സൗന്ദര്യത്തെ കിക്കിളിയാക്കിക്കൊണ്ടിരുന്നു. ആലിംഗനപാശത്തിൽ വികാരം പുഞ്ചിരിതൂകി. ചിത്രലേഖ മദ്യം ഒരു കവിൾ കുടിച്ചിറക്കി. ഒന്നു ചിരിച്ചു. ക്ഷണനേരം അവളുടെ അധരങ്ങൾ ബീജഗുപ്തൻെറ അധരങ്ങളോടു് മൗനഭാഷയിൽ എന്തോ മന്ത്രിച്ചു. അതിനുശേഷം അവൾ മന്ദസ്വരത്തിൽ മറുപടി പറഞ്ഞു: "ലഹരി."

അപ്പോൾ സമയം പാതിരാത്രി കഴിഞ്ഞിരുന്നു. ബീജഗുപ്തൻെറ ഗൃഹം പരഃസഹസ്രം ദീപങ്ങളാൽ അലങ്കരിക്കപ്പെട്ടിരുന്നു. വാതിൽക്കൽ ശഹ്നായിയിൽ[1] 'വിഹാഗ്'[2] രാഗാലാപം നടന്നുകൊണ്ടിരുന്നു. കേളീഗൃഹത്തിൽ നഗരത്തിലെ ഏററവും സൗന്ദര്യവതിയായ നർത്തകിയോടുകൂടി സാമന്തനായ ബീജഗുപ്തൻ യൗവ്വനത്തിൻെറ ഉന്മേഷത്തിനു വശംവദനായി കഴിയുകയായിരുന്നു. ലോകം മുഴുവൻ അന്ധകാരത്തിൽ നിമഗ്നവുമായിരുന്നു.

ബീജഗുപ്തൻ ചിരിച്ചു: "ചിത്രലേഖേ! യൗവ്വനത്തിൻെറ അന്ത്യം എന്തായിരിക്കുമെന്നു് ഞാൻ ആലോചിക്കുകയായിരുന്നു."

ചിത്രലേഖയും ചിരിച്ചു. എന്നാൽ ആ ചിരി ക്ഷണികമായിരുന്നു. ഉത്തരക്ഷണത്തിൽ ഉല്ലാസമധുരമായ ആ ചിരി

---

1 ഉത്തരേന്ത്യയിലെ ഒരു സംഗീതോപകരണം.
2 ഹിന്ദുസ്ഥാനി സംഗീതത്തിലെ ഒരു രാഗം.

വേദന നിറഞ്ഞ ഗാംഭീയ്യമായി പരിണമിച്ചു. അവളും പലപ്പോഴും ഈ ചോദ്യത്തിനുത്തരം കണ്ടുപിടിക്കാൻ ശ്രമിച്ചിട്ടുണ്ടാവണം. എന്നാൽ അവൾക്കു് അതിനെക്കുറിച്ചു് അധികം ചിന്തിക്കാൻ കഴിഞ്ഞിട്ടില്ല. പ്രശ്നം അത്ര ഭയങ്കരമായിരുന്നു. അപ്പോഴൊക്കെ അവൾക്കു തലചുററിത്തുടങ്ങും. പാനപാത്രത്തിൽ അവൾ ആ ദുഃഖകാരിയായ ചിന്തയെ ആഴ്ത്തിക്കളകയും ചെയ്യും. ഇന്നു് ആ പ്രശ്നം വീണ്ടും കേട്ട് അവൾ ഞെട്ടിപ്പോയി—"ജീവിതത്തിൽത്തന്നെ മരണം."

"ജീവിതത്തിൽത്തന്നെ മരണം!" ഇല്ല. ഇതു് അസാദ്ധ്യമാണു്. യൗവ്വനത്തിൻെറ അന്ത്യം അജ്ഞാതമായ ഒരന്ധകാരമാണു്. ആ അന്ധകാരത്തിൻെറ ഗത്തത്തിൽ എന്താണു് ഒളിഞ്ഞുകിടക്കുന്നതെന്നു് എനിക്കറിയുകയുമില്ല, അതറിയാൻ ഞാൻ ആഗ്രഹിക്കുന്നുമില്ല. ഭൂതം, ഭാവി ഇവ രണ്ടും സങ്കല്പവസ്തുക്കളാണു്. നമുക്കു് അവയെക്കൊണ്ടു് യാതൊരു കായ്യവുമില്ല. വത്തമാനകാലമാണു് നമ്മുടെ മുമ്പിലുള്ളതു്. അതു്..." ബീജഗുപ്തൻ ഇടയ്ക്കു നിറുത്തി. ഒരുപക്ഷേ അയാൾ അനന്തരപദങ്ങൾ തേടിയതാവണം.

"അതു് ഉല്ലാസവും വിനോദവുമത്രെ. പ്രാപഞ്ചികമായ സകല സുഖങ്ങളും ജീവിതത്തിൻെറ സാരസവ്വസ്വവും അതാണു്." ചിത്രലേഖ വാക്യം പൂരിപ്പിച്ചു.

ബീജഗുപ്തൻ ചിത്രലേഖയെ ആലിംഗനപാശത്തിൽ ബന്ധിച്ചുകൊണ്ടു പറഞ്ഞു: "ഭവതിയാണു് എൻെറ മാദകത്വം."

ചിത്രലേഖ ഉത്തരം പറഞ്ഞു: "താങ്കൾ എൻെറ ഉന്മാദവും."

ചിത്രലേഖ വേശ്യയല്ലായിരുന്നു; അവൾ കേവലം ഒരു നത്തകിയായിരുന്നു. പാടലീപുത്രത്തിലെ ഒരു അസാധാരണ നത്തകി വേശ്യാവൃത്തി സ്വീകരിക്കാതിരിക്കുക എന്നതുതന്നെ ഒരു അസാധാരണ സംഗതിയാണു്. എന്നാൽ അതിനു കാരണങ്ങളുണ്ടായിരുന്നു. അവ ചിത്രലേഖയുടെ ഭൂതകാലജീവിതത്തോടു് അഭേദ്യമായി ബന്ധപ്പെട്ടിരുന്നു.

ചിത്രലേഖ ഒരു ബ്രാഹ്മണവിധവയായിരുന്നു. പതിനെട്ടാമത്തെ വയസ്സിലാണു് അവൾക്കു വൈധവ്യം സംഭവി

ച്ചതു്. വിധവയായശേഷം അവൾ വ്രതചര്യ്യ ശീലിച്ചു. എന്നാൽ അവൾക്കു് ഏറെ നാൾ തന്റെ വ്രതചര്യ്യ തുടരാൻ തരപ്പെട്ടില്ല. ഒരു ദിവസം അവളുടെ ജീവിതത്തിൽ കൃഷ്ണാദിത്യൻ കടന്നുവന്നു. കൃഷ്ണാദിത്യൻ ക്ഷത്രിയപിതാവിനും ശൂദ്രമാതാവിനും ജനിച്ച ഒരു സങ്കരവർണ്ണനായിരുന്നു. ഒരു യുവകോമളൻ. അയാളുടെ സൗന്ദര്യ്യത്തിൽ ഒരു പ്രത്യേക ആകർഷകത്വമുണ്ടായിരുന്നു. കൃഷ്ണാദിത്യൻ ചിത്രലേഖയുടെ വ്രതചര്യ്യയെ ഭംഗപ്പെടുത്തി.

ചിത്രലേഖയുടെ അടക്കിവച്ചിരുന്ന യൗവ്വനം വികസിച്ചു. വൈരാഗ്യത്തിന്റെ തേജസ്സ് ഉല്ലാസത്തിന്റെ ദീപ്തിയിൽ അടിഞ്ഞുപോയി. ചിത്രലേഖയുടെ ജീവിതത്തിന്റെ ഗതിമാറി. കൃഷ്ണാദിത്യൻ അവളോടു ശപഥം ചെയ്തു: "നാം രണ്ടാളും നമ്മുടെ ആയുഷ്കാലം മുഴുവനും ഒരുമിച്ചുതന്നെ കഴിയും. നമ്മെ വേർപെടുത്താൻ ആക്കും കഴികയില്ല." ചിത്രലേഖ കൃഷ്ണാദിത്യന്റെ ഈ ശപഥത്തിൽ വിശ്വസിച്ചു. അതിനുശേഷം നടക്കേണ്ടതു നടന്നു.

ചിത്രലേഖ ഗർഭിണിയായി. രഹസ്യപ്രേമം ലോകസമക്ഷം പരസ്യമായി. കൃഷ്ണാദിത്യനെ അയാളുടെ അച്ഛൻ വീട്ടിൽനിന്നു പുറത്താക്കി; ചിത്രലേഖയുടെ അച്ഛൻ അവളെയും. ധനികനായ പിതാവിന്റെ പുത്രൻ കൃഷ്ണാദിത്യൻ തന്റെ സുന്ദരിയായ പത്നി ചിത്രലേഖയുമൊന്നിച്ചു് യാചകവേഷത്തിൽ ജനതാമദ്ധ്യത്തിലിറങ്ങി. പരിത്യക്തനായ യുവാവിനു ജനസമുദായത്തിൽനിന്നുണ്ടായ ഭർത്സനവും അപമാനവും അസഹ്യമായിത്തീർന്നു. ഈ അപമാനകരമായ ജീവിതത്തിലും മരണമാണു് അയാൾക്കു ഭേദമായിത്തോന്നിയതു്. അങ്ങിനെ ചിത്രലേഖ തനിച്ചായി. അവൾക്കു് ഒരു നർത്തകി ആശ്രയം നൽകി.

ചിത്രലേഖയ്ക്കു് ഒരു പുത്രൻ ജനിച്ചു. എന്നാൽ ജനിച്ച ഉടൻതന്നെ അവൻ മൃതിയടയുകയും ചെയ്തു. ചിത്രലേഖയുടെ കണ്ഠം മധുരവും ശരീരം കോമളവുമായിരുന്നു. അവൾക്കു് ആശ്രയം നൽകിയ നർത്തകി അവളെ സംഗീതവും നൃത്തവും അഭ്യസിപ്പിച്ചു. അങ്ങിനെ ചിത്രലേഖയും നർത്തകിയായി. എന്നാൽ അവൾ സുഖഭോഗങ്ങളെ കൈ-

വരിക്കാൻ കൂട്ടാക്കിയില്ല. അവൾ വ്രതചര്യ തുടരാൻ വീണ്ടും യത്നിച്ചു. കൃഷ്ണാദിത്യനും പുത്രനും അവളുടെ ജീവിതത്തിൽ കടന്നുവന്നിട്ട് ഉടൻതന്നെ തിരോഭവിച്ചു. എന്നാൽ അവർ രണ്ടുപേരും അവളുടെ ഹൃദയത്തിൽ തങ്ങളുടെ സ്മൃതിമുദ്ര പതിപ്പിച്ചിട്ടാണു പോയതു്.

പാടലീപുത്രത്തിലെ ജനസമുദായം ചിത്രലേഖയുടെ കാലടിയിൽ കിടന്നുരുളുമായിരുന്നു. എന്നാൽ അവൾ വ്രതചര്യയിൽ ലഭിച്ച ദേഹകാന്തിയെ ഭദ്രമായി കാത്തു. ശക്തിശാലികളായ സേനാനായകന്മാരും ലക്ഷാധിപതികളായ യുവാക്കന്മാരും അവളുടെ പ്രേമത്തെ കൊതിച്ചു. എന്നാൽ അവരിലാർക്കും അവളെ വശപ്പെടുത്താൻ കഴിഞ്ഞില്ല. ജനസമുദായത്തിന്റെ മുമ്പിൽ അവൾ ഒരു അസാധാരണനർത്തകിയായി പ്രത്യക്ഷപ്പെടും. എന്നാൽ ഒരു മിന്നൽപ്പിണറുപോലെ തിളങ്ങി മായുകയും ചെയ്യും. അവളെ ഒരു തവണ കണ്ടവർക്കു് വീണ്ടും കാണുന്നതിനു് ഉൽക്കടമായ ആഗ്രഹമുണ്ടാകും.

ഒരു ദിവസം ബീജഗുപ്തൻ ചിത്രലേഖയുടെ നൃത്തം കാണാൻ പോയിരുന്നു. നൃത്തമദ്ധ്യേ ചിത്രലേഖയുടെ ദൃഷ്ടി ബീജഗുപ്തനിൽ പതിഞ്ഞു. അവളുടെ മുഖം പാടേ വിളറിപ്പോയി. കൃഷ്ണാദിത്യൻ അവളുടെ നൃത്തം ദർശിക്കാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങി വന്നതാണോ എന്നു് അവൾ ശങ്കിച്ചുപോയി. നൃത്തം ഭംഗപ്പെട്ടു. തന്നെയും തന്റെ മുമ്പിൽ സ്ഥിതിചെയ്തിരുന്ന ജനസമുദായത്തെയും മറന്നു് അവൾ ബീജഗുപ്തനെത്തന്നെ നോക്കിനിന്നു. ബീജഗുപ്തൻ യുവാവായിരുന്നു. പ്രായം ഏകദേശം ഇരുപത്തഞ്ചു വയസ്സു കാണും. ചിത്രലേഖയുടെ സൗന്ദര്യത്തിലാകൃഷ്ടനായിട്ടു് അയാളും അവളെ നോക്കിക്കൊണ്ടിരുന്നു. രണ്ടുപേരുടെയും ദൃഷ്ടികൾ തമ്മിലിടഞ്ഞു. ചിത്രലേഖയുടെ ദൃഷ്ടിക്കു വിഷയീഭവിച്ച വ്യക്തിയുടെ നേരെ അവിടെക്കൂടിയിരുന്ന ജനസമൂഹത്തിന്റെ മുഴുവൻ നോട്ടം തിരിഞ്ഞു—"എന്തു്? ഇതു ബീജഗുപ്തനല്ലേ?" അവർ സ്വയം മന്ത്രിച്ചു.

ചിത്രലേഖ ഇതു കേട്ടു. അവൾക്കു തന്റെ തെററിൽ ഖേദം തോന്നി. അതിലേറെ ക്രോധവും. അവൾ ബീജ

ഗുപ്തനിൽനിന്നു് നോട്ടം തിരിച്ചു് വീണ്ടും നൃത്തമാരംഭിച്ചു. നൃത്താനന്തരം ബീജഗുപ്തൻ ചിത്രലേഖയുടെ സമീപം ചെന്നു. അയാൾ ചോദിച്ചു: "എനിക്കു് എപ്പോഴെങ്കിലും ഭവതിയെ ഭവതിയുടെ ഗൃഹത്തിൽ വന്നു കണ്ടുമുട്ടാനുള്ള സൗഭാഗ്യമുണ്ടാകുമോ?"

ചിത്രലേഖ ബീജഗുപ്തനെ നോക്കി ചിരിച്ചു. "ഇല്ല. ഞാൻ വ്യക്തികളെ പ്രത്യേകമായി സന്ധിക്കുകയില്ല. ഞാൻ സമുദായത്തിൻെറ മുമ്പിലേ പ്രത്യക്ഷപ്പെടാറുള്ളു. വ്യക്തികൾക്കു് എൻെറ ജീവിതവുമായി യാതൊരു ബന്ധവുമില്ല."

ബീജഗുപ്തൻെറ പ്രതീക്ഷ വിഫലമായി. അയാളുടെ പ്രസന്നവദനം മ്ളാനമായി. എങ്കിലും അയാൾ ധൈര്യമവലംബിച്ചു പറഞ്ഞു: "വ്യക്തികളെക്കൊണ്ടാണല്ലോ സമുദായമുണ്ടാകുന്നതു്. സമുദായത്തിൻെറ തൃഷ്ണ അതിലെ ഓരോ വ്യക്തിയുടെയും തൃഷ്ണയാണു്. പിന്നെ എന്തിനാണ് ഈ വ്യത്യാസം?"

"അതറിയണമെന്നുണ്ടെങ്കിൽ കേൾക്കുക. സമുദായത്തിൻെറ മുഴുവൻ ഉല്ലാസത്തിനു നിദാനമെന്നറിയപ്പെടുന്നവർ അതിലെ വ്യക്തികളുടെ രോദനത്തിൻെറ ആകെത്തുകയാണു്. ദുർബ്ബലരുടെ ഹാഹാകാരങ്ങൾ ഒന്നുചേർന്നു് സമുദായത്തിൽ ഒരു വിപ്ലവമായി പരിണമിച്ചെന്നും വരാം. അതോടൊപ്പം സമുദായത്തിൽനിന്നു് ഹാനിയുണ്ടാകാനിടയില്ലാത്തേടത്തു് വ്യക്തിയുടെ അഹന്ത ഭയത്തിൻെറ കേന്ദ്രമായി തീരാവുന്നതുമാണു്."

ബീജഗുപ്തൻ പ്രേമിക്കാനാണു് ചെന്നതു്. തത്വജ്ഞാനത്തെപ്പററി തർക്കിക്കാനല്ലായിരുന്നു. അയാൾ പറഞ്ഞു: "അപ്പോൾ ഭവതി എനിക്കു പടി തുറക്കുകയില്ലെന്നുതന്നെ വിചാരിക്കാമോ?"

അതേ ഗാംഭീര്യത്തോടും നീരസഭാവത്തോടും കൂടെ ചിത്രലേഖ ഉത്തരം പറഞ്ഞു: "വ്യക്തിക്കോ?—അതെ! എന്നാൽ വ്യക്തി സമുദായത്തിൻെറ അംഗമാണെങ്കിൽ ഇല്ല."

ബീജഗുപ്തൻെറ മുഖത്തു നൈരാശ്യം കലർന്ന ഒരു നേരിയ പുഞ്ചിരി സ്ഫുരിച്ചു.

"വ്യക്തിത്വം ജീവിതത്തിൽ പ്രാധാന്യമർഹിക്കുന്നു. വ്യക്തികളാലാണ് സമുദായമുണ്ടാകുന്നത്. വ്യക്തിയെ നിരാകരിക്കുമ്പോൾ ആ വ്യക്തി സമുദായത്തിൻെറ അംഗമായിച്ചമയുന്നതു് സ്വയം അവമാനിക്കലാണ്"—ഇത്രയും പറഞ്ഞു് അയാൾ ഒരസ്ത്രംപോലെ അവിടെനിന്നും പാഞ്ഞുപോയി.

ബീജഗുപ്തൻ പോയി. എന്നാൽ അയാൾ ചിത്രലേഖയുടെ ഹൃദയത്തിൽ ഒരു കോളിളക്കം സൃഷ്ടിച്ചിട്ടാണു പോയതു്.

ദിവസങ്ങൾ പലതുകഴിഞ്ഞു. എന്നാൽ ചിത്രലേഖ ബീജഗുപ്തനെ വീണ്ടും കാണുകയുണ്ടായില്ല. കൃത്രിമമായ ഉപേക്ഷാഭാവം മാഞ്ഞു. ചിത്രലേഖയുടെ ഹൃദയത്തിൽ ബീജഗുപ്തൻെറ സ്മൃതി ദിനംപ്രതി പ്രബലമായിക്കൊണ്ടിരുന്നു. നിത്യവും നൃത്തശാലയിൽ ആസനസ്ഥരാകുന്ന പ്രേക്ഷകരുടെ ഇടയിൽ അവളുടെ ദൃഷ്ടികൾ ബീജഗുപ്തനെ തേടിച്ചെല്ലുകയായി. പക്ഷേ അവൾക്കു നിരാശപ്പെടേണ്ടിവന്നു.

എത്രയൊക്കെ അടക്കാൻ ശ്രമിച്ചിട്ടും ബീജഗുപ്തനെ കാണാനുള്ള അവളുടെ ആഗ്രഹം പ്രാബല്യം പ്രാപിച്ചതേയുള്ളൂ. ഒരു ദിവസം ചിത്രലേഖ പരിചാരികയെ വിളിച്ചു ചോദിച്ചു: "ഈ നഗരത്തിൽ ബീജഗുപ്തൻ എന്നൊരാൾ വസിക്കുന്നുണ്ടോ?"

പരിചാരിക പറഞ്ഞു: "ബീജഗുപ്തനെ അറിയാത്തവരാരാണ്? അദ്ദേഹം ഈ നഗരത്തിലെ ഏററവും സുന്ദരനും സ്വാധീനശക്തിയുള്ള വനുമായ സാമന്തയുവാവാണ്."

ചിത്രലേഖ ബീജഗുപ്തനു് ഒരു കത്തെഴുതി പരിചാരികവശം കൊടുത്തയച്ചു.

അതിൽ ഇങ്ങനെ എഴുതിയിരുന്നു—"ചിത്രലേഖ വളരെ ആലോചിച്ചശേഷം ഈ തീരുമാനത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്. അതായതു്, കേവലം ഒരു വ്യക്തിക്ക് അവളുടെ ജീവിതത്തിൽ പ്രവേശിക്കാം. ആ വ്യക്തി ബീജഗുപ്തനാണ്"—കത്തു വായിച്ചുകഴിഞ്ഞപ്പോൾ ബീജഗുപ്തൻെറ ശരീരത്തിലാകമാനം ഒരു നേരിയ കോരിത്തരിപ്പുണ്ടാ

യി. അന്നുമുതൽ അവർ രണ്ടുപേരും കൂടെക്കൂടെ കണ്ടുമുട്ടുക പതിവായിത്തീർന്നു. എന്നിട്ടും ചിത്രലേഖ വേശ്യയല്ലായി രുന്നു.

ബീജഗുപ്തൻ ചിരിച്ചുകൊണ്ടു പറഞ്ഞു: "മാദകത്വവും ഉന്മാദവും! എപ്പോഴും ഇവ രണ്ടും ഒരുമിച്ചാണിരുന്നിട്ടുള്ളതു്. അവ എപ്പോഴും അത്തരത്തിൽ സ്ഥിതിചെയ്കയും ചെയ്യും. ചിത്രലേഖേ! നാം രണ്ടാളും എത്ര സുഖികളാണു്"—അ പ്പോൾ ചിത്രലേഖയും ചിരിക്കുകയായിരുന്നു.

ശഹ്നായിവാദ്യം നിന്നു. കാവൽക്കാരൻ വന്നു് ഉച്ച ത്തിൽ വിളിച്ചുപറഞ്ഞു: "ശ്രീമൻ! വാതിൽക്കൽ ഒരു അ തിഥി വന്നു നിൽക്കുന്നു. എന്താണു് അവിടത്തെ ആജ്ഞ?

ബീജഗുപ്തൻ ആലിംഗനബന്ധമിളക്കി. ചിത്രലേഖ അയാളിൽനിന്നു് അല്പം അകന്നിരുന്നു. ബീജഗുപ്തൻ പരി ചാരികയോടു പറഞ്ഞു: "അതിഥികളെ ഇങ്ങോട്ടയയ്ക്കു." ഇത്രയും പറഞ്ഞു് അയാൾ പാനപാത്രത്തിലിരുന്ന മദ്യം മുഴുവൻ കുടിച്ചുതീർത്തു.

അർദ്ധരാത്രിസമയത്തു് ഏതതിഥിയാണു് വന്നിരിക്കുന്ന തെന്നു് ബീജഗുപ്തൻ ചിന്തിക്കാൻ തുടങ്ങി. അപ്പോൾ ശ്വേതാങ്കനുമൊന്നിച്ചു് രത്നാംബരൻ ബീജഗുപ്തൻെറ കേളീ ഗൃഹത്തിൽ പ്രവേശിച്ചു. അദ്ദേഹത്തെ കണ്ട മാത്രയിൽ ബീജഗുപ്തൻ എഴുന്നേററു് അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. ചിത്രലേഖ തലകുനിച്ചു നിന്നു.

കേളീഗൃഹത്തെ നല്ലവണ്ണം നോക്കി ഗ്രഹിച്ചശേഷം രത്നാംബരൻെറ നോട്ടം ചിത്രലേഖയിൽ തങ്ങിനിന്നു. അല്പ നേരം അങ്ങിനെ നോക്കിനിന്നിട്ടു് രത്നാംബരൻ പറഞ്ഞു: "നാഗരത്തിലെ ഏററവും സുന്ദരിയും പവിത്രഗുണയുമായ നർത്തകി ഈ അർദ്ധരാത്രിസമയത്തു് ബീജഗുപ്തൻെറ കേളീ ഗൃഹത്തിൽ. ആശ്ചര്യം തന്നെ!" എന്നു പറഞ്ഞു് രത്നാം ബരൻ ആസനസ്ഥനായി. ശ്വേതാങ്കൻ അദ്ദേഹത്തിൻെറ അരികിൽ നിന്നു.

ബീജഗുപ്തൻ ചോദിച്ചു: "പ്രഭോ! ഈ ദാസനിൽ കനിയുന്നതിനു് ഈ സമയത്തു് അവിടന്നു് ഇങ്ങനെ ബുദ്ധി മുട്ടിയതെന്തിനാണാവോ?"

രത്നാംബരൻ ചിരിച്ചു—"ബീജഗുപ്താ! ഞാൻ നിന്നോട്ട് എല്ലാം വ്യക്തമായി പറയാം. എൻെറ ഈ ശിഷ്യൻ ചോദിച്ചു, പാപം എന്നാൽ എന്താണെന്നു്. ഈ ചോദ്യത്തിനുത്തരം നൽകാൻ ഞാൻ അശക്തനാണു്. ഇക്കാര്യത്തിൽ നിനക്കു് എന്നെ സഹായിക്കാൻ കഴിയും. നീ എന്റെ ശിഷ്യനായിരുന്നു. എന്നാൽ ഞാൻ നിന്നോട്ട് ഗുരുദക്ഷിണ വാങ്ങിയിട്ടില്ല. പാപത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനു് ബ്രഹ്മചാരിയുടെ ആശ്രമം ഉപയുക്തമായ സ്ഥലമല്ല. ലോകത്തിലെ സുഖഭോഗങ്ങളിലേ അതിനെ കണ്ടെത്താൻ കഴിയൂ. നിൻെറ ഗൃഹം, നിൻെറ വ്യക്തിത്വം ഇവ രണ്ടും കൊണ്ടു് ശ്വേതാങ്കനെ അഭിജ്ഞനാക്കേണ്ടതു് ഇപ്പോൾ ആവശ്യമായിരിക്കുന്നു. അതുകൊണ്ടു് ഞാൻ ഇവനെ നിന്റെ അടുത്തു് ഒരു പരിചാരകൻ എന്ന നിലയ്ക്കു കൊണ്ടുവന്നിരിക്കുകയാണു്. എന്നാൽ ഒരു കാര്യം ഓർക്കണം. ഇവൻ നിൻെറ ഒരു സഹപാഠിയുമായെന്നു വരാം."

"മഹാപ്രഭുവിൻെറ ആജ്ഞയെ ഞാൻ ശിരസാ വഹിക്കുന്നു." ബീജഗുപ്തൻ തല വണങ്ങിനിന്നു.

"ശരി! ഞാൻ പോവുകയാണു്—എൻെറ ഒരു ചുമതല കഴിഞ്ഞു. ശ്വേതാങ്കാ! ഒരു കാര്യം ഓർത്തുകൊള്ളണം. ബീജഗുപ്തൻ നിൻെറ പ്രഭുവും നീ അവൻെറ ഭൃത്യനുമാണു്. ഈ ഗൗരവപദത്തെ നീ ഉപയോഗപ്പെടുത്തിക്കൊള്ളണം. അതിനുശേഷം പാപത്തെ അന്വേഷിച്ചു കണ്ടുപിടിക്കാൻ ശ്രമിക്കു. നന്മയും തിന്മയുമെല്ലാം നിൻെറ മുമ്പിൽത്തന്നെ വരും. എന്നാൽ നിനക്കു നന്മയായി തോന്നുന്നതു് അന്യക്കും അങ്ങിനെതന്നെ ആയിരിക്കണം. ഇതാണു് അതിൻെറ ഉരകല്ലു്. ബീജഗുപ്താ! നിന്നോട്ട് ഞാൻ ഇത്രയേ പറയുന്നുള്ളു. ശ്വേതാങ്കൻെറ ദോഷങ്ങളെ നീ ക്ഷമിക്കണം. അവൻ ഇപ്പോഴും ഒരു അബോധബാലകനാണു്; ലോകരംഗത്തു് ഇപ്പോൾ കാൽ കുത്തുന്നതേയുള്ളു." ഇത്രയും പറഞ്ഞു് രത്നാംബരൻ കേളീഗൃഹത്തിനു പുറത്തിറങ്ങി.

രത്നാംബരൻ പോയശേഷം ബീജഗുപ്തൻ ശ്വേതാങ്കനെ ഒന്നു സൂക്ഷ്മാവലോകനം ചെയ്തു—"നിൻെറ പേരു് ശ്വേതാങ്കൻ എന്നാണു്, ഇന്നുമുതൽ നീ എൻെറ ഭൃത്യനുമാണു് അ

ല്ലേ?" ഈ ചോദ്യം ചോദിച്ചപ്പോൾ ബീജഗുപ്തൻെറ മുഖത്തു് ഒരു നേരിയ പുഞ്ചിരി കളിയാടുന്നുണ്ടായിരുന്നു. ചിത്രലേഖയെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ബീജഗുപ്തൻ ചോദിച്ചു: "ശ്വേതാങ്കാ! ഇതു് ആരാണെന്നറിയാമോ?"

നിശാവേളയിൽ കേളീഗൃഹത്തിൻെറ പ്രകാശത്തിൽ തിളങ്ങിക്കൊണ്ടിരുന്ന ചിത്രലേഖയുടെ മാദകമായ സൗന്ദര്യം കണ്ടു് ശ്വേതാങ്കൻെറ കണ്ണഞ്ചിപ്പോയി. അയാൾ പറഞ്ഞു: "ഇല്ല."

"ശരി—എന്നാൽ കേട്ടുകൊള്ളുക. ഇവളുടെ പേരു് ചിത്രലേഖയെന്നാണു്. ഇവൾ പാടലീപുത്രത്തിലെ സർവ്വാംഗസുന്ദരിയായ നർത്തകിയാണെങ്കിലും എൻെറ പത്നിക്കു സമാനയാണു്. അതുകൊണ്ടു് ഇവൾ നിൻെറ സ്വാമിനിയാണു്. ബീജഗുപ്തൻ ചിരിച്ചു—"നിനക്കു് ആശ്ചര്യം തോന്നുന്നുണ്ടാവാം. എന്നാൽ അത്രയ്ക്കു് ഒന്നുമില്ല. ഇവിടെ താമസിച്ചുകൊണ്ടു് നിനക്കു് ചുററുപാടുകളുടെ മേൽ വിജയം നേടാം. ശരി, ഈ മദ്യപാത്രം സ്വാമിനിക്കു കൊടുക്കൂ" എന്നു പറഞ്ഞു് ബീജഗുപ്തൻ മണം വീശുന്ന മദ്യം നിറച്ച സ്വർണ്ണപ്പാത്രമെടുത്തു് ശ്വേതാങ്കൻെറ കൈയ്യിൽ വച്ചുകൊടുത്തു,

ശ്വേതാങ്കൻ പാനപാത്രം ചിത്രലേഖയുടെ നേർക്കു നീട്ടി. മദ്യം വാങ്ങുമ്പോൾ അവളുടെ കരം ശ്വേതാങ്കൻെറ കരത്തെ സ്പർശിച്ചു. ഈ സ്പർശംകൊണ്ടു് ശ്വേതാങ്കൻെറ ശരീരം മുഴുവൻ വിറപൂണ്ടപോലായി. ചിത്രലേഖ ശ്വേതാങ്കനെ നോക്കി: "യുവാവേ! ഈ അമൂല്യലോകത്തു് ആദ്യമായി പ്രവേശിച്ചതിനു നിനക്കു് എൻെറ അഭിനന്ദനങ്ങൾ!" എന്നു പറഞ്ഞു് അവൾ പാത്രത്തിലെ മദ്യം മുഴുവൻ കുടിച്ചു.

അപ്പോൾ കാവൽക്കാരൻ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: "ശയനസമയമായി."

ബീജഗുപ്തൻ ചിത്രലേഖയോടു ചോദിച്ചു: "ഇന്നു് ഇവിടെ താമസിക്കുന്നുവോ അല്ല, സ്വന്തം മാളികയിലേയ്ക്കു മടങ്ങിപ്പോകുന്നുവോ?" ചിത്രലേഖ എഴുന്നേററു—"ഇന്നു ഗൃഹത്തിൽ പോകണമെന്നുതന്നെ വിചാരിക്കുന്നു. എന്നാൽ തനിച്ചുപോകാൻ കഴികയില്ല"—അപ്പോൾ അവളുടെ കാലുകൾ ഇടറുന്നുണ്ടായിരുന്നു.

പരിചാരിക കേളീഗൃഹത്തിൽ പ്രവേശിച്ചു. ബീജഗുപ്തനും എഴുന്നേററു—"അതെ. ഇപ്പോൾ തനിച്ചുപോവുക അസാദ്ധ്യം തന്നെയാണ്."

അല്പം ആലോചിച്ചിട്ട് ബീജഗുപ്തൻ ശ്വേതാങ്കനോടു പറഞ്ഞു—"വാതിൽക്കൽ രഥം നിൽപ്പുണ്ട്. സ്വാമിനിയെ അതിൽ കയററി അവളുടെ മാളികയിൽ കൊണ്ടാക്കിയിട്ടു വരൂ. അപ്പോഴേയ്ക്കും നിൻെറ ശയനാഗാരം സജ്ജീകരിക്കാൻ ഞാൻ ഏർപ്പാടുചെയ്യാം."

ശ്വേതാങ്കൻ ചിത്രലേഖയുമൊന്നിച്ച് യാത്രയായി. ബീജഗുപ്തൻ പരിചാരികയോട് ശ്വേതാങ്കന് ഉറക്കറ ഒരുക്കാൻ ആജ്ഞാപിച്ചിട്ട് നിദ്രാദേവിയെ ശരണം പ്രാപിച്ചു.

# അദ്ധ്യായം രണ്ട്

കുമാരഗിരി യോഗി ആയിരുന്നു!

യോഗിയോ? അതെ. കാരണം അയാൾ ലോകത്തെ ത്യജിച്ചുകഴിഞ്ഞിരുന്നു. എന്തിന്? ഒരു സങ്കല്പലോകത്തെ കരസ്ഥമാക്കാൻ. ആ ലോകം സുഖസമ്പൂർണ്ണമായിരിക്കുമെന്നായിരുന്നു അയാളുടെ പ്രതീക്ഷ. ജനസാമാന്യത്തോട് അയാൾക്കു വെറുപ്പായിരുന്നു. ഒരു സങ്കല്പമേഖലയായിരുന്നു അയാളുടെ വിഹാരരംഗം. ലോകരംഗത്തു് അയാൾക്കു ശാന്തി ലഭിച്ചിരുന്നില്ല. അതുകൊണ്ട് ശാന്തിക്ക് വിജനതയെ ശരണീകരിക്കേണ്ടിവന്നു. ആത്മസംയമം, വ്രതാനുഷ്ഠാനം എന്നിവയിൽ കുമാരഗിരിക്കു വിശ്വാസമുണ്ടായിരുന്നു. ആഗ്രഹങ്ങൾ അയാൾക്കധീനമായിരുന്നു.

യോഗി കുമാരഗിരിയിൽ പല ശക്തിവിശേഷങ്ങളുമുണ്ടായിരുന്നു. എന്നാൽ ശക്തി സംഭരിക്കുന്നതിലല്ലാതെ അതിനെ പ്രയോഗിക്കുന്നതിൽ അയാൾ വിശ്വസിച്ചിരുന്നില്ല. ഏകാന്തതയിൽ അയാളുടെ മനസ്സ് നിശ്ചലമായിരിക്കും. ഏകാഗ്രചിത്തനായി യോഗാഭ്യാസങ്ങൾ ചെയ്യാ

ന്നം കുമാരഗിരിക്കു കഴിഞ്ഞിരുന്നു. ശരീരത്തെ അയാൾ നല്ല വണ്ണം തപിപ്പിച്ചു. എന്നാൽ അതുകൊണ്ടു് ക്ലേശമൊന്നും തോന്നിയിരുന്നില്ല. ശരീരത്തിൻെറ താപത്തെ ഒരു അലൌകികസുഖത്തിൻെറ സങ്കല്പം ശീതളമാക്കിക്കൊണ്ടിരുന്നു. ആശകളെ അയാൾ അടക്കി നിറുത്തി. ആശകൾ മൂലമാണല്ലൊ മനുഷ്യൻ പാപം ചെയ്യുന്നതു്!

യോഗി കുമാരഗിരി സുഖവാനായിരുന്നു; ചിന്താസാഗരത്തിൽ നിമഗ്നനായിരുന്നു. കുമാരഗിരിയുടെ മുമ്പിൽ ആഗ്രഹങ്ങളുടെ ഒരു ലോകമുണ്ടായിരുന്നില്ല. ആഗ്രഹനിവൃത്തി വരാത്തതുകൊണ്ടുള്ള ഖേദവും അയാൾക്കില്ലായിരുന്നു. ജ്ഞാനത്തിൻെറയും ചിന്തയുടെയും മൂടുപടമണിഞ്ഞതായിരുന്നു അയാളുടെ നിഷ്ക്രിയത്വം. സുഖം വെറും സങ്കല്പമാണു്—തൃപ്തിയാണു്. ഹൃദയദാഹമില്ലാത്തതുകൊണ്ടു് തൃപ്തിക്കു യഥാൎത്ഥമായ വിലയില്ലായിരിക്കാം; എന്നാൽ ആ അവസ്ഥയിൽ ഹൃദയത്തിനു് ഒരുവിധ ഭാരവും കാണുകയില്ല. വേദനയുടെ തുടിപ്പു് അറിയാതിരിക്കുക എന്നതാണു് പ്രധാനതത്വം. ദുഃഖരഹിതവും ലാഘവമേറിയതുമായ ഹൃദയത്തെ സങ്കല്പലോകത്തിലേയ്ക്കു് ഉയൎത്തിക്കൊണ്ടുചെല്ലുക എളുപ്പമാണു്. യോഗി കുമാരഗിരി വിസ്മൃതിയുടെ അങ്കതലത്തിലാണു് ജീവിച്ചിരുന്നതു്. ആത്മവിസ്മൃതി സ്വന്തം ഭാവനകളുടെ സജീവതയെക്കുറിച്ചുള്ള ഭ്രമം ഇവ രണ്ടിലും ഒരു വിശിഷ്ടമായ ലഹരിയുണ്ടു്. സങ്കല്പവിധേയമായ ഒരു ഇച്ഛ. സങ്കല്പജന്യമായ ഒരു തൃപ്തിയും അവിടെത്തന്നെയുണ്ടായിരുന്നു. ഇങ്ങനെ രണ്ടുവിധ സങ്കല്പങ്ങളിൽനിന്നു ലഭിച്ച സുഖത്തിൽ അയാൾ നിമഗ്നനായിരുന്നു.

അതുകൊണ്ടാണു് കുമാരഗിരി യോഗിയായതു്!

മധുപാലൻ യോഗി കുമാരഗിരിയുടെ ശിഷ്യനായിരുന്നു. കുമാരഗിരിയുടെ ശക്തികളെ അയാൾ നല്ലവണ്ണം അറിഞ്ഞിരുന്നു. അവ അയാളെ അത്ഭുതപരതന്ത്രനാക്കിയിട്ടുണ്ടു്.

മധുപാലൻ ചോദിച്ചു: "ദേവാ! വ്രതാനുഷ്ഠാനങ്ങളുടെ ലക്ഷ്യമെന്താണു്?"

കുമാരഗിരി സൂക്ഷ്മതയോടുകൂടി ഇരുന്നു—"ശാന്തി! പിന്നെ ശാന്തിയിൽനിന്നു ലഭിക്കുന്ന ആനന്ദം!"

മധുപാലൻ വീണ്ടും ചോദിച്ചു: "ലോകഗതിയുടെ യഥാത്ഥസ്വഭാവം എന്താണ്?"

"ബാഹ്യദൃഷ്ടിക്കു പരിവത്തനവും ആന്തരികദൃഷ്ടിക്കു ശൂന്യതയും. പരിവത്തനവും ശൂന്യതയും! ഇവയുടെ വിചിത്രമായ സംയോഗത്തിൽ നിനക്ക് ഒരുപക്ഷേ ആശ്ചയ്യം തോന്നിയേക്കാം. ഇവ രണ്ടും എങ്ങിനെയാണുണ്ടാകുന്നതെന്ന പ്രശ്നം സ്വാഭാവികമാണ്. എന്നാൽ മനുഷ്യൻ പരിവത്തനത്തിനും ശൂന്യതക്കും മുകളിൽ ഉയരുന്നതാണ് ജ്ഞാനത്തിന്റെ അവസാനത്തെ പടി. ലോകം എന്നതെന്താണ്? ശൂന്യമാണ്. പരിവത്തനം ആ ശൂന്യതയുടെ ഗതിയാണ്. പരിവത്തനം സങ്കല്പവും സങ്കല്പം സ്വയം ശൂന്യവുമാണ്. മനസ്സിലായോ?"

മധുപാലനു് ഈ ഉത്തരം തൃപ്തികരമായി തോന്നിയില്ല. "ദേവാ! ലോകം ശൂന്യമാണെന്നു് അവിടന്നു് അഭിപ്രായപ്പെട്ടു. ഇതു് എനിക്കു മനസ്സിലാകുന്നില്ല. കൺമുമ്പിൽ കാണുന്ന ഒരു വസ്തു എങ്ങിനെയാണ് ശൂന്യമാകുന്നതു്?"

കുമാരഗിരി ചിരിച്ചു: "ഇവിടെയാണു് യോഗത്തിൻെറ ആവശ്യകത നേരിടുന്നതു്. യോഗി കണ്ണടക്കുമ്പോൾ ഒരു ഭയങ്കരശൂന്യതയാണു് അയാളുടെ മുമ്പിലുള്ളതു്. മറെറാന്നുമില്ല. ആ ശൂന്യതയിൽ സുഖദുഃഖങ്ങളും സ്നേഹവും വിദ്വേഷവും ദിനരാത്രങ്ങളും ബ്രഹ്മവും മായയും എല്ലാം മാഞ്ഞുപോകുന്നു. ആ പ്രകാശമാനമായ ശൂന്യതയിലാണു് അയാൾ ചരിക്കുന്നതു്. അതിൽ അയാൾ നിമഗ്നനാകുന്നു. ഈ സങ്കല്പാവസ്ഥയുടെ ഏതാനും നിമിഷങ്ങൾകൊണ്ടു് അയാൾ തൻെറ ഉല്പത്തിസ്ഥാനത്തു് എത്തിച്ചേരുന്നു. ആ ബ്രഹ്മമയമായ ശൂന്യതയിൽ ശാശ്വതമായി ലയിക്കുന്നതിനെയാണു് മോക്ഷം എന്നു പറയുന്നതു്. ഇങ്ങിനെ യോഗി ഈ ശരീരത്തോടുകൂടിത്തന്നെ മുക്തി അനുഭവിച്ചറിയുന്നു."

തൻെറ ഗുരുവിൽ മധുപാലനുണ്ടായിരുന്ന ഭക്തി വദ്ധിച്ചു. ഗദ്ഗദകണ്ഠനായി അയാൾ തൻെറ ഗുരുദേവൻെറ ചരണങ്ങളിൽ നമിച്ചു. അയാൾക്കു തൻെറ ഗുരുവിൻെറ അഗാധമായ ജ്ഞാനത്തിൽ അഭിമാനം തോന്നി. ഗുരു നാശരഹിതനാണെന്ന വിശ്വാസവുമുണ്ടായി. അപ്പോൾ രത്നാം

ബരൻ വിശാലദേവനോട്ടുകൂടി കുമാരഗിരിയുടെ ആശ്രമത്തിൽ പ്രവേശിച്ചു.

രത്നാംബരനെ തൻെറ മുമ്പിൽ കണ്ട ഉടൻതന്നെ കുമാരഗിരി ആസനത്തിൽനിന്നു് എഴുന്നേററു. രണ്ടുപേരും കണ്ഠസ്പർശംകൊണ്ടു് പരസ്പരം അഭിവാദ്യം ചെയ്തു. അതിനുശേഷം രത്നാംബരനു് ആസനം നൽകിയിട്ടു് കുമാരഗിരി ചോദിച്ചു: "ആര്യൻ ഇത്ര ബുദ്ധിമുട്ടിയതു് എന്തിനാണാവോ?"

രത്നാംബരൻ നിശ്ചലനായി ഉത്തരം പറഞ്ഞു: "അഖണ്ഡതേജസ്സോടുകൂടി പ്രശോഭിക്കുന്ന യോഗി കുമാരഗിരിയോടു് എൻെറ ശിഷ്യനു ജ്ഞാനവിദ്യയരുളാൻ അപേക്ഷിക്കുന്നതിനാണു് ഞാൻ വന്നതു്."

കുമാരഗിരി പറഞ്ഞു: "ആചാര്യാ! അവിടന്നു് ഈ നിസ്സാരനായ സേവകനു് വളരെ ഉയന്ന ഒരു പദവി നൽകിയിരിക്കുന്നു. ഞാൻ ഇതിനു് ഒരിക്കലും യോഗ്യതയുള്ളവനല്ല."

"അല്ല, യോഗി കുമാരഗിരി! ഇതു താങ്കളുടെ ഔദാര്യമാണു്. താങ്കൾ വാസ്തവത്തിൽ ശ്രേഷ്ഠനാണു്. ഈ ലോകബന്ധത്തിൽനിന്നു താങ്കൾ വളരെ ഉയന്നു. ഞാൻ ഇപ്പോഴും ഈ ലോകത്തുതന്നെ നിൽക്കുന്നതേയുള്ളൂ. യുക്തിവാദം പ്രശ്നങ്ങളെ പരിഹരിക്കാൻ പ്രയോജനപ്പെടാത്തേടത്തു് അനുഭവവും ഭാവനയുമാണാവശ്യം. താങ്കളിൽ ജ്ഞാനവും ഭാവനയുമുണ്ടു്. എനിക്കു് അനുഭവം മാത്രമേ ഉള്ളൂ. അതുകൊണ്ടാണു് ഞാൻ താങ്കളുടെ സമീപം വന്നിരിക്കുന്നതു്. താങ്കളെ സമീപിക്കുന്നതുമൂലം ഒരുവൻ ജീവിതത്തിൻെറ കെട്ടുപിണഞ്ഞ പ്രശ്നങ്ങൾക്കു ഫലവത്തായ പരിഹാരം കണ്ടെത്താൻ സമത്ഥനായിത്തീരുന്നു. അതുകൊണ്ടു് ഞാൻ വിശാലദേവനെ താങ്കളുടെ ശിഷ്യനാക്കാനുദ്ദേശിക്കുകയാണു്. യോഗി കുമാരഗിരി! താങ്കൾ എൻെറ ഈ അഭ്യത്ഥന സ്വീകരിക്കുമല്ലോ!"

കുമാരഗിരി വിശാലദേവനെ നോക്കി: "കുഞ്ഞേ! ജീവിതത്തിൻെറ ഏതു പ്രശ്നത്തിനു പരിഹാരം തേടിയാണു് നിനക്കു് എൻെറ സമീപം വരാനിടയായതു്?"

വിശാലദേവൻ കുമാരഗിരിയെ അഭിവാദ്യം ചെയ്തു കൊണ്ടു് മന്ദസ്വരത്തിൽ പറഞ്ഞു: "ദേവാ! ഞാൻ പാപം എന്നതു് എന്താണെന്നു് അറിയാൻ ആഗ്രഹിക്കുന്നു."

കുമാരഗിരി ചിരിച്ചു—അയാളുടെ ചിരിയിൽ മാധുര്യമുണ്ടായിരുന്നു. അയാൾ പറഞ്ഞു: "പാപം എന്താണെന്നു് അറിയണം, അല്ലേ? ഇതു മിക്കവാറും അനുഭവം കൊണ്ടേ അറിയാൻ സാധിക്കൂ. എൻെറ സമീപം വർത്തിക്കുന്നതുമൂലം നിനക്കു് പാപം എന്തെന്നു് അറിയാൻ കഴികയില്ല. എൻെറ പ്രവൃത്തിമണ്ഡലം നിയമസംയമാദികളുടേതാണു്. പാപം നിയമസംയമാദികളിൽനിന്നു വളരെ അകന്നതാണു്. എന്നാൽ ഞാൻ നിന്നെ ശിഷ്യനായി സ്വീകരിക്കണമെന്നാണല്ലോ ആചാര്യൻ താത്പര്യപ്പെടുന്നതു്. അതുകൊണ്ടു് നിന്നെ ശിഷ്യനായി ഏൽക്കുന്നതിനുമുമ്പു് നിന്നോടും ആചാര്യപാദങ്ങളോടും ഒരു കാര്യം വ്യക്തമാക്കുന്നതു് ഉചിതമായിരിക്കുമെന്നു വിചാരിക്കുന്നു. അതായതു് ഞാൻ നിനക്കു പുണ്യത്തിൻെറ രൂപം കാണിച്ചുതരാം. പുണ്യം എന്തെന്നറിയുന്നതിൽനിന്നു് പാപത്തെ മനസ്സിലാക്കാൻ കഴിയുമല്ലോ."

കുമാരഗിരിയുടെ വാക്കുകൾ കേട്ടു് രത്നാംബരൻ സ്വയം മന്ദഹസിച്ചു. അദ്ദേഹം പറഞ്ഞു: "യോഗി കുമാരഗിരീ! താങ്കൾ പറഞ്ഞതു് തികച്ചും പരമാർത്ഥമാണു്. ബുദ്ധിമാന്മാർക്കു് ഇതിനോടു് എതിരഭിപ്രായം തോന്നാൻ വകയില്ല."

"എന്നാൽ ആചാര്യപാദങ്ങളുടെ അപേക്ഷയെ ഞാൻ സ്വീകരിക്കുന്നു."

രത്നാംബരൻ എഴുന്നേററു—"ശരി; യോഗി കുമാരഗിരീ! ഇനി എനിക്കു പോകാൻ അനുജ്ഞ തരിക. താങ്കൾക്കു് ഒരുപക്ഷേ ആശ്ചര്യം തോന്നിയേക്കാം, എനിക്കു് ഇനിയും അറിയുകയില്ല പാപം എന്നാൽ എന്താണെന്നു്. പല വർഷങ്ങളായുള്ള അദ്ധ്യയനവും അനുഭവവുംകൊണ്ടു പോലും പരിപൂർണ്ണജ്ഞാനത്തിൻെറ ആഴം കണ്ടെത്താൻ എനിക്കു കഴിഞ്ഞിട്ടില്ല. എൻെറ ശിഷ്യന്മാരെ ഞാൻ യോഗ്യന്മാരായ വ്യക്തികളെത്തന്നെയാണു് ഏല്പിച്ചിട്ടുള്ളതു്. ഇനി എനിക്കു് കുറച്ചു തപസ്സുചെയ്യണം. അനുഭവവും അ

ദ്ധ്യയനവുംകൊണ്ടു് അറിയാൻ കഴിയാത്ത കാര്യത്തെ ആരാധനയും ഭക്തിയുംകൊണ്ടു് അറിയാൻ സാധിക്കുമോ എന്നു പരീക്ഷിച്ചുനോക്കണം."

ഇത്രയും പറഞ്ഞു് രത്നാംബരൻ അവിടെനിന്നും യാത്രയായി.

രത്നാംബരൻ പോയശേഷം കുമാരഗിരി വിശാലദേവനു് ഇരിക്കാൻ സങ്കേതം നൽകി.

"വത്സാ! നീ എൻെറ ശിഷ്യനായി. ഇപ്പോൾ ഞാൻ നിന്നോടു് ചില ചോദ്യങ്ങൾക്കു് ഉത്തരം ആവശ്യപ്പെടുകയാണു്. 'വാസന' എന്നാൽ എന്താണെന്നു് അറിയാമോ?"

വിശാലദേവൻ ഉത്തരം പറഞ്ഞു: "വാസന എന്നതു് ഇച്ഛയുടെ ഒരു പര്യായശബ്ദമാണു്."

"ശരി! "മനുഷ്യജീവിതത്തിൽ വാസനയ്ക്കുള്ള സ്ഥാനം എന്താണെന്നറിയാമോ?" കുമാരഗിരി ചോദിച്ചു: "ഒരു പക്ഷേ നിനക്കറിയുകയില്ലായിരിക്കാം. ഞാൻ പറഞ്ഞുതരാം. വാസന പാപമാണു്. ജീവിതത്തെ കലുഷിതമാക്കുന്നതിനുള്ള ഒരൊററ ഉപകരണം അതാണു്. വാസനകളാൽ പ്രേരിതനായിട്ടു് മനുഷ്യൻ ദൈവീകനിയമങ്ങളെ ഉല്ലംഘിക്കുകയും അവയിൽ നിമഗ്നനായിട്ടു് തന്നെയും തന്റെ സൃഷ്ടാവായ ബ്രഹ്മാവിനേയും മറന്നുകളയുകയും ചെയ്യുന്നു. അതുകൊണ്ടാണു് വാസനകളെ ത്യജിക്കേണ്ടതു്. മനുഷ്യനു് തൻെറ ആശയെ ത്യജിക്കാൻ കഴിഞ്ഞാൽ വളരെ ഉയരാം. ഈശ്വരനു് മൂന്നു ഗുണങ്ങളുണ്ടു്. സതു്, ചിതു്, ആനന്ദം. ആഗ്രഹങ്ങളെ കൈവെടിഞ്ഞ ഒരു പരിശുദ്ധഹൃദയത്തിനു് ഈ മൂന്നു ഗുണങ്ങളേയും പ്രാപിക്കാം. എന്നാൽ ആശയുണ്ടായിരിക്കുമ്പോൾ മനുഷ്യനിൽ അഹംകാരം പ്രബലമായിരിക്കും. അഹംകാരത്തിൻെറ ഭ്രമാത്മകമായ ആവരണമുള്ളപ്പോൾ ഇവയിൽ ഒന്നുപോലും പ്രാപിക്കുക സാദ്ധ്യമല്ല. വിശാലദേവാ! എൻെറ ശിഷ്യനായിക്കഴിഞ്ഞാൽ നീ ആദ്യമായി ചെയ്യേണ്ടതു് വാസനയെ കൈവെടിഞ്ഞിട്ടു് മനസ്സിനെ പരിശുദ്ധമായി വയ്ക്കുകയാണു്. ഇതു് ഒരു തപസ്യയത്രെ. എന്നാൽ ഈ തപസ്യയിൽ ദുഃഖമില്ല. ആഗ്രഹങ്ങളെ അടക്കുകയല്ല, ആഗ്രഹങ്ങൾക്കു് ഇടം കൊടുക്കാ

തിരിക്കുകയാണു വേണ്ടതു്. ഒരു തവണ ആഗ്രഹമുണ്ടായി പ്പോയാൽ അതു തീൎച്ചയായും പ്രാബല്യം പ്രാപിക്കുകതന്നെ ചെയ്യും. അതുകൊണ്ടു് ആഗ്രഹങ്ങളെ എന്നെന്നേക്കുമായി ഹനിക്കുകയാണു് നിന്റെ കൎത്തവ്യം. പറയൂ, ഇത്രയും നിനക്കു ചെയ്യാൻ കഴിയുമോ?"

വിശാലദേവൻ പറഞ്ഞു: "ദേവാ! ഇതിനു ഞാൻ യത്നിക്കാം. ഇതു് എനിക്കു കഴിയുമോ ഇല്ലയോ എന്നു പറയുക പ്രയാസമാണു്. അവിടന്നു നിർദ്ധാരണം ചെയ്ത മാർഗ്ഗം സുഗമമാണു്. എന്നാൽ അതിൽ കുറച്ചു വൈരുധ്യം തീൎച്ചയായുമുണ്ടു്. ആഗ്രഹങ്ങളെ ഹനിക്കുന്നതു് ജീവിത സിദ്ധാന്തങ്ങൾക്കു വിരുദ്ധമല്ലേ? ദേവാ! എന്റെ ഈ ഭ്രമത്തെ ദൂരീകരിക്കുന്ന നിമിഷം മുതൽ ഞാൻ അവിടന്നു നിർദ്ദേശിച്ച മാൎഗ്ഗത്തെ പിൻതുടരാൻ തയ്യാറാണു്!"

കുമാരഗിരി വിശാലദേവനിൽനിന്നു് ഒരുപക്ഷേ ഇങ്ങനെ ഒരുത്തരംതന്നെ പ്രതീക്ഷിച്ചിട്ടുണ്ടാവണം. അദ്ദേഹം പറഞ്ഞു: "നീ ഉചിതമായ മറുപടിതന്നെ നൽകിയിരിക്കുന്നു. കാരണം നിന്റെ മേൽ ഒരു ഗുരുവിന്റെ പ്രാഭവമുണ്ടു്. ആ പ്രാഭവത്തെ നീക്കിയിട്ടു് നിന്റെ മേൽ എന്റെ പ്രാഭവത്തെ ചെലുത്തേണ്ടിയിരിക്കുന്നു. നിന്റെ ഭ്രമത്തെ ഞാൻ ദൂരീകരിക്കാം. എന്നാൽ ഇന്നല്ല. ഭ്രമത്തിനു വിധേയനായ ഒരു ഗുരുവിന്റെ ശിഷ്യനിലും ഭ്രമമുണ്ടായിരിക്കുക സ്വാഭാവികമാണല്ലോ. ആചാൎയ്യ രത്നാംബരന്റെ പ്രവണത ചില അംശങ്ങളിൽ നാസ്തികതത്വത്തിലേക്കാണു്. ഞാൻ ആസ്തികനാണു്. എന്നിൽനിന്നു എന്തെങ്കിലും പഠിക്കാൻ തുടങ്ങുന്നതിനു മുമ്പു് രണ്ടു തത്വങ്ങൾ അംഗീകരിക്കണം. ഒന്നു്, ബ്രഹ്മം എന്നതു് ഉണ്ടു്. രണ്ടു്, കൎത്തവ്യനിൎവ്വഹണം ഒരു പ്രധാന ജീവിതധൎമ്മമാണു്."

വിശാലദേവൻ പറഞ്ഞു: "ഈ രണ്ടു തത്വങ്ങളും ഞാൻ അംഗീകരിക്കുന്നു."

കുമാരഗിരി എഴുന്നേററു—"എന്നാൽ ഞാൻ നിശ്ചിന്തനാണു്. ഞാൻ നിനക്കു വിദ്യയരുളാം. മുക്തിമാർഗ്ഗത്തെ കാണിച്ചുതന്നിട്ടു് പാപം എന്താണെന്നു് മനസ്സിലാക്കിത്തരാം."

# അദ്ധ്യായം മൂന്നു്

ശ്വേതാങ്കൻ ബ്രഹ്മചാരിയായിരുന്നു. അനുഭവരഹിതമായ അദ്ധ്യയനമായിരുന്നു അയാളുടെ പ്രവൃത്തിമണ്ഡലം. ഉദ്ദേശ്യം ജ്ഞാനസമ്പാദനവും. അന്നു് അയാൾക്കു് സുമാർ ഇരുപത്തഞ്ചു വയസ്സ് പ്രായം കാണും. ഈ പ്രായത്തിനുള്ളിൽത്തന്നെ അയാൾ ദർശനശാസ്ത്രവും സ്മൃതികളും പഠിച്ചുകഴിഞ്ഞിരുന്നു. സാഹിത്യവും വ്യാകരണവും അയാൾ പഠിച്ചിട്ടുണ്ടായിരുന്നു. കാവ്യങ്ങളിൽ പ്രേമത്തിന്റെ സജീവവർണ്ണനകൾ അയാൾ ശ്രദ്ധാപൂർവ്വം വായിച്ചിട്ടുണ്ടു്. അവയെ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുമുണ്ടു്. എന്നാൽ അയാൾക്കു് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. യൗവ്വനത്തിന്റെ മാദകത്വവും അയാൾക്കു് അപരിചിതമായിരുന്നു.

ബീജഗുപ്തന്റെ ഗൃഹത്തിൽ ബ്രഹ്മചാരിയായ ശ്വേതാങ്കനും നർത്തകി ചിത്രലേഖയും ഒത്തുകൂടി. ശ്വേതാങ്കനു് ചിത്രലേഖയെ പരിചയപ്പെടുത്തിയപ്പോൾ ബീജഗുപ്തൻ ഒന്നു ചിരിക്കുക മാത്രം ചെയ്തു. എന്നാൽ ചുററുപാടുകളെപ്പററി അല്പം ചിന്തിച്ചുനോക്കിയപ്പോൾ അയാൾക്കു കുതൂഹലം തോന്നി. ബ്രഹ്മചാരിയും നർത്തകിയും! ഈ അടുപ്പത്തെക്കുറിച്ചോർത്തു് ബീജഗുപ്തൻ ചിരിച്ചുപോയി.

എന്നാൽ ബീജഗുപ്തന്റെ ചിരി ശ്വേതാങ്കന്റെ ജീവിതത്തിൽ ഒരു കോളിളക്കം സൃഷ്ടിച്ചു. നിത്യമെന്നോണം രാത്രിസമയത്തു് ശ്വേതാങ്കനു് ചിത്രലേഖയെ അവളുടെ ഗൃഹത്തിൽ കൊണ്ടാക്കേണ്ടിയിരുന്നു. അപ്പോൾ അവൾ ഉന്മത്തയാകും. അവളുടെ നയനങ്ങളിലെ മാദകത്വം ശ്വേതാങ്കന്റെ ഹൃദയത്തിൽ ഒരുതരം കോരിത്തരിപ്പുളവാക്കും. സ്ത്രീയും മദ്യവും!—നിറഞ്ഞുനിൽക്കുന്ന എണ്ണയിൽനിന്നെരിയുന്ന ദീപനാളത്തിന്റെ പ്രകാശധോരണിയായിരുന്നു. ശ്വേതാങ്കൻ ഒരു ശലഭത്തെപ്പോലെ അതിനെ വട്ടമിട്ടുകൊണ്ടിരുന്നു. ചിത്രലേഖയുടെ നേരെ നോക്കുമ്പോഴൊക്കെ അയാൾക്കു് ഒരു വിചിത്രമായ സുഖം അനുഭവപ്പെടും. ആ സുഖം എന്തായിരുന്നു? ഒരു അജ്ഞാതമായ ആഗ്രഹത്തിന്റെ സ്പന്ദനം. ചിത്രലേഖ

യുടെ മാദകശക്തി നിറഞ്ഞ അർദ്ധനിമീലിതനേത്രങ്ങൾ ശ്വേതാങ്കൻെറ കണ്ണുകളോടിടയുമ്പോൾ അയാൾ കേവലം ഒരു ഭ്രാന്തനെപ്പോലെ ആടിയുലഞ്ഞുപോകും.

ബീജഗുപ്തൻെറ ഗൃഹത്തിൽ ഒരു ഇളയ സഹോദരനെപ്പോലെയാണ് ശ്വേതാങ്കനെ കരുതിപ്പോന്നിരുന്നതു്. ബീജഗുപ്തൻെറ ഭൃത്യന്മാർ അയാളെ തങ്ങളുടെ സഹജീവിയായല്ല, യജമാനനായിത്തന്നെ പരിഗണിച്ചിരുന്നു. സുഖസംഭാരങ്ങൾ ശ്വേതാങ്കൻെറ മുമ്പിൽത്തന്നെ വേണ്ടുവോളമുണ്ടായിരുന്നു. നഗരത്തിലെ പൗരപ്രമാണികളോട്ട് അയാൾ സമ്പക്ക്ത്തിലായി. കൂരിരുട്ടിൽനിന്നു് പ്രകാശമാനമായ ഒരു ലോകത്തേയ്ക്കാണ് അയാൾ കടന്നുവന്നതു്. അതുകൊണ്ടു് സ്വന്തം സ്ഥിതിയെപ്പററി അയാൾക്കുതന്നെ വിശ്വാസമില്ലായിരുന്നു. എന്നാൽ ശ്വേതാങ്കൻ ക്രമേണ പരിത:സ്ഥിതികളുമായി ഇണങ്ങിച്ചേരാൻ തുടങ്ങി. താൻ ഈ ലോകത്തുതന്നെയാണെന്നും, പാപപുണ്യങ്ങളുടെ നടുക്കാണെന്നും, തൻെറ ചുററും ആഗ്രഹങ്ങൾ കുനകൂടിക്കിടക്കുകയാണെന്നും അയാൾക്കു് അനുഭവപ്പെട്ടു. ഐഹികബന്ധങ്ങളുടെ കല്ലോലങ്ങളിൽക്കൂടി താൻ ഒഴുകിച്ചെല്ലുകയാണെന്നും അറിയാറായി.

അന്നു് ബീജഗുപ്തൻ എന്തോ കാര്യം പ്രമാണിച്ചു് പുറത്തുപോയിരുന്നു. അതു് ഒരു അടിയന്തിരക്കാര്യമായിരുന്നതുകൊണ്ടു് സന്ധ്യയായിട്ടും മടങ്ങിവരാൻ തരപ്പെട്ടില്ല. പതിവിൻപ്രകാരം കൃത്യസമയത്തുതന്നെ ചിത്രലേഖയുടെ രഥം ബീജഗുപ്തൻെറ പടിക്കൽ വന്നുനിന്നു. ശ്വേതാങ്കൻ തൻെറ യജമാനൻെറ ഒഴിഞ്ഞ ഗൃഹത്തിലേയ്ക്കു ചിത്രലേഖയെ സ്വാഗതംചെയ്തു. രണ്ടുപേരും ബീജഗുപ്തൻെറ അറയിൽ ചെന്നു. ബീജഗുപ്തനെ കാണാഞ്ഞു് ചിത്രലേഖ ചോദിച്ചു: "നിൻെറ യജമാനൻ എവിടെ?"

നത്തകിയുടെ നാവിൽനിന്നു പുറപ്പെട്ട ഈ ചോദ്യം ബ്രഹ്മചാരി പ്രത്യേകം ശ്രദ്ധിച്ചു. അയാൾക്കു് അതു് അത്ര രസിച്ചില്ല. ആ വാക്യം അസ്ത്രംപോലെ മൂച്ച്യേറിയതായിരുന്നു. ഈ ചോദ്യം മററു വല്ല സാധാരണസ്ത്രീകളും ചോദിച്ചിരുന്നുവെങ്കിൽ ശ്വേതാങ്കൻ അതിനു പരുഷമായ ഒരു

ത്തരം നൽകിയേക്കേ. അന്നാദ്യമായാണ് തന്റെ നിസ്സഹായാവസ്ഥ ശ്വേതാങ്കനു ബോദ്ധ്യപ്പെട്ടതു്. അയാൾക്കു കുറച്ചു കുണ്ഠിതം തോന്നി. അയാൾ പറഞ്ഞു—"ദേവീ! അദ്ദേഹം എന്തോ കാര്യമായി വെളിയിൽ പോയിരിക്കുകയാണ്."

"അദ്ദേഹം എപ്പോഴാണ് മടങ്ങിവരാനിടയുള്ളതു്?"

"ഇപ്പോൾ വരികതന്നെയായിരിക്കണം."

"ശ്വേതാങ്കാ! എനിക്കു ദാഹിക്കുന്നു."

ശ്വേതാങ്കൻ എഴുന്നേററു. അയാൾക്കു തന്റെ സ്ഥിതി മനസ്സിലായി. അതോടൊപ്പം അയാൾക്കു ബീജഗുപ്തന്റെ വാക്കുകളും ഓർമ്മവന്നു—'ചിത്രലേഖ നിന്റെ സ്വാമിനിയാണു്'—അയാൾ സ്വന്തം കൈകൊണ്ടുതന്നെ സ്വർണ്ണപ്പാത്രത്തിൽ ജലം പകർന്നു കൊണ്ടുവന്നു.

ജലം കണ്ടു ചിത്രലേഖ ചിരിച്ചുപോയി—"ശ്വേതാങ്കാ! നീ വെറും ബാലനാണു്." ചിത്രലേഖയുടെ വാക്കുകളിലെ വ്യംഗ്യം ശ്വേതാങ്കനു മനസ്സിലായില്ല—"ദേവീ! എന്തു തെററുപററി?"

ചിത്രലേഖ പൊട്ടിച്ചിരിച്ചു—"ശ്വേതാങ്കാ! നിനക്കു് ഇപ്പോഴും മനസ്സിലായില്ലേ? ജലം ദാഹം ശമിപ്പിക്കുന്ന വസ്തുവല്ല. അഗ്നിക്കു ജലം ആവശ്യമില്ല, ആജ്യമാണു വേണ്ടതു്. അതുമൂലം അതു് ആളിക്കത്തും. ജീവിതം ഒരു ഒടുങ്ങാത്ത ദാഹമാണു്. അതിനെ ശമിപ്പിക്കുന്നതു ജീവിതത്തിനുതന്നെ അറുതിവരുത്തുകയാണ്. എനിക്കു ജലം ആവശ്യമില്ല. മദ്യം വേണം."

ശ്വേതാങ്കൻ ഈ ഉത്തരം കേട്ടു തരിച്ചുനിന്നുപോയി. കാര്യം എത്ര ഭയങ്കരമായിരിക്കുന്നു! എന്നാൽ എത്ര യുക്തിസഹവും! ശ്വേതാങ്കനും ചിരിച്ചു—"ഒരുപക്ഷേ എനിക്കു് പാടലീപുത്രത്തിലെ സർവ്വാംഗസുന്ദരിയായ സ്ത്രീയുടെ ശിഷ്യനാകേണ്ടിവന്നേയ്ക്കാം, ദേവീ!" എന്നു പറഞ്ഞു് അയാൾ ചിത്രലേഖയുടെ നേർക്കു് മദ്യപാത്രം എടുത്തുനീട്ടി.

ചിത്രലേഖ മദ്യം ഒരു കവിൾ കുടിച്ചിട്ടു് പാത്രത്തെ ശ്വേതാങ്കന്റെ മുമ്പിൽ വച്ചു. അപ്പോൾ അവൾ തലയിണ

ച്ചാരി ഇരിക്കുകയായിരുന്നു. അവളുടെ തലയിലണിഞ്ഞിരുന്ന വസ്ത്രം നീങ്ങി. തലമുടി അന്ധകാരംപോലെ ഇരുണ്ടതാണ്. അതിൽ ചുററിക്കെട്ടിയിരുന്ന മൗക്തികമാല ഒരു ദീപംപോലെ തിളങ്ങിക്കൊണ്ടിരുന്നു. എത്ര മനോഹരമായിരിക്കുന്നു അവളുടെ വേഷം. ഇത്തരം ഒരു അനുപമ സുന്ദരിയെപ്പററി ശ്വേതാങ്കൻ ഒരിക്കലും സങ്കല്പിക്കുകപോലും ചെയ്തിട്ടില്ല. അവളുടെ യൗവ്വനം ഉന്മാദത്തിൻെറ പ്രതിബിംബമായിരുന്നു. അരുണിമ പൂണ്ട കപോലങ്ങൾ. മന്ദഹാസത്തിൻെറ പരാഗലേപനമാർന്നതായിരുന്നു അധരങ്ങൾ. നയനങ്ങളിൽ ഹാസച്ഛവി നിറഞ്ഞുനിന്നിരുന്നു.

ശ്വേതാങ്കൻ നിശ്ശബ്ദനായി ചിത്രലേഖയുടെ സൗന്ദര്യ്യത്തെ വീക്ഷിച്ചുകൊണ്ടുനിന്നു.

ചിത്രലേഖ പറഞ്ഞു—"ശ്വേതാങ്കാ! നീ മദ്യപാനം ചെയ്കയില്ലെന്നു ഞാൻ മനസ്സിലാക്കുന്നു. ഞാൻ മദ്യപാത്രം നിനക്കു നീട്ടിത്തന്നു. എന്നാൽ നിൻെറ കരങ്ങൾ അതിനെ വായോടടുപ്പിക്കുന്നതിനു ധൈര്യ്യപ്പെട്ടില്ല. ഞാൻ നിന്നോട് ഒരു ചോദ്യം ചോദിക്കാൻ പോവുകയാണ്. അതിനു നീ ശരിയായ ഉത്തരം നൽകണം."

ശ്വേതാങ്കൻ തലകുനിച്ചു.

"നീ ബ്രഹ്മചാരിയാണ്. നിൻെറ ഗുരു നിനക്കു മദ്യപാനം നിഷേധിച്ചിട്ടുണ്ടായിരിക്കാം. എനിക്ക് ഇതിൻെറ കാരണം അറിയാൻ താത്പര്യ്യമുണ്ട്."

ശ്വേതാങ്കൻ സാവധാനം മറുപടി പറഞ്ഞു: "ദേവീ! ജീവിതത്തിൽ സംയമം അനിവാര്യ്യമാണ്. മദ്യവും സംയമവും പരസ്പരവിരുദ്ധങ്ങളാണ്."

"എന്നാൽ സംയമത്തിൻെറ ലക്ഷണമെന്താണ്?"

"സുഖവും ശാന്തിയും."

ചിത്രലേഖ പാനപാത്രത്തെ തൻെറ അധരങ്ങളോടടുപ്പിച്ചുകൊണ്ടു ചോദിച്ചു: "ജീവിതത്തിൻെറ ലക്ഷ്യമോ?"

മദ്യലഹരിയാൽ ചിത്രലേഖയുടെ കണ്ണുകൾ അല്പാല്പം ചുവന്നുതുടങ്ങി. അവളുടെ സ്വരത്തിൽ ഒരുവക സംഗീത

മാധുര്യമുള്ളതായി ശ്വേതാങ്കനു തോന്നി; സംഭാഷണത്തിൽ കവിതയും. അയാൾ മറുപടി പറഞ്ഞു: "ജീവിതത്തിൻെറ ലക്ഷ്യമോ? സുഖവും ശാന്തിയും."

"ഇവിടെ നിനക്കു തെററുപററിപ്പോയി യുവാവേ!" ചിത്രലേഖ സൂക്ഷ്മതയോടുകൂടി ഇരുന്നു—"സുഖം തൃപ്തിയാണു്. ശാന്തി അലസതയും. എന്നാൽ ജീവിതം അന്തമില്ലാത്ത പ്രവൃത്തിയാണു്. അശമ്യമായ ദാഹം. ജീവിതം ഒരു കോലാഹലമാണു്, പരിവർത്തനമാണു്. കോലാഹലത്തിലും പരിവർത്തനത്തിലും സുഖത്തിനും ശാന്തിക്കും സ്ഥാനമില്ല" എന്നു പറഞ്ഞു് അവൾ പാനപാത്രത്തെ ശ്വേതാങ്കൻെറ ചുണ്ടുകളോടടുപ്പിച്ചു.

ശ്വേതാങ്കൻ പാനപാത്രം തട്ടിനീക്കിക്കളയാമെന്നു വിചാരിക്കാതിരുന്നില്ല. പക്ഷേ ചിത്രലേഖയുടെ കണ്ണുകളിൽ വിചിത്രമായ ഒരു മാസ്മരശക്തിയുണ്ടായിരുന്നു. അയാൾക്കു ചിത്രലേഖയെ വിലക്കാൻ സാധിച്ചില്ല. തന്നെ നിയന്ത്രിക്കാനും കഴിഞ്ഞില്ല. മദ്യം അയാളുടെ കണ്ഠത്തിനു താഴെയിറങ്ങി.

അതേ ക്ഷണത്തിൽ ബീജഗുപ്തൻ പിറകിൽനിന്നു ചിരിച്ചുകൊണ്ടു പറഞ്ഞു: "ബ്രഹ്മചാരീ! ഇന്നു നർത്തകി നിനക്കു് വിദ്യാരംഭം നടത്തി. അതിനു് അവൾക്കു് എൻെറ അഭിനന്ദനങ്ങൾ."

ശ്വേതാങ്കൻ മോഹനിദ്രയിൽനിന്നു ഞെട്ടിയുണർന്നു. ബീജഗുപ്തൻെറ ചിരി അയാളുടെ അപരാധത്തെയാണു് ധ്വനിപ്പിച്ചതു്. ശ്വേതാങ്കൻ ചിത്രലേഖയെ നോക്കി; പിന്നീടു് ബീജഗുപ്തനേയും. അയാൾ ശിരസ്സു് കുനിച്ചുകളഞ്ഞു. ബീജഗുപ്തൻ ചിരിച്ചുകൊണ്ടു് വസ്ത്രം പകർന്നിടാൻ പോയി. അയാൾ പോയതിനുശേഷം ശ്വേതാങ്കൻ ചിത്രലേഖയോടു പറഞ്ഞു: "ദേവീ! ഇന്നു ഭവതി എൻെറ വ്രതത്തെ തവിടുപൊടിയാക്കിക്കളഞ്ഞു. ഭവതി എന്തിനിങ്ങനെ ചെയ്തു? എൻെറ ഹൃദയത്തിൽ ഇങ്ങിനെയൊരു തീജ്വാല ജ്വലിപ്പിച്ചതെന്തിനു്? ദേവീ! ഭവതി ഒരു ചണ്ഡവാത്യയായിട്ടു് എന്തിനാണു് എൻെറ ജീവിതത്തിലേയ്ക്കു കടന്നുവന്നി

രിക്കുന്നതു്?" ശ്വേതാങ്കൻ ചിത്രലേഖയുടെ കൈപ്പു ബലമായി പിടിച്ചു.

ചിത്രലേഖ ചിരിച്ചുകൊണ്ടു് ഉത്തരം പറഞ്ഞു: ശ്വേതാങ്കാ! നീ ചെയ്യുന്നതു് തെററാണു്. ആത്മാവിൻെറ ഹനനത്തെയാണു് നീ വ്രതം എന്നു പറയുന്നതു്. മാദകത്വം ജീവിതത്തിൻെറ ഒരു പ്രധാന ഘടകമാണെന്നു നിനക്കു കാണിച്ചുതരിക മാത്രമാണു് ഞാൻ ചെയ്തതു്. നിൻെറ ഹൃദയത്തിൽ ഒരു തീജ്വാലയുണ്ടായി എന്ന കാര്യംതന്നെ എടുക്കുക. ഞാൻ നിനക്കു ജീവിതത്തിൻെറ യഥാർത്ഥമൂല്യത്തെ ക്കാട്ടിത്തന്നു എന്നു മാത്രം. ചിത്രലേഖയുടെ ഭാവം ഗംഭീരമായി. അവൾ ശ്വേതാങ്കൻെറ കൈ വിട്ടുവിച്ചു—"ശ്വേതാങ്കാ! ഓർമ്മിച്ചുകൊള്ളൂ! ഞാൻ നിൻെറ ജീവിതത്തിൽ കടന്നു വരിക എന്നതു് അസാദ്ധ്യമാണു്. ഇത്രയായിട്ടും എൻ്റെ മനോഗതം എനിക്കു നല്ലപോലറിയാം. ഞാൻ ലോകത്തിൽ ഒരൊററ വ്യക്തിയെയാണു് പ്രേമിക്കുന്നതു്, ബീജഗുപ്തനെ. ഞാൻ നിൻെറ ജീവിതത്തിലേയ്ക്കു കടന്നുവരുമെന്നു് നീ ഒരിക്കലും ദിവാസ്വപ്നം കാണേണ്ട. നിനക്കു പോകാം."

ശ്വേതാങ്കൻെറ മുഖം വിളറിപ്പോയി. ഒരു നർത്തകിയുടെ മുമ്പിൽ അയാൾ പരാജയപ്പെട്ടു—അറിവിലും കർത്തവ്യത്തിലും വ്യക്തിത്വത്തിലും. അയാൾ പറഞ്ഞു: "ദേവീ! ആജ്ഞപോലെ!" അപമാനിതനും പരാജിതനുമായ ബ്രഹ്മചാരി വാതിൽക്കലേയ്ക്കു നടന്നു.

ചിത്രലേഖ അല്പനേരം ആലോചിച്ചു. പിന്നെ എന്തോ തീരുമാനം ചെയ്തു. അറയ്ക്കു പുറത്തു കടന്ന ശ്വേതാങ്കനെ അവൾ വിളിച്ചു—"ശ്വേതാങ്കാ! നിൽക്കൂ. നിന്നോടു് ഒരു കാര്യം കൂടി പറയാനുണ്ടു്. ഇങ്ങോട്ടു വരൂ."

ശ്വേതാങ്കൻ നിന്നു. തിരികെ വന്നില്ല. മുഖം തിരിച്ചു് അയാൾ ഉത്തരം പറഞ്ഞു: "ഇനി ഭർത്സിക്കാൻ എന്തെങ്കിലും അവശേഷിച്ചിട്ടുണ്ടോ? എൻെറ ആത്മദൗർബ്ബല്യത്തിനു് ഈ സമ്മാനം മതിയാവുകയില്ലേ? ദേവീ! ഭവതി എൻെറ സ്വാമിനിയാണു്. അതോടൊപ്പം എൻെറ ജീവിതത്തിൻ്റെ ......ഇല്ല, ക്ഷമിക്കണം. ഭവതി എൻെറ സ്വാമിനി മാത്രമാണു്. അതുകൊണ്ടു് ഭവതിയുടെ ആജ്ഞയെ ഞാൻ ശിര

സാ വഹിക്കുന്നു. ഭവതിക്കു് എന്നോട്ടു് എന്താണു പറയാനു ള്ളതു്?" അപ്പോൾ ശ്വേതാങ്കൻെറ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞിരുന്നു.

ചിത്രലേഖയുടെ ഹൃദയത്തിൽ ശ്വേതാങ്കൻെറ—ബാല നായ ശ്വേതാങ്കൻെറ—ഈ വാക്കുകൾ നല്ല ഒരാഘാതമേ ല്പിച്ചു. അവൾ പറഞ്ഞു: "ശ്വേതാങ്കാ! എനിക്കു തെററു പററിപ്പോയി. ഞാൻ നിന്നോട്ടു് പരുഷമായി പെരുമാറി. അതിനു് എനിക്കു മാപ്പുതരൂ. എനിക്കു നിന്നോട്ടു് സ്നേഹ മാണു്. എനിക്കു സഹോദരതുല്യനാണു് നീ! നിൻെറ ദു:ഖം കാണുമ്പോൾ എനിക്കും ദു:ഖമുണ്ടായിപ്പോകുന്നു. ഞാൻ അറിയാതെ ഒരുപക്ഷേ നിന്നെ അവമാനിക്കയും ചെയ്തിരി ക്കാം. അതിനു ഞാൻ ക്ഷമായാചനം ചെയ്യുന്നു."

ചിത്രലേഖയുടെ ക്ഷമായാചനംകൊണ്ടു് ശ്വേതാങ്കൻെറ ദു:ഖവും ക്ഷോഭവും നീങ്ങി. അയാളുടെ ഹൃദയവേദന മഞ്ഞു പോലെ ഉരുകിപ്പോയി. അയാൾ ചിത്രലേഖയിൽ ഒരു ദേ വിയുടെ രൂപത്തെ ദർശിച്ചു—എന്തോ ഒരു തേജസ്സു് അവ ളിൽ കളിയാടുന്നതു കണ്ടു. അയാളുടെ ദൃഷ്ടിയിൽ അപ്പോൾ ചിത്രലേഖ ഒരു നർത്തകിയായി തോന്നിയില്ല. അവളോടു തനിക്കു് ഒരു പാരത്രികബന്ധമുള്ളതുപോലെ ശ്വേതാങ്കനു തോന്നിപ്പോയി. അയാൾ പറഞ്ഞു: "ദേവീ! ക്ഷമാ യാചനത്തിൻെറ ആവശ്യമൊന്നുമില്ല. തെററു് എൻേറതു തന്നെയായിരുന്നു; ഈ തെററിനു് എനിക്കു ശിക്ഷ ലഭിക്കേ ണ്ടതുമായിരുന്നു. എന്നാൽ ഭവതി എന്നെ ശിക്ഷിക്കുന്ന തിനു പകരം എൻെറ മേൽ കൃപ കാണിക്കുകയാണു് ചെ യ്തതു്. എന്നെ മാർഗ്ഗഭ്രഷ്ടനാകാതെ രക്ഷിച്ചതുമൂലം ഭവതി എനിക്കു് എന്തൊരനുഗ്രഹമാണു് നൽകിയതെന്നു പറക വയ്യ. എനിക്കു മാപ്പുതരൂ ദേവീ!" ശ്വേതാങ്കൻ പൊട്ടിക്കര ഞ്ഞു. ചിത്രലേഖ ഒരു പ്രതിമപോലെ നിശ്ചലയായി നിന്നു പോയി. അജ്ഞതമൂലം ഒരു അബോധബാലകനെ തൻെറ യൗവ്വനമദത്തിനിരയാക്കിയതിൽ അവൾക്കു ദുഃഖം തോന്നി.

ശ്വേതാങ്കൻ ബീജഗുപ്തൻെറ സമീപം ചെന്നു. അയാൾ ബീജഗുപ്തൻെറ കാൽക്കൽ വീണു—"സ്വാമീ! എനിക്കു മാപ്പുതരണം" എന്നു മാത്രം പറഞ്ഞു.

ശ്വേതാങ്കന്റെ ഈ പ്രവൃത്തി കണ്ടു് ബീജഗുപ്തൻ ഞെട്ടിപ്പോയി. അയാൾ ശ്വേതാങ്കനെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ടു ചോദിച്ചു: "ശ്വേതാങ്കാ! എന്താണു് സംഗതി?"

ശ്വേതാങ്കന്റെ തൊണ്ടയിടറി—"സ്വാമീ! അങ്ങയോടു ഞാൻ വിശ്വാസവഞ്ചന ചെയ്തു. അങ്ങു പ്രേമിക്കുന്ന—അങ്ങയേയും പ്രേമിക്കുന്ന—ഒരു സ്ത്രീയെ പ്രേമിക്കാൻ ഒരുമ്പെടുക എന്ന അപരാധം ഞാൻ ചെയ്തുപോയി. പോരെങ്കിൽ അവർ എന്റെ സ്വാമിനിയുമാണു്."

ബീജഗുപ്തനു് എല്ലാം മനസ്സിലായി. അയാൾ ഒരു പുഞ്ചിരിയോടെ ചോദിച്ചു: "ശ്വേതാങ്കാ! അവൾ എന്നെയും പ്രേമിക്കുന്നുവെന്നു് നിനക്കു് എങ്ങിനെ അറിയാം?"

"അവർ തന്നെ എന്നോടു പറഞ്ഞു." ശ്വേതാങ്കനിൽ മദ്യത്തിന്റെ പ്രതികരണമുണ്ടായിക്കഴിഞ്ഞിരുന്നു. ശരീരത്തിലാകമാനം അയാൾക്കു് ഒരു നവചൈതന്യം അനുഭവപ്പെട്ടു—"ഇന്നു് അവരുടെ കൈയ്യിൽനിന്നു മദ്യം വാങ്ങിക്കഴിച്ചു് ഞാൻ എന്റെ വ്രതത്തിനു ഭംഗം വരുത്തി. ഞാൻ പ്രേമിക്കുന്ന സ്ത്രീ സ്വന്തം കൈകൊണ്ടു നൽകുന്ന മദ്യം നിഷേധിക്കാൻ എനിക്കു കഴിഞ്ഞില്ല."

കുറച്ചു ഗാംഭീര്യം വരുത്തിക്കൊണ്ടു് ബീജഗുപ്തൻ ചോദിച്ചു: "ശ്വേതാങ്കാ! ആ സ്ത്രീ എന്നെ പ്രേമിക്കുന്നുവെന്ന രഹസ്യം നിന്നെ അറിയിക്കാതെ അവൾ നിന്നിൽ ഒരു ആത്മാർപ്പണം നടത്തിയിരുന്നുവെങ്കിൽ നീ എന്തുചെയ്യുമായിരുന്നു?"

അല്പനേരം ആലോചിച്ചുനിന്നിട്ടു് ശ്വേതാങ്കൻ പറഞ്ഞു: "ഒരുപക്ഷേ ഞാൻ അങ്ങയോടു മാപ്പിരക്കുകപോലും ചെയ്യാതെ അങ്ങയോടു വിശ്വാസവഞ്ചനചെയ്കയെന്ന ഒരു വലിയ അപരാധത്തിനു പാത്രമാകുമായിരുന്നു."

ബീജഗുപ്തൻ ശ്വേതാങ്കന്റെ മുതുകിൽ തലോടിക്കൊണ്ടു പറഞ്ഞു: "ശ്വേതാങ്കാ! നീ എന്നോടു മാപ്പിരക്കേണ്ട ആവശ്യമൊന്നുമില്ല. ആ ചുററുപാടിൽ നീ ചെയ്തതുപോലല്ലാതെ മറെറാരു തരത്തിൽ പ്രവർത്തിക്കാൻ ആർക്കും സാദ്ധ്യമല്ല. കുററം പരിതോഷസ്ഥയുടേതാണു്. നിന്നിൽ ഞാൻ പ്രസ

ന്നതായിരിക്കുന്നു. നീ തെററു ചെയ്തതു വാസ്തവം തന്നെ. എന്നാൽ ആരോടാണോ നീ തെററുചെയ്തതു് ആ വ്യക്തിയോടു് ആ തെററിനെ നീ തുറന്നു സമ്മതിച്ചു് അതിൻെറ കളങ്കത്തെ കഴുകിക്കളഞ്ഞു. നീ എന്നോടു സത്യം പറഞ്ഞു. അതുതന്നെ നിനക്കുചിതമായതും. നീ എന്നോടു വിശ്വാസവഞ്ചന ചെയ്തുവെന്നതു് നിൻെറ തെററിദ്ധാരണയാണു്. നീ ലോകരംഗത്തു് ഇപ്പോൾ പ്രവേശിച്ചിട്ടേയുള്ളു. ലോകത്തെസ്സംബന്ധിച്ചു് നീ അനുഭവശൂന്യനാണു്. ഇനി എത്ര തവണയാണു് അനുഭവത്തിൻെറ ഉരകല്ലിൽ നിന്നെ ഉരച്ചുനോക്കേണ്ടിവരുന്നതെന്നു് അറിയുന്നില്ല. അപ്പോഴൊക്കെ നിനക്കു് നല്ല കൃത്യാകൃത്യബോധമുണ്ടായിരിക്കണം. ആഗ്രഹങ്ങൾ കൊടുമ്പിരിക്കൊണ്ടു് നിന്നെ ഞെരിക്കും. അവയെല്ലാം നീ അടക്കണം. അതാണു് നിൻെറ ആത്മശക്തിക്കുള്ള പരീക്ഷ. ജയാപജയങ്ങൾ അനുഭവിച്ചറിയേണ്ടതു് ലോകരംഗത്താണു്. വിജനതയിലല്ല."

ശ്വേതാങ്കൻ ഇരുന്നു കരയുകയായിരുന്നു. അയാൾ പറഞ്ഞു: ഇതൊക്കെ ഞാൻ അനുസരിക്കാം. എന്നാൽ ഈ തെററിനുള്ള ശിക്ഷ ലഭിച്ചേ തീരു.

ബീജഗുപ്തൻ ശ്വേതാങ്കൻെറ തലയിൽ കരമപ്പിച്ചുകൊണ്ടു പറഞ്ഞു: "ശ്വേതാങ്കാ! എന്തിനു കരയുന്നു? ഈ തെററിനു ശിക്ഷ വേണമോ? നീ തെററുതന്നെ ചെയ്തില്ലല്ലോ. പിന്നെ എങ്ങിനെയാണു് ശിക്ഷ നൽകേണ്ടതു്? അപരാധം പ്രവൃത്തിയിലാണു്. ചിന്തയിലല്ല. ചിന്ത പ്രവൃത്തിയുടെ ഒരുപകരണം മാത്രമാണു്. എങ്കിലും നിനക്കു ശിക്ഷ കൂടിയേ തീരു എന്നുണ്ടെങ്കിൽ ഞാൻ നിനക്കു് ഏററവും കടുത്ത ശിക്ഷ തരാം. അതായതു് ഇത്രയും നാൾ ചെയ്തതുപോലെ നീ ഇനിയും ചിത്രലേഖയെ നിത്യവും അവളുടെ മാളികയിൽ കൊണ്ടാക്കിയിട്ടു വരണം."

# അദ്ധ്യായം നാല്

വിശാലദേവൻ കുമാരഗിരിയിൽ ഒരു മഹത്തായ ആത്മാവ് കുടികൊണ്ടിരിക്കുന്നതായി കണ്ടു. അയാളുടെ ജ്ഞാനത്തിനും തേജസ്സിനും മുമ്പിൽ വിശാലദേവൻ തല കുനിച്ചു. കുമാരഗിരിയുടെ യുക്തികളെ ഖണ്ഡിക്കുക അസാദ്ധ്യമായിരുന്നു. അയാൾ വിശാലദേവൻെറ എല്ലാ ഭ്രമങ്ങളേയും ദൂരീകരിച്ചു. കുമാരഗിരി വിശാലദേവനെ യോഗാഭ്യാസം ചെയ്യിക്കാനാരംഭിച്ചുകഴിഞ്ഞിരുന്നു. കുമാരഗിരിക്ക് ഒരു യോഗ്യനായ ശിഷ്യനെ ലഭിച്ചു. വിശാലദേവന് യോഗ്യനായ ഒരു ഗുരുവിനേയും.

അന്നു കുമാരഗിരി വിശാലദേവന് പ്രാത്ഥനയുടെ മാഹാത്മ്യത്തെപ്പററി ഉപദേശം നൽകിക്കൊണ്ടിരിക്കുകയായിരുന്നു. സൂര്യാസ്തമനം കഴിഞ്ഞു. ആ വിജനപ്രദേശത്ത് കുമാരഗിരിയുടെ ആശ്രമത്തിലെ ദീപം മങ്ങിമങ്ങി എരിഞ്ഞുകൊണ്ടിരുന്നു. പൊടുന്നനവേ ആശ്രമവാതിലിൽ ആരുടെയോ കാൽപ്പെരുമാററം കേട്ടു; അതോടൊപ്പം 'വഴി തെററിപ്പോയ യാത്രക്കാക്ക് രാത്രി കഴിയാൻ സ്ഥലം വേണം' എന്ന് ഒരു നിവേദനവും.

കുമാരഗിരി പറഞ്ഞു: "അവക്ക് സ്വാഗതം. എന്റെ ആശ്രമം വഴി തെററിവരുന്ന ഓരോ വ്യക്തിക്കുവേണ്ടിയും തുറന്നുകിടക്കുകയാണ്." തൻെറ ഈ ഉത്തരത്തിൽ കുമാരഗിരി സ്വയം ചിരിച്ചുപോയി.

അപ്പോൾ ഒരു സ്ത്രീയുമൊന്നിച്ച് ഒരു പുരുഷൻ ആശ്രമത്തിൽ പ്രവേശിച്ചു. സ്ത്രീയെ കണ്ടു് കുമാരഗിരി ഞെട്ടിപ്പോയി. "അതിഥീ! താങ്കളോടുകൂടി ഒരു സ്ത്രീയുമുണ്ടെന്ന് ആദ്യമേ പറയാത്തതെന്തുകൊണ്ട്? ഇതു ലോകത്തെ വെടിഞ്ഞ ഒരു യോഗിയുടെ ആശ്രമമാണെന്നു മനസ്സിലാക്കണം."

പുരുഷൻ ഉത്തരം പറഞ്ഞു: "ഭഗവൻ! ഇതു് ഒരു യോഗിയുടെ ആശ്രമമാണെന്ന് എനിക്കറിയാം. എന്നാൽ

ജിതേന്ദ്രിയനായ ഒരു യോഗി കേവലം ഒരു സ്ത്രീക്കു്, വിശേഷിച്ചു് ഒരു പുരുഷനുമൊന്നിച്ചു വന്നിരിക്കുന്ന സ്ത്രീക്കു് ഒരു രാത്രി കഴിഞ്ഞുകൂടാൻ ഇടം നൽകുന്നതിൽ ശങ്കിക്കുമെന്നു് ഞാൻ വിചാരിച്ചില്ല."

ഈ ഉത്തരം കേട്ടു് കുമാരഗിരി നിസ്തേജനായിപ്പോയി. ഇതിനിടയ്ക്കു് സ്ത്രീ ഇരുന്നുകഴിഞ്ഞിരുന്നു. ദീപത്തിൻെറ മങ്ങിയ വെളിച്ചത്തിനു നേരെ മുഖംതിരിച്ചു് അവൾ ഇരിക്കുകയായിരുന്നു. കുമാരഗിരി പറഞ്ഞു: "ഞാൻ ഈ ആശ്രമത്തിൽ സ്ത്രീക്കു് ആശ്രയം നൽകാൻ ശങ്കിച്ചതിൻെറ കാരണമിതാണു്. സ്ത്രീ അന്ധകാരമാണു്, മോഹമാണു്, മായയാണു്, തൃഷ്ണയാണു്. ജ്ഞാനത്തിൻെറ വെളിച്ചം വ്യാപിച്ച ലോകത്തു് സ്ത്രീക്കു യാതൊരു സ്ഥാനവുമില്ല. എങ്കിലും നിങ്ങൾ രണ്ടാളും എൻെറ അതിഥികളാണല്ലോ. അതുകൊണ്ടു് നിങ്ങളെ സൽക്കരിക്കേണ്ട ചുമതല എനിക്കുണ്ടു്."

സ്ത്രീ ഇത്രനേരവും ഈ സംഭാഷണത്തെ അത്ഭുതത്തോടും കുതൂഹലത്തോടും കൂടി ശ്രവിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുമാരഗിരിയുടെ സംഭാഷണം അവസാനിച്ചപ്പോൾ അവൾ അയാളുടെ മുമ്പിൽ ശിരസ്സു കുനിച്ചുകൊണ്ടു പറഞ്ഞു: "വെളിച്ചം കണ്ടു മയങ്ങിപ്പോയ ഇയ്യാംപാററയ്ക്കു് ഇരുട്ടിൻെറ നമസ്കാരം!"

വാക്കുകൾ ശരംപോലെ മൂച്ചയേറിയതും മാരകവുമായിരുന്നു. സ്വരം സംഗീതം പോലെ മധുരവും. അവളുടെ സൗൎയ്യത്തിൽ കവിതമുണ്ടായിരുന്നു. വിഷയാസക്തിയുടെ ലഹരിയിൽ അഹംകാരം കലൎന്നിരുന്നു. കുമാരഗിരി ഈ അസാധാരണസ്ത്രീയുടെ അസാധാരണമായ അഭിവാദ്യം കേട്ടു് ഞെട്ടിപ്പോയി. അയാൾ അവളെ ഒന്നു സൂക്ഷ്മാവലോകനം ചെയ്തു. ഇത്ര സൗന്ദൎയ്യവതിയായ സ്ത്രീയെ അയാൾ ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ല. അവളുടെ ആ വാക്കുകൾക്കു മറുപടി പറയുന്നതു് ഔചിത്യപൂൎവ്വമാണെന്നു് യോഗിക്കു തോന്നിയില്ല. അതുകൊണ്ടു് അയാൾ പറഞ്ഞു—"എനിക്കു് എൻെറ അതിഥികളെ പരിചയപ്പെടാൻ അധികാരമുണ്ടോ?"

അതിഥികളിൽ പുരുഷൻ ഇതിനുത്തരം പറഞ്ഞു—"ഭഗവൻ! ഈ ദാസൻെറ പേരു് ബീജഗുപ്തൻ എന്നാണു്. ഞാൻ പാടലീപുത്രത്തിലെ ഒരു സാമന്തനാണു്. ഈ സ്ത്രീ പാടലീപുത്രത്തിലെ സർവ്വാംഗസുന്ദരിയായ ചിത്രലേഖയത്രേ."

"ബീജഗുപ്തനും ചിത്രലേഖയും"—ഇപ്പോൾ കുമാരഗിരി ചിത്രലേഖയുടെ നേരെ തിരിഞ്ഞു—"നർത്തകി ചിത്രലേഖേ! ഭവതിയുടെ മൊഴിയിലുള്ള കവിതചത്തിൻെറ കാർക്കശ്യത്തിനു മേൽ ഉന്മാദത്തിൻെറ ആവരണമുണ്ടു്. ഭവതിയിൽ കുടികൊണ്ടിരിക്കുന്ന വിഷത്തിനു് ഭവതിയുടെ സൗന്ദര്യം ഒരു മറയാണു്. ഭവതി എൻെറ അതിഥിയാണല്ലൊ. ഭവതി എന്നെ പ്രണമിക്കുകയും ചെയ്തു. അതുകൊണ്ടു് ഭവതിയെ ആശീർവ്വദിക്കേണ്ട കർത്തവ്യം എനിക്കുണ്ടു്. ഈശ്വരൻ ഭവതിക്കു സദ്ബുദ്ധി തരട്ടെ."

ചിത്രലേഖ ചിരിച്ചു. അവളുടെ മധുരഹാസം മനസ്സിനെ മോഹിപ്പിക്കുന്ന പരാഗവർഷണമായിരുന്നു—"സദ്ബുദ്ധി എന്നു പറഞ്ഞതിൽ ഒരു ഗൂഢാർത്ഥമുണ്ടു്. അനുരക്തിയിലുള്ള സുഖം വിരക്തിയിലുള്ള ദുഃഖമാണു്. ഓരോ വ്യക്തിയും തനിക്കു സ്വന്തമായി ചില സിദ്ധാന്തങ്ങളെ നിർദ്ധാരണം ചെയ്യുകയും അവയിൽ വിശ്വസിക്കുകയും ചെയ്യുന്നു. മാത്രമല്ല, ഓരോ മനുഷ്യനും തൻെറ മാർഗ്ഗമാണു് ശരിയായതെന്നും അന്യസിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നവർ അപഥത്തിലാണെന്നും കരുതുന്നു."

അനുരക്തിക്കടിമയായ നർത്തകി വിരക്തിയുടെ അധിപനായ യോഗിയോടു് ഏററുമുട്ടി. ശാന്തിയും ക്രാന്തിയും തമ്മിലുള്ള ഒരു മത്സരമായിരുന്നു അതു്. ജീവിതത്തിൻെറയും മോക്ഷത്തിൻേറയും ഒരു ബലപരീക്ഷ. കുമാരഗിരി അവിചലിതകണ്ഠനായി ഉത്തരം പറഞ്ഞു: എന്നാൽ സത്യം ഏകമാണു്, യാഥാർത്ഥ്യത്തെ അറിയുക എന്നതു്! സുഖവും ശാന്തിയും ലഭിക്കുന്ന മാർഗ്ഗമാണു് ശരിയായിട്ടുള്ളതു്". കുമാരഗിരിയുടെ സ്വരം ഗംഭീരമായിരുന്നു. തപസ്സുകൊണ്ടാർജ്ജിച്ച തേജസ്സു് ആ യോഗിയുടെ സുന്ദരമായ വേഷത്തിനു മാററുകൂട്ടി. കുമാരഗിരിയുടെ ആ വലിയ കണ്ണുകളിൽ ശാന്തിയുടെ തേജസ്സു് കളിയാടി.

യോഗിയുടെയും നർത്തകിയുടെയും നേത്രങ്ങൾ ക്ഷണനേരത്തേക്കു പരസ്പരം കൂട്ടിമുട്ടി. വിഷയാസക്തി തപസ്യയുടെ മുമ്പിൽ വിറപൂണ്ടു. തൻെറ മുമ്പിലിരിക്കുന്ന യോഗി ഒരു ഉത്താനബുദ്ധിയാണെന്നു് ചിത്രലേഖയ്ക്കു് അനുഭവപ്പെട്ടു. എന്നിട്ടും അവൾ ധൈര്യമവലംബിച്ചു പറഞ്ഞു: "ശാന്തിയും സുഖവും! ശാന്തി ആലസ്യത്തിൻെറ അപരനാമമാണു്; പിന്നെ സുഖം എന്നതിനെ എടുക്കുക. അതിൻെറ നിർവ്വചനം ഒന്നല്ല."

യോഗി കുമാരഗിരി നർത്തകി ചിത്രലേഖയുടെ നാവിൽ നിന്നുദിച്ച തത്വജ്ഞാനത്തിൻെറ വികൃതസിദ്ധാന്തങ്ങൾ യുക്തിസഹമായിരിക്കുന്നതു കണ്ടു് സ്തംഭിച്ചിരുന്നുപോയി. അയാളോടു് ഏററുമുട്ടിയിരിക്കുന്ന സ്ത്രീ സൗന്ദര്യവതിയെന്നതോടൊപ്പം വിദുഷിയുമായിരുന്നു. അവളിൽ ചിന്താശക്തിയും പ്രതിഭയും ഒത്തിണങ്ങിയിരുന്നു. പ്രതിഭകൊണ്ടേ പ്രതിഭയെ നേരിടാൻ സാധിക്കൂ. ജ്ഞാനത്തിന്റെ മേഖലയിൽ പ്രതിഭയ്ക്കും മൗലികതത്വത്തിനും തുല്യസ്ഥാനമാണുള്ളതു്. കുമാരഗിരി അല്പനേരം മൗനമവലംബിച്ചിരുന്നിട്ടു് സാവധാനം എന്നാൽ ദൃഢസ്വരത്തിൽ പറഞ്ഞു: "ഭവതി പറഞ്ഞതു് ശരിതന്നെ. ശാന്തി ആലസ്യത്തിൻെറ പര്യായമാണു്. ആലസ്യം മുക്തിയുമാണു്. എന്നാൽ ലോകം മുഴുവൻ ആലസ്യം എന്നു നാമകരണം ചെയ്തിരിക്കുന്നതു് വാസ്തവത്തിൽ ആലസ്യമല്ല; കാരണം, ആ അവസ്ഥയിൽ മനസ്സിപ്പോഴും പ്രവർത്തിക്കുന്നു. ആലസ്യത്തിൻെറ അർത്ഥം നമ്മുടെ ഉത്ഭവസ്ഥാനമായ ശൂന്യതയിൽ വീണ്ടും ലയിക്കുക എന്നത്രേ. ആ ശൂന്യതയാണു് ജീവിതത്തിൻെറ ലക്ഷ്യവും. കൂടാതെ, ഭവതി ഇപ്പോൾ സുഖത്തിൻെറ നിർവ്വചനത്തെപ്പററി പറഞ്ഞുവല്ലോ. അതും ഞാൻ സമ്മതിക്കുന്നു. എന്നാൽ സുഖം ഒന്നാണു്. അതിനു ഭേദമില്ല. ആ സുഖം എന്താണെന്നു മനസ്സിലായാൽ മനുഷ്യൻ സാധാരണ പരിതഃസ്ഥിതികളിൽനിന്നുയരുകയായി." ചിത്രലേഖ കുമാരഗിരിയുടെ വാക്കുകളിൽ സാരമുള്ളതായി കണ്ടു. താൻ അറിയാതെതന്നെ ആ യുവയോഗിയിലാകൃഷ്ടയായിക്കൊണ്ടിരിക്കുന്നതായി അവൾക്കനുഭവപ്പെട്ടു. അവൾ ഒന്നുകൂടി സാഹസപ്പെട്ടു—"ശൂന്യത! യോഗീ! താങ്കളുടെ ആ ശൂന്യതയിലാക്കാണു വിശ്വാസമുള്ളതു്? നാം കൺമുമ്പിൽ

കാണുന്നതാണ് യഥാൎത്ഥവും നിത്യവും. ശൂന്യത വെറും സങ്കല്പവസ്തുവാണ്. ശൂന്യതയെ പ്രകീൎത്തിക്കുന്ന യോഗീ! താങ്കൾ താങ്കളുടെയും എന്റെയും അഹംബുദ്ധിയിൽ വ്യത്യാസം കാണുന്നുണ്ടോ? ഉണ്ടെങ്കിൽ താങ്കൾ ശൂന്യതയിൽ വിശ്വസിക്കുന്നില്ല. ഇല്ലെങ്കിൽ ജ്ഞാനവും അജ്ഞാനവും, സുഖവും ദുഃഖവും, സ്ത്രീയും പുരുഷനും, പാപവും പുണ്യവും എന്നിവയെക്കുറിച്ചുള്ള താങ്കളുടെ അറിവ് വെറും മിഥ്യയാണ്. ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചതോടൊപ്പം അവന്റെ പ്രവൃത്തിമണ്ഡലത്തെയും നിൎദ്ധാരണം ചെയ്തിട്ടുണ്ട്. മനുഷ്യൻ ഈ ലോകരംഗത്തു പ്രവൎത്തിക്കണം. ഒരു ഭീരുവിനെപ്പോലെ ലോകജീവിതത്തിലുണ്ടാകുന്ന പ്രതിബന്ധങ്ങൾക്കു നേരെ മുഖം തിരിച്ചുകളയരുത്. ഈ ഉദ്ദേശ്യത്തോടെയാണ് ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു്. പിന്നെ സുഖത്തിന്റെ കാൎയ്യം! സുഖം തൃപ്തിയുടെ പൎയ്യായമാണ്. ഇച്ഛയും മോഹവുമുള്ളിടത്തു മാത്രമേ തൃപ്തി സാദ്ധ്യമാകൂ."

കുമാരഗിരിയുടെ ഭാവം ഗംഭീരമായിരുന്നു. നൎത്തകി പുഞ്ചിരിതൂകിക്കൊണ്ടിരുന്നു. ബീജഗുപ്തൻ തന്റെ ശിഷ്യ അഥവാ ജീവിതസഖിയായ ചിത്രലേഖ തന്റെ സിദ്ധാന്തങ്ങളെ സയുക്തികം പ്രതിപാദിക്കുന്നതു കേട്ട് അവളിൽ മുഗ്ദ്ധനായി ഇരുന്നുപോയി. വിശാലദേവൻ നൎത്തകിയുടെ ജ്ഞാനത്തിൽ അത്ഭുതപരതന്ത്രനായി. രണ്ടുപേരും കുമാരഗിരിയുടെ ഉത്തരം പ്രതീക്ഷിച്ചിരുന്നു.

കുമാരഗിരി അല്പനേരത്തെ മൗനത്തിനുശേഷം ഗംഭീരസ്വരത്തിൽ മറുപടി പറഞ്ഞു: "ഈശ്വരൻ! ഈശ്വരനും മനുഷ്യനും തമ്മിൽ ഭേദമൊന്നുമില്ല. കേവലം ബാഹ്യമായ അന്തരമേയുള്ളൂ. ലൗകികമായ അന്തരം. മായയും ബ്രഹ്മവും തമ്മിലുള്ള സംയോഗത്തിനാണ് അഹംബുദ്ധി എന്നു പറയുന്നതു്. മായ യഥാൎത്ഥത്തിൽ ബ്രഹ്മത്തിന്റെ അംശമാണെങ്കിലും ബാഹ്യദൃഷ്ടിക്ക് അതിൽനിന്നു ഭിന്നമാണ്. ബ്രഹ്മം മായയിൽ ലീനമായിരിക്കുന്ന കാലം വരെ അതു ലോകത്തിന്റെ വലയിൽ കുടുങ്ങിയിരിക്കും. മായയെ ഉപേക്ഷിക്കുമ്പോൾ അതു സ്വതന്ത്രമായിത്തീരുന്നു. ഭവതിയും ഞാനും! ഇവിടെയും യഥാൎത്ഥത്തിൽ ഭേദമൊന്നുമില്ല. കാരണം ഭവ

തി ബ്രഹ്മത്തിൻെറ അംശമാണ്. ഞാനും അങ്ങിനെതന്നെ. എന്നാൽ വ്യത്യാസം ഇത്രമാത്രമേയുള്ളൂ. ഭവതി മായാമിശ്രിതമായ ബ്രഹ്മം; ഞാൻ മായയെ കൈവെടിഞ്ഞവൻ. അതുകൊണ്ടു മായയുടെ പിറകേ പോകേണ്ടിവരാത്തവിധം ഞാൻ അതിനെ ജീവിതത്തിൽനിന്നു് അകററിനിറുത്താനാഗ്രഹിക്കുന്നു. പിന്നെ തൃപ്തിയെ സുഖം എന്നു പറയുന്നതു്. ഇവിടെയും ഭവതിക്കു തെററിപ്പോയി. തൃപ്തി സന്തുഷ്ടിയുടെ ഏകോപകരണമാണെങ്കിൽ അതു തീർച്ചയായും സുഖം തന്നെയാണു്. എന്നാൽ കർമ്മബന്ധത്തിൽ കെട്ടുപിണഞ്ഞുകഴിയുന്നതുകൊണ്ടു് തൃപ്തിയോടൊപ്പം സന്തുഷ്ടിയുണ്ടാകുന്നില്ല. ബ്രഹ്മം മായയോടു ചേരുമ്പോൾ അതിനെ സ്വയം മറന്നുപോകുന്നു. എന്നിട്ട് കർമ്മബന്ധത്തിൽ അലഞ്ഞുതിരിയാൻ തുടങ്ങുന്നു. എന്നാൽ മായയെ വെടിഞ്ഞു് തന്നെത്താൻ അറിയാൻ തുടങ്ങുന്നതു മുതൽ അതിനു തൃപ്തിയുണ്ടാകുന്നു. അതോടൊപ്പം സന്തുഷ്ടിയും ലഭിക്കുന്നു. ദുഃഖമയമായ ലോകത്തെ ഉപേക്ഷിക്കുന്നതിനെയാണു് സുഖമെന്നു പറയുന്നതു്." കുമാരഗിരി അല്പം നിറുത്തി. പിന്നീടു ചിത്രലേഖയ്ക്കു മറുപടി പറയാനിടം കൊടുക്കാതെ ഇങ്ങനെ തുടർന്നു: "പിന്നെ, ഒരു കാര്യം ഓർക്കണം. തർക്കത്തിനു് അവസാനമില്ല. സത്യം അനുഭവൈകവേദ്യമാണു്. അനുഭവവും വിശ്വാസവും കൂടാതെ മനുഷ്യനു ജ്ഞാനം സമ്പാദിക്കാൻ സാധ്യമല്ല." ഇത്രയും പറഞ്ഞു് കുമാരഗിരി എഴുന്നേററു—"രാത്രി വളരെ കഴിഞ്ഞിരിക്കുന്നു. ഇനി വിശ്രമിക്കുകയാണു് വേണ്ടതു്."

ചിത്രലേഖയ്ക്കു് കുമാരഗിരിയുടെ ഈ ഉത്തരം അത്ര തൃപ്തികരമായി തോന്നിയില്ല. അതു കുമാരഗിരിക്കുതന്നെ മനസ്സിലായി. എന്നാൽ ഈ ഉത്തരത്തോടുകൂടി കുമാരഗിരിയുടെ വ്യക്തിത്വം ചിത്രലേഖയെ ആകർഷിച്ചു. യോഗി നർത്തകിയിൽ ജ്ഞാനം കണ്ടെത്തി. നർത്തകി യോഗിയിൽ സൗന്ദര്യവും. എന്നാൽ വിചിത്രമെന്നേ പറയേണ്ടു, അവരുടെ വാദങ്ങൾ അവർക്കു പരസ്പരം തൃപ്തിയായില്ല. പക്ഷേ രണ്ടുപേരും പരസ്പരം തങ്ങളുടെ വ്യക്തിത്വത്തെ ചെലുത്തി. രണ്ടുപേരും അന്യോന്യം ഒരു ആകർഷകത്വം ദർശിച്ചു. യോഗി ജ്ഞാനത്തിൻെറയും നർത്തകി സൗന്ദര്യത്തിൻെറയും. എന്നാൽ ബീജഗുപ്തൻ എന്താണു് കണ്ട

തെന്നു് അയാൾക്കുതന്നെ നിശ്ചയമില്ലായിരുന്നു. കുമാരഗിരിയുടെയും ചിത്രലേഖയുടെയും സംഭാഷണം അയാളുടെ ഹൃദയത്തിൽ ഒരുതരം അസ്വാസ്ഥതയുളവാക്കിക്കഴിഞ്ഞിരുന്നു. സിദ്ധാന്തങ്ങളെസ്സംബന്ധിച്ച അസ്വാസ്ഥതയല്ല, പിന്നെ എന്തുതരം അസ്വാസ്ഥതയായിരുന്നുവെന്നു് എത്ര ശ്രമിച്ചിട്ടും അയാൾക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. ചിത്രലേഖയുടെ ഹൃദയം കുമാരഗിരിയിലേയ്ക്കു് അല്പാല്പം ചായുന്നുണ്ടെന്നു് ബീജഗുപ്തൻ മണത്തറിഞ്ഞു. എന്നാൽ അയാൾക്കു് അതിൽ അത്ര വിശ്വാസം തോന്നിയില്ല.

കുമാരഗിരി പറഞ്ഞു: "എൻെറ ശിഷ്യൻ വിശാലദേവൻ ഇന്നു് എൻെറ ആശ്രമത്തിൽ കഴിഞ്ഞുകൂട്ടും. അവൻെറ ആശ്രമം ഒഴിഞ്ഞുകിടക്കുകയാണു്. അതിഥികൾ അങ്ങോട്ടു പോവുക."

ബീജഗുപ്തൻ എഴുന്നേററു. കൂടെ ചിത്രലേഖയും. പോകുന്നതിനിടയിൽ ചിത്രലേഖ പറഞ്ഞു: "യോഗീ, തപസ്യ ജീവിതത്തിൻെറ ഒരു സ്ഖലിതമാണെന്നു് ഞാൻ താങ്കളെ ഉപദേശിക്കുന്നു. തപസ്യയുടെ യഥാർത്ഥസ്വരൂപം അന്തരാത്മാവിൻെറ ഹനനമത്രെ. ശരി, ശ്രീചരണങ്ങൾക്കു് നർത്തകിയുടെ പ്രണാമം" എന്നു പറഞ്ഞു ചിരിച്ചുകൊണ്ടു് അവൾ ആശ്രമത്തിനു പുറത്തിറങ്ങി.

കുമാരഗിരി ചിരിച്ചു—"ഭവതി പറഞ്ഞതു ശരിതന്നെ! തപസ്യ ആത്മാവിൻെറ ഹനനം തന്നെയാണു്. ആത്മാവു് എന്നു പറയുന്നതു് ബ്രഹ്മത്തിൻെറയും മായയുടേയും സംയോഗമാണു്. ആത്മാവു നശിക്കുമ്പോൾ മായാജന്യമായ വികാരം ലോപിക്കുകയും സത്, ചിത്, ആനന്ദമയമായ ബ്രഹ്മം അവശേഷിക്കുകയും ചെയ്യുന്നു. എന്നാൽ നർത്തകീ! ഭവതിക്കു് കുറച്ചു് അനുഭവസമ്പത്തുണ്ടായിരിക്കുകയും ഭവതിയുടെ പരിതഃസ്ഥിതി മറെറാന്നായിരിക്കുകയും ചെയ്തിരുന്നുവെങ്കിൽ ഭവതിക്കും ഈ രഹസ്യം മനസ്സിലാകുമായിരുന്നു. ഭവതിക്കു ജ്ഞാനമുണ്ടു്. പക്ഷേ ആ ജ്ഞാനത്തിനു് ഒരു മാർഗ്ഗദർശിയാണില്ലാത്തതു്. ഭവതിയെക്കുറിച്ചു് എനിക്കു ദുഃഖമുണ്ടു്."

വിശാലദേവൻ ബീജഗുപ്തനെയും ചിത്രലേഖയേയും തന്റെ ആശ്രമത്തിൽ കൊണ്ടുചെന്ന് വിട്ടിട്ട് ഗുരുവിന്റെ ആശ്രമത്തിലേയ്ക്കു മടങ്ങിപ്പോയി. കിടക്കുന്നതിനു മുമ്പ് ബീജഗുപ്തൻ ചിത്രലേഖയെ വിളിച്ചു—"ചിത്രലേഖേ!"

"പ്രിയതമാ!"

ബീജഗുപ്തൻ ഒരു തണുത്ത പെരുമൂച്ചെറിഞ്ഞുകൊണ്ടു പറഞ്ഞു-"ഹൃദയത്തിൽ എന്തോ ഒരു ഭാരംകയററി വെച്ചതുപോലെ തോന്നുന്നു. നമ്മുടെ രണ്ടുപേരുടേയും ജീവിതത്തിനു മുകളിൽ ദുഃഖത്തിന്റെ കാർമേഘപടലങ്ങൾ വട്ടമിടുകയാണോ എന്നു് ഞാൻ സംശയിച്ചുപോകുന്നു. ചിത്രലേഖേ! കുമാരഗിരി യോഗിയാണു്. അദ്ദേഹത്തിൽ ആകഷ്കത്വമുണ്ടായിരിക്കാൻ ഇടയുണ്ടു്."

ക്ഷണനേരത്തേയ്ക്കു് ചിത്രലേഖയുടെ മുഖം വിളറിപ്പോയി. അവൾ വളരെ സൂക്ഷ്മതയോടുകൂടി ഉത്തരം പറഞ്ഞു—"പ്രിയതമാ! കുമാരഗിരി യോഗിയാണു്, മറയനുമാണു്. അയാളുടെ ആത്മാവു് മരിച്ചുപോയി."—ചിത്രലേഖ ബീജഗുപ്തനെയും തന്നെയും വഞ്ചിക്കാൻ ശ്രമിച്ചു.

—"കുമാരഗിരി വിജനവാസിയാണു്. നാം രണ്ടാളും കമ്മരംഗത്തെ അഭിനേതാക്കളും. കുമാരഗിരി ആഗ്രഹങ്ങളെയൊക്കെ നിഗ്രഹിച്ചുകഴിഞ്ഞു. നാം ആഗ്രഹങ്ങളിൽ വിശ്വസിക്കുന്നു. കുമാരഗിരിയുടെ ലക്ഷ്യം സങ്കല്പസ്ഥിതമായ ശൂന്യതയാണു്. നമ്മുടെ ലക്ഷ്യം ഉന്മാദഭ്രാന്തും. പ്രിയതമാ! ലോകത്തു് ആക്കുംതന്നെ നമ്മുടെ ഇടയ്ക്കു വന്നു കയറാൻ സാദ്ധ്യമല്ല."

ബീജഗുപ്തന്റെ മുഖം പ്രസന്നതകൊണ്ടു തിളങ്ങി—

"ഈശ്വരൻ അതിന്നിടവരുത്തട്ടെ!"

ചിത്രലേഖ ബീജഗുപ്തനെ വഞ്ചിച്ചു. എന്നാൽ അവൾ സ്വയം വഞ്ചിതയായില്ല. അവൾ തന്നോടായി മന്ത്രിച്ചു.

—"എന്നാൽ കുമാരഗിരി തീച്ചയായും സുന്ദരനാണു്."

# അദ്ധ്യായം അഞ്ച്

മഹായജ്ഞമന്ത്രമേററ ധൂമപടലത്തിൻെറ സുഗന്ധം വ്യാപിച്ച രാജപ്രാസാദത്തിന്റെ വിശാലമായ അങ്കണത്തിൽ സാമ്രാട്ട് ചന്ദ്രഗുപ്തൻെറ അതിഥികൾ ആസനസ്ഥരായിരുന്നു. രത്നഖചിതമായ സ്വർണ്ണസിംഹാസനത്തിൽ ചക്രവർത്തി ഉപവിഷ്ടനായി. അദ്ദേഹം പൂർവ്വദിക്കിനഭിമുഖമായി ഇരുന്നു. അദ്ദേഹത്തിൻെറ വലതുഭാഗത്തായി ആ വിശാലമായ സാമ്രാജ്യത്തിൻെറ നാനാഭാഗങ്ങളിൽ നിന്നും ക്ഷണിക്കപ്പെട്ടിരുന്ന സാമന്തന്മാർ അവരുടെ പദവിയുടെ ഉച്ചനീചത്വത്തിന്റെ ക്രമത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. ഇടതുഭാഗത്തു് സാമ്രാജ്യത്തിലെ പ്രധാന ഉദ്യോഗസ്ഥനും ഇരുന്നു. മുമ്പിൽ ഗൃഹസ്ഥന്മാരായ ബ്രാഹ്മണരും താപസന്മാരും തടിച്ചു കൂടിയിരുന്നു.

ഈ സദസ്സ് മാമൂലനുസരിച്ച് മഹായജ്ഞത്തിനുശേഷം ദർശനശാസ്ത്രത്തെപ്പററി ചർച്ചചെയ്യാൻ കൂടിയിട്ടുള്ളതായിരുന്നു. ചന്ദ്രഗുപ്തമഹാരാജാവു് പ്രധാനമന്ത്രി ചാണക്യനെ നോക്കി സസ്മിതം അരുളിച്ചെയ്തു—"നീതികുശലനായ മന്ത്രി സത്തമാ! താങ്കളുടെ നീതിശാസ്ത്രം പല ദിക്കുകളിലും മതസിദ്ധാന്തങ്ങളെ അവഹേളിക്കുന്നു. ഈ വൈരുദ്ധ്യത്തിനു എന്താണു കാരണം? നീതിശാസ്ത്രം മതത്തിലന്തർഭവിച്ചതാണോ അല്ലയോ എന്നു ദയവു ചെയ്തു പറയാമോ?"

ചാണക്യൻ എഴുനേററു് തൻെറ മുമ്പിൽ സ്ഥിതിചെയ്തിരുന്ന വിദ്വത്സദസ്സിനു നമോവാകം ചെയ്തു. പിന്നീട്ട് സാമ്രാട്ടിനെ അഭിവാദ്യം ചെയ്തിട്ടു് വീണ്ടും ആസനസ്ഥനായി. ഇരുന്നുകൊണ്ടുതന്നെ അദ്ദേഹം മറുപടി പറഞ്ഞു— "മഹാരാജാവു് അരുളിച്ചെയ്തതു് തികച്ചും ശരിയാണു്. എൻെറ നീതിശാസ്ത്രത്തിൽ പല ഭാഗങ്ങളിലും ആചാര്യന്മാർ നിർദ്ധാരണം ചെയ്തിട്ടുള്ള മത മാമൂലുകൾക്കു വിരുദ്ധമായ പല സിദ്ധാന്തങ്ങളുമുണ്ടു്. ഈ സംഗതി വ്യക്തമാണു്. ഞാൻ അതു സമ്മതിക്കുകയും ചെയ്യുന്നു; അതോടൊപ്പം മതം സമുദായത്തിൻെറ സൃഷ്ടിയാണെന്നും പ്രസ്താവിക്കാൻ ഞാനാഗ്രഹിക്കുന്നു. മതം നീതിശാസ്ത്രത്തെ സൃഷ്ടിച്ചു; മറിച്ച് നീതിശാസ്ത്രം മതത്തെയും. മനുഷ്യസമുദായത്തെ ചിരന്തന

മാക്കുന്നതിനു് മനുഷ്യസമുദായം തന്നെ നിർമ്മിച്ചിട്ടുള്ള നിയമാവലിയെയാണു് നീതിശാസ്ത്രം എന്നു പറയുന്നതു്. ഈ നീതിശാസ്ത്രത്തിൻെറ ആധാരം യുക്തിയാണു്. മതത്തിന്റെ ആധാരം വിശ്വാസമത്രെ. വിശ്വാസത്തിൻെറ സൂത്രത്തിൽ ഓരോവ്യക്തിയേയും ബന്ധിച്ചിട്ടു് അതുകൊണ്ടു മതത്തിന്റെ നിയമങ്ങളെ പാലിക്കാൻ പ്രേരിപ്പിക്കുക എന്നതാണു് സമുദായത്തിനു ഹിതകരമായിട്ടുള്ളതു്. അതുകൊണ്ടാണു് ചിലപ്പോൾ മതവിരുദ്ധ പ്രവൃത്തികൾ മനുഷ്യസമുദായത്തിനു ശ്രേയസ്കരമായിത്തീരുന്ന പരിതഃസ്ഥിതികൾ സംജാതമാകുന്നതും കാലാന്തരത്തിൽ മതത്തിൻെറ രൂപം തന്നെ മാറിപ്പോകുന്നതും."

ചാണക്യൻെറ പ്രസംഗം അവസാനിച്ചപ്പോൾ വിദ്വത്സദസ്സിൽ ഒരു വലിയ നിശ്ശബ്ദത വ്യാപിച്ചു. ചന്ദ്രഗുപ്തൻ സഗൌരവം മന്ത്രിയെ നോക്കി. പിന്നീടു് വിദ്വത്ഗണത്തെയും. മന്ത്രി ഒരു വലിയ തത്വമാണു പ്രതിപാദിച്ചതു്. അതിൽ സാരമുണ്ടായിരുന്നു. പോരെങ്കിൽ അതു് ഒരു പുതിയ കാര്യവും. അതു് സ്ഥാപിതതാല്പര്യങ്ങൾക്കു് വിരുദ്ധവുമായിരുന്നു. ആരാണു് ഇതിനുത്തരം പറയാൻ പോകുന്നതെന്നു് സദസ്യർ പ്രതീക്ഷിച്ചിരിപ്പായി.

വിദ്വത്സദസ്സിൽനിന്നു് ഒരു യുവയോഗി എഴുനേററു് ശാന്തസ്വരത്തിൽ ഉത്തരം പറഞ്ഞു.—"മഹാരാജാവേ! ഈശ്വരൻ മനുഷ്യൻെറ ജന്മദാതാവാണു്. മനുഷ്യൻ സമുദായത്തിൻെറ നിർമ്മാതാവും. മതം ഈശ്വരൻെറ ലൗകികമായ രൂപമത്രെ. അതു മനുഷ്യനെ ഈശ്വരനോടു കോർത്തിണക്കുന്ന ഒരുപാധിയാണു്. മതത്തെ അവഹേളിക്കുക എന്നതു് ഈശ്വരനെത്തന്നെ അവഹേളിക്കുന്നതിനൊപ്പമാണു്. സത്യത്തിൽ നിന്നുള്ള പലായനമാണതു്. സത്യം ഏകമാണു്. ധർമ്മം ആ സത്യത്തിൻെറ അപരനാമമാകുന്നു. നീതിശാസ്ത്രം മതസിദ്ധാന്തങ്ങൾക്കു വിരുദ്ധമാണെങ്കിൽ അതു് നീതിശാസ്ത്രമല്ല, പ്രത്യുത അനീതിശാസ്ത്രമാണു്. ഉചിതം, അനുചിതം, ന്യായം അന്യായം ഇവയുടെയൊക്കെ ഉരകല്ലാണു് മതം. ലോകം മുഴുവൻ മതത്തിലന്തർഭവിച്ചിരിക്കുന്നു."

വയോവൃദ്ധനായ മന്ത്രി ചാണക്യൻ തൻെറ മുമ്പിൽ ആസനസ്ഥനായിരുന്ന യോഗി കുമാരഗിരിയെ നോക്കി; ഒരു ദാനവൻ വാമനനെ നോക്കുന്നതുപോലെ. അദ്ദേഹം ചിരിച്ചു —"മതത്തിൻെറ ശ്രേഷ്ഠതയെ അംഗീകരിച്ചുകൊണ്ടു് അതിൻെറ ഗുണഗണങ്ങളെ പ്രകീർത്തിക്കുന്ന യോഗീ! മതത്തെ സൃഷ്ടിച്ചതാരാണെന്നറിയാമോ?"

"ഈശ്വരൻ. മനുഷ്യൻെറ അന്തരാത്മാവുകൊണ്ടു്."

"ഈശ്വരനെ സൃഷ്ടിച്ചതു്?"

ചാണക്യൻെറ ഈ ചോദ്യം കേട്ടു് സദസ്യർ അത്ഭുതചകിതരായിപ്പോയി. ഈശ്വരനെ സൃഷ്ടിച്ചതാരാണെന്നോ? എത്ര ഭയങ്കരമായ ചോദ്യം! സദസ്സിൽ ഒരു അസ്വസ്ഥത വ്യാപിച്ചു. കോലാഹലംകൊണ്ടു് അതു ഇളകിവശായി. കുമാരഗിരി അതേ ശാന്തഭാവത്തിൽ ഉത്തരം പറഞ്ഞു—"ഈശ്വരൻ അനാദിയാണു്."

"ശരിതന്നെ യോഗീ! ഈശ്വരൻ അനാദിയാണു്. ഈ തത്വം പുത്തരിയല്ല. ഓരോ വ്യക്തിയും പറയും ഈശ്വരൻ അനാദിയാണെന്നു്. എന്നാൽ താങ്കൾ ഈശ്വരനെ അറിയുന്നുണ്ടോ? ഇവിടെ സന്നിഹിതരായിരിക്കുന്നവരിൽ ആരെങ്കിലും അറിയുന്നുണ്ടോ?" ചാണക്യൻെറ ചോദ്യം ഗംഭീരമായിരുന്നു. അദ്ദേഹത്തിൻെറ നേത്രങ്ങൾ ജ്വലിച്ചു. ആരുടെയും ഉത്തരം പ്രതീക്ഷിക്കാതെ തന്നെ അദ്ദേഹം തുടൎന്നു—"അതെ, ഈശ്വരൻ അനാദിതന്നെയാണു്. എന്നാൽ ആ ഈശ്വരനെ ആരും അറിയുന്നില്ലെന്നു് ഞാൻ ആധികാരികമായി പറയുന്നു. അദ്ദേഹം ഭാവനാതീതനാണു്. സത്യമാണു്. എന്നാൽ മനുഷ്യനു കണ്ണു തുറന്നു നോക്കാൻ കഴിയാത്തവിധം തേജോമയനുമാണു്. ആ സത്യത്തെ അറിയാൻ ശ്രമിച്ചു നോക്കുക. ആ ഈശ്വരനെ പ്രാപിക്കാൻ ഘോരതപസ്സുചെയ്യുക. എല്ലാം വിഫലമാവുകയേ ഉള്ളു. താങ്കൾക്കു് ഈശ്വരനെ അറിയാൻ കഴിയുമെങ്കിൽ, നിസ്സീമമായ അനന്തതയുടെ ആ സ്രഷ്ടാവു് താങ്കളുടെ ഭാവനാശക്തിക്കു വിധേയനാവുമെങ്കിൽ അതു് എങ്ങിനെയാണു് ഈശ്വരൻ ആവുക? എന്നാൽ യോഗീ! എൻെറയും താങ്കളുടേയും ഈശ്വരൻ, നാം ആരാധിക്കുന്ന ഈശ്വരൻ, മനുഷ്യൻെറ ഭാവനാസന്താ

നമാണ്. മനുഷ്യസമുദായം ഈശ്വരനെ സൃഷ്ടിച്ചിട്ടുള്ളതു് അതിൻെറ ഉദ്ദേശ്യസിദ്ധിക്കു വേണ്ടിയത്രെ."

ചാണക്യൻ പ്രസംഗമവസാനിപ്പിച്ചിട്ടു് നാലുപാട്ടും നോക്കി. എങ്ങും നിശ്ശബ്ദത. യോഗി കുമാരഗിരിയുടെ കണ്ണുകൾ അടഞ്ഞിരുന്നു, ഒരു ഗാഢനിദ്രയിൽ ആഴ്ന്നിരുന്നതുപോലെ. ചാണക്യൻ ആസനത്തിൽ നിന്നെഴുന്നേററു് ചുററുപാട്ടും വീണ്ടും കണ്ണോടിച്ചു. അദ്ദേഹത്തിൻെറ നോട്ടത്തിൽ ഗർവ്വും ആത്മവിശ്വാസവും സ്ഫുരിച്ചു. ആ നോട്ടം ആ സഭാ മണ്ഡപത്തിലെ ഏതെങ്കിലും ഒരു വ്യക്തി തന്നോട്ട് ഏററുമുട്ടുന്നതിനുള്ള ഒരു വെല്ലുവിളിയായിരുന്നു. വളരെ നേരം ഒരുത്തരം പ്രതീക്ഷിച്ചിട്ടു് ചാണക്യൻ തുടൎന്നു—"എൻെറ സംഭാഷണം അവസാനിച്ചിട്ടില്ല. ഞാൻ പറയുന്നതു് നിങ്ങളും ഞാനും വണങ്ങുന്ന ഈശ്വരൻ ഒരു സങ്കല്പവസ്തുവുംമനുഷ്യസമുദായത്തിൻെറ നിൎമ്മിതിയുമാണെന്നാണു്. വിഭിന്നസമുദായങ്ങളുടെ സങ്കല്പങ്ങൾക്കനുസൃതമായി അതിനു വിഭിന്നരൂപങ്ങളുണ്ടാകുന്നു. ഇനി അന്തരാത്മാവിൻെറ കാൎയ്യമാണു്. ഇവിടെ സ്ഥാപിതതാല്പൎയ്യങ്ങൾ അധികവും ഭ്രമാത്മകമാണു്. അന്തരാത്മാവു് ഈശ്വരസൃഷ്ടിയല്ല. അതു് സമുദായത്തിന്റെ സൃഷ്ടിയാണു്. അതു വാസ്തവത്തിൽ ഈശ്വരദത്തമായിരുന്നുവെങ്കിൽ എല്ലാപേൎക്കും ഒരേനിയമം തന്നെ ബാധകമാകുമായിരുന്നു. എന്നാൽ വാസ്തവം അതല്ല. ഒരു സമുദായത്തിലെ വ്യക്തിയുടെ അന്തരാത്മാവു് മറെറാരു സമുദായത്തിലെ വ്യക്തിയുടേതു പോലല്ല. സമുദായം തെറെറന്നു കരുതുന്നകാൎയ്യം തന്നെയാണു് മനുഷ്യൻെറ അന്തരാത്മാവും തെററായി പരിഗണിക്കുന്നതു്. അതുകൊണ്ടു് അന്തരാത്മാവു് സമുദായത്തിന്റെ സൃഷ്ടിയാണെന്നു തീൎത്തുപറയാം. സമുദായനിയമങ്ങളുടെമേൽ മനുഷ്യഹൃദയത്തിനുള്ള അന്ധവിശ്വാസത്തേയും പരിപൂൎണ്ണഭക്തിയേയുമാണു് അന്തരാത്മാവു് എന്നു പറയുന്നതു്. സമുദായത്തിൽനിന്നു വേറിട്ടായി അതിനു ഒരു നിലനില്പില്ല."

ചാണക്യൻ തന്റെ ആസനത്തിലിരുന്നു. വിദ്വാന്മാരിൽ വളരെപ്പേർ ചാണക്യന്റെ അപ്രതിഹതമായ യുക്തിവാദത്തിനു വശംവദരായിട്ടു് അദ്ദേഹത്തിന്റെ മുമ്പിൽ ശിരസ്സുകുനിച്ചു.

കുമാരഗിരി ചാണക്യൻെറ ഈ ഭാഷണം കേട്ടോ ഇല്ല-യോ എന്നു പറയാൻ തരമില്ല. അയാൾ അപ്പോഴും സ്വന്തം-ചിന്തകളിൽത്തന്നെ നിമഗ്നനായിരുന്നു. നേത്രങ്ങൾ അട-ഞ്ഞിരുന്നു. പ്രശാന്തമായ മുഖത്തു് ഒരു അലൗകിക തേജസ്സ് കളിയാടി. എന്നാൽ വിജയം ചാണക്യനു തന്നെയായിരുന്നു. സദസ്യർ അഭിപ്രായപ്പെട്ടതനുസരിച്ചു് ചാണക്യൻെറ അഖ-ണ്ഡനീയമായ വാദത്തിനുത്തരം പറയാൻ കുമാരഗിരിക്കു കഴിഞ്ഞില്ല. ചന്ദ്രഗുപ്തൻ ചിരിച്ചുകൊണ്ടിരുന്നു. കുറച്ചു നേരംകൂടി പ്രതീക്ഷിച്ചിട്ടു് അദ്ദേഹം തൻെറ സഹചരനു സ-ങ്കേതം നൽകി. അദ്ദേഹം എഴുന്നേററു് പറഞ്ഞു—"ചച്ചാസദ-സ്സ് അവസാനിച്ചു. ഇനി നൃത്തം ആരംഭിക്കുന്നതാണ്." സ-ദസ്സിൻെറ നിശ്ശബ്ദത ഭംഗപ്പെട്ടു; സാമന്തന്മാർ ഹർഷാരവം മുഴക്കി.

അപ്പോൾതന്നെ അലംകാരഗൃഹത്തിൽനിന്നു ചിത്രലേ-ഖ സഭാമണ്ഡപത്തിൽ പ്രവേശിച്ചു. ആഭരണങ്ങളുടെ ഝം-കാരധ്വനിയിൽ ഒരു വിചിത്രമായ സംഗീതം മുഴങ്ങിക്കേട്ടു. മതചച്ചയുടെ നീരസവും ശുഷ്കവുമായ അന്തരീക്ഷത്തിൽ പരാഗമണം താങ്ങിവന്ന ആ സൗന്ദര്യലഹരി ഒരു ചുറുചുറു-പ്പുണ്ടാക്കി. വിറപൂണ്ട ഉഷസ്സിൻെറ ധൂമാവരണത്തെ ഭേദി-ച്ചുകൊണ്ടു് പ്രഭാതാക്കൻെറ അരുണകിരണങ്ങൾ രംഗപ്ര-വേശം ചെയ്ത ഒരു പ്രതീതിയുളവായി. ഹേമന്തത്തുവിലെ വിറകൊള്ളിക്കുന്ന വായുവിൽ വസന്തത്തിൻെറ മന്ദോഷ്മ-ളവും മാദകവുമായ സൗരഭ്യം പരന്നു. അന്തരീക്ഷം പാടേ മാറി.

അങ്കണത്തിൻെറ മദ്ധ്യഭാഗത്തുവന്നു നിന്നുകൊണ്ടു് ചി-ത്രലേഖ ആദ്യമായി ചന്ദ്രഗുപ്തനെ അഭിവാദ്യം ചെയ്തു. അ-പ്പോൾ അവളുടെ സൗന്ദര്യത്തിനു് അത്ഭുതപൂവ്വമായ ആകഷ-കത്വം കൈവന്നിരുന്നു. അവളുടെ മുഖം പൂണ്ണചന്ദ്രനെ-പ്പോലെയും അലയടിച്ചുകൊണ്ടിരുന്ന കേശഭാരം വിഷബാ-ധയാൽ പീഡിതനായിട്ടു് ചന്ദ്രൻെറ അമൃതത്തെ കവന്നെടു-ക്കാൻ അതിൽ പററിപ്പിടിച്ചുകിടക്കുന്ന നാഗത്തെപ്പോലെ-യും പ്രശോഭിച്ചു. കേശബന്ധത്തിൽ അണിഞ്ഞിരുന്ന മൗ-ക്തികജാലം ചന്ദ്രൻ അപകടത്തിലായിരിക്കുന്നതുകണ്ടു് സ-

 പ്പത്തോടേററു മുട്ടുന്നതിനായി അണിനിരന്ന താരാവലിപോലിരുന്നു. അവൾ ശരീരത്തിൽ ഒരു നേരിയ പട്ടുദുശ്ശാല അണിഞ്ഞിരുന്നു. അതു് അവിടെയുള്ളതും ഇല്ലാത്തതും ഒപ്പം തന്നെ. അതിനടിയിൽ നേത്ത കസവുകൊണ്ടുള്ള തുന്നൽ പണികളോടുകൂടിയ കഞ്ചുകം. അതിൽക്കൂടി അവളുടെ പുഷ്ടിയുള്ള വക്ഷോജങ്ങളുടെ അഴകു് വ്യക്തമായി കാണാമായിരുന്നു. സ്വർണ്ണക്കമ്പികൾ തുന്നിപ്പിടിപ്പിച്ച പാവാട രാത്രിയിലെ പ്രകാശമേറിയ ദീപനാളത്തിൽ കണ്ണഞ്ചിക്കുമാറു മിന്നിത്തിളങ്ങി. രത്നം പതിച്ച ആഭൂഷണജാലങ്ങൾകൊണ്ടു് അവളുടെ ശരീരം നിറഞ്ഞിരുന്നു. അപ്പോൾ അവൾ സാക്ഷാൽ ലക്ഷ്മീസ്വരൂപിണിതന്നെയായിരുന്നു. മഹാരാജാവിനെ അഭിവാദ്യം ചെയ്തിട്ടു് അവൾ അവിടെക്കൂടിയിരുന്ന സാമന്തന്മാരുടെമേൽ തൻെറ സ്മിതപ്രഭ പൂണ്ട ദൃഷ്ടി പതിപ്പിച്ചു. അവരുടെ ഹർഷാരവം ആ സഭാതലത്തിൽ മാറെറാലിക്കൊണ്ടു. അവിടെ സന്നിഹിതരായിരുന്ന ഓരോ സാമന്തനേയും തൻെറ നോട്ടംകൊണ്ടു കൃതാർത്ഥനാക്കിയ ശേഷം അവളുടെ ദൃഷ്ടി ബീജഗുപ്തനിൽ തങ്ങിനിന്നു. അപ്പോൾ അവളുടെ കണ്ണുകളിലെ പുഞ്ചിരിപ്പുതുമ മുഖത്തും വ്യാപിച്ചു. ബീജഗുപ്തനും പുഞ്ചിരിതൂകി. ചിത്രലേഖയുടെ മൗനാഭിവാദ്യത്തിനു് മൗനഭാഷയിൽത്തന്നെ ഉത്തരം ലഭിച്ചു. പിന്നീടു് വിദ്വത്സമൂഹത്തിനു മുമ്പിൽ അവൾ തലകുനിച്ചു. ആ ദിക്കിൽ നിന്നു കണ്ണെടുക്കവെ അവളുടെ നോട്ടം കുമാരഗിരിയിൽ പതിഞ്ഞു. അല്പനേരം അവൾ ആ യുവയോഗിയെ നോക്കിനിന്നു. അയാൾ തന്നെയും നോക്കണമെന്നു പ്രതീക്ഷിച്ചുകൊണ്ടു് അവൾ അയാളുടെമേൽ ദൃഷ്ടിയുറപ്പിച്ചുനിന്നു. എന്നാൽ ധ്യാനനിരതനായ യോഗി അപ്പോൾ മറേറതോ ലോകത്തായിരുന്നു. നിരാശയായിട്ടു് ചിത്രലേഖ അവിടെനിന്നു് നോട്ടം പിൻവലിച്ചു.

ഗംഭീരമായ മൃദംഗവാദനത്തിൻെറ താളത്തിനൊപ്പിച്ചു് സാരംഗിയിൽ* കല്യാണരാഗത്തിൻെറ സ്വരങ്ങൾ മുഴങ്ങി. ചിത്രലേഖയുടെ പ്രവേശത്തോടുകൂടി മന്ദമായ ഹർഷദ്ധ്വനി മുഴക്കിക്കൊണ്ടിരുന്ന ജനസമൂഹം ശാന്തമായി. അവളുടെ പാദങ്ങൾ ചിലമ്പൊലിയോടുകൂടി സമത്തിൽ താളംപിടിച്ചു

* ഉത്തരേന്ത്യയിലെ ഒരു തന്തിവാദ്യം. —പരി०

നൃത്തം ആരംഭിച്ചു. ചിത്രലേഖ ഏതു ദിക്കിലേയ്ക്കു നീങ്ങിയാലും മിന്നൽപ്പിണറുപോലെ ശോഭിച്ചു. മൃദംഗവാദനം മേഘഗജ്ജനം പോലിരുന്നു. നാലുപാടും ഒരു വലിയ നിശ്ശബ്ദത വ്യാപിച്ചു. അവിടെ കൂടിയിരുന്ന ഓരോ വ്യക്തിയും മന്ത്രമുഗ്ദ്ധനായിട്ടെന്നോണം കലയുടെ സർവശ്രേഷ്ഠമായ പ്രദശ്നത്തെ വീക്ഷിച്ചുകൊണ്ടിരുന്നു.

പെട്ടെന്നു കുമാരഗിരി കണ്ണുതുറന്നു. അയാളുടെ കണ്ണുകളിൽ അപ്പോഴും ഒരുതരം ദൈവീകതേജസ്സ് കളിയാടുന്നുണ്ടായിരുന്നു. അയാൾ എഴുന്നേററു നിന്നുകൊണ്ടു ഗംഭീരസ്വരത്തിൽ പറഞ്ഞു—"മന്ത്രി ചാണക്യാ! ഞാൻ ഈശ്വരനെ അറിയുന്നുണ്ടു്; താങ്കൾക്കും ഈ സഭാവാസികൾക്കും ഇതേ സ്ഥാനത്തു് ഈശ്വരനെ കാണിച്ചു തരാനും എനിക്കു കഴിയും."

സദസ്സിൻെറ നിശ്ശബ്ദത ഭംഗപ്പെട്ടു. കുമാരഗിരി പറഞ്ഞതു് ചിലർ കേട്ടു, ചിലർ കേട്ടില്ല. കേൾക്കാതിരുന്നവർ അധികം പേരും യുവസാമന്തന്മാരായിരുന്നു. അവർ നൃത്തത്തിൽ ദത്തശ്രദ്ധരായി ഇരിക്കുകയായിരുന്നു. അവർ വിളിച്ചുപറഞ്ഞു–"ആ യോഗിയെ അവിടെ പിടിച്ചിരുത്തുവിൻ."

യോഗി പറഞ്ഞതു് ചിത്രലേഖയും കേട്ടില്ല. അവൾ തൻെറ നൃത്തത്തിൽത്തന്നെ നിമഗ്നയായിരുന്നു. അവളുടെ പാദങ്ങളുടെ മാസ്മരശക്തി അത്ഭുതകരമായിരുന്നു. അവൾ പ്രദശിപ്പിച്ച കലാപാടവം അഭൂതപൂർവവും. സാമ്രാട്ട് ചന്ദ്രഗുപ്തൻ ചാണക്യനെ അത്ഥഗഭമായി ഒന്നുനോക്കി. ചാണക്യൻ സാമ്രാട്ടിനേയും. യോഗി കുമാരഗിരി ഒരു വലിയ കാര്യം പ്രതിപാദിക്കാൻ തയ്യാറായിരുന്നു. ചാണക്യൻ എഴുനേററു പറഞ്ഞു—"സാമന്തന്മാരേ! വിദ്വാന്മാരേ! യോഗി കുമാരഗിരി ഈശ്വരനെ കണ്ടിട്ടുണ്ടെന്നും ഇവിടെവച്ചു് ഈ നിമിഷം തന്നെ അദ്ദേഹത്തെ നമുക്കു കാട്ടിത്തരാമെന്നും വാദിക്കുകയാണു്. മഹാരാജാവും അതിന്നനുകൂലിക്കുന്നു. അതുകൊണ്ടു് അല്പനേരത്തേയ്ക്കു് നൃത്തം നിറുത്തിവെയ്ക്കുകയാണു് ഉചിതമായിട്ടുള്ളതു്."

ചാണക്യൻെറ നിവേദനം ചിത്രലേഖയടക്കം എല്ലാ പേരും കേട്ടു. ചിത്രലേഖ നൃത്തം നിറുത്തിയിട്ട് കോപിഷ്ഠ

യായി ചാണക്യനെ നോക്കി. അതിൻെറ ഇരട്ടി കോപത്തോടെ കുമാരഗിരിയേയും. പിന്നീട്ട് അവൾ നിശ്ശബ്ദയായി ഒരു മൂലയിൽ ചെന്നിരുന്നു. ചാണക്യൻ എഴുന്നേററു പറഞ്ഞു— "യോഗി കുമാരഗിരീ! ഞങ്ങൾ എല്ലാപേരും ഈശ്വരനെ കാണാൻ സന്നദ്ധരാണ്."

കുമാരഗിരി ആസനത്തിൽ നിന്നെഴുന്നേററു. സദസ്യർ സ്തബ്ധരായി ഇരുന്നുപോയി. അയാൾ സദസ്സിൻെറ നേർമദ്ധ്യത്തു വന്നുനിന്നു. ഏതാനും നിമിഷം കണ്ണടച്ചുകൊണ്ടുനിന്നിട്ട് അയാൾ പറഞ്ഞു—"പണ്ഡിതന്മാരേ, സാമന്തന്മാരേ എന്നെ നോക്കുവിൻ!"

കുമാരഗിരിയുടെ അടുത്തുനിന്ന് ഒരു അഗ്നിശിഖ ഉത്ഭവിച്ച് മേൽക്കൂരയോളം ഉയർന്നുചെല്ലുന്നതു് സദസ്യർ കണ്ടു. ആ അഗ്നിശിഖ ഗ്രീഷ്മകാലത്തെ മദ്ധ്യാഹ്നസൂര്യൻെറ പ്രകാശത്തേക്കാൾ ഉജ്ജ്വലമായിരുന്നു. മേൽക്കൂരയോളമെത്തിയ അഗ്നിശിഖ അതിനെ ഭേദിച്ചുകൊണ്ട് ആകാശത്തേക്കുയർന്നു. ആ നേരിയ തീനാളം ക്രമേണ വികസിക്കാൻ തുടങ്ങി. അതിൻെറ പ്രകാശവും വദ്ധിച്ചു. അതിനെ നോക്കാൻ കഴിയാതെ ആളുകളുടെ കണ്ണടഞ്ഞുപോയി. എന്നാൽ അത്ഭുതമെന്നേ പറയേണ്ടു. ആ അഗ്നിശിഖക്കു ചൂടില്ലായിരുന്നു; പ്രകാശമേ ഉണ്ടായിരുന്നുള്ളു. കുമാരഗിരി പറഞ്ഞു—"ഇതു് 'സത്യ'മാണ്."

ചാണക്യൻ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു—"യോഗീ! താങ്കൾ കളവു പറയുകയാണ്. അവിടെ യാതൊന്നുമില്ല."

ആളുകൾ അത്ഭുതത്തോടുകൂടി ചാണക്യനെ നോക്കി. കുമാരഗിരി ചോദിച്ചു—"വയോവൃദ്ധനായ മന്ത്രിക്കു് സത്യത്തിൻെറ പ്രകാശം കാണാൻ കണ്ണില്ലേ?"

ചാണക്യൻ വീണ്ടും പറഞ്ഞു—"എന്തുപ്രകാശം? അവിടെ ഒന്നുമില്ലല്ലോ."

കുമാരഗിരി ഇതിനുത്തരമൊന്നും പറഞ്ഞില്ല. അയാൾ തുടന്നു പറഞ്ഞു—"വീണ്ടും നോക്കുവിൻ!"

ഇപ്പോൾ ആ തീനാളം ക്രമേണ മങ്ങിമങ്ങി ഒരു അഗ്നിപുഞ്ജമായിത്തീന്നു. ആ അഗ്നിപുഞ്ജത്തിൻെറ ഒരു ഭാഗത്തുനിന്ന് അനവധി ജന്തുക്കൾ ഉത്ഭവിച്ച് മറുവശത്തുപോയി

മറയുന്നതായി സദസ്യർ കണ്ടു. അതിൽ വൻനഗരങ്ങളുണ്ടാകുന്നതും നശിക്കുന്നതും ഭൂമി, ജലം, ആകാശം, വായു എന്നിവ സ്ഥിതി ചെയ്യുന്നതും കാണാമായിരുന്നു. ക്രമേണ അവ അപ്രത്യക്ഷമാവുകയും ആ അഗ്നിപുഞ്ജം മാത്രം ശേഷിക്കുകയും ചെയ്തു.

കുമാരഗിരി പറഞ്ഞു—"ഇതാണ് ഈശ്വരൻ." ചാണക്യൻ ഭ്രാന്തനെപ്പോലെ അട്ടഹസിച്ചു—"ഞാൻ ഒന്നും കാണുന്നില്ല യോഗീ! ഞാൻ വീണ്ടും പറയുന്നു, താങ്കൾ കള്ളം പറയുകയാണെന്നു്."

കുമാരഗിരി കണ്ണടച്ചു. എല്ലാം അദൃശ്യമായി. അയാൾ വീണ്ടും കണ്ണുതുറന്നു് ചിരിച്ചുകൊണ്ടു പറഞ്ഞു—"മന്ത്രീ! ഞാൻ പറയുന്നു, താങ്കൾ കള്ളം പറയുകയാണെന്നു്: എന്റെ വാക്കിനു് ഈ സഭ മുഴവൻ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഇവിടെ കൂടിയിരിക്കുന്ന മാന്യന്മാർ താങ്കൾക്കു് ഇതിനുത്തരം നൽകും."

സദസ്യർ ഉച്ചത്തിൽ ആർത്തുവിളിച്ചു. "മന്ത്രി പറയുന്നതു കള്ളമാണു്. സത്യം ഈശ്വരൻ ഇവ രണ്ടും ഞങ്ങൾ കണ്ടു."

ചാണക്യൻ മൂർഛിതനായിട്ടു് ചന്ദ്രഗുപ്തനെ നോക്കി. ചക്രവർത്തി അരുളിച്ചെയ്തു—"മന്ത്രീ! കുമാരഗിരി പറയുന്നതു് അസത്യമല്ല. ഞാനും സത്യത്തേയും ഈശ്വരനേയും കണ്ടു."

"എന്റെ കണ്ണുകൾ ഇന്നാദ്യമായി എന്നെ വഞ്ചിച്ചിരിക്കുന്നു. യുവ യോഗീ! ഞാൻ പരാജപ്പെട്ടു. താങ്കൾ വിജയിയായി." ഇത്രയും പറഞ്ഞു് ചാണക്യൻ ആസനസ്ഥനായി.

യോഗി കുമാരഗിരി അവിടെ നിന്നും പോകാൻ കാലിളക്കിയ ഉടൻതന്നെ നർത്തകി ചിത്രലേഖ വിളിച്ചു പറഞ്ഞു —"യോഗീ! നിൽക്കുക. എന്റെ ഭ്രമം ഇനിയും നീങ്ങിയിട്ടില്ല."

ജനങ്ങളുടെ ദൃഷ്ടി ചിത്രലേഖയുടെ നേരെ തിരിഞ്ഞു. സദസ്സിന്റെ കുതൂഹലം വർദ്ധിച്ചു. കുമാരഗിരി നിന്നു. ചിത്രലേഖ മുമ്പോട്ടുവന്നു പറഞ്ഞു—"യോഗീ! താങ്കൾ കാട്ടിയതൊന്നും ഞാൻ കണ്ടില്ല. മന്ത്രി ചാണക്യൻ പറഞ്ഞതു് വ്യാജമെന്നു വേണമെങ്കിൽ ആളുകൾ പറഞ്ഞുകൊള്ളട്ടെ!

എന്നാൽ എനിക്കു് അങ്ങിനെ പറയുക സാദ്ധ്യമല്ല. ഞാൻ സത്യത്തിൻെറയും ഈശ്വരൻേറയും പേരിൽ ചോദിക്കുകയാണു്. താങ്കൾ ഈ സദസ്സിനു കാണിച്ചുകൊടുത്ത സത്യത്തിൻെറയും ഈശ്വരൻേറയും അതേ രൂപത്തെ വാസ്തവത്തിൽ താങ്കൾ തന്നെ കണ്ടോ?"

നത്തകിയുടേയും യോഗിയുടേയും ദൃഷ്ടികൾ തമ്മിലിടഞ്ഞു. യോഗിയുടെ കണ്ണുകളിൽ വിശ്വാസത്തിൻെറ തേജസ്സും തപസ്യാബലവും ദൃശ്യമായിരുന്നു. നത്തകിയുടെ മിഴികളിൽ ഉല്ലാസത്തിൻെറ പ്രകാശവും അവിശ്വാസത്തിൻെറ നിഴലാട്ടവും സ്ഫുരിച്ചു. കുമാരഗിരിയുടെ നാവിൽനിന്നു് ഉടൻതന്നെ ഉത്തരം പുറപ്പെട്ടു—"ഇല്ല."

സഭാവാസികൾ ഞെട്ടിപ്പോയി. ചാണക്യൻ ആഹ്ളാദഭരിതനായി എഴുന്നേററുനിന്നു. ചിത്രലേഖ ആ ദിക്കിലേയ്ക്കു ശ്രദ്ധ പതിപ്പിച്ചില്ല—"യോഗീ! താങ്കൾ സ്വന്തം ആത്മശക്തിക്കു് ജനങ്ങളെ മുഴുവൻ വശംവദരാക്കിയിട്ടു് താങ്കളുടെ ഭാവനയിലുദിച്ച സത്യത്തെയും ഈശ്വരനെയും അവർക്കു കാണിച്ചു കൊടുത്തുവെന്നതു ശരിയല്ലേ? കള്ളം പറയരുതു്! ഞാൻ സത്യത്തിൻെറയും ഈശ്വരൻേറയും പേരിൽ ചോദിക്കുകയാണു്. താങ്കൾ ഒരു യോഗിയാണെന്നതും ഓമ്മ വേണം. കുമാരഗിരി അല്പം ആലോചിച്ചു് ഉത്തരം പറഞ്ഞു.

—"ഭവതി പറഞ്ഞതു ശരിതന്നെ.".

ഈ ചോദ്യവും ഉത്തരവും കേട്ടു് ആളുകൾ സ്തംഭിച്ചുപോയി. ചിത്രലേഖ വീണ്ടും ചോദിച്ചു—"ഇനി ഒരു കായ്യം കൂടി. താങ്കളുടെ ആത്മശക്തിക്കു വശംവദമാകാത്ത ആത്മശക്തിയുള്ളവർ താങ്കളുടെ ഈ സങ്കല്പവസ്തുക്കളെ കാണുകയില്ലെന്നതു വാസ്തവമല്ലേ?"

സദസ്സിൽ കോലാഹലം വദ്ധിച്ചു. യോഗി കുമാരഗിരിക്കു് തൻെറ സ്ഥിതി മണത്തറിയാൻ കഴിഞ്ഞു. കുറച്ചുനേരം എന്തോ ആലോചിച്ചുനിന്നിട്ടു് അതേ ശാന്തഭാവത്തിൽ അയാൾ ഉത്തരം പറഞ്ഞു—"ഈശ്വരനിൽ വിശ്വസിക്കുന്നവരിൽ ആത്മശക്തിയുണ്ടു്. നാസ്തികന്മാരിൽ അതില്ല. മനുഷ്യനിൽ ഭാവനാശക്തിയുണ്ടെങ്കിൽ അതു് ആത്മശക്തിക്കു് വശംവദമാകും. എന്നാൽ ഭാവനാശക്തി നശിക്കുന്നേട

ത്തു്, നാസ്തികത്വത്തിൻെറ ഇരുണ്ട ആവരണം അതിനെ വീർപ്പുമുട്ടിക്കുന്നേടത്തു്, മനുഷ്യനു് ഈശ്വരനെ അറിയുക അസാദ്ധ്യമാണു്. ഇപ്പോൾ സത്യത്തെയും ഈശ്വരനേയും കാണാത്തവരുടെ ഭാവനാശക്തി മുതിയടഞ്ഞുകഴിഞ്ഞിരിക്കുന്നു. അവർ നാസ്തികരാണു്. നാസ്തികനിൽ ആത്മശക്തിയുണ്ടായിരിക്കുകയില്ല.

ചാണക്യൻ സാമ്രാട്ടിനെ നോക്കി. സാമ്രാട്ട് ചാണക്യനോട്ടു് എന്തോ ആംഗ്യം കാണിച്ചു. ഉടൻതന്നെ ചാണക്യൻ എഴുന്നേററു് ചിത്രലേഖയെ വിജയകിരീടം അണിയിച്ചു—"നർത്തകി ചിത്രലേഖേ! ഇന്നു വിജയം ഭവതിക്കാണു്. ആത്മശക്തിയെ ദുരുപയോഗപ്പെടുത്തി ഒരു തിരയിട്ടു മൂടാൻ കുമാരഗിരി യത്നിച്ച സത്യത്തിൻെറ ആ രൂപത്തെ ഇന്നു ഭവതി ഞങ്ങൾക്കു കാണിച്ചുതന്നു." പിന്നീട്ടു് അദ്ദേഹം കുമാരഗിരിയോടു പറഞ്ഞു—"യോഗീ! താങ്കളുടെ പ്രവൃത്തി തെററായിരുന്നു. താങ്കൾക്കു് ഇതിൻെറ ശിക്ഷ ലഭിക്കേണ്ടതാണു്. എന്നാൽ താങ്കളെ ശിക്ഷിക്കാനുള്ള അധികാരം ചിത്രലേഖയ്ക്കാണു്."

ക്രോധംകൊണ്ടു് കുമാരഗിരിയുടെ കണ്ണുകൾ ചുവന്നു.—"ഈ സദസ്സിൽ ആക്കും തന്നെ എന്നെ പരാജയപ്പെടുത്താൻ കഴികയില്ല. എന്നെ ശിക്ഷിക്കാനും ആക്കും ധൈര്യമുണ്ടാവുകയില്ല" എന്നു പറഞ്ഞു് യോഗി കുമാരഗിരി ഞെളിഞ്ഞുനിന്നു.

യോഗിയുടെ ആ രൌദ്രഭാവം കണ്ടു് സദസ്യർ നടുങ്ങിപ്പോയി. എന്നാൽ ചിത്രലേഖ ചിരിക്കുകയായിരുന്നു. ചിരിച്ചുകൊണ്ടുതന്നെ അവൾ യോഗിയുടെ സമീപത്തേയ്ക്കു നടന്നു. സദസ്സിൽ ഒരു ചെറിയ ശബ്ദകോലാഹലമുണ്ടായി. ചിത്രലേഖ സാരംഗിവാദ്യക്കാരക്കു് എന്തോ സങ്കേതം നൽകി. കുമാരഗിരിയുടെ അടുത്തുചെന്നു് അവൾ നിന്നു—"യോഗീ! താങ്കളെ ശിക്ഷിക്കേണ്ട ചുമതല എന്നെ ഏല്പിച്ചിരിക്കുകയാണു്. ഞാൻ താങ്കളെ ശിക്ഷിക്കാതെ അടങ്ങുകയുമില്ല. താങ്കളെ ശിക്ഷിക്കുന്നതിനു് എൻെറ ധൈര്യം നോക്കണം." എന്നു പറഞ്ഞു് അവൾ തൻെറ വിജയത്തിൻെറ സ്വർണ്ണകിരീടമെടുത്തു് കുമാരഗിരിയുടെ ശിരസ്സിൽ ചാർത്തി.

അപ്പോൾ സാരംഗിയിൽ 'ഈമൻ' രാഗത്തിൽ ഒരു ഗാനം മുഴങ്ങി. ചിത്രലേഖ സമത്തിൽ താളം പിടിച്ച് ഒരു മിന്നൽപ്പിണറുപോലെ നിന്നു് നൃത്തം തുടങ്ങി. സദസ്യർ ഹർഷാരവം മുഴക്കി.

കുമാരഗിരി നിർവ്വാക്കായി നിന്നുപോയി. ചിത്രലേഖ അകലെ മാറിപ്പോയ ശേഷമാണ് അയാൾക്കു് ശരിയായ ബോധമുണ്ടായതു്. അപ്പോൾ സഭാതലത്തിലെങ്ങും ഹർഷ ധ്വനി എതിരൊലിച്ചു—"പരാജയവും ശിക്ഷയും" ഇതിനെപ്പററി പര്യാലോചിക്കേണ്ടതാണ്. കുമാരഗിരി ഉച്ചത്തിൽ ആക്രോശിച്ചു. അയാൾ ധിറുതിയിൽ സഭാമണ്ഡലത്തിനു പുറത്തു കടന്നു.

# അദ്ധ്യായം ആറ്

അപമാനവും പരാജയവും യോഗിക്കു് ഒരു പുതിയ അനുഭവമായിരുന്നു. ആ അനുഭവത്തിൻെറ തീക്ഷ്ണതയിൽ അയാൾ നിസ്തേജനായിപ്പോയി. താൻ പരാജിതനാകുമെന്നു് അയാൾ സ്വപ്നേപി ശങ്കിച്ചിരുന്നില്ല. വിശേഷിച്ചു് ഒരു സ്ത്രീയോടു്. പോരെങ്കിൽ ആ സ്ത്രീ ആരാണു്? ഒരു സാധാരണ നർത്തകി. കുമാരഗിരിയുടെ ഹൃദയത്തിൽ ഒരു അസ്വാസ്ഥ്യത കടന്നുകൂടി. അയാൾ ചുററുപാടുകളെ ഒന്നു് അപഗ്രഥിച്ചുനോക്കി. വിജയിയായിട്ടും താൻ പരാജയപ്പെട്ടുപോയിരിക്കുന്നു. അയാൾ വിജയി ആയിട്ടുണ്ടു്; ചന്ദ്രഗുപ്ത മഹാരാജാവിൻെറ ആ വിശാലമായ സാമ്രാജ്യത്തിലെ എണ്ണപ്പെട്ട വ്യക്തികളുടെ മേൽ. പരാജിതനായതു് അന്ധകാരത്തോടായിരുന്നു. എന്നാൽ അന്ധകാരത്തോടു് തോററുപോവുകയെന്നതും സാധാരണമാണു്. വലിയ വലിയ യമികൾപോലും സ്ത്രീകളുടെ മുമ്പിൽ പരാജിതരായിട്ടുണ്ടു്. എന്നാൽ അവരെല്ലാം സ്ത്രീത്വത്തിൻെറ മണ്ഡലത്തിലാണു് പരാജയപ്പെട്ടിട്ടുള്ളതു്. ജ്ഞാനത്തിലല്ല. കുമാരഗിരിയുടെ സ്ഥിതി വിചിത്രമായിരുന്നു.

വിജയവും തോൽവിയും! രണ്ടും സ്വാഭാവികം തന്നെയാണ്; എന്നാൽ കുമാരഗിരിയുടെ ഈ പരാജയം വിചിത്രമായിരുന്നു. സ്ത്രീ ഒരുപക്ഷേ അറിവിൽ കുമാരഗിരിയെ പരാജയപ്പെടുത്തിയില്ലായിരിക്കാം. അവൾ ഔദാര്യംകൊണ്ടാണ് അയാളെ തോല്പിച്ചതു്. വിജയത്തിൻെറ സ്വർണ്ണകിരീടം അപ്പോഴും കുമാരഗിരിയുടെ ശിരസ്സിനെ അലംകരിക്കുന്നുണ്ടായിരുന്നു. കുമാരഗിരിക്ക് ആ കിരീടത്തിൻെറ സ്മരണയുണ്ടായി. അയാൾക്കു ദേഷ്യം വന്നു. അയാൾ കിരീടത്തെ തലയിൽനിന്നെടുത്തു് ഊക്കോടെ തറയിലെറിഞ്ഞു. പിന്നീടു ചിന്തിച്ചു 'പരാജയം'— ഈ വാക്കു് അയാളുടെ വ്യവഹാരമണ്ഡലത്തിലുള്ളതല്ല. വിജയത്തിനുവേണ്ടി അയാൾ ലൌകികസുഖങ്ങളുടെ അന്ത്യക്രിയ നടത്തി. വിജയത്തിനുവേണ്ടിയാണ് അയാൾ ഘോരതപസ്സു ചെയ്തതു്. പിന്നെ എന്താണ് പരാജയം സംഭവിക്കാൻ കാരണം? കുമാരഗിരി എഴുന്നേററു— "ഇല്ല, പരാജയം അസാദ്ധ്യമാണ്. ഞാൻ പരാജയപ്പെടുകയില്ല. എൻെറ സാധനയുടെ അന്ത്യം തോൽവിയാണെന്നോ? ഒരിക്കലുമല്ല, ഒരിക്കലുമല്ല!"

കുമാരഗിരിയുടെ ദൃഷ്ടി പൂഴിയിൽ വീണുകിടക്കുന്ന സ്വർണ്ണകിരീടത്തിൽ പതിഞ്ഞു. കുറച്ചുനേരം അയാൾ ദൃഷ്ടിയിളക്കാതെ ആ കിരീടത്തെ നോക്കിനിന്നു— 'യോഗീ! താങ്കൾ പരാജയപ്പെട്ടില്ല, താങ്കൾ വിജയിയായി' എന്നു് ആ കിരീടം വിളിച്ചുപറയുന്നതുപോലെ തോന്നി. യോഗിയുടെ ശരീരത്തിൽ ഒരു കോരിത്തരിപ്പുണ്ടായി. അയാൾ സാവധാനം ആ കിരീടത്തിനടുത്തേയ്ക്കു നീങ്ങി— 'വിജയത്തോടുകൂടിയ പരാജയം' എത്ര വിചിത്രമായ പ്രശ്നം! ഈ വിജയോപഹാരത്തിൽ എനിക്കെന്തെങ്കിലും പങ്കുണ്ടോ? ആ സഭയുടെ മുമ്പാകെ ഞാൻ ഒരു സ്ത്രീയോടു് പരാജയപ്പെട്ടിരിക്കുന്നു. ഈ കിരീടം ആ സ്ത്രീയെ അണിയിച്ചതാണ്, ഇതു് എച്ചിലാണ്'— കുമാരഗിരി മുഖം തിരിച്ചുകളഞ്ഞു. അയാൾ അവിടെനിന്നും പോകാൻ ശ്രമിച്ചു. പക്ഷേ കാലിളകിയില്ല. കിരീടം അവിടെത്തന്നെ കിടന്നു. നിലാവിൻെറ ഉജ്ജ്വലമായ ശുഭ്രകാന്തി അതിൻെറ ശോഭയെ പതിന്മടങ്ങു വദ്ധിപ്പിച്ചു. കുമാരഗിരി വീണ്ടും കിരീടത്തെ നോക്കി—"എന്നാൽ ഈ കിരീടം എനിക്കു് എങ്ങിനെ കിട്ടി! ആ സഭ ഒന്ന

ടങ്കം വിജയിയെന്നു കരുതിയ സ്ത്രീ എന്നോടു് പരാജയപ്പെട്ടു പോയി എന്നു വിചാരിക്കുകയാണെങ്കിൽ വിജയം ആക്കാണു്? എനിക്കു്. നത്തകീ! നീ എന്നോടു പരാജയം സമ്മതിച്ചു. എന്തിനു്?"

"ഞാൻ താങ്കളോടു തോററുപോയതുകൊണ്ടു്." യോഗി ഞെട്ടിപ്പോയി. ചിത്രലേഖ അയാളുടെ മുമ്പിൽ നിൽക്കുകയായിരുന്നു. മാധുര്യം തുളുമ്പുന്ന ഒരു പുഞ്ചിരി അവളുടെ മുഖത്തെ കിക്കിളിയാക്കിക്കൊണ്ടിരുന്നു. നേത്രങ്ങളിൽ ഒളി പരന്നിരുന്നു—"വിചിത്രമായിരിക്കുന്നു യോഗീ! തോററ വ്യക്തി സന്തോഷിക്കുകയും വിജയി ദുഃഖിക്കുകയും ചെയ്യുന്നതു്."

കുമാരഗിരി ഒന്നും പ്രതിവചിച്ചില്ല. അയാൾ കിരീടത്തെത്തന്നെ നോക്കിനിന്നു.

"ഇതെന്തു്? വിജയകിരീടം മണ്ണിൽ കിടക്കുന്നതു്? യോഗീ! താങ്കൾ വിജയത്തെ അംഗീകരിച്ചില്ലേ?"— ചിത്രലേഖയുടെ പുഞ്ചിരി മാഞ്ഞു.

അതു് ഒരു കുട്ടത്തപ്രശ്നമായിരുന്നു. ആത്മാഭിമാനിയായ യോഗിക്കു് സ്വന്തം പരാജയത്തെ അംഗീകരിക്കുക അസാദ്ധ്യമായിരുന്നു. എന്നിട്ടും അയാൾ ഉത്തരമൊന്നും പറഞ്ഞില്ല.

ചിത്രലേഖ കിരീടം കൈയിലെടുത്തു— "ഉദ്ധതനായ യോഗീ! താങ്കളെ പരാജയപ്പെടുത്താൻ എനിക്കു കഴിയില്ലെന്നു താങ്കൾ വിശ്വസിക്കണം"— അവൾ കിരീടത്തെ കുമാരഗിരിയുടെ ശിരസ്സിൽ വച്ചുകൊടുത്തു. താൻ എറിഞ്ഞുകളഞ്ഞ ആ കിരീടത്തെ വീണ്ടും അണിയുന്നതിൽ കുമാരഗിരി മടി കാണിച്ചില്ല. അയാൾ ചിത്രലേഖയെ തടഞ്ഞതുപോലുമില്ല. അപ്പോൾ കണ്ണടച്ചുകളയുകമാത്രം ചെയ്തു. അയാൾ എന്തോ ആലോചിക്കുകയായിരുന്നു.

"യോഗീ! താങ്കൾ എന്താണാലോചിക്കുന്നതു്?" കുമാരഗിരി കണ്ണു തുറന്നു— "നത്തകീ! ചിത്രലേഖേ! ഭവതി എന്നെ തോല്പിച്ചു എന്നു ഭവതിക്കറിയാം. അതുകൊണ്ടാണു് ഇങ്ങനെ കൂസൽകൂടാതെ ഭവതി എന്നെ അവമാനിക്കുന്നതു്; എന്നാൽ ഭവതിയുടെ ഈ പ്രവൃത്തിയും ഭവതിയുടെ ധാരണയും

വ്യത്ഥമാണു്. യോഗി ഈ ലോകത്തെ ഉപേക്ഷിച്ചു കഴിഞ്ഞവനാണു്. മാനാവമാനവുമായി അയാൾക്കു യാതൊരു ബന്ധവുമില്ല. പിന്നെ ഭവതി ചെയ്യുന്നതൊക്കെ നിഷ്ഫലമാണു്."

ചിത്രലേഖ ശാന്തഭാവത്തിൽ ഉത്തരം പറഞ്ഞു— "യോഗീ! താങ്കളുടെ ഈ ധാരണ തെററാണു്. ഞാൻ വീണ്ടും പറയുന്നു, താങ്കളെ പരാജയപ്പെടുത്താനുള്ള ശക്തിയോ കഴിവോ എനിക്കില്ലെന്നു്."

കുമാരഗിരി ചിത്രലേഖയുടെ മേൽ ദൃഷ്ടിയുറപ്പിച്ചു. കുറച്ചുനേരം അയാൾ തന്റെ മുമ്പിൽ നിൽക്കുന്ന വിചിത്രസ്ത്രീയെ—ചിത്രലേഖയെ—നിർന്നിമേഷനായി നോക്കിനിന്നു. അയാളുടെ വിളറിയ മുഖം പെട്ടെന്നു് അരുണവർണ്ണമായി. നിശ്ചലമായ ശരീരം വിറപൂണ്ടു. അയാൾ ചിത്രലേഖയുടെ കോമളഹസ്തത്തെ ബലമായി പിടിച്ചുകൊണ്ടു പറഞ്ഞു— "നത്തകീ! സത്യം പറയൂ. ഭവതി നിഴൽപോലെ എന്തിനാണു് ഇവിടെ വന്നതു്? ഇത്തരത്തിൽ ഇവിടെയും എന്നെ ലജ്ജിപ്പിക്കുന്നതിൽ ഭവതിക്കു് എന്തു കാര്യസിദ്ധിയാണുള്ളതു്?"

ആവേശംകൊണ്ടു് കുമാരഗിരിയുടെ ശരീരം ആകെ വിറച്ചു. ചിത്രലേഖ അയാളുടെ ശരീരത്തോടു ചേർന്നുനിന്നു. അവളുടെ കണ്ണുകൾ കുമാരഗിരിയുടെ കണ്ണുകളോടിടഞ്ഞു. ചിത്രലേഖയുടെ അലസതാവിലസിതമായ നേത്രങ്ങളിൽ എവിടെനിന്നാണെന്നറിഞ്ഞില്ല, മാദകത്വം വന്നുനിറഞ്ഞു. അവൾ ഒരു പുഞ്ചിരിയോടുകൂടി ഉത്തരം പറഞ്ഞു— "ഞാൻ വന്നതു് എന്റെ മേൽ വിജയം കൈവരിച്ച വ്യക്തിയിൽനിന്നു ദീക്ഷ ഗ്രഹിക്കുന്നതിനാണു്."

സൗരഭ്യംനിറഞ്ഞ മധുമാസമായിരുന്നു. മലയപവനനിൽ ഒരു നേരിയ പ്രകമ്പനം അനുഭവപ്പെട്ടു. പൂനിലാവു് പുഞ്ചിരിച്ചാത്തണിഞ്ഞിരുന്നു. താരകജാലങ്ങൾ മന്ദസ്മിതംതൂകി. ആ വിജനപ്രദേശത്തു് രാത്രിയുടെ നീരവതയിൽ യോഗി കുമാരഗിരിയുടെ മുമ്പിൽ നത്തകി ചിത്രലേഖ!

കുമാരഗിരിയുടെ ആവേശം അടങ്ങി. ശാന്തനായി പിറകോട്ടു മാറി, അടക്കിയ സ്വരത്തിൽ പറഞ്ഞു— "സുന്ദരീ!

എന്നോട്ട ശിഷ്യപ്പെടണമെന്ന് ഭവതി എപ്പോഴെങ്കിലും വിചാരിച്ചിട്ടുണ്ടോ?"

ചിത്രലേഖ ചിരിച്ചു. അവളുടെ ചിരിയുടെ മാധുര്യം വിചിത്രമായിരുന്നു. അതിൽ സജീവമായ സംഗീതമാധുര്യം ധ്വനിച്ചു.—"അതേ, ഒരിക്കലല്ല, പലതവണ!"

കുമാരഗിരി ആ അസാധാരണ സുന്ദരിയായ ചിത്രലേഖയിൽനിന്നു നോട്ടം പിൻവലിച്ചു—"ഇല്ല. ഭവതി എന്റെ ഉദ്ദേശ്യം മനസ്സിലാക്കിയില്ല. എന്നോടുള്ള ശിഷ്യപ്പാടിന്റെ അത്ഥം ലോകത്തിലെ എല്ലാ സുഖഭോഗങ്ങളേയും ആഗ്രഹങ്ങളേയും എന്നെന്നേക്കുമായി കൈവെടിയുക എന്നതാണ്. ഭവതി വെറുക്കുന്ന ആ ആലസ്യത്തെ കൈവരിക്കണം. ഭവതി പരിഹസിക്കുന്ന ശുഷ്കമായ വ്രതചര്യയിൽ ഭവതിയുടെ ഈ കോമളശരീരത്തെ ചുട്ടുപഴുപ്പിക്കണം."

ചിത്രലേഖ മൌനമവലംബിച്ചു. ഇതിന്നു് എന്തുത്തരമാണ് നൽകേണ്ടതെന്നു് അവൾ ആലോചിക്കുകയായിരുന്നു. നത്തകിയായിരുന്നിട്ടും ദശ്നശാസ്ത്രത്തിന്റെ വികൃതസിദ്ധാന്തങ്ങൾക്കടിമയായിരുന്നിട്ടും അവൾക്കു് പൊളിപറയുന്ന ശീലമില്ലായിരുന്നു. അവളുടെ ആത്മാവിന്റെ ഉത്തരം 'ഇല്ലാ' എന്നായിരുന്നു. ഹൃദയത്തിന്റെ പ്രേരണ 'അതെ' എന്നും. ഒടുവിൽ ഹൃദയംതന്നെ ജയിച്ചു. അതു് ചിത്രലേഖയെ തന്റെ ജീവിതത്തിൽ ഏററവും വലിയ കള്ളംപറയുന്നതിനു ബാദ്ധ്യസ്ഥയാക്കി. "യോഗീ! ഞാൻ ഇതിനെല്ലാം സന്നദ്ധയായിട്ടാണ് വന്നിരിക്കുന്നതു്."

"ഇതിനു സന്നദ്ധയായാണ് വന്നിരിക്കുന്നതെന്നോ?" കുമാരഗിരി നിഷ്പ്രഭനായിപ്പോയി—"സുന്ദരീ! ഭവതിക്കു് തെററുപററുകയാണ്. ഭവതി ചെയ്യാൻ ഒരുമ്പെടുന്നതു് ഒരു കഠിന പ്രവൃത്തിയാണ്. ഇതു് എല്ലാപേക്കും സാദ്ധ്യമല്ല. മമതപത്തെ വിസ്മരിക്കുകയെന്നതു് ദുസ്സാദ്ധ്യമാണ്. ഭവതിക്കു് അതു സാദ്ധ്യമല്ല."

ചിത്രലേഖയുടെ ഭാവം ഗംഭീരമായി. "താങ്കൾ പറഞ്ഞതു ശരിയാണു യോഗീ! ഇതു തീച്ചയായും പ്രയാസമേറിയ കാര്യമാണ്. എന്നാൽ അസാദ്ധ്യമല്ല."

യോഗി കുമാരഗിരി ചിത്രലേഖയെ നഖശിഖാന്തം ഒന്നു നോക്കി. അവൾ നൃത്തത്തിനണിഞ്ഞിരുന്ന അതേ വസ്ത്രങ്ങൾതന്നെയാണ് അപ്പോഴും അണിഞ്ഞിരുന്നത്. അതേ സൌന്ദര്യം, അതേ മാദകത്വം. അവളുടെ കണ്ണുകളിൽ ഒരു വശ്യശക്തിയുണ്ടായിരുന്നു. കുമാരഗിരി മന്ത്രിച്ചു— "ഈ സ്ത്രീ ഒരു അസാധാരണ സുന്ദരിയാണ്." ഇന്നോളം കുമാരഗിരി സൗന്ദര്യത്തെ ശ്രദ്ധിച്ചിട്ടില്ല. പ്രേമത്തിൻേറയും ആശകളുടേയും മണ്ഡലം അയാൾക്കു് അപരിചിതമായിരുന്നു. ആ സൗന്ദര്യം അയാളുടെ ഹൃദയത്തിൽ ഒരു കോരിത്തരിപ്പുളവാക്കി. ജീവിതത്തിൽ ഇദംപ്രഥമമായി യോഗിക്കു് ആനന്ദപുളകമരുളുന്ന ജീവിതസുഖം അനുഭവപ്പെട്ടു. ഈ സുഖം എത്ര വിചിത്രമായിരിക്കുന്നു! അദ്ദേഹം പറഞ്ഞു—"സുന്ദരീ! ചിത്രലേഖേ! ഭവതിക്കു വിദ്യയരുളുക എന്നതു് എത്രകണ്ടു് ഉചിതമാകുമെന്നു് ആലോചിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഒന്നും പറയാൻ എനിക്കു സാദ്ധ്യമല്ല."

"ഇപ്പോൾ താങ്കൾക്കു് ഒന്നും പറയാൻ കഴികയില്ലേ, യോഗീ?"—ചിത്രലേഖ കുമാരഗിരിയുടെ വാക്കുകൾ ആവർത്തിച്ചു—"എന്തുകൊണ്ടു്? താങ്കൾക്കു് എൻെറ മേൽ വിശ്വാസമില്ലേ? അല്ല, താങ്കൾക്കു് താങ്കളുടെ മേൽത്തന്നെ വിശ്വാസമില്ലേ? യോഗീ! താങ്കൾ ഒന്നോർക്കേണ്ടതാണു്. എനിക്കു വിദ്യയരുളുകയോ അരുളാതിരിക്കുകയോ ചെയ്യുന്നതിൻെറ ഫലം താങ്കളുടെ ദൃഷ്ടിയിൽ എന്തുതന്നെയായാലും എന്നെസ്സംബന്ധിച്ചേടത്തോളം അതു് ഒരു ജീവമരണപ്രശ്നമാണു്. ഈ ദൃഷ്ടികോണിൽക്കൂടി നോക്കിയാൽ താങ്കൾക്കു് ഒരു വലിയ ഉത്തരവാദിത്വമുണ്ടു്. ഒരുവൻെറ കൈയ്യിൽ ജലമുണ്ടായിരിക്കുമ്പോൾ ദാഹംകൊണ്ടു വലയുന്ന മറെറാരുവനു് അതു നൽകാതെ അയാൾ പിടഞ്ഞു മരിക്കുന്നതു നോക്കിനിൽക്കുകയാണെങ്കിൽ അതു് ഒരു വലിയ പാപത്തിനിടയാകുമെന്നോർക്കേണ്ടതാണു്. അയാളുടെ ആത്മാവിനു ശാന്തി ലഭിക്കുകയില്ല."

ചിത്രലേഖയുടെ ഈ വാദം കുമാരഗിരിയെ കിടിലംകൊള്ളിച്ചു. —"ഞാൻ ഭവതിയോടു കാര്യങ്ങൾ തുറന്നു പറയാം. ഭവതിക്കു വിദ്യയരുളുന്നതിനു ഞാൻ മടിക്കുന്നതു് ഭ-

വതിയിൽ ദശ്നശാസ്ത്രത്തിൻെറ ചില സിദ്ധാന്തങ്ങൾ വേരൂന്നിയിരിക്കുന്നതുകൊണ്ടാണ്. ആ സിദ്ധാന്തങ്ങളിൽ യുക്തിയുണ്ട്; അവയിൽ വിശ്വസിക്കുന്ന വ്യക്തിക്ക് സ്വാധീനശക്തിയുമുണ്ട്. അവയെ ഭവതിയിൽനിന്നു നിമ്മാജ്ജനം ചെയ്യുന്നതിനു പകരം ഞാൻ തന്നെ അവയിൽ കുടുങ്ങിപ്പോകുമെന്നാണ് എൻെറ ഭയം. ഇല്ല, അങ്ങിനെ വരില്ല''—കുമാരഗിരി ഇടക്കു നിറുത്തി. അയാൾക്ക് ആദ്യമായാണ് തൻെറ മനോദൗർബ്ബല്യത്തെ അറിയാൻ കഴിഞ്ഞതു്. ഭാഗ്യക്കേടിനു് താനറിയാതെ തന്നെ ഒരു നത്തകിയുടെ മുമ്പിൽ അതു പ്രകടിപ്പിക്കുകയും ചെയ്തു. കുമാരഗിരിക്ക് തന്നോടു തന്നെ കോപം തോന്നി. അയാളുടെ പ്രശാന്തമായ മുഖം ചുവന്നു—"സുന്ദരീ! ഞാൻ പറഞ്ഞതു വെറുതെയാണ്. ഇപ്പോൾ ഭവതിയോടു് എനിക്ക് ഒരു പ്രാത്ഥനയെ ഉള്ളു. ഭവതി ഇവിടെ നിന്നും പോവുക. എനിക്ക് എൻെറ ചുററുപാടുകളെക്കുറിച്ചു് പയ്യാലോചിക്കാൻ സമയം തരിക."

"വളരെ നന്നു, യോഗീ! എൻെറ സാന്നിദ്ധ്യംകൊണ്ടു് താങ്കൾക്ക് എന്തെങ്കിലും ദുഃഖമുണ്ടാകുമെങ്കിൽ ഞാൻ ഇവിടെനിന്നു പോവുകയാണ് വേണ്ടതു്. താങ്കളുടെ മുമ്പിൽ നിൽക്കുന്ന സ്ത്രീ അന്ധകാരമാണ്, മായയാണ് എന്നൊക്കെയാണല്ലോ, താങ്കൾ മനസ്സിലാക്കിയിരിക്കുന്നതു്. എൻെറ വിക്യതസിദ്ധാന്തങ്ങളെക്കുറിച്ചു് താങ്കൾക്കു ഭയമാണ്. എന്നാൽ ആ ഭയം അടിസ്ഥാനരഹിതമാണ്. താങ്കളുടെ ശിഷ്യത്വം ഗ്രഹിക്കുന്നതിനു് ഇറങ്ങി പുറപ്പെട്ട നിമിഷം മുതൽ ഞാൻ എൻെറ വിശ്വാസങ്ങൾക്കും ഭാവനകൾക്കും സംസ്കാരവിശേഷങ്ങൾക്കും തിലാഞ്ജലിയർപ്പിച്ചു കഴിഞ്ഞു. പിന്നെയല്ലേ, 'സ്ത്രീ അന്ധകാരമാണ്, മായയാണ്' എന്നൊക്കെ പറയാൻ! യോഗീ! താങ്കൾക്ക് അവിടെ തെററുപററിപ്പോയി. സ്ത്രീ ശക്തിയാണ്, സൃഷ്ടിയാണ്, അവളെ ബ്ഭരിക്കുന്ന വ്യക്തി യോഗ്യനാണെങ്കിൽ. സ്ത്രീ വിനാശമാണ്, അവളെ ബ്ഭരിക്കുന്നവൻ അയോഗ്യനാണെങ്കിൽ. അതുകൊണ്ടു് സ്ത്രീയെ ബ്ഭയപ്പെടുന്നവൻ ഒന്നുകിൽ അയോഗ്യനാണ്, അല്ലെങ്കിൽ ഭീരുവാണ്. അയോഗ്യനും ഭീരുവുമായിട്ടുള്ളവർ രണ്ടാളും അപൂണ്ണരത്രെ."

ചിത്രലേഖ പോയി. എന്നാൽ കുറച്ചു ദൂരം നടന്നിട്ട് അവൾ നിന്നു. കുമാരഗിരി ശൂന്യതയിൽ ദൃഷ്ടിയുറപ്പിച്ചു കൊണ്ടു നിൽക്കുകയായിരുന്നു. ചിത്രലേഖ പറഞ്ഞു—"അതെ ഒരു കാര്യം പറയാൻ മറന്നുപോയി. ഞാൻ നാളെയും ഇവിടെ വരും. താങ്കൾക്ക് വേണ്ടുവോളമാലോചിക്കാൻ ഞാൻ സമയം തന്നിരിക്കുന്നു. എനിക്കു വിദ്യയരുളുന്നതു് ഉചിതമല്ലെന്നു കരുതുകയാണെങ്കിൽ അക്കാര്യം നാളെ പറയണം. ശരി, ശ്രീചരണങ്ങൾക്കു് ഈ ദാസിയുടെ പ്രണാമം."

കുമാരഗിരി ചിത്രലേഖ പോകുന്നതു നോക്കിനിന്നു. അയാൾ ഒന്നു ഞെട്ടി. അവളുടെ ശബ്ദത്തിലെ സംഗീതമാധുരി യോഗിയുടെ കർണ്ണങ്ങളിൽ അപ്പോഴും മുഴങ്ങിക്കൊണ്ടിരുന്നു. അവളുടെ ആ സൗന്ദര്യത്തിന്റെ ദീപ്തി അയാളുടെ കണ്ണുകൾക്കു മുമ്പിൽ നൃത്തം വച്ചുകയായിരുന്നു. മദ്യലഹരികൊണ്ടു പ്രജ്ഞ നശിച്ചുപോകുമെന്നു ഭയപ്പെട്ടുകയും അതേ സമയം മണമുള്ള മദ്യം പൂഴിമണ്ണിൽ ഒലിച്ചുപോകുന്നതു നോക്കി നിൽക്കുകയും ചെയ്യുന്ന ഒരു മദ്യപാനിയെപ്പോലെയാണു് കുമാരഗിരി ചിത്രലേഖ പോകുന്നതു വീക്ഷിച്ചു നിന്നതു്. അയാൾക്കു തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അയാൾ വിളിച്ചു. "സുന്ദരീ! നിൽക്കൂ."

കുമാരഗിരിയുടെ ദൃഷ്ടി താണു. അയാളുടെ ആത്മാവു് ഹൃദയത്തിന്റെ നിയന്ത്രണഹീനതയെ തടഞ്ഞുവെങ്കിലും ഹൃദയം 'എനിക്കു് ഈ സ്ത്രീയുടെ ചോദ്യത്തിനുത്തരം നൽകി എന്റെ നിലയെ വ്യക്തമാക്കേണ്ടതുണ്ടു്', എന്നു പറഞ്ഞു് ആത്മാവിന്റെ ഭർത്സനത്തെ ചെറുത്തു. മുഖത്തു് പുഞ്ചിരിയും ഹൃദയത്തിൽ പുളകച്ചാർത്തോട്ടുംകൂടി ചിത്രലേഖ തിരിച്ചു വന്നു.

"യോഗീ! താങ്കൾക്കു് ഒരുപക്ഷേ താങ്കളുടെ തെററു മനസ്സിലായിട്ടുണ്ടാവും. ഇപ്പോൾ താങ്കൾ എന്താണു പറയുന്നതു്?"

കുമാരഗിരി ഈ ചോദ്യത്തിനുത്തരം നൽകിയില്ല. അയാൾ ആ നിലാവൊളിയിൽ ചിത്രലേഖയുടെ സൗന്ദര്യത്തെ നിരീക്ഷിച്ചുകൊണ്ടു നിന്നതേയുള്ളൂ. ചിത്രലേഖയുടെ ആഡം

ബരത്തെയും ആ ആഡംബരംകൊണ്ടു പുളകിതമായ സൗന്ദര്യ്യത്തേയും അയാൾ ശ്രദ്ധിച്ചു. മദ്യവും അതിൻെറ ലഹരിയും കണ്ടു. അയാളുടെ ഹൃദയത്തിൽ ആഗ്രഹം മൊട്ടിട്ടു. ആഗ്രഹത്തിൻെറ മനോഹാരിതയെയും അയാൾ അനുഭവിച്ചറിഞ്ഞു. പെട്ടെന്നു് യോഗിയുടെ ഹൃദയത്തിൽ ഒരു പ്രശ്നം ഉദിച്ചുയന്നു—"സ്ത്രീ എന്നതു് എന്താണു്? സൗന്ദര്യ്യമെന്നതു് എന്താണു്? ഈശ്വരൻ ഈ വസ്തുക്കളെ എന്തിനു സൃഷ്ടിച്ചു?"—ശരിയായ ചോദ്യം. പല വഷങ്ങളായി സഞ്ചയിച്ചു വച്ചിരുന്ന അയാളുടെ ചിന്താസമ്പത്തു് ഇതിനുത്തരം നൽകി—'ഞാൻ എൻെറ മാഗ്ഗത്തിൽനിന്നു വ്യതിചലിച്ചുകൊണ്ടിരിക്കുകയാണു്'—വളരെ പണിപ്പെട്ടു് ഈ ചിന്തയെ അയാൾ അടക്കിക്കളഞ്ഞു.

"സുന്ദരീ! ഭവതി എന്തു തെററിനെയാണു സൂചിപ്പിച്ചതു്? എൻെറ ജീവിതത്തിൽ ഞാൻ യാതൊരപരാധവും ചെയ്തിട്ടില്ലല്ലോ."

കുമാരഗിരിയോടു് പ്രതിവാദം ചെയ്യുന്നതു് പന്തിയായിരുന്നില്ല—"ദേവാ! ക്ഷമിക്കണം. ഞാൻ എൻെറ ഗുരുവായി സ്വീകരിക്കാൻ വന്ന വ്യക്തി തെററു ചെയ്യുകയില്ല. ഞാൻ പറഞ്ഞു പോയതിനു മാപ്പു ചോദിച്ചുകൊള്ളുന്നു."

"അതെ, ഞാൻ ഭവതിയോടു് എന്തു ചെയ്യാനാഗ്രഹിക്കുന്നുവെന്നു് ഭവതി ഇപ്പോൾ ചോദിച്ചതേയുള്ളു. ഒരുപക്ഷേ ഞാൻ ഭവതിയെ വിളിച്ചതു് എന്തിനാണെന്നു ചോദിച്ചേക്കാം. എന്നാൽ ഞാൻ എന്തിനു് ഇതൊക്കെ ചെയ്തു എന്നു് എനിക്കുതന്നെ നിശ്ചയമില്ല. ഞാൻ ഇപ്പോൾ ചെയ്തതു തീച്ച്യായും തെററുതന്നെയെന്നു വരികിലും ഭവതിയെ വിളിച്ചു വരുത്തിയ സ്ഥിതിക്കു് ഒരു കാര്യ്യം പറയാം. അതിതാണു്—"ഞാൻ ഭവതിയെ ശിഷ്യയാക്കാൻ ശക്തനല്ല. ഞാൻ അശക്തനെന്നു മാത്രമല്ല, ഇക്കാര്യ്യം എനിക്കു് എപ്പോഴും അസാദ്ധ്യംതന്നെയാണു്. ഭവതിയെ ശിഷ്യയാക്കുന്നതിൻെറ അത്ഥം ഭവതിക്കു ശിഷ്യപ്പെടുക എന്നതായിരിക്കും. അതിനു ഞാൻ തയ്യാറല്ല."—കുമാരഗിരിയുടെ നേത്രങ്ങൾ അസ്താചലത്തിലേയ്ക്കു് താണുകൊണ്ടിരുന്ന ചന്ദ്രനിൽ പതിഞ്ഞു.

ചിത്രലേഖയുടെ ഭാവം ഗംഭീരമായി. അവളുടെ മുഖത്തു് നൈരാശ്യത്തിന്റെ വിളർച്ചയും നേത്രങ്ങളിൽ ദൈന്യത്തിന്റെ നിഴലാട്ടവും കാണാമായിരുന്നു. അവൾ മന്ദസ്വരത്തിൽ മറുപടി പറഞ്ഞു—"ദേവാ! താങ്കൾ ചെയ്ത തെററിനു് താങ്കളെക്കാൾ കൂടുതൽ ദുഃഖമുള്ളതു് എനിക്കാണു്. പക്ഷേ, എന്തു ചെയ്യാം? താങ്കളുടെ അശക്തത എന്റെ ജീവിതത്തെ എങ്ങിനെയാണു് ബാധിക്കാൻ പോകുന്നതെന്നു് എനിക്കുതന്നെ പറകവയ്യ; എന്നാൽ ഒരു കാര്യം തീർച്ചയാണു്. താങ്കൾ എന്റെ ജീവിതത്തിൽ വളരെയധികം സ്വാധീനത ചെലുത്തിക്കഴിഞ്ഞു. താങ്കൾ എനിക്കു വിദ്യയരുളും എന്നു കരുതി ഞാൻ എന്റെ ഭാവി ജീവിതത്തെ വിഭാവനം ചെയ്തു; അതിനെ ആധാരമാക്കി ഞാനിപ്പോൾ ജീവിച്ചു പോരുന്നുവെന്നാണു് ഞാൻ വിശ്വസിച്ചതു്. എന്നാൽ ഇപ്പോൾ ആ വിശ്വാസം നഷ്ടപ്പെട്ടുപോയിരിക്കുന്നു. താങ്കളുടെ അഭിപ്രായത്തിൽ എന്റെ ജീവിതം അന്ധകാരമയമാണു്. ഞാൻ താങ്കളരുളുന്ന വെളിച്ചം കാണാനാഗ്രഹിക്കുന്നു. 'ആഗ്രഹം' പൂർത്തിയാവുകയില്ല. അതിനു് ഞാൻ താങ്കളെയല്ല, എന്റെ വിധിയെയാണു് കുററപ്പെടുത്തുന്നതു്"—ഇത്രയും പറഞ്ഞു് ചിത്രലേഖ കുറച്ചുകൂടി കുമാരഗിരിയുടെ അടുത്തേയ്ക്കു നീങ്ങി നിന്നു.

യോഗി സ്തംഭിച്ചുപോയി. ചിത്രലേഖ അയാളുടെ കൈക്കു് കടന്നു പിടിച്ചു. യോഗിയുടെ ശരീരത്തിൽ ഒരു വിചിത്രമായ പ്രകമ്പനം അനുഭവപ്പെട്ടു; എന്നാൽ അതിൽ ഒരു സുഖമുണ്ടായിരുന്നു, ഉല്ലാസമുണ്ടായിരുന്നു—"അതെ. എന്റെയും താങ്കളുടെയും സാമീപ്യം ഒരുപക്ഷേ അസാദ്ധ്യം തന്നെയാണു്. ഞാൻ സ്ത്രീ. താങ്കൾ പുരുഷൻ. ഞാൻ നർത്തകി. താങ്കൾ യോഗി. ഞാൻ ജീവിക്കുന്നതു് വിഷയേച്ഛയുടെ ലോകത്തു്. താങ്കളുടെ ലോകം അനുഷ്ഠാനങ്ങളുടേതു്. രണ്ടിനും തമ്മിൽ പൊരുത്തമില്ല. താങ്കൾ ഒരു കൊടുങ്കാററുപോലെ എന്റെ ജീവിതത്തിൽ പ്രവേശിച്ചിട്ടു് കടന്നു പോവുകയാണു്. ശരി. ഞാൻ ഭാവിയിൽ താങ്കളെ കണ്ടുമുട്ടാതിരിക്കാൻ ശ്രമിക്കാം. എന്നാൽ നാം രണ്ടാളും പരസ്പരം വേർപിരിയുന്നതിനു മുമ്പു് ഞാൻ താങ്കളുടെ പാദധൂളി എന്റെ ശിരസ്സിലർപ്പിക്കാനാ

ഗ്രഹിക്കുന്നു"—ചിത്രലേഖ കുമാരഗിരിയുടെ പാദങ്ങളിൽ വീണു.

കുമാരഗിരിയുടെ ഹൃദയം അതിവേഗം ത്രസിച്ചുകൊണ്ടിരുന്നു. ചിത്രലേഖ തൻെറ കാൽക്കൽ വീണുകിടക്കുന്നതുകണ്ടു് യോഗി അമ്പരന്നുപോയി. അയാൾ ചിത്രലേഖയെ പിടിച്ചെഴുന്നേല്പിച്ചു. ഈ പ്രവൃത്തിയിൽ യോഗിയുടെ കരങ്ങൾ നൎത്തകിയുടെ വക്ഷോജങ്ങളെ സ്പർശിച്ചു. ചിത്രലേഖ ആനന്ദപുളകിതയായി. എന്നാൽ യോഗിക്കു് ഈ സ്പർശം അത്ര കാൎയ്യമുള്ളതായി തോന്നിയില്ല. അറിയാതെ സംഭവിച്ചുപോയതാണു്. അയാളുടെ ചിന്ത മററവിടെയോ കേന്ദ്രീകരിച്ചിരുന്നതുകൊണ്ടു് ഇക്കാൎയ്യം ശ്രദ്ധിച്ചതുതന്നെയില്ല. എന്നാൽ ചിത്രലേഖ ഇതിനു മറെറാരൎത്ഥമാണു കല്പിച്ചതു്.

"ഭവതി എൻെറ പാദങ്ങളെ സ്പൎശിക്കുന്നതെന്തിനാണു സുന്ദരീ?"

ചിത്രലേഖ കുമാരഗിരിയോടു ചേൎന്നുനിന്നു. അവൾ തൻെറ മുഖത്തെ കുമാരഗിരിയുടെ മുഖത്തോടടുപ്പിച്ചുകൊണ്ടു പറഞ്ഞു—"താങ്കൾ എൻെറ ആരാദ്ധ്യദേവനാണു്."

രണ്ടു പേരുടേയും ദൃഷ്ടികൾ തമ്മിൽ കൂട്ടിമുട്ടി. ചിത്രലേഖയുടെ നയനങ്ങളിലെ മാദകശക്തി കുമാരഗിരിയെ സ്വാധീനപ്പെടുത്തി. ചിത്രലേഖ തൻെറ മുഖത്തെ കുമാരഗിരിയുടെ മുഖത്തോടു വീണ്ടും അടുപ്പിച്ചു. കുമാരഗിരി മുഖം തിരിച്ചു കളഞ്ഞില്ല. അയാളുടെ ശ്വാസത്തിനു ചൂടേറി. ശരീരം മുഴുവൻ വിറച്ചു തുടങ്ങി.

അപ്പോൾ കേട്ടു—"ഗുരുദേവാ!" എന്നൊരു ശബ്ദം. കുമാരഗിരി ഞെട്ടിപ്പോയി. സൎപ്പത്തെ കാണാതെ ഒരുവൻ അതിനടുത്തുചെല്ലുമ്പോൾ സൎപ്പം ദംശിക്കാനൊരുങ്ങവേ ദൂരെ നിന്നു് ഒരാൾ മുന്നറിയിപ്പു നൽകുന്നതുകേട്ടു് പെട്ടെന്നു ഞെട്ടിപിന്മാറുന്നതുപോലെ കുമാരഗിരി ചിത്രലേഖയുടെ അടുത്തുനിന്നു പിൻവാങ്ങി. വിശാലദേവൻ അയാളുടെ മുമ്പിൽ നിൽക്കുന്നതാണു കണ്ടതു്. വിശാലദേവനെ കണ്ട മാത്രയിൽ കുമാരഗിരിക്കു് പൂഴിമണ്ണിൽ വീണുപോയ അനുഭവമുണ്ടായി.

ഇന്നു് അയാൾ നത്തകിയോടു പരാജയപ്പെട്ടതു് തൻെറ ശിഷ്യൻെറ മുമ്പിൽ വച്ചായിരുന്നു.

ചിത്രലേഖയ്ക്കു് വിശാലദേവനോടു ക്രോധം തോന്നി. ഈ സമയത്തു് അവിടെ വരാൻ അയാൾക്കു് എന്തധികാരമാണു്! സംയോഗവേളയിൽ അടുത്തു വരുന്ന മനുഷ്യൻെറ നേരെ ചീറിപ്പായുന്ന സപ്പിണിയെപ്പോലെ അവൾ വിശാലദേവനു നേരെ പാഞ്ഞു—"യുവാവേ! നീയാരു്? ഈ സമയത്തു് ഇവിടെ എന്തിനു വന്നു?" അവളുടെ സ്വരം കക്കശമായിരുന്നു.

"ഞാൻ ഗുരുദേവൻെറ ശിഷ്യനാണു്. രാത്രി ഇത്ര ഇരുട്ടിയിട്ടും ഗുരുദേവൻ ആശ്രമത്തിലേക്കു മടങ്ങി വരാഞ്ഞതുകൊണ്ടു് ഞാൻ അദ്ദേഹത്തെ അന്വേഷിച്ചു വന്നതാണു്."

ചിത്രലേഖ പതുക്കെ പറഞ്ഞു—"എന്തൊരു വിധി!" അവൾ കുമാരഗിരിയോടു പറഞ്ഞു—"ശരി, ഞാൻ പോവുകയാണു് ഗുരുദേവാ! എന്നാൽ ഞാൻ താങ്കളുടെ ശിഷ്യയാകാനാഗ്രഹിക്കുന്നു. എന്നെ താങ്കളുടെ ശിഷ്യയാക്കുകതന്നെ വേണം. ഇതു് ഓമ്മയിരിക്കട്ടെ." ചിത്രലേഖയുടെ മധുരഗംഭീരമായ സ്വരത്തിൽ ഒരു യജമാനത്തിയുടെ ആജ്ഞയുടെ കാക്കശ്യമാണു ധ്വനിച്ചതു്. "ഞാൻ ജനസമൂഹത്തെ ഉപേക്ഷിച്ചു് ഏകാന്തതയിലേക്കു പോകാനാഗ്രഹിക്കുന്നു. മായയെ ഉപേക്ഷിച്ചു് ബ്രഹ്മത്തിൽ ലയിക്കാൻ ഇച്ഛിക്കുകയാണു്. ഇക്കാര്യത്തെപ്പററി പര്യാലോചിക്കാൻ ഞാൻ താങ്കൾക്കു വീണ്ടും സമയം തരുന്നു. താങ്കൾ മനുഷ്യനുപരിയാണു്. എന്നെ ഭയപ്പെടേണ്ട യാതൊരു കാരണവും താങ്കൾക്കില്ല. താങ്കൾ ആശകളെയൊക്കെ നിഗ്രഹിച്ചുകഴിഞ്ഞു. നാഥാ! ഇതുകൊണ്ടാണു് ഞാൻ താങ്കളോടു പ്രാത്ഥിക്കുന്നതു്. ശരി, ശ്രീചരണങ്ങൾക്കു് ഈ ദാസിയുടെ നമസ്കാരം"—ഇത്രയും പറഞ്ഞു് ചിത്രലേഖ അവിടെ നിന്നും യാത്രയായി.

കുമാരഗിരി വിശാലദേവൻെറ കൈയ്ക്കു ബലമായി പിടിച്ചുകൊണ്ടു പറഞ്ഞു—"നീ മറയനാണു്" അപ്പോൾ ചന്ദ്രൻ അസ്താചലത്തിൽ മറഞ്ഞു തുടങ്ങിയിരുന്നു.

# അദ്ധ്യായം ഏഴ്

"ശ്വേതാങ്കാ!"

"സ്വാമീ!"

"നീ ഇന്നു കണ്ടതു് എന്തായിരുന്നു എന്നു പറയാമോ?"

"അതെ. ഇന്നു സ്വാമിനി യോഗി കുമാരഗിരിയെ പരാജയപ്പെടുത്തി. എനിക്കു് എത്ര സന്തോഷമായെന്നോ!"

"നിനക്കു സന്തോഷമാണു്." ബീജഗുപ്തൻ ചിരിച്ചു. പക്ഷേ അതു് ഒരു കരുവാളിച്ച ചിരിയായിരുന്നു. "ചിത്രലേഖ കുമാരഗിരിയെ പരാജയപ്പെടുത്തിയതിൽ നിനക്കു സന്തോഷമാണു്. എന്നാൽ, ശ്വേതാങ്കാ, എനിക്കു് അതുകൊണ്ടു ദു:ഖമാണു്. ഞാൻ പറയുന്നതിൽ നിനക്കു് ആശ്ചര്യം തോന്നിയേക്കാം. എന്നാൽ ഞാൻ പറയുന്നതു് ശരിയാണു്. നിനക്കു ചിരിക്കാം. ഒരുപക്ഷേ എനിക്കും ചിരിക്കാൻ കഴിഞ്ഞെന്നുവരും. എന്നാൽ എൻെറ ആത്മാവു കരയുകയാണു്."

ശ്വേതാങ്കൻ ആശ്ചര്യത്തോടുകൂടി പറഞ്ഞു: "അവിടത്തെ ആശയം എനിക്കു മനസ്സിലായില്ല."

"നിനക്കു് അതു മനസ്സിലാക്കാൻ കഴിഞ്ഞില്ലേ? നിനക്കു് എങ്ങിനെ മനസ്സിലാകാനാണു്? നീ ഇനിയും ലോകം കണ്ടിട്ടില്ല. നീ അനുഭവശൂന്യനാണു്. ചിത്രലേഖയുടെ വിജയം എന്നു നീ കരുതിയിരിക്കുന്നതു് അവളുടെ ഒരു വലിയ പരാജയമാണു്. ചിത്രലേഖയും കുമാരഗിരിയും! ആരും തന്നെ വിജയി ആയില്ല. രണ്ടു പേരും പരാജയപ്പെട്ടുപോയി. പരിത:സ്ഥിതിയുടെ ചക്രം അതിവേഗം ചുഴന്നുകൊണ്ടിരിക്കുകയാണു്. ആ ചക്രത്തിൻെറ ഭ്രമണത്തിൽ രണ്ടാളും കുടുങ്ങിപ്പോയി."

ബീജഗുപ്തൻ പറഞ്ഞതിൻെറ താല്പര്യം ശ്വേതാങ്കനു് ഇപ്പോഴും മനസ്സിലായില്ല. അപ്പോഴേക്കും രഥം ബീജഗുപ്തൻെറ മാളികവാതിൽക്കലെത്തിക്കഴിഞ്ഞിരുന്നു. രണ്ടു

പേരും രഥം വിട്ടിറങ്ങി. ബീജഗുപ്തൻ ശ്വേതാങ്കൻെറ കൈയ്ക്കു പിടിച്ചുകൊണ്ടു പറഞ്ഞു: "ഇപ്പോൾ നിന്നോട്ട് അല്പം ചിലതു സംസാരിക്കണമെന്നു വിചാരിക്കുന്നു. വരൂ. കുറച്ചു നേരം നീ എന്നോടുകൂടി ഇരിക്കണം."

ശ്വേതാങ്കന് വാസ്തവത്തിൽ ബീജഗുപ്തൻ പറഞ്ഞതു മനസ്സിലായിട്ടില്ലായിരുന്നു. യജമാനനും ഭൃത്യനും—രണ്ടുപേരും അദ്ധ്യയനമുറിയിൽ ചെന്നു. ശ്വേതാങ്കനോട്ട് ഇരിക്കാൻ പറഞ്ഞിട്ട് ബീജഗുപ്തനും ഇരുന്നുകൊണ്ട് സംഭാഷണം തുടന്നു: "ശ്വേതാങ്കാ! കുമാരഗിരിക്ക് എന്തുകൊണ്ടാണ് പരാജയം പററിയതെന്നറിയാമോ?"

"ഇല്ല."

"അതിൻെറ രഹസ്യം ഞാൻ പറയാം. കേൾക്കൂ. ചിത്രലേഖയെ എനിക്കറിയാവുന്നത്ര നിനക്കറിയുകയില്ല. അവളുടെ വ്യക്തിത്വം വളരെ ഉയന്നതാണ്, ശക്തിമത്താണ്. കുമാരഗിരി വിദ്വാനും യോഗിയുമാണ്. രാഗാദികൾ അയാളുടെ ശത്രുക്കളാണ്. ചിത്രലേഖയാകട്ടെ, വിദുഷിയാണെങ്കിലും ഭക്തിയെ വെറുക്കുന്നു. കുമാരഗിരിയും ചിത്രലേഖയും രണ്ടാളും അഹംകാരം നിറഞ്ഞ സ്വപ്രത്യയബോധത്തിനടിമകളാണ്. രണ്ടു പേരും സ്വപ്രത്യയത്തിൽനിന്നുളവാകുന്ന സന്തുഷ്ടിയിൽ വിശ്വസിക്കുന്നവരുമാണ്. എന്നാൽ രണ്ടാളുടേയും മാർഗ്ഗങ്ങൾ വിഭിന്നങ്ങളാണ്. പരസ്പര വിരുദ്ധവും. ഒരാൾ ഭക്തിയെ ശരണീകരിക്കുന്നു. മറെറയാൾ ആത്മവിശ്വാസത്തെയും. എന്നാൽ ഇന്നു നടന്നതു് രണ്ടു പേക്കും അവരവരുടെ മാർഗ്ഗങ്ങളോട്ട് വിരക്തിയുണ്ടാക്കിയിരിക്കുകയാണ്. ആസന്നഭാവിയിൽതന്നെ രണ്ടു പേരും അവരവരുടെ ശക്തിയും നഷ്ടപ്പെട്ടുത്തും."

ബീജഗുപ്തൻെറ വാക്കുകൾ ശ്വേതാങ്കന് ഒരു കടംകഥയായിച്ചമഞ്ഞു. അയാൾ പറഞ്ഞു: "സ്വാമിൻ! എനിക്ക് ഇനിയും അവിടത്തെ ചിന്താഗതിയുടെ ആഴം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല."

ബീജഗുപ്തൻെറ സ്വരം താണു: "ഈ സംഗതികളെ ഇതിൽ കൂടുതൽ വ്യക്തമാക്കാനുള്ള ശക്തിയുമെനിക്കില്ല,

അതു് ഉചിതമെന്നു ഞാൻ കരുതുന്നതുമില്ല. നിനക്കു് ഇതു മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ഞാൻ പറയുന്ന മാർഗ്ഗത്തിൽ കൂടി സഞ്ചരിക്കൂ.''

ശ്വേതാങ്കൻ പറഞ്ഞു: ''അവിടന്നു് ആജ്ഞാപിക്കുകയേ വേണ്ടു.''

ബീജഗുപ്തൻ പറഞ്ഞു: ''നീ പോയി ചിത്രലേഖയ്ക്കു് അഭിനന്ദനങ്ങൾ ആശംസിക്കൂ. അവളുടെ മുഖത്തുണ്ടാകുന്ന ഭാവപ്പകർച്ചകളും നോക്കി മനസ്സിലാക്കൂ.''

ശ്വേതാങ്കൻ ഉടൻതന്നെ ചിത്രലേഖയുടെ ഗൃഹത്തിലെത്തി. അകത്തു് വിളക്കെരിഞ്ഞുകൊണ്ടിരുന്നു. അഭിനന്ദനങ്ങൾ നൽകാൻ വന്ന സാമന്തയുവാക്കന്മാർ അവളുടെ വീട്ടുവാതിലിനു ചുററും നിൽക്കുന്നുണ്ടായിരുന്നു. ചിത്രലേഖയുടെ പരിചാരികമാർ അവരുടെ സ്വാഗത സൽക്കാരങ്ങളിൽ വ്യാപൃതരായിരുന്നു. എന്നാൽ ചിത്രലേഖ അവിടെയില്ലായിരുന്നു. ശ്വേതാങ്കൻ ഒരു പരിചാരികയോടു ചോദിച്ചു: ''സ്വാമിനി എവിടെ?'' അവൾ ശ്വേതാങ്കനെ വീട്ടിനുള്ളിൽ കൂട്ടിക്കൊണ്ടുപോയി നല്ല സജ്ജീകരണങ്ങളോടുകൂടിയ ഒരു മുറിയിലിരുത്തി. ''സ്വാമിനി ഇനിയും വന്നിട്ടില്ല. ഇപ്പോൾ വരികയായിരിക്കും.'' ശ്വേതാങ്കൻ ചിത്രലേഖയെ പ്രതീക്ഷിച്ചു് ഇരിപ്പായി.

ചിത്രലേഖയുടെ വരവിനെ പ്രതീക്ഷിച്ചു മുഷിഞ്ഞ സാമന്തന്മാരുടെ കൂട്ടം പിരിഞ്ഞു. ഓരോരുത്തരായി എല്ലാ സാമന്തന്മാരും യാത്രയായി. മണിക്കൂറുകൾ പലതു കഴിഞ്ഞു. എന്നിട്ടും ചിത്രലേഖ വന്നില്ല. ശ്വേതാങ്കനു് ആശ്ചര്യം തോന്നി. ഈ സമയത്തു് ചിത്രലേഖ എവിടെ പോയിട്ടുണ്ടാവും? അയാൾ വീണ്ടും പരിചാരകയോടു ചോദിച്ചു: ''സ്വാമിനി എപ്പോഴാണു തിരിച്ചുവരാനിടയുള്ളതു്?'' ''അതു് എനിക്കു പറയാനാവില്ല.'' അവൾ മറുപടി പറഞ്ഞു.

ശ്വേതാങ്കനും പ്രതീക്ഷിച്ചു മുഷിഞ്ഞു. സമയം പാതിരാത്രി കഴിയാറായി. എന്നാൽ ചിത്രലേഖയെപ്പററി ഒരറിവുമില്ല. പലതവണ അയാൾ ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോകാമെന്നു വിചാരിച്ചു. പക്ഷേ അയാളുടെ ജിജ്ഞാസ അ

യാളെ തടഞ്ഞുനിറുത്തി. അദ്ധരാത്രിയെ സൂചിപ്പിക്കുന്ന മണിയടിച്ചു. ശ്വേതാങ്കൻ പോകാനെഴുന്നേററു. "സ്വാമിനി വരുമ്പോൾ ഞാൻ അവർക്കു് അഭിനന്ദനങ്ങളാശംസിക്കാൻ വന്നിരുന്നു എന്നു പറഞ്ഞേക്കണം." അയാൾ പരിചാരികയോടു പറഞ്ഞു. ഇത്രയും പറഞ്ഞിട്ടു് അയാൾ പുറത്തിറങ്ങി. അപ്പോൾ ചിത്രലേഖയുടെ രഥം വരുന്നതു കണ്ടു. ശ്വേതാങ്കൻ നിന്നു.

ശ്വേതാങ്കൻ ചിത്രലേഖയെ രഥത്തിൽനിന്നു് ഇറക്കി. അയാളെക്കണ്ടു് അവൾ പുഞ്ചിരി തൂകി. "പറയൂ, ശ്വേതാങ്കാ! ഇത്ര വൈകുന്നതുവരെ നീ എന്തിനാണു് ഇങ്ങനെ ഉറക്കമിളച്ചിരുന്നു ബുദ്ധിമുട്ടിയതു്?"

"സ്വാമിനിക്കു് അഭിനന്ദനങ്ങളാശംസിക്കാൻ." ശ്വേതാങ്കൻ ചിരിച്ചു.

ശ്വേതാങ്കൻ ചിത്രലേഖയുടെ കൈപ്പു പിടിച്ചു് അവളെ അലങ്കാരഗൃഹത്തിലേയ്ക്കു് ആനയിച്ചു. ചിത്രലേഖ പറഞ്ഞു—"ശ്വേതാങ്കാ, നീ എൻെറ സൽക്കാരമുറിയിൽ കാത്തിരിക്കൂ. ഞാൻ ഇപ്പോൾ വരാം."

ചിത്രലേഖ വസ്ത്രം മാറിക്കൊണ്ടു് അലങ്കാരമുറിയിൽ വന്നു. അപ്പോൾ അവൾ ഒരു വെള്ളമുണ്ടു മാത്രമേ ഉടുത്തിരുന്നുള്ളു. "അതെ, ശ്വേതാങ്കാ; നീ എനിക്കു് അഭിനന്ദനം നൽകാൻ വന്നിരിക്കുന്നു അല്ലെ? എന്തിനാണു്? എന്തു കാര്യത്തിൽ?"

"സ്വാമിനിയുടെ വിജയത്തിൽ."

"എൻെറ വിജയത്തിലോ?" കുറച്ചു മുമ്പു് ഉല്ലാസം കൊണ്ടു് തിളങ്ങിക്കൊണ്ടിരുന്ന അവളുടെ മുഖം പാടേ വിളറി. യൗവനത്തിൻെറ പ്രസരിപ്പിൽ ഒളിഞ്ഞുകിടന്നിരുന്ന ഈ വിഷാദരേഖ ശ്വേതാങ്കൻ ആദ്യമായാണു് കണ്ടതു്. സൗന്ദര്യമുള്ള മുഖത്തിൻെറ ഓരോ ഭാവപ്പകർച്ചയും സുന്ദരമാണു്. വിഷാദത്തിൻെറ വിളർച്ചയുണ്ടായിരുന്നിട്ടും ആ രൂപം ശ്വേതാങ്കനു് ആകർഷകമായിത്തോന്നി. വിശേഷിച്ചു് അവളുടെ വിളറിയ മുഖത്തിൽ പരസ്സഹസ്രം ദീപനാളങ്ങളുടെ പ്രകാശം പതിഞ്ഞിരുന്നു.

"എൻെറ വിജയത്തിൽ! ശ്വേതാങ്കാ, ഞാൻ ഈ ആശംസസ്സർഹയല്ല. അതു് എൻെറ വിജയമല്ലായിരുന്നു. എൻെറ ഒരു വൻപിച്ച പരാജയം മാത്രമായിരുന്നു."

ബീജഗുപ്തൻ പറഞ്ഞ അതേ വാക്കുകൾ തന്നെ ചിത്രലേഖയും പറഞ്ഞു. രണ്ടാളും വളരെ ഗാംഭീര്യത്തോടെയാണു പറഞ്ഞതും. ശ്വേതാങ്കനു് അത്ഭുതം തോന്നി.

ചിത്രലേഖ ശ്വേതാങ്കൻെറ മുഖത്തു സ്ഫുരിച്ച ഭാവഭേദങ്ങൾ നോക്കി ഗ്രഹിച്ചു. "നിനക്കു് ഞാൻ പറഞ്ഞതിൽ അത്ഭുതം തോന്നിയിട്ടുണ്ടാവും. എന്നാൽ അത്ഭുതപ്പെടേണ്ടതായി യാതൊന്നുമില്ല. ഞാൻ ഇപ്പോൾ എവിടെയാണു് പോയിരുന്നതെന്നറിയാമോ?"

"ഈ ചോദ്യം ഞാനും ചോദിക്കണമെന്നു വിചാരിച്ചതാണു്. പക്ഷേ അതിനു ധൈര്യമുണ്ടായില്ലെന്നുമാത്രം."

"ഞാനിപ്പോൾ കുമാരഗിരിയുടെ ആശ്രമത്തിൽനിന്നു വരികയാണു്. കുമാരഗിരിയെ അപമാനിക്കുന്നതിനും കളങ്കപ്പെടുത്തുന്നതിനുമുള്ള യാതൊരു കാരണവും എന്നെസ്സംബന്ധിച്ചേടത്തോളം ഇല്ലായിരുന്നു. അതിനു് എനിക്കധികാരവുമില്ല. എൻെറ പ്രവത്തനമണ്ഡലം മററൊന്നാണു്. വിദ്വാന്മാരുടെ പ്രവത്തനരംഗത്തിൽ കാൽ ചവുട്ടുക എന്നതു് അനുചിതമായിരുന്നു. ഞാൻ ചെയ്തതു തെററായിപ്പോയി. ഇപ്പോൾ അദ്ദേഹത്തോടു ക്ഷമായാചനം ചെയ്യുന്നതിനാണു് ഞാൻ പോയിരുന്നതു്."

ശ്വേതാങ്കൻ തരിച്ചുനിന്നുപോയി. ചിത്രലേഖയിൽ എന്തൊരു ഭാവവ്യത്യാസമാണു കടന്നുകൂടിയിരിക്കുന്നതെന്നു് അയാൾക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല. അയാൾ പറഞ്ഞു: "എന്നാൽ, ശരിയായിട്ടുള്ളതിനെ അന്യക്കു മനസ്സിലാക്കിക്കൊടുക്കുക എന്നതു് ഓരോ മനുഷ്യനും ഉചിതമായിട്ടുള്ളതാണു്. അപകടംകൊണ്ടു് അന്യരെ തെററായ ധാരണകൾക്കു വിധേയരാക്കുന്നവരുടെ സത്യാവസ്ഥയിൽ വെളിച്ചം പരത്തുക എന്നതു കത്തവ്യവുമാണു്. ദേവീ! ഭവതി ചെയ്തതു ശരിതന്നെയായിരുന്നു."

"ഈ ഒരു കാര്യത്തിലാണു് എനിക്കു ദുഃഖമുള്ളതു്. ഞാൻ ചെയ്തതു തെററാണെന്നു് ലോകം മുഴുവൻ മനസ്സിലാ

ക്കികഴിഞ്ഞു. എന്നാൽ എനിക്കു് അതു് ശരിക്കു മനസ്സി ലാകുന്നില്ല. അദ്ദേഹത്തിൻെറ സത്യം, ഈശ്വരൻ ഇവ രണ്ടും അദ്ദേഹത്തിൻെറ സ്വന്തം ഭാവനാസന്താനങ്ങളാണു്. എന്നാൽ, അതോടുകൂടി, മനുഷ്യനിൽ ഇത്ര ഉയൎന്ന ഭാവന ഉണ്ടായിരിക്കുക എന്നതും അസാദ്ധ്യമാണു്. ഈ ഭാവന യുടെ ഉത്ഭവസ്ഥാനം ഏതാണു്? അതാണു് പ്രശ്നം. കുമാ രഗിരിയിൽ സർഗ്ഗശക്തിയുണ്ടു്. ഞാൻ ചെയ്തതു വിദ്ധ്വംസകപ്രവൎത്തിയായിരുന്നു. വ്യക്തിത്വത്തിൻെറ ശ്രേഷ്ഠത ഒരു വസ്തുവിനെ ഖണ്ഡിക്കുന്നതിലല്ല, തെളിയിക്കുന്നതിലാ ണു് സ്ഥിതിചെയ്യുന്നതു്. നശിപ്പിക്കുന്നതിലല്ല, നിർമ്മി ക്കുന്നതിൽ.''

''എന്നാൽ ഒരു മനുഷ്യൻ നിൎമ്മിക്കുന്ന ഭവനം അതിൽ അധിവസിക്കുന്നവൎക്കു് ഹാനിയുണ്ടാക്കുന്നതാണെങ്കിൽ അതി നെ നശിപ്പിച്ചു കളയുകയല്ലെ വേണ്ടതു്?''

ചിത്രലേഖ ചിരിച്ചു—''യുക്തിവാദം കൊണ്ടൊന്നും പ്ര യോജനമില്ല. ഞാൻ ചെയ്തതു തെററായിരുന്നുവെന്നു് എ നിക്കിപ്പോൾ ബോദ്ധ്യമായിത്തുടങ്ങിയിരിക്കുന്നു. എന്നാൽ ചെയ്തതു ചെയ്തതുതന്നെ. അതിന്റെ ഫലം അനുഭവിച്ചേ തീരൂ.''

''ഫലം.'' ശ്വേതാങ്കനു് ഇതു തികച്ചും മറെറാരു പ്രശ്ന മായിരുന്നു. എന്തു ഫലം ദേവീ?''

''ഇതു് അടുത്ത ഭാവിയിൽതന്നെ നിനക്കു് അറിയാറാ കും.'' ചിത്രലേഖ പരിചാരികയെ വിളിച്ചു.

''ഞാൻ ഇനിയും ആഹാരം കഴിച്ചിട്ടില്ല. ശ്വേതാങ്കാ, ഒരുപക്ഷേ നീയും ആഹാരം കഴിച്ചിട്ടുണ്ടാവില്ല.''

രണ്ടു പാത്രത്തിൽ ആഹാരം കൊണ്ടുവരുന്നതിനു് ചി ത്രലേഖ പരിചാരികയോടാജ്ഞാപിച്ചു.

പരിചാരിക പോയി. ചിത്രലേഖ മദ്യചഷകമെടുത്തു. അവൾ മദ്യം കുടിച്ചിട്ടു് ശ്വേതാങ്കനു കൊടുത്തു. ഇക്കാലത്തി നിടയ്ക്കു് ശ്വേതാങ്കൻ മദ്യപാനം ശീലിച്ചുകഴിഞ്ഞിരുന്നു. അ യാളാകട്ടെ പാത്രം മാത്രം ശേഷിപ്പിച്ചു. ചിത്രലേഖ പറ

ഞ്ഞു—"ശേ്വതാങ്കാ! എനിക്കു നിന്നോടു സ്നേഹമാണ്. സ്നേഹത്തിനു പാത്രമായ ഒരു വ്യക്തിയിൽനിന്ന് യാതൊന്നും ഒളിച്ചുവയ്ക്കാൻ പാടുള്ളതല്ല."

ചിത്രലേഖയുടെ ഈ വാക്കുകൾക്ക് ശേ്വതാങ്കൻ ബലിയായിപ്പോയി. ചിത്രലേഖ എല്ലായ്പോഴും കുറച്ചു വാത്സല്യത്തോടുകൂടിയാണ് ശേ്വതാങ്കനോടു പെരുമാറിയിരുന്നതെങ്കിലും അയാൾ അവളെ യജമാനത്തി എന്ന നിലയിലാണ് കരുതിപ്പോന്നതു്. അയാൾ പറഞ്ഞു—"ദേവീ! ഞാനും അനുകമ്പയിൽ ഒട്ടും പിന്നോക്കമല്ലെന്ന് ഉറപ്പു തരുന്നു."

ചിത്രലേഖ ശേ്വതാങ്കന്റെ കൈയ്യു പിടിച്ചുകൊണ്ടു പറഞ്ഞു—"ശേ്വതാങ്കാ! നീ എന്റെ രഹസ്യം ആരോടും വെളിപ്പെടുത്തുകയില്ലല്ലോ."

"ഞാൻ ആണയിട്ടു സത്യം ചെയ്യുന്നു."

"എന്നെ സഹായിക്കുമല്ലോ."

"ഞാൻ ആണയിട്ടു സത്യം ചെയ്യുന്നു."

ചിത്രലേഖ ശേ്വതാങ്കന്റെ കരം വിട്ടു. "കേൾക്കൂ. എന്റെ ഇന്നത്തെ വിജയം വാസ്തവത്തിൽ വിജയമല്ലായിരുന്നു. പരാജയമായിരുന്നു. കുമാരഗിരി എന്റെ ജീവിതത്തിൽ വല്ലാത്ത സ്വാധീനത ചെലുത്തിക്കളഞ്ഞു."

ബീജഗുപ്തൻ സൂചിപ്പിച്ച ആ ഭയങ്കരസത്യം ശേ്വതാങ്കനു് ഏതാണ്ടൊക്കെ മണത്തറിയാൻ കഴിഞ്ഞു. എങ്കിലും തന്റെ അവിശ്വാസത്തെ പോക്കുന്നതിനു് അയാൾ ചോദിച്ചു—"എങ്ങിനെ?"

"എങ്ങിനെയെന്നോ? ഇതുപോലും നിനക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ലേ? കേൾക്കൂ. ഞാൻ കുമാരഗിരിയെ പ്രേമിക്കാൻ തുടങ്ങിയിരിക്കയാണ്. എനിക്കും കുമാരഗിരിക്കും തമ്മിൽ യുഗയുഗാന്തരങ്ങളായുള്ള ബന്ധമുള്ളതുപോലെ തോന്നുന്നു. ഇന്നു് ആ സഭയിൽവച്ച് ഭാരതവർഷം ഒട്ടാകെയുള്ള സകല വിദ്വാന്മാരുടെയും മേൽ അദ്ദേഹം വിജയം നേടി. ഓരോ വ്യക്തിയും അദ്ദേഹത്തിന്റെ സ്വാധീനശക്തിക്കു വിധേയനായി. പക്ഷേ ഞാൻ കുമാരഗിരിയെ നല്ലവണ്ണമറിയും. കുമാരഗിരി എന്നെയും. അതുകൊണ്ടുതന്നെ ഞങ്ങളിരുവ

രും ജന്മജന്മാന്തരങ്ങളായിട്ടു് പരസ്പരം പിരിയാതെ കഴിഞ്ഞുകൂടുകയാണു്."

ശ്വേതാങ്കനു് പുനർജ്ജന്മത്തിൽ വിശ്വാസമുണ്ടായിരുന്നു. അതുകൊണ്ടു് അയാൾ ചിത്രലേഖ പറഞ്ഞതിനെ ഖണ്ഡിച്ചില്ല—"അതെ. മനസ്സിലായി."

"കുമാരഗിരിയെ കണ്ട നാൾ മുതൽ ഞാൻ അദ്ദേഹത്തിൽ ആകൃഷ്ടയായിക്കൊണ്ടിരിക്കുകയാണു്. അദ്ദേഹത്തിൻെറ ഹൃദയത്തെ നല്ലവണ്ണം മനസ്സിലാക്കിയവൾക്കേ അതിൻെറ ആഴം കണ്ടെത്താൻ കഴിയൂ. ഞാൻ അദ്ദേഹത്തെ നല്ലപോലറിയും. അതുപോലെ അദ്ദേഹത്തിൻെറ ആത്മാവിനേയും. ശ്വേതാങ്കാ! കുമാരഗിരി എൻെറ ജീവിതനാടകത്തിലെ ഒരു പ്രധാന നടനാണു്."

"എനിക്കു മനസ്സിലായി ദേവീ! എന്നാൽ ഞാനെങ്ങിനെയാണു ഭവതിയെ സഹായിക്കേണ്ടതു്?"

പരിചാരിക രണ്ടു പാത്രത്തിൽ ആഹാരം വിളമ്പികൊണ്ടു വന്നു. ശ്വേതാങ്കനോട്ടു് ആഹാരം കഴിക്കാൻ പറഞ്ഞിട്ടു് ചിത്രലേഖയും ആഹാരം കഴിക്കാൻ തുടങ്ങി.

ഭക്ഷണാനന്തരം ചിത്രലേഖ പറഞ്ഞു—"അതെ, നീ ചോദിച്ചു, എങ്ങിനെയാണു് എന്നെ സഹായിക്കേണ്ടതെന്നു്. അല്ലേ? ബീജഗുപ്തനോട്ടു് എൻെറ ഈ രഹസ്യം വെളിപ്പെടുത്താതിരിക്കുന്നതാണു് എനിക്കുവേണ്ടി ചെയ്യാവുന്ന സഹായം. ബീജഗുപ്തനു് എന്നിൽ അവിശ്വാസം ജനിച്ചേക്കും. ആ അവിശ്വാസത്തെ ഇല്ലായ്മ ചെയ്യുക എന്നതാണു് നിൻെറ ചുമതല."

ശ്വേതാങ്കൻ എന്തോ ആലോചിക്കാൻ തുടങ്ങി. ചിത്രലേഖ പറഞ്ഞതുപോലെ പ്രവർത്തിക്കാൻ അയാൾക്കു പ്രയാസമായിരുന്നു. ബീജഗുപ്തൻ അയാളുടെ യജമാനനാണു്. ബീജഗുപ്തനെ വഞ്ചിക്കുക എന്നതു് യജമാനനോടു ചെയ്യുന്ന വിശ്വാസവഞ്ചനയാണു്. എന്നാൽ അതേസമയം ചിത്രലേഖയും അയാളുടെ യജമാനത്തി ആയിരുന്നു. അതോടുകൂടിത്തന്നെ....

ചിത്രലേഖ ശ്വേതാങ്കൻെറ മുഖത്തു സ്ഫുരിച്ച ഭാവഭേദങ്ങൾ മനസ്സിലാക്കി. അവൾ വീണ്ടും പാനപാത്രം നി

റച്ച് ശ്വേതാങ്കൻെറ ചുണ്ടുകളോടടുപ്പിച്ചു. അപ്പോൾ ചിത്രലേഖ മന്ദഹസിക്കുകയായിരുന്നു. ശ്വേതാങ്കൻ പാത്രത്തിലെ മദ്യം അപ്പാടെ അകത്താക്കി. ആ മന്ദഹാസത്തോടുകൂടിത്തന്നെ ചിത്രലേഖ ചോദിച്ചു—"എൻെറ അപേക്ഷ നീ സ്വീകരിക്കുമോ?"

ശ്വേതാങ്കൻ മൗനമവലംബിച്ചു. 'അതെ' എന്നോ 'ഇല്ല' എന്നോ അയാളുടെ നാവിൽനിന്നു പുറപ്പെട്ടില്ല.

ചിത്രലേഖയുടെ പുഞ്ചിരി മാഞ്ഞു. ക്രോധത്തിൻെറ ഒരു നേരിയ അരുണരേഖ അവളുടെ പരാഗവർണ്ണമായ കവിൾത്തടങ്ങളിൽക്കൂടി പാഞ്ഞോടി. അവളുടെ കോമളഹസ്തം ആവേശംകൊണ്ടു പിടഞ്ഞു. അവൾ ശ്വേതാങ്കൻെറ കൈയ്യു കടന്നു പിടിച്ചു. "ശ്വേതാങ്കാ! ഞാൻ പറഞ്ഞതുപോലെതന്നെ പ്രവൎത്തിക്കണമെന്നു് ഞാൻ നിന്നോടാജ്ഞാപിക്കുകയാണു്."

ചിത്രലേഖയുടെ ഈ ക്രോധത്തിന്നു മുമ്പിൽ ശ്വേതാങ്കൻെറ ശിരസ്സു കുനിഞ്ഞുപോയി. അയാൾ സാവധാനത്തിൽ പറഞ്ഞു —"ആജ്ഞപോലെ. ഞാൻ സമ്മതിക്കുന്നു."

"നീ ശപഥം ചെയ്യണം"—ചിത്രലേഖ ഇടയ്ക്കു് അല്പം നിറുത്തി. "വേണ്ട. നീ ശപഥം ചെയ്യേണ്ട ആവശ്യമില്ല. നീ എനിക്കു വാക്കു തന്നുവല്ലൊ. തൻെറ വാഗ്ദാനത്തിൻെറ പവിത്രതയിൽ നിനക്കു ശ്രദ്ധയുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു." ഇത്രയും പറഞ്ഞിട്ടു് ചിത്രലേഖ മൂന്നാമതും പാത്രംനിറയെ മദ്യം പകൎന്നു ശ്വേതാങ്കൻെറ ചുണ്ടുകളോടടുപ്പിച്ചു.

ശ്വേതാങ്കൻെറ മിഴികളടഞ്ഞു. അയാൾക്കു് എന്തോ ഒരപൂർവസുഖത്തിൻെറ അനുഭൂതിയുണ്ടായി. മദ്യം കുടിച്ചിട്ടു് അയാൾ പറഞ്ഞു—"ദേവീ! ഞാൻ സദാ ഭവതിയെ പൂജിച്ചുവരികയാണു്. എൻെറ ജീവിതത്തിനു് ഭവതിയുടെ ജീവിതവുമായി അഗാധമായ ബന്ധമുണ്ടു്. ഭവതി എൻെറ സ്വാമിനിയാണു്. ഞാൻ ഭവതിയുടെ ദാസനും. ഭവതിയുടെ ഓരോ വാക്കും എനിക്കു വേദവാക്യമാണു്. ഇതു ഭവതി വിശ്വസിക്കണം. എൻെറ വാഗ്ദാനത്തിൻെറ പവിത്രതയെപ്പററി എനിക്കിത്രയേ പറയാനുള്ളു. ഞാൻ ഭീരുവല്ല."

ശ്വേതാങ്കൻ എഴുന്നേററു. ചിത്രലേഖ ചോദിച്ചു—"ഇന്നു ഞാൻ നിന്നെ വീട്ടെത്തിക്കാൻ വ്യവസ്ഥ ചെയ്യേണമോ?"

"വേണ്ട." ശ്വേതാങ്കൻെറ സ്വരത്തിൽ മദ്യലഹരിയുടെ വിറയലില്ലായിരുന്നു. അയാളുടെ പ്രജ്ഞയും നശിച്ചിട്ടില്ലായിരുന്നു—"എനിക്കിപ്പോഴും ബോധമുണ്ട്. എപ്പോഴും ഞാൻ ബോധവാനായിരിക്കുകയും ചെയ്യും"—ഇത്രയും പറഞ്ഞിട്ട് ശ്വേതാങ്കൻ അവിടെനിന്നു് യാത്രയായി.

ശ്വേതാങ്കൻ ഗൃഹത്തിൽ തിരിച്ചെത്തിയപ്പോൾ ബീജഗുപ്തൻെറ അദ്ധ്യയനമുറിയിൽ വെളിച്ചമുള്ളതായി കണ്ടു. പരിചാരിക വന്നു പറഞ്ഞു—"സ്വാമി അവിടത്തെ പ്രതീക്ഷിച്ചിരിക്കുകയാണു്."

ശ്വേതാങ്കൻ അദ്ധ്യയനമുറിയിൽ പ്രവേശിച്ചു. ബീജഗുപ്തൻ അവിടെ എന്തോ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ശ്വേതാങ്കൻ ഇന്നോളം ബീജഗുപ്തനെ ചിന്താധീനനായി കണ്ടിട്ടില്ല. ബീജഗുപ്തൻെറ മുമ്പിൽ ഒഴിഞ്ഞ പാനപാത്രവും നിലയില്ലാത്ത ചിന്താസമുദ്രവുമാണുണ്ടായിരുന്നതു്. ഭാവനയുടെ ഉദ്യാനത്തിൽ ഭയത്തിൻെറ ചുട്ടുകാററു് ആഞ്ഞടിച്ചുകൊണ്ടിരുന്നു. സുഖസാമ്രാജ്യത്തിൽ ദുഃഖത്തിൻെറ വിപ്ലവം. ശ്വേതാങ്കനെ കണ്ട മാത്രയിൽ ബീജഗുപ്തനു് ഉറക്കത്തിൽ ഞെട്ടിയുണർന്ന അനുഭവമുണ്ടായി. "നീ വന്നോ? വളരെ വൈകിയല്ലോ."

ശ്വേതാങ്കൻ ഇരുന്നു. കൂജയിൽനിന്നു് തണുത്ത ജലം പാനപാത്രത്തിൽ പകർന്നു് ഒററ മൂച്ചിൽ മുഴുവനും കുടിച്ചു തീർത്തു.

അല്പനേരം ഉത്തരം പ്രതീക്ഷിച്ചിരുന്നിട്ട് ബീജഗുപ്തൻ വീണ്ടും പറഞ്ഞു—

"ശ്വേതാങ്കാ! നീ എൻെറ ചോദ്യത്തിനുത്തരം പറഞ്ഞില്ലല്ലോ! എന്താണു കാരണം.?"

"അതെ, സ്വാമീ! സ്വാമിനിയെ പ്രതീക്ഷിച്ചാണു് ഞാനിത്ര വൈകിയതു്."

"ചിത്രലേഖയെ പ്രതീക്ഷിച്ചോ?" ബീജഗുപ്തൻ സൂക്ഷ്മതയോടുകൂടി ഇരുന്നു. "എന്താണു പറഞ്ഞതു്? നീ ചിത്രലേഖ

യുടെ ഗൃഹത്തിൽ ചെന്നപ്പോൾ അവൾ അവിടെയില്ലായിരുന്നോ?"

ശ്വേതാങ്കൻ അറച്ചുനിന്നു. അയാൾക്കു് തൻെറ ആണയും സത്യവും ഓർമ്മവന്നു. "സ്വാമിയുടെ അഭ്യൂഹം ശരിയാണു്. ചിത്രലേഖ സ്വഗൃഹത്തിലില്ലായിരുന്നു."

ശ്വേതാങ്കൻ അറച്ചറച്ചുത്തരം പറയുന്നതു് ബീജഗുപ്തനു മനസ്സിലായി. അയാൾ വീണ്ടും ചോദിച്ചു—"അവൾ എവിടെ പോയിരുന്നുവെന്നു് നിന്നോടു പറഞ്ഞിട്ടുണ്ടാവുമല്ലൊ."

ശ്വേതാങ്കൻെറ ഹൃദയത്തിൽ ചില വാദപ്രതിവാദങ്ങൾ നടന്നു. ഒരു തീരുമാനത്തിലെത്താനുള്ള സമയവുമില്ലായിരുന്നു.അയാൾ കൂസൽ കൂടാതെ ഉത്തരം പറഞ്ഞു—"സ്വാമിനി ഒന്നും പറഞ്ഞില്ല. പക്ഷേ അവക്കു മന്ത്രി ചാണക്യൻെറ ഗൃഹത്തിലേക്കു് ക്ഷണമുണ്ടായിരുന്നു എന്നു തോന്നുന്നു."

ബീജഗുപ്തൻെറ ഹൃദയത്തിൽനിന്നു് ഒരു ഭാരമൊഴിഞ്ഞതുപോലെ തോന്നി. അയാളുടെ മനസ്സിൽ എങ്ങിനെയാണെന്നറിഞ്ഞില്ല, ചിത്രലേഖ ഒരുപക്ഷേ കുമാരഗിരിയുടെ അടുത്തു പോയിട്ടുണ്ടാവുമെന്നൊരു തോന്നൽ കടന്നു കൂടിയിരുന്നു. ശ്വേതാങ്കൻെറ ഈ ഉത്തരംകൊണ്ടു് ആ ശങ്ക നീങ്ങി. അയാൾ വീണ്ടും ചോദിച്ചു—"നീ ചിത്രലേഖക്കു് അഭിനന്ദനങ്ങൾ നൽകിയോ?"

"അതെ" ശ്വേതാങ്കൻ സാവധാനത്തിൽ മറുപടി പറഞ്ഞു. "എന്നാൽ ചിത്രലേഖ പറഞ്ഞു, അവർ അഭിനന്ദനപാത്രമല്ലെന്നു്. സ്വന്തം വിജയത്തിൽ അഭിമാനമോ അതുകൊണ്ടുള്ള സുഖാനുഭൂതിയോ അവക്കില്ലായിരുന്നു. ഇതുകണ്ടു് എനിക്കു് ആശ്ചര്യംതോന്നി. ചിത്രലേഖക്കു് തൻെറ വിജയത്തിൽ ദുഃഖമേയുള്ളു."

ബീജഗുപ്തൻ പുഞ്ചിരി തൂകി. എന്നാൽ ആ പുഞ്ചിരിയിൽ ദൈന്യത്തിൻെറ ഒരു നിലയില്ലാത്ത സമുദ്രം ഒളിഞ്ഞുകിടപ്പുണ്ടായിരുന്നു.—"ഞാൻ നിന്നോടു് എന്തു പറഞ്ഞു! ചിത്രലേഖ തൻെറ വിജയത്തെ അംഗീകരിക്കാതിരിക്കുന്നതുതന്നെ അവൾക്കു പരാജയം സംഭവിച്ചുപോയി എന്ന വസ്തുതയെയല്ലെ തെളിയിക്കുന്നതു്?"

"അവിടത്തെ ആശയം എനിക്കു് ഏതാണ്ടൊക്കെ മനസ്സിലാകുന്നുണ്ടു്."

"ഏതാണ്ടൊക്കെ മനസ്സിലാകുന്നതിൽ ഒരത്ഥവും കാണുകയില്ല. കഴിയുമെങ്കിൽ പൂണ്ണമായി മനസ്സിലാക്കണം. അല്ലെങ്കിൽ ഒട്ടും അരുതു്." ബീജഗുപ്തൻ എഴുന്നേററു.

"ശ്വേതാങ്കാ! ഓമ്മിച്ചുകൊള്ളൂ. മനുഷ്യൻ സ്വതന്ത്രചിന്തകളുള്ളവനാണെങ്കിലും പരിതഃസ്ഥിതികൾക്കടിമയാണു്. പിന്നെ ഈ പരിതഃസ്ഥിതിചക്രം എന്നു പറയുന്നതെന്താണെന്നോ? പൂവ്വജന്മത്തിലെ കമ്മഫലങ്ങളുടെ ഒരു വ്യവസ്ഥാക്രമം. മനുഷ്യനു വിജയസാദ്ധ്യതയുള്ളതു് പരിതഃസ്ഥിതികളുടെ ചക്രംചുററലിൽപെട്ടു് സ്വയം കറങ്ങിതിരിഞ്ഞുപോകാതെ കൃത്യാകൃത്യബോധംകൊണ്ടു് അവയെ ജയിക്കുന്നേടത്തു മാത്രമാണു്. ചിത്രലേഖ പരിതഃസ്ഥിതിചക്രത്തിൽ വീണുകഴിഞ്ഞു. അവളുടെ ജീവിതത്തിൽ കുമാരഗിരി കുറുക്കിടുന്നതു് അവൾക്കാപത്താണു്. അവൾ കുമാരഗിരിയുടെ ജീവിതത്തിൽ കുറുക്കിടുന്നതു് അദ്ദേഹത്തിനും ആപൽക്കരമാണു്. ഭാഗ്യക്കേടിനു് രണ്ടുപേരും അവരവരുടെ സാധനകൾക്കു ഭ്രംശം വരുത്തുന്നതിനു് സ്വയം അറിയാതെതന്നെ ഓരോരുത്തരുടേയും ജീവിതത്തിൽ പരസ്പരം കടന്നു കൂടിയിരിക്കുകയാണു്. അവരെ സഹായിക്കാൻ ഈശ്വരനേ കഴിയൂ."

## അദ്ധ്യായം എട്ടു്

മഹാസമുദ്രത്തിൻെറ പ്രശാന്ത വക്ഷസ്ഥലത്തിൽ ഭയങ്കരമായ കൊടുങ്കാററുത്ഭവിക്കുന്നതിനുമുമ്പു് അതിൽ ഒരു വലിയ നിശ്ചലത വ്യാപിച്ചിരിക്കും. അപ്പോൾ വായുമണ്ഡലം ഉഗ്രമാകുന്നു. അന്തരീക്ഷം മുഴവനും വരാൻ പോകുന്ന കോളിളക്കത്തിൻെറ ആശങ്കപോലുമില്ലാതെ ശൂന്യപ്രായമായി കാണപ്പെടുന്നു.

അതിനുശേഷം? വായുവിൻെറ പ്രചണ്ഡമായ അലയടി. തിരമാലകളുടെ താണ്ഡവനൃത്തവും വിപ്ലവഗാനവും.

അഗ്നിപർവ്വതം പൊട്ടുന്നതിനുമുമ്പ് ആകാശദേശത്തിൽ അടക്കിപ്പിടിച്ച ഒരു അസ്വസ്ഥത വ്യാപിക്കുന്നു. അതിന്റെ നീലവർണ്ണം മങ്ങിപ്പോകുന്നു. വിനാശത്തിൻെറ ഭയംകൊണ്ട് വിയന്മണ്ഡലത്തിൽനിന്നു് വായു ഒഴിഞ്ഞുനീങ്ങുന്നു.

അതിനുശേഷം അഗ്നിജ്വാലകൾ. പിന്നെ വിനാശം.

ചിത്രലേഖയുടെ രഥം ബീജഗുപ്തൻെറ മാളികവാതിലിൽ വന്നുനിന്നു. അപ്പോൾ സമയം സന്ധ്യയായി. പകൽ നേരത്തെ ഉഗ്രമായ ചൂട് ശമിച്ചശേഷം പാടലീപുത്രത്തിലെ നിരത്തുകളിൽ സാമന്തന്മാരുടെ രഥങ്ങൾ പ്രത്യക്ഷപ്പെട്ടു. പൂക്കാരി യുവതികൾ സാമന്തന്മാരെ പുഷ്പമാല്യങ്ങൾ അണിയിച്ചുകൊണ്ടിരുന്നു—സൗരഭ്യവും ശൈത്യവും നിറഞ്ഞ പാനപാത്രങ്ങൾ യുവതീയുവാക്കന്മാരുടെ അധരങ്ങളെ ചുംബിച്ചു. എങ്ങോട്ടു നോക്കിയാലും ഉല്ലാസത്തിൻെറ വിലാസരംഗം!

രാജവീഥി ആ സമയത്തു് ഒരുത്സവകേന്ദ്രമായി പരിണമിച്ചതുപോലിരുന്നു. രത്നവ്യാപാരികളുടെ കടകൾക്കു മുമ്പിൽ യുവതികൾ കോലമിട്ടുകൊണ്ടിരുന്നു. താംബൂല വിപണികളുടെ മുമ്പിൽ യുവാക്കന്മാരും. ബീജഗുപ്തനും ആ ജനസമൂഹത്തിലെ ഒരംഗമായിത്തീർന്നു.

ശ്വേതാങ്കൻ അപ്പോൾ പുറത്തെവിടെയോ പോകാൻ ഒരുങ്ങുകയായിരുന്നു. അയാളുടെ രഥം മാളികയ്ക്കു വെളിയിൽ നിന്നിരുന്നു. പരിചാരിക അയാളെ വസ്ത്രമണിയിച്ചുകൊണ്ടിരുന്നു. ദ്വാരപാലകൻ വന്നു് അറിയിച്ചു: "പ്രഭോ! സ്വാമിനിയുടെ രഥം വാതിൽക്കൽ അങ്ങയെ പ്രതീക്ഷിച്ചു നിൽക്കുകയാണു്."

ശ്വേതാങ്കൻ പരിഭ്രമിച്ചുപോയി. ആ സമയത്തു് ബീജഗുപ്തൻെറ അഭാവം അയാൾക്കു് ദുസ്സഹമായിത്തോന്നി. അയാൾ നേരത്തേതന്നെ പാപം ചെയ്തിരിക്കുകയാണു്. ഒരു പക്ഷേ ഇനിയും കൂടുതൽ പാപങ്ങൾ ചെയ്യേണ്ടിവന്നേയ്ക്കും. അതിനു് അയാൾ ഒരുക്കമല്ലായിരുന്നു. എങ്കിലും ശ്വേതാ

ങ്കൻ ഉത്തരം പറഞ്ഞു—"ഞാൻ വേഗം വരുന്നുണ്ട് എന്നു പറയൂ."

ശ്വേതാങ്കൻ പുറത്തിറങ്ങി. അപ്പോൾ അയാൾ അതീവസുന്ദരനായി കാണപ്പെട്ടു. അയാൾ ചിത്രലേഖയുടെ സമീപം ചെന്നു—"ദേവീ! എന്താണ് ഭവതിയുടെ ആജ്ഞ?"

തൻെറ സഹജമായ ചിരിയോടുകൂടി ചിത്രലേഖ ഉത്തരം പറഞ്ഞു—"ബീജഗുപ്തനെ കാണണമെന്നുണ്ടായിരുന്നു. ഒരുപക്ഷേ അദ്ദേഹം ഗൃഹത്തിലില്ലായിരിക്കാം."

ശ്വേതാങ്കനും ചിരിച്ചുകൊണ്ടുതന്നെ ഉത്തരം പറഞ്ഞു: "സ്വാമിനിയുടെ അനുമാനം ശരിയാണ്."

"അതുകൊണ്ടു നിന്നെത്തന്നെ കണ്ടുകളയാമെന്നു വിചാരിച്ചു."

"ദേവീ! ഭവതി ഈ ദാസനെ വളരെ അനുഗ്രഹിച്ചു. ഭവതിയുടെ പരിചരണത്തിനു ഞാൻ സദാ സന്നദ്ധനാണ്."

"ഇതിൻെറ ആവശ്യമൊന്നുമില്ല. ഇന്ന് കുറച്ചു മുഷിവു തോന്നി. അതുകൊണ്ട് ഈ ജനരവത്തിൽ വന്ന് മനസ്സിനു ഉന്മേഷം നൽകാമെന്നു വിചാരിച്ചു. ഒരു സവാരി ചെയ്യാമെന്ന ഉദ്ദേശ്യത്തോടെയാണ് പുറപ്പെട്ടതു്. ബീജഗുപ്തനെ കണ്ടില്ലെങ്കിൽ തരക്കേടൊന്നുമില്ല. നീയുണ്ടല്ലോ."

"വളരെ നന്ന്" എന്നു പറഞ്ഞ് ശ്വേതാങ്കൻ തൻ്റെ രഥത്തിനടുത്തു ചെന്നു. എന്നാൽ ചിത്രലേഖ ശ്വേതാങ്കൻ്റെ കൈയ്ക്കു പിടിച്ചു—"ഇല്ല. നീയും എന്നോടുകൂടി ഈ രഥത്തിൽതന്നെ വരണം."

മന്ത്രശക്തിക്കു വശംവദനായിട്ടെന്നവണ്ണം ശ്വേതാങ്കൻ ചിത്രലേഖയുടെ രഥത്തിൽ കയറി ഇരുന്നു. രഥം രാജമാർഗ്ഗത്തിലേയ്ക്കു പുറപ്പെട്ടു. ചിത്രലേഖ രഥത്തിൽ ഇരിക്കുകയായായിരുന്നു. കുതിരയുടെ കടിഞ്ഞാൺ ശ്വേതാങ്കൻ പിടിച്ചിരുന്നു. രാജമാർഗ്ഗത്തിലെത്തിയപ്പോൾ ചിത്രലേഖ ശ്വേതാങ്കൻെറ കൈയിൽനിന്നു കടിഞ്ഞാൺ വാങ്ങി. കുതിരകൾ വേഗത പൂണ്ടു. ഗർവ്വത്തോടുകൂടി തല ഉയർത്തിപ്പിടിച്ചുകൊണ്ട് അവ രാജമാർഗ്ഗത്തിലേയ്ക്കു കടന്നു. ഒരുപക്ഷേ പാട

ലീപുത്രത്തിലെ വലിയ വലിയ സാമന്തന്മാരെ സങ്കേതമാത്ര ത്താൽ തുള്ളിച്ചാടിക്കുന്ന ഒരു സ്ത്രീയാണു് തങ്ങളുടെ കടി ഞ്ഞാൺ പിടിച്ചിരിക്കുന്നതെന്നു് ആ കുതിരകൾക്കു മനസ്സി ലായിട്ടുണ്ടായിരിക്കണം. ചിത്രലേഖയുടെ രഥത്തെ കണ്ടു് വൻകിട സാമന്തന്മാരുടെ രഥങ്ങൾപോലും നിന്നു. ആളുകൾ അവളെ അഭിവാദ്യം ചെയ്യുതോടൊപ്പം പ്രശംസിക്കുകയും ചെയ്തു. എന്നാൽ അവൾ അവരുടെ പ്രശംസകളെയൊന്നും ഗണ്യമാക്കിയില്ല.

ചിത്രലേഖയുടെ ശരീരം പുഷ്പമാല്യങ്ങൾകൊണ്ടു് നിറഞ്ഞു. ഓരോ സാമന്തനും അവളുടെ നേക്കു് ഓരോ മാല എറിഞ്ഞുകൊടുത്തു. ചിത്രലേഖ അവയെ അണിഞ്ഞു കൊണ്ടു് അവരെ കൃതാത്ഥരാക്കിയിട്ടു് രഥത്തിൽ ആസന സ്ഥയായി. ചിത്രലേഖ അപ്പോൾ സാക്ഷാൽ പാവ്വതീദേ വിയുടെ വിഗ്രഹംപോലിരുന്നു. ആളുകൾ അവളെ ആദ രിച്ചു. അവളെ പൂജിച്ചു. രാജവീഥിയിലെ ആ വമ്പിച്ച ജനസഞ്ചയം ചിത്രലേഖയെ സ്വാഗതം ചെയ്യാൻ തടിച്ചുകൂ ടിയിരുന്നതുപോലെ തോന്നി.

എതിർദിക്കിൽനിന്നു് ഒരു രഥം വന്നു് ചിത്രലേഖ യുടെ രഥത്തിനു സമീപം നിന്നു. ചിത്രലേഖ അപ്പോൾ ഒരു യുവാവുമായി സംഭാഷണത്തിലേപ്പെട്ടിരിക്കുകയായി രുന്നു. മററെ രഥം നിന്ന ഉടൻതന്നെ അവളുടെ ശ്രദ്ധ അ ങ്ങോട്ടു തിരിഞ്ഞു. അവളുടെ പാശ്വത്തിൽ ബീജഗുപ്തൻ ചിരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു.

"ഇന്നു് രാജവീഥിയിൽ ചിത്രലേഖയെ കണ്ടിട്ടു് ആ ശ്ചയ്യം തോന്നുന്നു." "ഇന്നു് ബീജഗുപ്തനെ അദ്ദേഹത്തിന്റെ ഗൃഹത്തിൽ കാണാഞ്ഞിട്ടു് എനിക്കും ആശ്ചയ്യം തോന്നുന്നു."

രണ്ടു പേരുടെ വാക്കുകളിലും ഓരോ രഹസ്യം ഒളി ഞ്ഞുകിടപ്പുണ്ടായിരുന്നു. അതു രണ്ടു പേക്കും മനസ്സിലാവു കയും ചെയ്തു. ശ്വേതാങ്കൻ രഥം വിട്ടിറങ്ങി. ബീജഗുപ്തൻ പറഞ്ഞു: "ചിത്രലേഖയ്ക്കു് ബീജഗുപ്തൻെറ ഗൃഹത്തിലേയ്ക്കു് ഒരു ക്ഷണമുണ്ടു്—ഒരുപക്ഷേ ക്ഷണം നിരസിക്കപ്പെട്ടുകയി ല്ലായിരിക്കാം."

ചിത്രലേഖ ഉത്തരം പറഞ്ഞു—"ചിത്രലേഖ ബീജഗുപ്തന്റെ ക്ഷണം സസന്തോഷം സ്വീകരിക്കുന്നുണ്ട്." അപ്പോൾ സമയം സന്ധ്യ കഴിഞ്ഞിരുന്നു. രാജമാർഗ്ഗത്തിൽ വിളക്കുകൾ കത്തിത്തുടങ്ങി. ബീജഗുപ്തൻ തന്റെ രഥത്തിൽനിന്നിറങ്ങി, ചിത്രലേഖയുടെ രഥത്തിൽ കയറി ഇരുന്നു. കുതിരയുടെ കടിഞ്ഞാൺ അയാൾ വാങ്ങി. ശ്വേതാങ്കൻ ബീജഗുപ്തന്റെ രഥം ഓടിച്ചു.

രഥങ്ങൾ രണ്ടും ബീജഗുപ്തന്റെ ഗൃഹത്തിലേയ്ക്കു തിരിഞ്ഞു. ബീജഗുപ്തൻ പറഞ്ഞു: "ഭവതി എന്റെ ഗൃഹത്തിൽ വന്നപ്പോൾ ഞാനവിടെയില്ലാതിരുന്നതിൽ ഖേദിക്കുന്നു."

"ഖേദിക്കേണ്ട കാര്യമൊന്നുമില്ല." ചിത്രലേഖ മന്ദഹസിച്ചു—"കുററം എന്റേതാണ്. കാരണം ഞാൻ പതിവില്ലാത്ത സമയത്താണ് താങ്കളുടെ വീട്ടിൽ വന്നതു്. അതുകൊണ്ട് താങ്കൾ അവിടില്ലാതിരുന്നതു സ്വാഭാവികംതന്നെ."

ചിത്രലേഖ മൗനമവലംബിച്ചു. ബീജഗുപ്തനും മൗനം പാലിച്ചു. കുറച്ചുനേരംവരെ രണ്ടു പേരും ഉരിയാടിയില്ല. അതിനുശേഷം ബീജഗുപ്തൻ സംഭാഷണം തുടന്നു: "ചിത്രലേഖേ! ഏതാനും ദിവസങ്ങളായി എന്റെ മനസ്സ് അസ്വസ്ഥമായിരിക്കുകയാണ്. കാരണം എനിക്കുതന്നെ അറിയുകയില്ല. പല ദിവസങ്ങളായി ഭവതി എന്റെ ഗൃഹത്തിൽ വരുന്നില്ലല്ലോ. എന്താണ് കാരണം?"

ചിത്രലേഖ മുഖമുയർത്തി: "കാരണം ചോദിക്കുകയാണോ? വരാൻ തരമായില്ല. കാരണം, വരാൻ ആഗ്രഹമില്ലായിരുന്നു എന്നതുതന്നെ."

ബീജഗുപ്തൻ ഈ ഉത്തരം പ്രതീക്ഷിച്ചതല്ല. ചിത്രലേഖ മറെറന്തെങ്കിലും കാരണം പറയുമെന്നാണ് അയാൾ കരുതിയതു്. എന്നാൽ ഇത്ര സ്പഷ്ടവും യഥാർത്ഥവുമായ ഭാഷണം കേട്ട് അയാൾക്കു് ആശ്ചര്യവും കുറച്ചു ക്രോധവും തോന്നി. ക്രോധം തന്നോടുതന്നെ ആയിരുന്നു; എന്നാൽ ചിത്രലേഖയോടുമുണ്ടായി—"വരാൻ ആഗ്രഹമില്ലായിരുന്നു! ഇതിന്റെ കാരണമറിയാൻ എനിക്കധികാരമുണ്ടോ?"

ചിത്രലേഖ ബീജഗുപ്തന്റെ മുഖത്തേയ്ക്കു നോക്കി. അതിൽ ദൃഢതയും ഗാംഭീര്യവും കാണാമായിരുന്നു; ക്രോധത്തിന്റെ ഒരു നേരിയ ഛായയും യജമാനത്വത്തിന്റെ ഗരിമയും അതിൽ വ്യക്തമായിരുന്നു. ചിത്രലേഖയുടെ മുഖം ചുവന്നു. എന്നിട്ടും തന്റെ ഭാവഭേദങ്ങളെ നിയന്ത്രിച്ചുകൊണ്ടു് അവൾ പറഞ്ഞു:

"അധികാരമുണ്ടോ എന്നോ? എനിക്കിത്രമാത്രമറിയുകയില്ലായിരുന്നു. മനുഷ്യനു് മനുഷ്യന്റെ മേൽ എന്തധികാരമാണുള്ളതു്? ഇതു് എനിക്കു് ഒരിക്കലും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്നിട്ടും താങ്കൾ കാരണമറിയാൻ ആഗ്രഹിക്കുകയാണെങ്കിൽ കേട്ടുകൊള്ളുക—ഈയിടെയായി എന്റെ മനസ്സു് അസ്വസ്ഥമായിരിക്കുകയാണു്. ആ അസ്വസ്ഥതയിൽ ഞാൻ എന്നെയും എന്റെ ആളുകളെയും മറന്നുപോയി."

ഇതിനിടയിൽ രഥം ബീജഗുപ്തന്റെ വാതിൽക്കൽ വന്നുനിന്നു. ശ്വേതാങ്കൻ രഥത്തിൽനിന്നു് ഇറങ്ങി ബീജഗുപ്തനെയും ചിത്രലേഖയെയും ഇറങ്ങാൻ സഹായിച്ചു. മൂന്നുപേരും ബീജഗുപ്തന്റെ വിലാസഗൃഹത്തിൽ ചെന്നു. ശ്വേതാങ്കൻ അവിടെനിന്നും പോകാൻ ഭാവിച്ചു. അപ്പോൾ ബീജഗുപ്തൻ പറഞ്ഞു—"ശ്വേതാങ്കാ! നിൽക്കു. നീ പോകേണ്ട ആവശ്യമില്ല."

ചിത്രലേഖ പറഞ്ഞു—"ഇല്ല. ശ്വേതാങ്കൻ ഇവിടെ നിൽക്കേണ്ട ആവശ്യമില്ല."

"എന്നാൽ ശ്വേതാങ്കൻ ഇവിടെ ഉണ്ടായിരിക്കുന്നതുകൊണ്ടു് ആപത്തൊന്നും വരാനില്ല"—ബീജഗുപ്തൻ ചിരിച്ചു—"നേരെമറിച്ചു് ശ്വേതാങ്കനു് ഇതുകൊണ്ടു പ്രയോജനമുണ്ടു്! ഈ അനുഭവഹീനനു് എന്തെങ്കിലും കാര്യങ്ങൾ പഠിക്കാൻ സാധിച്ചേയ്ക്കും." ശ്വേതാങ്കൻ നിന്നു. ബീജഗുപ്തൻ അയാൾക്കു് മദ്യം നൽകാൻ ആംഗ്യം കാണിച്ചു.

ഇക്കാര്യം ശ്വേതാങ്കനു പരിചിതമായിക്കഴിഞ്ഞിരുന്നു. അയാൾ പാനപാത്രത്തിൽ മദ്യം പകർന്നു് ബീജഗുപ്തനു കൊ

ട്ടത്തു. അയാളും കുടിച്ചു. ശ്വേതാങ്കൻ കുറച്ചുകലെച്ചെന്നു് ഇരുന്നു.

ബീജഗുപ്തൻ സംഭാഷണമാരംഭിച്ചു: "അതെ! ഭവതി ഇപ്പോൾ പറഞ്ഞുവല്ലൊ, എന്തോ അസ്വസ്ഥതകൾകൊണ്ടു് ഭവതി ഭവതിയേയും ഭവതിയുടെ ആളുകളേയും മറന്നു പോയി എന്നു്; ഈ വിസ്മൃതിക്കു കാരണമായ അസ്വസ്ഥത വിചിത്രമായിരിക്കും."

ചിത്രലേഖ ചിരിച്ചു—"അപ്പോൾ ഞാൻ എൻെറ മാനസികവൃത്തികളെ അപഗ്രഥിച്ചു കാണിക്കുന്നതിനു് ബീജഗുപ്തൻ ശഠിക്കുകയാണെന്നു മനസ്സിലാക്കട്ടെയോ?"

"ഇല്ല, ഞാൻ ശഠിക്കുന്നില്ല. അറിയാനുള്ള ആഗ്രഹം കൊണ്ടു് ഞാൻ അപേക്ഷിക്കുകയാണു്."

"ബീജഗുപ്തൻ അങ്ങിനെ അപേക്ഷിക്കുകയാണെങ്കിൽ ആ അസ്വസ്ഥതയും അതിൻെറ കാരണവും രണ്ടും അസാധാരണമാണെന്നുമാത്രം അറിഞ്ഞിരുന്നാൽ മതി. അതിനെപ്പററി കൂടുതലായി എന്തെങ്കിലും പറയുന്നതിനു് ചിത്രലേഖ അശക്തയാണു്."

ബീജഗുപ്തൻ ശ്വേതാങ്കനെ നോക്കി. ശ്വേതാങ്കനും നിശ്ശബ്ദമായി ഈ സംഭാഷണത്തെ ശ്രവിച്ചുകൊണ്ടിരിക്കുകയായിരുന്നു. "ചിത്രലേഖ അശക്തയാണു്" ബീജഗുപ്തൻ പതുക്കെ പറഞ്ഞു—"നമ്മുടെ പരിചയത്തിനുശേഷം ഇദംപ്രഥമമായിട്ടാണു് ചിത്രലേഖ ബീജഗുപ്തനിൽനിന്നു് കാര്യങ്ങൾ ഒളിച്ചുവെയ്ക്കുന്നതു്. ചിത്രലേഖയുടെ ഹൃദയത്തിൽ കടന്നുകൂടിയിരിക്കുന്ന പരിവർത്തനം ബീജഗുപ്തനു് കുറേശ്ശെ മനസ്സിലാകുന്നുണ്ടു്."

മദ്യലഹരി അവിടെയുണ്ടായിരുന്ന ആളുകളിൽ അതിൻെറ പ്രതിക്രിയ ആരംഭിച്ചുകഴിഞ്ഞിരുന്നു. രണ്ടാമതൊരു പാത്രം തൻെറ ചുണ്ടുകളോടടുപ്പിച്ചുകൊണ്ടു് ചിത്രലേഖ പറഞ്ഞു—"പരിവർത്തനവിധേയമായ ഈ ലോകത്തു് ഏതൊരു വസ്തുവിലും മാററം സംഭവിച്ചുപോകുന്നതു് അസ്വാഭാവികമല്ലല്ലോ."

ബീജഗുപ്തൻ സ്തംഭിച്ചുനിന്നുപോയി. ഇങ്ങനെ ഒരു ഉത്തരം സ്വീകരിക്കാൻ അയാൾ തയ്യാറില്ലായിരുന്നു. "എന്തു പറഞ്ഞു? പരിവത്തനവിധേയമായ ഈ ലോകത്തു് ഏതൊരു വസ്തുവിലും മാററം സംഭവിച്ചുപോകുന്നതു് അസ്വാഭാവികമല്ലെന്നോ? അപ്പോൾ ചിത്രലേഖയുടെ പ്രേമവും മാറുന്നതാണെന്നാണോ ഞാൻ കരുതേണ്ടതു്?"

ചിത്രലേഖ താൻ പറഞ്ഞ കാര്യമോത്തു് സ്വയം പശ്ചാത്തപിക്കുകയായിരുന്നു. ഒന്നും ആലോചിക്കാതെയും അനന്തരഫലങ്ങളെപ്പററി ചിന്തിക്കാതെയും ആവേശത്തിൽ അവൾ അങ്ങിനെ പറഞ്ഞുപോയതാണു്. അതിനെപ്പററി ഇത്ര പ്രാധാന്യമുള്ള ഒരു ചോദ്യമുണ്ടാകുമെന്നു് അവൾ വിചാരിച്ചിരുന്നില്ല. അവൾ ധൈര്യമവലംബിച്ചുകൊണ്ടു പറഞ്ഞു: "ഇല്ല, ബീജഗുപ്തൻെറ അനുമാനം തെററാണു്. ചിത്രലേഖയുടെ പ്രേമം സമുദ്രംപോലെ ഗംഭീരമാണു്. അതു മാറുക എന്നതു് അസാദ്ധ്യം! എന്നാൽ അതേസമയം പ്രേമം പരിവത്തനത്തിനു് വിധേയമാണെന്നു ഞാൻ മനസ്സിലാക്കുകയും അതു ശരിയാണെന്നു കരുതുകയും ചെയ്യുന്നു. പ്രകൃതി നിയമം പ്രേമത്തിനും ബാധകമാകാവുന്നതാണല്ലോ."

പരുഷമെങ്കിലും ചിത്രലേഖ പറഞ്ഞതിൽ കുറച്ചു സത്യമുണ്ടായിരുന്നു—ബീജഗുപ്തനു് അതു മനസ്സിലാവുകയും ചെയ്തു. കാര്യം യഥാത്ഥമായിരുന്നു. അതു് പറഞ്ഞ സന്ദഭവും അനുയോജ്യമായിരുന്നു. ബീജഗുപ്തനും ചിത്രലേഖയും പരസ്പരം അകന്നുപോവുന്നതായി അയാൾക്കനുഭവപ്പെട്ടു. ഒരു അജ്ഞാതമായ ശക്തിയോ പ്രേരണയോ അവക്കിടയിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു.

"ചിത്രലേഖേ! ഭവതി തെററിദ്ധരിക്കുന്നു. പ്രേമത്തിന്റെ ബന്ധം ആത്മാവിനോടാണു്. പ്രകൃതിയോടല്ല. പ്രകൃതിയോടു ബന്ധപ്പെട്ട വസ്തു കാമമാണു്. കാരണം കാമത്തിൻെറ ബന്ധം ബാഹ്യമത്രെ. അതിന്റെ ലക്ഷ്യം പ്രകൃതിയുടെ കൃപകൊണ്ടു് സുന്ദരമായിട്ടുള്ള ശരീരം മാത്രമാണു്. പ്രേമം ആത്മാവിനോടാണുണ്ടാകുന്നതു്; ശരീരത്തോടല്ല. പരിവത്തനം പ്രകൃതിയുടെ നിയമമാണു്. ആത്മാവിൻേറതല്ല. ആത്മാവിൻെറ ബന്ധം അനശ്വരമാണു്."

ചിത്രലേഖ ചിരിച്ചു—"ആത്മാവിൻെറ ബന്ധം അനശ്വരമാണെന്നോ? വളരെ വിചിത്രമായിരിക്കുന്നു താങ്കൾ പറയുന്നതു്. ബീജഗുപ്താ! ജനനമുള്ളിടത്തു മരണവുമുണ്ടു്. മരണമില്ലാത്ത വസ്തു ജന്മരഹിതമാണു്. സൃഷ്ടിയുള്ളിടത്തു പ്രളയവുമുണ്ടായിരിക്കും. ആത്മാവു് ജന്മരഹിതമാണു്. അതുകൊണ്ടു് അതിനു മരണമില്ല; എന്നാൽ പ്രേമം ജന്മരഹിതമല്ല. ഒരു വ്യക്തിയോടു പ്രേമമുണ്ടാകുമ്പോൾ അവിടെ പ്രേമം ജനിക്കുകയാണു ചെയ്യുന്നതു്. ബന്ധമുണ്ടാവുക എന്നാൽ ബന്ധം ജനിക്കുക എന്നാണർത്ഥം. ആ ബന്ധം അനന്തമല്ല. എപ്പോഴെങ്കിലും ഒരിക്കൽ അതിനു് അറുതി വരികതന്നെ ചെയ്യും. പ്രേമത്തിനും കാമത്തിനും തമ്മിലുള്ള വ്യത്യാസമിതാണു്. കാമം ഭ്രാന്താണു്. അതു ക്ഷണികമാണു്. അതുകൊണ്ടു് കാമം ഭ്രാന്തിനോടുകൂടിത്തന്നെ അകന്നുപോകുന്നു. പ്രേമം ഗംഭീരമാണു്. അതിൻെറ നിലനില്പു് എളുപ്പത്തിൽ നശിക്കുന്നില്ല. ആത്മാവിൻെറ ബന്ധം അനാദിയല്ല ബീജഗുപ്താ!"

ചിത്രലേഖയുടെ താർക്കികശക്തി വളരെ പ്രബലമായിരിക്കുന്നതായി ബീജഗുപ്തൻ കണ്ടു. ബീജഗുപ്തൻെറ ഈ അസ്ത്രവും കുറിതെററി. അയാൾ പിടഞ്ഞുപോയി—"ഭവതി പറഞ്ഞതൊക്കെ ശരിയായിരിക്കാം. ഞാൻ അവയെ ഖണ്ഡിക്കുന്നില്ല. ഇതു് എൻെറ സ്വന്തം വിശ്വാസമാണു്. എന്നാൽ ഈയവസരത്തിൽ ഇത്രയുംകൂടി പറയുന്നതു് അനുചിതമാവുകയില്ല. അതായതു് ഉന്മാദത്തിനും ജ്ഞാനത്തിനും തമ്മിലുള്ള ബന്ധമാണു് കാമത്തിനും പ്രേമത്തിനും തമ്മിലുള്ളതു്. ഉന്മാദം അസ്ഥായിയും ജ്ഞാനം സ്ഥായിയുമാണു്. കുറച്ചു നേരത്തേയ്ക്കു ജ്ഞാനം മാഞ്ഞുപോയെന്നുവരാം. എന്നാൽ അതു നശിക്കുന്നില്ല. ഉന്മാദത്തിൻെറ പ്രഹാരംകൊണ്ടു് ജ്ഞാനം ലോപിച്ചുപോകുന്നതായി തോന്നും. എന്നാൽ ഉന്മാദം അവസാനിച്ച ഉടൻതന്നെ ജ്ഞാനം തല പൊക്കുന്നു. ജ്ഞാനം വിനാശരഹിതമല്ലെങ്കിൽ പ്രേമവും വിനാശരഹിതമല്ല; എന്നാൽ എൻെറ അഭിപ്രായത്തിൽ ജ്ഞാനം വിനാശരഹിതമാണു്. അതു് ഈശ്വരൻെറ ഒരംശമത്രെ. അതുപോലെ തന്നെ പ്രേമവും."

ചിത്രലേഖ അപ്പോൾ കിടന്നുകഴിഞ്ഞു. അവളുടെ കണ്ണുകൾ പാതി അടഞ്ഞിരുന്നു. സുന്ദരമായ അവളുടെ മുഖമണ്ഡലത്തിൽ ഉന്മാദം കളിയാടികൊണ്ടിരുന്നു. അവൾ എഴുന്നേററിരുന്നുകൊണ്ടു് പറഞ്ഞു—"ബീജഗുപ്താ! താങ്കൾ പറഞ്ഞതു ശരിയാണു്. എനിക്കു് എന്തോ ഭ്രമമായിരുന്നു. അതിൻെറ ആവരണത്തിൽ ഞാൻ എന്നെത്തന്നെ മറന്നുപോയി. ക്ഷമിക്കണം." ഇത്രയും പറഞ്ഞു് അവൾ ബീജഗുപ്തൻെറ കഴുത്തിൽ തൻെറ കരമപ്പിച്ചു.

ഇതുകണ്ടു് ശ്വേതാങ്കൻ എഴുന്നേററു. അപ്പോൾ ബീജഗുപ്തൻ പറഞ്ഞു: "ശ്വേതാങ്കാ! നിനക്കു പോകാം. രഥം ഇപ്പോൾ അഴിക്കേണ്ടതില്ല. ഇന്നു് എനിക്കു് ഒരു ക്ഷണനമുണ്ടു്. നിനക്കുമുണ്ടു്."

# അദ്ധ്യായം ഒമ്പതു്

ആര്യശ്രേഷ്ഠനായ മൃത്യുഞ്ജയൻ ജന്മത്താൽ ക്ഷത്രിയനായിരുന്നെങ്കിലും കർമ്മത്താൽ ബ്രാഹ്മണനായിരുന്നു. പാടലീപുത്രത്തിലെ ഈ വയോവൃദ്ധനായ സാമന്തൻെറ ഗൃഹത്തിൽ ആനന്ദാഘോഷങ്ങളുടെ സ്ഥാനത്തു് ത്യാഗവും വൈരാഗ്യവും ആധിപത്യം സ്ഥാപിച്ചിരുന്നു. ജനങ്ങൾ ആ ഗൃഹത്തെ വിദേഹരാജ്യത്തോടാണുപമിച്ചിരുന്നതു്. മൃത്യുഞ്ജയൻ ഈ ഉപമയ്ക്കർഹനുമായിരുന്നു. ആ നഗരത്തിനു മുഴുവൻ അദ്ദേഹം സുപരിചിതനായിരുന്നു. അദ്ദേഹത്തോടൊപ്പം വ്യക്തിമാഹാത്മ്യമുള്ളവർ അവിടെ എണ്ണപ്പെട്ട ചിലരേ ഉണ്ടായിരുന്നുള്ളു. ക്രീഡയും കോലാഹലവും നിറഞ്ഞ ജനരവമല്ല, നിരന്തരമായ ഉപാസനയുടേയും ധ്യാനത്തിൻേറതുമായ ഏകാന്തതയായിരുന്നു മൃത്യുഞ്ജയൻെറ കർമ്മമണ്ഡലം.

ഈ ഏകാന്തവാസിയായ ക്ഷത്രിയൻെറ കൈവശം ധനത്തിനും പ്രതാപത്തിനും കുറവുണ്ടായിരുന്നില്ല. നഗരത്തിലെ പ്രമുഖന്മാരായ സാമന്തന്മാരിൽ ഒരാളായി അദ്ദേഹം ഗണിക്കപ്പെട്ടിരുന്നു. രാജ്യസഭയിലും ഒരുയന്ന സ്ഥാനമാണു് അ

ദ്ദേഹം വഹിച്ചിരുന്നതു്. മൃത്യുഞ്ജയൻെറ പേരു കേട്ടാൽ തന്നെ ആളുകൾ തല കുനിക്കും. അദ്ദേഹത്തിൻെറ മുമ്പിൽ വന്ന ഉടൻതന്നെ അവരുടെ ഹൃദയങ്ങളിൽ ഭക്ത്യാദരങ്ങൾ ഉറവെട്ടുകും. അദ്ദേഹത്തിൻെറ സാധനാശക്തി മഹത്താ യിരുന്നു. മൃത്യുഞ്ജയനിൽ ആജ്ഞാബലവും ആദ്ധ്യാത്മിക ത്തിൻെറ പ്രകാശവുമുണ്ടായിരുന്നു.

മൃത്യുഞ്ജയനു പുത്രന്മാരില്ലായിരുന്നു; ഏകസന്താനമായി ഉണ്ടായിരുന്നതു് ഒരു പുത്രിയായിരുന്നു. യശോധര എന്നാ യിരുന്നു അവളുടെ പേരു്. ഏകസന്താനമായതുകൊണ്ടു് മൃത്യുഞ്ജയനു് യശോധരയോടു് അളവററ സ്നേഹമായിരുന്നു. അക്കാലത്തു് യശോധരയ്ക്കു പതിനെട്ടു വയസ്സു തികഞ്ഞി രുന്നു. യശോധരയുടെ യൗവനത്തിൻെറ വികസ്വരവേളയും മൃത്യുഞ്ജയൻെറ ജീവിതത്തിൻെറ ക്ഷീണകാലവുമായിരുന്നു. അളവില്ലാത്ത ധനത്തിനധീശ്വരിയായ യശോധരയെ വി വാഹം കഴിക്കാൻ അക്കാലത്തു് ഓരോ യുവാവും തയ്യാറായ തു് സ്വാഭാവികമായിരുന്നു. പോരെങ്കിൽ യശോധര സു ന്ദരിയുമായിരുന്നു. അവളുടെ പ്രശാന്തമായ മുഖമണ്ഡലത്തിൽ നിഷ്കളങ്കത ആധിപത്യം ഉറപ്പിച്ചിരുന്നു. അവളുടെ ചി രിയുടെ മൃദുത്ധംകാരത്തിൽ യൗവനത്തോടു പരാജയപ്പെട്ട ബാല്യകാലമാണു് അഭയം പ്രാപിച്ചിരുന്നതു്. ഏണമിഴി കൾ പോലുള്ള അവളുടെ ആ വലിയ കണ്ണുകളിൽ സങ്കോ ചവും പ്രസാദയുക്തമായ അരുണ കപോലങ്ങളിൽ ലജ്ജയും സ്ഥലം പിടിച്ചിരുന്നു. യശോധരയുടെ യൗവനം അമൃതത്തി ൻെറയും ഉല്ലാസത്തിൻെറയും സമ്മിശ്രണമായിരുന്നു. അതിൽ അഹന്തയുടെ സ്വേച്ഛാചാരിതയല്ല, ലജ്ജയുടെ പ്രശാന്തത യാണു് കുടികൊണ്ടിരുന്നതു്.

വൃദ്ധനായ മൃത്യുഞ്ജയൻ യശോധരയ്ക്കു് വരനെ അന്വേ ഷിച്ചുതുടങ്ങി. യാദൃച്ഛികമായി അദ്ദേഹത്തിൻെറ ദൃഷ്ടി ബീജഗുപ്തനിൽ പതിഞ്ഞു. ബീജഗുപ്തൻ വിവാഹിതനാ യിരുന്നില്ല. അയാൾ അഭിജാതകുലജാതനായ ഒരു യുവാ വായിരുന്നു. മൃത്യുഞ്ജയൻെറ അഭ്യുദയകാംക്ഷികൾ—ആ അ ഭ്യുദയകാംക്ഷികളിൽ യശോധരയെ തൻെറ പുത്രനെക്കൊണ്ടു വിവാഹം കഴിപ്പിക്കാൻ ആഗ്രഹിക്കുന്നവരുമുണ്ടായിരുന്നു—

ഒരിക്കലല്ല, പലതവണ ബീജഗുപ്തനും ചിത്രലേഖയുമായുള്ള ബന്ധത്തെ വർണ്ണിച്ചു കേൾപ്പിച്ചിട്ടുണ്ടു്; എന്നാൽ വയോവൃദ്ധനും അനുഭവജ്ഞനുമായ മൃത്യുഞ്ജയന്റെ ഉത്തരം ഇതായിരുന്നു—"ബീജഗുപ്തനു് ഇപ്പോൾ യൗവനോന്മാദത്തിന്റെ കാലമാണു്. ഭാവി അയാളുടെ മുമ്പിൽ നീണ്ടുനിവന്നു കിടപ്പുണ്ടു്. ബീജഗുപ്തൻ വേണ്ടത്ര വിദ്യാസമ്പന്നനുമാണു്. ഇപ്പോൾ അയാൾ അനുഭവത്തിന്റെ സമുദ്രത്തിൽ നീന്തിത്തുടിച്ചു കിടക്കുകയാണു്."

അന്നു് ബീജഗുപ്തൻ മൃത്യുഞ്ജയന്റെ ഗൃഹത്തിൽ ക്ഷണിക്കപ്പെട്ടിരുന്നു. യശോധരയുടെ ജന്മദിനം പ്രമാണിച്ചു് അവിടെ ഒരു വലിയ ഉത്സവമായിരുന്നു. യശോധര ഒരു ബാലികയായിരുന്നപ്പോൾ ബീജഗുപ്തൻ അവളെ ഒന്നോ രണ്ടോ തവണ കണ്ടിട്ടുണ്ടു്. മൃത്യുഞ്ജയനുമായി അയാൾക്കു വിശേഷിച്ചു പരിചയമൊന്നുമില്ലായിരുന്നു. അന്നു മൃത്യുഞ്ജയന്റെ ക്ഷണനം കിട്ടിയപ്പോൾ ബീജഗുപ്തനു് വലിയ ആശ്ചര്യം തോന്നി. അതിനെക്കാൾ ആശ്ചര്യം തോന്നിയതു് അയാളോടുകൂടി ചിത്രലേഖയേയും ക്ഷണിച്ചിരിക്കുന്നതായി ക്ഷണനക്കത്തിൽ കണ്ടതിലായിരുന്നു.

ബീജഗുപ്തൻ ചിത്രലേഖയെ വിളിച്ചുപറഞ്ഞു—"ചിത്രലേഖേ! ഒരു വിചിത്ര സംഭവമുണ്ടായിരിക്കുന്നു. ഭവതിക്കു് വയോവൃദ്ധനായ മൃത്യുഞ്ജയനെ അറിയാമോ?"

"അതെ. അറിയാം."

"ഒരുപക്ഷേ അദ്ദേഹത്തിന്റെ മകൾ യശോധരയേയും അറിയുമായിരിക്കും."

അല്പം ആലോചിച്ചിട്ടു് ചിത്രലേഖ പറഞ്ഞു—"അതെ, അവളെ ഞാൻ ഒന്നോ രണ്ടോ തവണ കണ്ടിട്ടുണ്ടു്."

"യശോധരയുടെ ജന്മദിനം പ്രമാണിച്ചു് ഇന്നു മൃത്യുഞ്ജയന്റെ ഗൃഹത്തിൽ നടക്കുന്ന ആഘോഷങ്ങളിൽ പങ്കുകൊള്ളാൻ എനിക്കു ക്ഷണനമുണ്ടു്. മൃത്യുഞ്ജയനെ എനിക്കത്ര പരിചയമില്ല. അതുകൊണ്ടു് ഈ ക്ഷണനക്കത്തു കണ്ടപ്പോൾ എനിക്കാശ്ചര്യമാണു തോന്നിയതു്. അതിനേക്കാൾ ആശ്ചര്യം തോന്നിയതു് എന്നോടുകൂടി ഭവതിയേയും ക്ഷണിച്ചിരി

ക്കുന്നതായി കണ്ടപ്പോഴാണ്. ഞാൻ മൂലമാണ് ഭവതിക്കു ഈ ക്ഷണനം കിട്ടിയിരിക്കുന്നതു്.''

''ഇതിൻെറ അത്ഥം ഞാൻ കൂടെ വരുന്നതു് അനുചിതമാണെന്നാണ്.''

''അല്ല ചിത്രലേഖേ! ഭവതിക്കു് ഞാൻ മൂലമാണ് ക്ഷണനം കിട്ടിയിരിക്കുന്നതു്; എന്നോടുകൂടെ വരുന്നതിനു്. ഭവതി വരുന്നതു് ഉചിതം തന്നെയാണ്. കാരണം സമുദായം എൻെറയും ഭവതിയുടെയും ബന്ധത്തെ പവിത്രമായി കരുതുന്നു.''

ചിത്രലേഖ അല്പനേരത്തെ മൗനത്തിനുശേഷം പറഞ്ഞു. ''ബീജഗുപ്താ! ഞാൻ ഉയന്ന കുടുംബങ്ങളിലെ ആഘോഷങ്ങളിൽ കേവലം ഒരു നത്തകി എന്ന നിലയ്ക്കാണ് പങ്കുകൊള്ളുക പതിവു്. കുലീനസ്ത്രീകൾ എന്നെ അപമാനിക്കാൻ വളരെ സാദ്ധ്യതയുണ്ട്. ഒരുപക്ഷേ അത്തരം ഒരു സന്ദർഭമുണ്ടായാൽ എന്താണു ചെയ്യേണ്ടതെന്നു് എനിക്കറിയുകയില്ല.''

ബീജഗുപ്തനു് ചിരിവന്നു.—''എന്നോടുകൂടി വരുമ്പോൾ ഭവതിയെ അവമാനിക്കാൻ ആക്കും ധൈയ്യമുണ്ടാവുകയില്ല. ഇതു ഭവതി വിശ്വസിക്കണം.'' എന്നു പറഞ്ഞു് അയാൾ ശ്വേതാങ്കനെ വിളിച്ചു.

ശ്വേതാങ്കനോടുകൂടി രണ്ടാളും പുറത്തിറങ്ങി. ബീജഗുപ്തൻെറ രഥത്തിൽ അവർ രണ്ടുപേരും കയറിയിരുന്നു. ശ്വേതാങ്കൻ കുതിരയുടെ കടിഞ്ഞാൺ കൈയിലെടുത്തു.

നിർദ്ദിഷ്ടസമയത്തുതന്നെ അതിഥികൾ മൃത്യുഞ്ജയൻെറ ഗൃഹത്തിലെത്തിച്ചേന്നു. പരിചാരിക ഉച്ചത്തിൽ വിളിച്ചു പറഞ്ഞു—''മഹാസാമന്തനായ ബീജഗുപ്തൻെറ രഥം വാതില്ക്കൽ വന്നിരിക്കുന്നു.'' യശോധരയോടുകൂടി മൃത്യുഞ്ജയൻ വാതിൽക്കലെത്തി. മൃത്യുഞ്ജയൻ ബീജഗുപ്തനെ സ്വാഗതം ചെയ്തു. യശോധര ചിത്രലേഖയേയും. ബീജഗുപ്തനും ചിത്രലേഖയും വന്ന ഉടൻതന്നെ അവിടെ കൂടിയിരുന്നവർ എല്ലാപേരും ഹർഷാരവം മുഴക്കി. ചിത്രലേഖ യശോധരയോടുകൂടി സ്ത്രീകളിരിക്കുന്നേടത്തുപോയി. ബീജഗുപ്തൻ മൃത്യുഞ്ജയൻെറ അരികിൽ ആസനസ്ഥനായി.

യശോധരയെക്കണ്ടു് ചിത്രലേഖ അത്ഭുതപരതന്ത്രയായി പ്പോയി. അവൾക്കു് ഇന്നോളം തൻെറ സൗന്ദര്യത്തെക്കുറിച്ചു് അഹങ്കാരവും ആത്മവിശ്വാസവുമാണുണ്ടായിരുന്നതു്. എന്നാൽ യശോധര ക്ഷണനേരംകൊണ്ടു് അവളുടെ ഗർവ്വിനെ ഇല്ലാശ്യ ചെയ്തുകളഞ്ഞു. ആത്മവിശ്വാസത്തെ പറിച്ചു നീക്കി. യശോധര ആദരവോടുകൂടി ചിത്രലേഖയ്ക്കു് ഇരിക്കാൻ ആസനം നൽകി. അവളും ചിത്രലേഖയുടെ അടുത്തിരുന്നു. യശോധര ചിത്രലേഖയുടെ അരികത്തിരിക്കുന്നതും അവളെ ആദരിക്കുന്നതും മററുള്ള സ്ത്രീകൾക്കു് അത്ര രസിച്ചില്ല.

ബാല്യകാലത്തു് യശോധര ചിത്രലേഖയുടെ നൃത്തം കണ്ടിട്ടുണ്ടു്. അതു് അവളെ സ്വാധീനപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഇന്നു് അവൾ ചിത്രലേഖയോടുകൂടി ഇരിക്കണമെന്നതു് അവളുടെ അച്ഛൻെറ നിർദ്ദേശമായിരുന്നു. ഇതു യശോധരയ്ക്കു് ഇഷ്ടമാവുകയും ചെയ്തു.

സാമന്തയുവതികൾ ചിത്രലേഖയെ വലയംചെയ്തു. ചിലർ ചിരിച്ചു; മററുചിലർ അവളെ പരിഹസിച്ചു. എന്നാൽ ചിത്രലേഖയ്ക്കു് അതുകൊണ്ടൊന്നും ഒരു ശുണ്ഠിയും തോന്നിയില്ല. അവൾക്കു തൻെറ സ്ഥിതി നല്ലവണ്ണമറിയാമായിരുന്നു. അവളുടെ അടുത്തു നിന്നിരുന്ന ഒരു വലിയ സാമന്തപത്നി പറഞ്ഞു—“ഇന്നു നർത്തകി ചിത്രലേഖ ഞങ്ങളോടു സമത്വം ഭാവിച്ചുകൊണ്ടു് ഞങ്ങളുടെ കൂട്ടത്തിൽ വന്നതിനു് അവൾക്കു് അഭിനന്ദനങ്ങൾ!”

അവളുടെ ഈ വാക്കുകളേക്കാൾ പരുഷമായിരുന്നു ചിത്രലേഖ നൽകിയ ഉത്തരം—“സ്വന്തം സൗന്ദര്യത്തിൻെറ ബലംകൊണ്ടു് ഒരു സ്വാഗതം ചെയ്യിക്കുന്നതിനു് അഭിമാനികളായ സ്ത്രീകളെ ബാധ്യസ്ഥയാക്കിയ ഒരു യുവതിക്കു് അഭിനന്ദനത്തിൻെറ ആവശ്യമേയില്ല.”

സ്ത്രീകൾ പരസ്പരം നോക്കി നിലയായി. ചിത്രലേഖയുടെ വാക്കുകളുടെ പ്രതികരണം അവിടെ കൂടിയിരുന്ന പുരുഷന്മാരിലും കടന്നുകൂടി. ബീജഗുപ്തൻ ആ ദിക്കിലേക്കു തിരിഞ്ഞുനോക്കി. ചിത്രലേഖ അവമാനിതയാകാനിടയുണ്ടെന്നു് ബീജഗുപ്തൻ ശങ്കിച്ചിരുന്നു. ഈ ഉത്തരവും പ്രത്യുത്തരവും അ

യാളുടെ ശങ്കയെ ഒന്നുകൂടി പ്രബലമാക്കി. "എന്താണു സംഗതി?" കോപം കൊണ്ടു ചുവന്നിരുന്ന ചിത്രലേഖയുടെ മുഖം ശാന്തമായി—"ഒന്നുമില്ല. ഞങ്ങൾ ഇങ്ങനെ പരസ്പരം ഓരോന്നു പറഞ്ഞു ചിരിക്കുകയായിരുന്നു" എന്നു പറഞ്ഞു് അവൾ ചിരിച്ചു.

ചിത്രലേഖയുടെ ഈ ഭാവപരിവൎത്തനത്തിൽ യശോധര മയങ്ങിപ്പോയി. ബീജഗുപ്തൻ പോയശേഷം അവൾ ചിത്രലേഖയോടു പറഞ്ഞു. "സോദരീ! താങ്കൾ ലോകവ്യവഹാരങ്ങളിൽ അതികുശലയാണല്ലോ."

"അതുകൊണ്ടാണു് ഞാൻ ഇത്ര സ്വാധീനശക്തിയുള്ളവളായിരിക്കുന്നതു്"—ചിത്രലേഖ ചിരിച്ചു.

ചിത്രലേഖയുടെ ചിരി ഒരു ഝംകാരനിനാദമുളവാക്കി. യുവജനസമൂഹത്തിൻെറ ദൃഷ്ടി അങ്ങോട്ടു തിരിഞ്ഞു. അവർ ബീജഗുപ്തനോടു പാടാൻ ആഗ്രഹം പ്രകടിപ്പിച്ചു.

ബീജഗുപ്തൻ വീണ കൈയിലെടുത്തു് വാഗീശ്വരി രാഗം ആലപിച്ചു. നാലുപാടും നിശ്ശബ്ദത വ്യാപിച്ചു. സ്ത്രീപുരുഷന്മാരെല്ലാപേരും മന്ത്രമുഗ്ദ്ധരായിട്ടെന്നവണ്ണം ബീജഗുപ്തന്റെ ഗാനാലാപം ശ്രവിച്ചുകൊണ്ടിരുന്നു. പാട്ടവസാനിച്ചു. അതിനുശേഷം മൃത്യുഞ്ജയൻ വീണ കൈയിലെടുത്തുകൊണ്ടു് യശോധരയ്ക്കു സങ്കേതം നൽകി. യശോധരയും വാഗീശ്വരി രാഗം പാടി. അവളുടെ പാട്ടവസാനിച്ചപ്പോൾ ബീജഗുപ്തൻെറ ഗാനത്തിനുമുമ്പിൽ അവൾ പാടിയതു് നിർജ്ജീവമായിപ്പോയി എന്നു് അതിഥികൾക്കു ബോധ്യമായി. ചിത്രലേഖയ്ക്കു് ആളുകളുടെ ഈ അഭിപ്രായഗതി മനസ്സിലായി. അവൾ പറഞ്ഞു: "യശോധരയോടു് എനിക്കു് ഒരപേക്ഷയുണ്ടു്. അവൾക്കു വിരോധമില്ലെങ്കിൽ കല്യാണരാഗത്തിൽ ഒരു പാട്ടു പാടിയാൽ കൊള്ളാം."

ജനങ്ങളുടെ ദൃഷ്ടി ചിത്രലേഖയുടെ നേരെ തിരിഞ്ഞു. മൃത്യുഞ്ജയൻ ചിത്രലേഖയെ നോക്കി. അദ്ദേഹത്തിനു് അവളുടെ അപേക്ഷയുടെ പ്രാധാന്യം മനസ്സിലായില്ല. പിന്നെ, അവിടെ ക്ഷണിക്കപ്പെട്ട ഒരതിഥിയാണു് അപേക്ഷ നടത്തിയതും. മൃത്യുഞ്ജയൻ വീണയുടെ തന്ത്രികളിൽ കല്യാണരാഗ

ത്തിന്റെ സ്വരങ്ങൾ മീട്ടി. യശോധര പാട്ടാരംഭിച്ചു. ഇത്തവണ അവൾ എല്ലാപേരെയും മയക്കിക്കളഞ്ഞു. ആളുകൾ അവളെ മുക്തകണ്ഠം പ്രശംസിച്ചു. ഗാനം അവസാനിച്ചു. ചിത്രലേഖ യശോധരയെ അഭിനന്ദിച്ചു—"സഹോദരി യശോധരേ! ഭവതിയുടെ ഈ മധുരഗാനത്തിനു എന്റെ അഭിനന്ദനങ്ങൾ.

ചിത്രലേഖയുടെ ആ അപേക്ഷയുടെ സാത്ഥകത മൃത്യുഞ്ജയനു് ഇപ്പോൾ മനസ്സിലായി—"ചിത്രലേഖേ! ഞാൻ ഭവതിക്കു് യശോധരയുടെ പ്രതിനിധി എന്ന നിലയ്ക്കു് നന്ദി പറഞ്ഞുകൊള്ളുന്നു."

ബീജഗുപ്തൻ ഈ സംഭാഷണം ശ്രദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു. "ഇനി ഞാൻ ചിത്രലേഖയോടു് അവളുടെ നൃത്തം ഒന്നു പ്രദർശിപ്പിക്കാൻ അപേക്ഷിക്കട്ടെയോ?"

ചിത്രലേഖ ചിരിച്ചുകൊണ്ടു് ഉത്തരംപറഞ്ഞു—"ബീജഗുപ്തന്റെ അപേക്ഷ എനിക്കു് ആജ്ഞപോലാണു്."

മൃത്യുഞ്ജയൻ വീണയെടുത്തു. ബീജഗുപ്തൻ മൃദംഗവും. ചിത്രലേഖ നൃത്തമാരംഭിച്ചു. സദസ്യർ എല്ലാപേരും ചിത്രലേഖയെ പ്രശംസിച്ചു. ചിത്രലേഖ അവളുടെ കലാപാടവം പ്രകടിപ്പിച്ചു. അപ്പോൾ കാവൽക്കാരൻ വിളിച്ചുപറഞ്ഞു: "യോഗി കുമാരഗിരി തന്റെ ശിഷ്യനോടുകൂടി സമാഗതനായിരിക്കുന്നു."

മൃത്യുഞ്ജയൻ വീണ താഴെ വച്ചിട്ടു് കുമാരഗിരിയെ സ്വാഗതംചെയ്യാൻ പുറത്തേയ്ക്കു ചെന്നു. മൃത്യുഞ്ജയൻ വീണ വച്ചതോടുകൂടിത്തന്നെ ചിത്രലേഖയുടെ നൃത്തവും നിലച്ചു.

മൃത്യുഞ്ജയൻ കുമാരഗിരിയെ അകത്തേയ്ക്കു് ആനയിച്ചു. കുമാരഗിരിയോടുകൂടി വിശാലദേവനുമുണ്ടായിരുന്നു. കുമാരഗിരിയെ കണ്ടയുടൻതന്നെ എല്ലാപേരും എഴുന്നേററു നിന്നു. അപ്പോൾ ചിത്രലേഖ ബീജഗുപ്തനോടു പറഞ്ഞു—"ഞാൻ പോവുകയാണു്. ഞാൻ കണക്കിനു് അവമാനിതയായി."

"അതെങ്ങിനെ?"

"എൻെറ ദൃഷ്ടിയിൽ കലയ്ക്കാണ്" ഏററവും ഉയന്ന സ്ഥാനമുള്ളതു്. കലയെ അവമാനിക്കുന്ന മനുഷ്യൻ മനുഷ്യനല്ല, മൃഗമാണ്. കുമാരഗിരിയെ സ്വാഗതം ചെയ്യാൻ മൃത്യുഞ്ജയൻ നൃത്തം അവസാനിപ്പിച്ചുകളഞ്ഞതു് എന്നെ അവമാനിച്ചതല്ലെങ്കിൽ പിന്നെന്താണ്?"

ബീജഗുപ്തൻ പുഞ്ചിരിതൂകി—"ഭവതിയുടെ ഇച്ഛ പോലാകട്ടെ."

അപ്പോൾ കുമാരഗിരി ആസനസ്ഥനായിക്കഴിഞ്ഞിരുന്നു. ചിത്രലേഖ മുന്നോട്ടുചെന്നു് അദ്ദേഹത്തെ അഭിവാദ്യം ചെയ്തു. പിന്നെ അവൾ മൃത്യുഞ്ജയനോടു പറഞ്ഞു—"എനിക്കു പോകാൻ അനുമതി നൽകണം." മൃത്യുഞ്ജയൻ മറുപടി പറയുന്നതിനുമുമ്പുതന്നെ കുമാരഗിരി പറഞ്ഞു—"ഇതെന്തു്? എൻെറ സാന്നിദ്ധ്യം ഭവതി ഇഷ്ടപ്പെടുന്നില്ലേ? നത്തകീ! ഇതു് സ്വാഭാവികമാണ്." കുമാരഗിരിയുടെ ശിശുസഹജമായ—കോമളവും മധുരവുമായ—ഹാസ്യനാദം സംഗീതംപോലെ എതിരൊലിച്ചു.

ചിത്രലേഖ അല്പം ആലോചിച്ചു പറഞ്ഞു. "ഇല്ല യോഗീ! താങ്കളുടെ സാന്നിദ്ധ്യം ലോകത്താക്കുംതന്നെ അരുചിയുളവാക്കാനിടയില്ല. ഇതു വിശ്വസിച്ചാലും. ഞാൻ പോകുന്നതിൻെറ കാരണം വേറെയാണ്."

"എന്നാൽ ഭവതി പോകാൻ തെരഞ്ഞെടുത്ത സമയം അനുയോജ്യമായില്ല."

"ശരി. എന്നാൽ ഞാൻ പോകുന്നില്ല."

മൃത്യുഞ്ജയൻ വീണ്ടും വീണ കൈയിലെടുത്തു. എന്നാൽ ചിത്രലേഖ വീണ്ടും നൃത്തം ചെയ്യാൻ മറുത്തു. അപ്പോൾ യശോധര മുന്നോട്ടുവന്നു് ചിത്രലേഖയോടു പറഞ്ഞു. "സഹോദരീ! താങ്കളുടെ വാക്കിനെ ഞാൻ വിഗണിച്ചില്ല. ഇത്തവണ താങ്കളോടു് നൃത്തംചെയ്യാൻ ഞാൻ അപേക്ഷിക്കുകയാണ്. എൻെറ അപേക്ഷയെ നിരസിക്കുകയില്ലെന്നു് എനിക്കു വിശ്വാസമുണ്ടു്."

ചിത്രലേഖ യശോധരയുടെ വാക്കിനെ നിരസിച്ചില്ല. അവൾ വീണ്ടും നൃത്തമാരംഭിച്ചു. യോഗി കുമാരഗിരി യശോ

ധരയുടെ നേരെ കണ്ണോടിച്ചു—കുറച്ചുനേരം അയാൾ കണ്ണെടുക്കാതെ അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു. യോഗി ചിത്രലേഖയേയും യശോധരയേയും പരസ്പരം താരതമ്യപ്പെടുത്താൻ തുടങ്ങി. രണ്ടുപേരും അതീവസുന്ദരികളായിരുന്നു.

എന്നാൽ ഒരാളിൽ മാദകശക്തി മുന്നിട്ടു നിന്നിരുന്നു. മറെറയാളിൽ ശാന്തഭാവവും. കുമാരഗിരിക്കു താൻ ലോകത്തേയ്ക്കു് ആകൃഷ്ടനായിക്കൊണ്ടിരിക്കുകയാണെന്നു് തോന്നിത്തുടങ്ങി. അനുരാഗത്തിൻെറ സജീവത വൈരാഗ്യത്തിൻെറ ആലസ്യത്തിനുമേൽ വിജയം പ്രാപിച്ചു വരികയായിരുന്നു.

നൃത്തം അവസാനിച്ചു. മൃത്യുഞ്ജയൻ പരിചാരികയോടു ചോദിച്ചു. "ആഹാരം തയ്യാറാകാൻ ഇനി എന്തു താമസമുണ്ടു്?"

"ആഹാരം തയ്യാറായിക്കഴിഞ്ഞു. അവിടന്നു് ആജ്ഞാപിക്കുകയെ വേണ്ടു."

അതിഥികൾ ഭോജനശാലയിൽ ചെന്നിരുന്നു. പരിചാരികമാർ ആഹാരം വിളമ്പി. ബീജഗുപ്തനടുത്തു് യശോധര ഇരുന്നു. ചിത്രലേഖ യശോധരയുടെ അടുത്തും. അവളുടെ അരികിലായി ശ്വേതാങ്കനും സ്ഥലംപിടിച്ചു.

സദ്യ ആരംഭിച്ചു, അതിഥികൾ സംഭാഷണവും തുടങ്ങി. യശോധര അതിനുമുമ്പു് ബീജഗുപ്തനോടു സംസാരിച്ചിട്ടില്ലായിരുന്നു. ബീജഗുപ്തൻ പറഞ്ഞു—"ദേവീ! ഇന്നു് ആദ്യമായാണു് നാം രണ്ടാളും പൂർണ്ണമായി പരിചയപ്പെട്ടതു്. ഈ പരിചയത്തിനു ഞാൻ എന്നെത്തന്നെ അഭിനന്ദിക്കുന്നു."

യശോധര അവളുടെ ജീവിതത്തിൽ ഇന്നാദ്യമായിട്ടാണു് ഒരു പുരുഷൻെറ മുമ്പിൽ അകപ്പെട്ടു് തൻെറ ഏണമിഴികൾ തുറന്നുനോക്കാൻ കഴിയാതെ ഇരുന്നുപരുങ്ങിയതു്. യശോധരയുടെ ഹൃദയം തുടിച്ചു. അവൾ പതുക്കെ മറുപടി പറഞ്ഞു—"എൻെറ പരിചയം അത്ര പ്രാധാന്യമുള്ളതൊന്നുമല്ല."

സംഭാഷണം കേട്ടു ചിത്രലേഖ ചിരിച്ചുപോയി. "ഈ പരിചയം ആത്മാർത്ഥതയിൽ കലാശിക്കാൻ ഈശ്വരൻ ഇട

വരുത്തട്ടെ. ആത്മാൎത്ഥത ജീവിതത്തിന്റെ പവിത്രമായ ബന്ധമാണു്."

യശോധര കൃതജ്ഞതാപൂൎണ്ണമായ മിഴികളോടെ ചിത്രലേഖയെ നോക്കി—ബീജഗുപ്തൻ കുതൂഹലത്തോടുകൂടിയും; എന്നാൽ ശ്വേതാങ്കൻ യശോധരയെ നിൎന്നിമേഷനായി നോക്കിക്കൊണ്ടിരുന്നു. യാദൃച്ഛികമായി ശ്വേതാങ്കന്റെ കണ്ണുകൾ യശോധരയുടെ കണ്ണുകളുമായി കൂട്ടിമുട്ടി. ഇത്രനേരവും യശോധര ശ്വേതാങ്കനെ കണ്ടിരുന്നില്ല. തന്റെ ഗൃഹത്തിൽ ക്ഷണിക്കപ്പെട്ടിട്ടുള്ള ഒരോ വ്യക്തിയേയും അവൾക്കു പരിചയമായിരുന്നു. എന്നാൽ ശ്വേതാങ്കനെ മാത്രമേ അവൾ അറിയാതെയുള്ളു. യശോധര ബീജഗുപ്തനോടു ചോദിച്ചു—"ഈ യുവാവു് ഏതാണു്?"

"എന്റെ സേവകനും അതോടൊപ്പം എന്റെ അനുജനും"—എന്നുപറഞ്ഞു് ബീജഗുപ്തൻ ചിരിച്ചു. യശോധരയ്ക്കു് വലിയ കുതൂഹലം തോന്നി—"സേവകനും അനുജനും! വിചിത്രമായിരിക്കുന്നു—അതെങ്ങിനെ?"

"അതു് ഇപ്രകാരമാണു്. ഇവന്റെ പേരു് ശ്വേതാങ്കൻ എന്നാണു്, ഇവനും ക്ഷത്രിയയുവാവാണു്. ഒരുയൎന്ന കുടുംബത്തിലെ അംഗവും. എന്നാൽ ഇപ്പോഴും ബ്രഹ്മചാരിയാണു്. ഗുരുവിനോടുകൂടിയാണു് ഇവന്റെ താമസം. ഗുരു പാപത്തെ അന്വേഷിച്ചു കണ്ടുപിടിക്കാൻ ഇവനെ എന്റടുക്കൽ അയച്ചിരിക്കുകയാണു്. ഈ യുവാവു് ഞാൻ മൂലമാണു് ഇപ്പോൾ സമുദായമദ്ധ്യത്തിൽ കാൽകുത്തിയിരിക്കുന്നതു്."

യശോധരയുടെ ആശ്ചൎയ്യം വീണ്ടും വൎദ്ധിച്ചു—"പാപത്തെ തേടിപ്പിടിക്കുന്നതിനു് ഇദ്ദേഹത്തെ ഇദ്ദേഹത്തിന്റെ ഗുരു താങ്കളുടെ അടുത്തയച്ചിരിക്കുന്നോ? താങ്കളുടെ വാസസ്ഥാനമോ താങ്കളുടെ വ്യക്തിത്വവുമായുള്ള സമ്പൎക്കമോ പാപത്തെ തേടിപ്പിടിക്കുന്നതിനുപയുക്തമായ ഉപാധിയാണോ?"

ബീജഗുപ്തൻ സ്വയം ചിരിച്ചുപോയി. എത്ര നിഷ്കളങ്കയായ പെൺകുട്ടി. എന്തൊരു ഭ്രമത്തിലാണു പെട്ടിരിക്കുന്നതു്?—"പാപികളിലും വച്ചു പാപിയായിട്ടുള്ളവനും താൻ

ഒരു പാപിയാണെന്നു സമ്മതിക്കുകയില്ല. ഓരോ വ്യക്തിയും തന്നെ നല്ലവൻ എന്നാണു കരുതുന്നതു്. എന്നാൽ ആക്കും തന്നെ ശരിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല. ഞാൻ ഒരു പാപിയാണെന്നു തീരുമാനത്തിൽ ശേ്വതാങ്കൻ എത്തിച്ചേരുകയാണെങ്കിൽ ഞാൻ തീർച്ചയായും പാപിതന്നെയാണു്."

യശോധരയുടെ നെഞ്ചിൽ ഒരിടിയേററതുപോലിരുന്നു. ഏതൊരു വ്യക്തിയോടാണോ അവൾ പ്രണയബന്ധം സ്ഥാപിക്കാൻ സ്വപ്നം കണ്ടുകൊണ്ടിരുന്നതു് ആ വ്യക്തിയെ ഒരു വലിയ ആചാര്യൻ പാപത്തെ തേടിപ്പിടിക്കാനുള്ള ഒരു പകരണമാക്കിയിരിക്കുന്നു! അവൾ ശേ്വതാങ്കനെ നോക്കി—എത്ര നിഷ്കളങ്കനും സുന്ദരനുമായ യുവാവു്! എന്നാൽ ബീജഗുപ്തനോ?

സദ്യ കഴിഞ്ഞു. ആളുകൾ എഴുനേററു. കൈയും വായും കഴുകിയിട്ടു് എല്ലാപേരും വീണ്ടും ഒത്തുകൂടി. ബീജഗുപ്തൻ ശേ്വതാങ്കൻെറ കൈക്കു പിടിച്ചു് അയാളെ മൃത്യുഞ്ജയനു പരിചയപ്പെടുത്തി. അനന്തരം ആളുകൾ യാത്ര പറഞ്ഞു പിരിഞ്ഞു.

# അദ്ധ്യായം പത്തു്

മൃത്യുഞ്ജയൻെറ ഗൃഹത്തിലെ അലങ്കാരങ്ങൾ അങ്ങിനെ തന്നെ സ്ഥിതിചെയ്തു. എന്നാൽ അവയുടെ പകിട്ടു് അല്പം മങ്ങിപ്പോയിരുന്നു. അപ്രധാനരായ അതിഥികൾ പോയശേഷം നാടകത്തിലെ പ്രധാന നടീനടന്മാർ മാത്രം ശേഷിച്ചു. യോഗി കുമാരഗിരി, വിശാലദേവൻ, ചിത്രലേഖ, ബീജഗുപ്തൻ, ശേ്വതാങ്കൻ ഇത്രയും പേരെ മൃത്യുഞ്ജയൻ തടഞ്ഞുനിറുത്തി. കുറച്ചു നേരം മൗനമായിരുന്നിട്ടു് മൃത്യുഞ്ജയൻ ബീജഗുപ്തൻെറ കൈക്കു പിടിച്ചു. അദ്ദേഹം ചാരിതാർത്ഥ്യം നിറഞ്ഞ സ്വരത്തിൽ പറഞ്ഞു: "സാമന്ത ബീജഗുപ്താ! ഈ ഉത്സവാഘോഷത്തിൽ ഒരു വലിയ രഹസ്യം ഒളിഞ്ഞു

കിടപ്പുണ്ടു്. ആ രഹസ്യം താങ്കളോട്ടു് അഭേദ്യമായി ബന്ധപ്പെട്ടതാണു്'' എന്നു പറഞ്ഞു് അദ്ദേഹം യശോധരയെ അത്ഥഗൎഭമായി നോക്കി. ബീജഗുപ്തൻെറ മുഖം വിവൎണ്ണമായി. ചിത്രലേഖ പുഞ്ചിരിതൂകി.

"മൃത്യുഞ്ജയൻെറ അപേക്ഷ നിരസിക്കപ്പെട്ടുകയില്ലെന്നു് എനിക്കു പൂൎണ്ണവിശ്വാസമുണ്ടു്.''

മൃത്യുഞ്ജയൻെറ ഉദ്ദേശ്യം മിക്കവാറും എല്ലാപേരും മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. എങ്കിലും ബീജഗുപ്തൻ പറഞ്ഞു: "ദേവാ! സ്വീകരിക്കുന്നതും സ്വീകരിക്കാതിരിക്കുന്നതും അഭിപ്രായത്തിൻെറ ഉപയുക്തതയേയും പരിതോവസ്ഥയുടെ ആനുകൂല്യത്തേയും ആശ്രയിച്ചാണിരിക്കുന്നതു്. താങ്കളുടെ അഭിപ്രായത്തിൻെറ സ്വഭാവമനുസരിച്ചേ എനിക്കുത്തരം പറയാൻ കഴിയൂ."

മൃത്യുഞ്ജയൻ അല്പനേരം ആലോചിച്ചു—"ബീജഗുപ്താ! താങ്കൾക്കു വിവാഹമായിട്ടില്ലല്ലോ."

ബീജഗുപ്തൻ ചിത്രലേഖയെ നോക്കി. എന്തുത്തരമാണു നൽകേണ്ടതെന്നു് അയാൾക്കു നിശ്ചയിക്കാൻ കഴിഞ്ഞില്ല. കാൎയ്യം ശരിയായിരുന്നു. എന്നാൽ ബീജഗുപ്തൻെറ അഭിപ്രായത്തിൽ തെററുമായിരുന്നു. "ശാസ്ത്രാനുസരണം നടന്നിട്ടില്ല."

കുമാരഗിരി ഗംഭീരസ്വരത്തിൽ ചോദിച്ചു—"ശാസ്ത്രാനുസരണമല്ലാതെയും വിവാഹം നടക്കാറുണ്ടോ യുവാവേ?"

ബീജഗുപ്തൻ പറഞ്ഞു—"സ്ത്രീപുരുഷന്മാരുടെ സ്ഥായിയായ ബന്ധത്തെയാണു് വിവാഹം എന്നു പറയുന്നതു്."

കുമാരഗിരി ചിരിച്ചു—"എന്നാൽ വിവാഹം എന്ന പദം മനുഷ്യസമുദായത്തിൻെറ നിൎമ്മിതിയാണു്. ശാസ്ത്രം സ്ത്രീപുരുഷബന്ധത്തെ പവിത്രമാക്കിയിട്ടു് മനുഷ്യസമുദായത്തെക്കൊണ്ടു് അതിനെ സ്വീകരിപ്പിക്കുന്നു. ബീജഗുപ്താ! താങ്കൾ അൎദ്ധസത്യത്തെയാണു് ശരണീകരിച്ചിരിക്കുന്നതു്."

അതേ ഗാംഭീൎയ്യത്തോടെതന്നെ ബീജഗുപ്തൻ പറഞ്ഞു: "സത്യം പാതിയായിരിക്കുക സാദ്ധ്യമല്ല. അതു പൂൎണ്ണമാണു്;

എന്നാൽ ഇതു് വാദവിവാദത്തിനുള്ള സമയമല്ല. അതുകൊണ്ടു് ഇപ്പോൾ മറുപടി പറയുന്നതു് ഉചിതമായിരിക്കുകയില്ല.” ബീജഗുപ്തൻ മൃത്യുഞ്ജയനോടു പറഞ്ഞു. “ആര്യാ! എൻെറ വിവാഹം ശാസ്ത്രാനുസരണം നടന്നിട്ടില്ലെന്നു ഞാൻ പറഞ്ഞു. ഇതിനെ ഒന്നു വിശദീകരിക്കേണ്ടതു് ആവശ്യമായിരിക്കുന്നു. ലോകദൃഷ്ടിയിൽ ഞാൻ അവിവാഹിതനാണു്; എന്നാൽ വാസ്തവമായി ഞാൻ വിവാഹിതനാണു്. ചിത്രലേഖ എന്റെ പത്നിയാണു്. ശാസ്ത്രവിഹിതമായി ഞാൻ ചിത്രലേഖയെ പരിഗ്രഹിച്ചിട്ടില്ല, സമുദായത്തിൻെറ നിയമമനുസരിച്ചു് അതു സാദ്ധ്യവുമല്ല. എന്നു വരികിലും എൻെറയും ചിത്രലേഖയുടേയും ബന്ധം ഭാര്യാഭർത്തൃബന്ധംപോലെയാണു്. ഞാൻ പ്രേമത്തിൽ വിശ്വസിക്കുന്നു. ഈ സ്ഥിതിയിൽ ഒരു വിവാഹം കഴിക്കുക എനിക്കസാധ്യമാണു്. കാരണം, എൻെറ പ്രേമത്തിനു് മറെറാരു സ്ത്രീ അധികാരിണിയാവുക സാദ്ധ്യമല്ല.”

ബീജഗുപ്തൻ അധോദൃഷ്ടിയായിരുന്നാണു് സംസാരിച്ചതു്. മൃത്യുഞ്ജയൻ ഇതിനുത്തരമായി പറഞ്ഞു: “ബീജഗുപ്താ! താങ്കൾ പറഞ്ഞതു് ഒരുപക്ഷേ ശരിയായിരിക്കാം; എന്നാൽ ലോകം താങ്കളെ അവിവാഹിതനായി പരിഗണിക്കുന്നതുകൊണ്ടു് താങ്കൾ അവിവാഹിതനാണു്. ഇപ്പോൾ വിവാഹം കഴിക്കുന്ന കാര്യംതന്നെ എടുക്കുക. വിവാഹം കഴിക്കുന്നതു് പുത്രലാഭത്തിനുവേണ്ടിയാണു് എന്ന കാര്യം ഞാൻ താങ്കളുടെ ശ്രദ്ധയിൽ പെടുത്താനാഗ്രഹിക്കുന്നു. ചിത്രലേഖയുടെ സന്താനം ബീജഗുപ്തൻെറ സന്താനമായിരിക്കുകയില്ല. അതു് ബീജഗുപ്തൻെറ അനന്തരാവകാശിയാവുക എന്നതും അസാദ്ധ്യമത്രെ. താങ്കൾ ഇതിനെക്കുറിച്ചു് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ?”

വാസ്തവത്തിൽ ബീജഗുപ്തൻ ഇതേപ്പററി ചിന്തിച്ചിട്ടില്ലായിരുന്നു. ഈ ചോദ്യത്തിനു് അയാൾ ഉത്തരം പറഞ്ഞതുമില്ല. അയാൾക്കു് ഇതു് തികച്ചും ഒരു പുതിയ പ്രശ്നമായിരുന്നു. മൃത്യുഞ്ജയൻ ചിത്രലേഖയുടെ നേരെ തിരിഞ്ഞു— “ദേവീ, ചിത്രലേഖേ! ഭവതി വിദുഷിയാണു്. ഭവതിയോടു് കൂടുതലായി ഒന്നും പറയേണ്ട ആവശ്യമില്ല. ഭവ

തിക്കു് ബീജഗുപ്തൻെറ ചുററുപാടുകൾ നല്ലവണ്ണമറിയാമല്ലോ.''

ചിത്രലേഖ ഇത്രനേരവും മൗനമവലംബിച്ചിരിക്കുകയായിരുന്നു. ഇതു കേട്ടു് അവൾ പറഞ്ഞു—''ആയ്യശ്രേഷ്ഠാ! താങ്കളുടെ അഭിപ്രായം സർവഥാ ശരിയാണു്. ഞാൻ കേവലം സമുദായഭ്രഷ്ടയായ ഒരു നത്തകി. ബീജഗുപ്തൻെറ പത്നീപദമലങ്കരിക്കുക എനിക്കു സാധ്യമല്ല. ആ സ്ഥിതിക്കു് ബീജഗുപ്തനു നന്മയുണ്ടാകുന്നതെന്തും ചെയ്യാൻ ഞാൻ തയ്യാറാണു്. എന്നാൽ അതിനു് ഞാൻ ഒരു വലിയ ത്യാഗമനുഷ്ഠിക്കേണ്ടി വരുമെന്നു് അവിടത്തേയ്ക്കറിയാമല്ലോ.''

''ത്യാഗം ചെയ്യേണ്ടിവരും നത്തകീ?''—കുമാരഗിരി പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു—''വളരെ വിചിത്രമായിരിക്കുന്നു ഭവതി പറയുന്നതു്. ഭവതി ഒരുപക്ഷേ സ്വന്തം മനോഗതിതന്നെ മറന്നു പോയെന്നു തോന്നുന്നു. ഒരിക്കൽ ഭവതി എന്നോടുപറഞ്ഞു ഭവതി സന്യാസവൃത്തി സ്വീകരിക്കാൻ പോവുകയാണെന്നു്. അതിനു് ഇതാണുപയുക്തമായ സമയം.''

കുമാരഗിരിയുടെ ഈ വാക്കുകൾകേട്ടു് ബീജഗുപ്തൻ ഞെട്ടിപ്പോയി. അയാൾ പറഞ്ഞു—''യോഗിരാജൻ! താങ്കൾക്കു് വൈരാഗ്യജീവിതത്തിൽ വിശ്വസിക്കാനും മറെറാരു വ്യക്തിയെ അതിനുപദേശിക്കാനും കഴിയുമെങ്കിൽ എന്നെ എന്തിനാണു് ബന്ധനത്തിലകപ്പെടുത്താൻ ശ്രമിക്കുന്നതു്?''

''താങ്കൾ വൈരാഗ്യജീവിതത്തിനു യോഗ്യനല്ല, അതുകൊണ്ടുതന്നെ. അതിനു പുറമെ, താങ്കൾ സമുദായത്തിൻെറ നിയമങ്ങൾക്കു വിരുദ്ധമായി പ്രവത്തിക്കുകയും ചെയ്യുന്നു. താങ്കൾ സമുദായത്തിൻെറ നിയമങ്ങളെ അനുസരിക്കുകയെങ്കിലും ചെയ്യുന്നതു നന്നായിരിക്കും.''

ചിത്രലേഖ ഇത്രനേരവും കുമാരഗിരി പറഞ്ഞതിനെപ്പററി ചിന്തിക്കുകയായിരുന്നു. അവൾ പറഞ്ഞു—''യോഗീ! ഇനി ഒരു കാര്യംകൂടി ചോദിക്കാനുണ്ടു്. താങ്കൾ എനിക്കു് വിദ്യയരുളാൻ തയ്യാറാണോ? തയ്യാറാണെങ്കിൽ ഈ നിമിഷം മുതൽ ഞാൻ താങ്കളുടെ ശിഷ്യയാണു്.''

കുമാരഗിരിയുടെ നേത്രങ്ങൾ സ്വയമേവ വിശാലദേവനു നേരെ തിരിഞ്ഞു. വിശാലദേവൻ അപ്പോൾ ഗുരുവിൽത്തന്നെ ദൃഷ്ടിയുറപ്പിച്ചിരുന്നു. അല്പനേരത്തേയ്ക്കു് കുമാരഗിരി എന്തോ ആലോചിച്ചു—"നർത്തകി ചിത്രലേഖേ! ഭവതിക്കു വിദ്യയരുളുക എന്നതു് എനിക്കസാദ്ധ്യമാണു്."

ചിത്രലേഖ ചിരിച്ചു—"പറയാനെളുപ്പമുണ്ടു്. പ്രവർത്തിച്ചുകാണിക്കാനാണു പ്രയാസം. യോഗീ! താങ്കൾക്കു് വൈരാഗ്യമെന്നതു് എളുപ്പമുള്ള കാര്യമായിരിക്കാം. എനിക്കു് അതു് വളരെ പ്രയാസമേറിയതാണു്. വൈരാഗ്യത്തിന്റെ മണ്ഡലത്തിൽ ഏകാന്തയാത്ര ചെയ്യുന്നതു് എനിക്കു് മിക്കവാറും അസാദ്ധ്യംതന്നെയാണു്. ഞാൻ ഇപ്പോഴും അനുരക്തിയുടെ മണ്ഡലത്തിലാണു് ജീവിക്കുന്നതു്. ലോകം ഒരുപക്ഷേ ആ മണ്ഡലത്തെ പവിത്രമായി കരുതുകയില്ലായിരിക്കാം. എന്നാൽ എൻെറയും ഈശ്വരൻെറയും സമക്ഷം അതു് ഒരു പവിത്രമണ്ഡലംതന്നെയാണു്. അതിനു പുറത്തുകടന്നുപോവുകയെന്നതു് ദൂഷിച്ച ലോകത്തു് കാൽ ചവിട്ടുകയാണു്. വെറുതെ പാപം കൈവരിക്കാൻ ഞാൻ തയ്യാറല്ല."

കാര്യം സഫലമായി, വിഫലവുമായി എന്നു മൃത്യുഞ്ജയനു തോന്നി. കാര്യം വിഫലമായി, പിന്നെ സഫലമായി എന്നു ബീജഗുപ്തനും തോന്നി.

കുമാരഗിരിക്കു് ചിത്രലേഖയെ അറിയാമായിരുന്നു. ചിത്രലേഖയ്ക്കു കുമാരഗിരിയേയും. ശ്വേതാങ്കനും വിശാലദേവനും ഈ സംഭാഷണത്തിൻെറ ഗൂഢാർത്ഥത്തെ മനസ്സിലാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. യശോധര യാതൊന്നും അറിഞ്ഞിരുന്നതുമില്ല, ഈ സംഭാഷണത്തിൽ നിന്നു് ഒന്നും മനസ്സിലാക്കിയതുമില്ല. അവൾ മൃത്യുഞ്ജയനോടു പറഞ്ഞു—"അച്ഛാ! നേരം വളരെ ഇരുട്ടി."

മൃത്യുഞ്ജയൻ ആദ്യം പുത്രിയെ നോക്കി. പിന്നെ ചിത്രലേഖയേയും. രണ്ടുപേരും തമ്മിൽ എന്തൊരു വ്യത്യാസം! ഒരാൾ ദേവി. മറെറയാൾ ദാനവി. ഒരാൾ ശാന്തി. മറെറയാൾ ഉന്മാദം. ബീജഗുപ്തനോ? പരിതസ്ഥിതിയുടെ ഒരു ഭാ

ഗ്യംകെട്ട ഇര. അതോടൊപ്പം മനുഷ്യത്വം തികഞ്ഞ ഒരു മനുഷ്യനും.

മൃത്യുഞ്ജയൻ ചിത്രലേഖയോടു പറഞ്ഞു—"ഭവതിയുടെ മണ്ഡലം അപവിത്രമാണെന്നു് ആരു പറയുന്നു? ഭവതി പ്രവർത്തിക്കുന്നതു് ഭവതിയുടെ മനോഗതിയനുസരിച്ചാണു്. മാത്രമല്ല, ഭവതിയുടെ പ്രവൃത്തിമണ്ഡലം പ്രേമത്തിന്റേതാണെന്നും ഞാൻ കരുതുന്നു. പ്രേമത്തിന്റെ മണ്ഡലത്തിൽ അപവിത്രതയ്ക്കു സ്ഥാനമില്ല. എന്നാൽ ഭവതി പ്രേമിക്കുന്ന പുരുഷൻ ശരിയായ മാർഗ്ഗത്തിലല്ല സഞ്ചരിക്കുന്നതെങ്കിൽ അയാളെ നേർവഴിക്കു കൊണ്ടുവരേണ്ടതു് ഭവതിയുടെ കർത്തവ്യമല്ലേ? പ്രേമത്തിൽ ത്യാഗവും വേണ്ടതാണു്. ബീജഗുപ്തനുവേണ്ടി ഭവതി അനുഷ്ഠിക്കുന്ന ത്യാഗം മഹത്തായിരിക്കും."

മൃത്യുഞ്ജയന്റെ സംഭാഷണരീതിക്കു് ചിത്രലേഖ വശംവദയായിപ്പോയി. ബീജഗുപ്തൻ ഇടയ്ക്കു പറഞ്ഞു—"ആര്യശ്രേഷ്ഠാ! ചിത്രലേഖയോടു് ഇക്കാര്യം പറയുന്നതു് വ്യർത്ഥമാണു്. എന്റെ ജീവിതം കരുപ്പിടിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നതിന്റെ ഉത്തരവാദിത്വം എനിക്കാണു്. ചിത്രലേഖയ്ക്കു് എന്റെ മാർഗ്ഗത്തെ സംരക്ഷിക്കാനോ നശിപ്പിക്കാനോ കഴിയുകയില്ല. ഞാൻ എനിക്കുവേണ്ടിത്തന്നെ പറയുകയാണു്. എന്റെയും ചിത്രലേഖയുടേയും ബന്ധം അനശ്വരമാണു്!"

ബീജഗുപ്തൻ എഴുന്നേററു. എന്നാൽ ചിത്രലേഖ അവിടെത്തന്നെ ഇരുന്നു. അവൾ പറഞ്ഞു—"ആര്യശ്രേഷ്ഠാ! താങ്കൾ പറയുന്നതു ശരിയായാലും തെററായാലും ഞാൻ അതനുസരിക്കതന്നെ വേണം. എനിക്കുവേണ്ടിയല്ല; ബീജഗുപ്തനുവേണ്ടി. ഇതു് താങ്കൾ വിശ്വസിക്കണം"—ചിത്രലേഖ യശോധരയെ നോക്കി—"ആര്യശ്രേഷ്ഠാ! താങ്കളുടെ പുത്രിക്കു് ബീജഗുപ്തൻ അനുരൂപനായ വരനാണു്. ഈ വിവാഹം ഏററവും കാമ്യമാണു്." അവൾ ബീജഗുപ്തനോടു പറഞ്ഞു—"ബീജഗുപ്താ! താങ്കൾക്കു് യശോധരയെപ്പോലെ ഒരു പത്നിയെ ലഭിക്കുക അസാദ്ധ്യമാണു്. ഇന്നു മുതൽ താങ്കളുടെയും യശോധരയുടേയും ബന്ധം ഉറച്ചു."

ബീജഗുപ്തൻ അപ്പോൾ വാതിലിനു സമീപം നിൽക്കുകയായിരുന്നു—"ചിത്രലേഖേ! ഭവതി പറയുന്നതു് ഔചിത്യപൂർവ്വമല്ല. ഇതു് എനിക്കസാധ്യമാണു്. ഇപ്പോൾ ഞാൻ ഇത്രമാത്രമേ പറയുന്നുള്ളൂ. ആര്യശ്രേഷ്ഠാ! ഞാൻ പോകട്ടെ." എന്നു പറഞ്ഞു് ബീജഗുപ്തൻ മൃത്യുഞ്ജയന്റെ ഗൃഹത്തിനു പുറത്തിറങ്ങി.

ചിത്രലേഖ എഴുന്നേററു—"ബീജഗുപ്തൻ പറഞ്ഞതിൽ താങ്കൾ പരിഭവിക്കരുതു്. ആവേശമുണ്ടാകുമ്പോൾ മനുഷ്യനു ഗുണദോഷവിവേചനമില്ലാതാകുന്നു. അതിൽനിന്നു് മറെറാരു വ്യക്തി എന്തെങ്കിലും ധരിച്ചു വശാകുന്നതു ശരിയല്ല. ബീജഗുപ്തന്റെയും താങ്കളുടെ പുത്രിയുടേയും വിവാഹം ഏററവും ശ്രേഷ്ഠമായിരിക്കുമെന്നു ഞാൻ താങ്കൾക്കു് ഉറപ്പുതരുന്നു. ഈ വിവാഹം നടക്കേണ്ടതുതന്നെയാണു്."

ബീജഗുപ്തനു പിറകെ ശ്വേതാങ്കനും ചിത്രലേഖയും യാത്രയായി. അവർ പോയതിനുശേഷമാണു് മൃത്യുഞ്ജയനു സ്ഥിതിഗതികൾ ശരിക്കു മനസ്സിലായതു്. അദ്ദേഹം കുറച്ചു നേരം മൗനമായിരുന്നിട്ടു് കുമാരഗിരിയോടു പറഞ്ഞു—"യോഗിരാജൻ! എനിക്കു് ഒന്നും മനസ്സിലാകുന്നില്ല. എന്നാൽ ഈ സംഭാഷണത്തിൽനിന്നു് ഈ നർത്തകി ബീജഗുപ്തന്റെ മേൽ വളരെ സ്വാധീനത ചെലുത്തിയിട്ടുണ്ടു് എന്ന നിഗമനത്തിലാണു് ഞാൻ എത്തിച്ചേർന്നിരിക്കുന്നതു്."

"ഈ അനുമാനം ശരിയാണു്."

"അതോടൊപ്പം നർത്തകി ചിത്രലേഖയുടെ മനസ്സു് വളരെ നിർമ്മലവുമാണു്."

ഇതുകേട്ടു് കുമാരഗിരി മൗനമവലംബിച്ചു—അയാളുടെ ദൃഷ്ടി എന്തുകൊണ്ടാണെന്നറിഞ്ഞില്ല, സ്വയമേവ വിശാലദേവനു നേരെ തിരിഞ്ഞു. വിശാലദേവൻ തന്നെത്താൻ ചിരിച്ചുപോയി.

മൃത്യുഞ്ജയൻ തുടർന്നുപറഞ്ഞു—"യോഗിരാജൻ! ബീജഗുപ്തന്റെ മേൽ അധികം സമ്മർദ്ദം ചെലുത്തുന്നതു് ഉചിതമാണോ? അതാണു് പ്രശ്നം. ചിത്രലേഖ പറയേണ്ടതു പറഞ്ഞു. പറഞ്ഞ കാര്യം അവൾ നിറവേററുകയും ചെയ്യുമെന്നു്

എനിക്കു വിശ്വാസമുണ്ട്. എങ്കിലും ബീജഗുപ്തനെ ഉപേക്ഷിക്കാമെന്നാണ് ഞാൻ വിചാരിക്കുന്നതു്. അല്ലെങ്കിൽ ചിത്രലേഖയ്ക്കു് അതു് ഒരാഘാതമായിത്തീൎന്നേക്കും."

ഇതുകേട്ടു് കുമാരഗിരി പറഞ്ഞു—"ചിത്രലേഖയുടെ മനസ്സിനു് ആഘാതമുണ്ടാകും എന്നു ഞാൻ വിചാരിക്കുന്നില്ല. ചിത്രലേഖ സ്വമേധയാ ബീജഗുപ്തനെ ഉപേക്ഷിക്കാൻ തയ്യാറായെന്നുവരാം. അങ്ങിനെയായാൽ ബീജഗുപ്തന്റെ ജീവിതം വ്യവസ്ഥിതമാകും. ബീജഗുപ്തൻെറയും ചിത്രലേയുടെയും ബന്ധം വിച്ഛേദിപ്പിക്കുകയാണു വേണ്ടതെന്നു ഞാൻ പറയുന്നു."

കുമാരഗിരി എഴുനേററു—"മൃത്യുഞ്ജയാ! യശോധരയ്ക്കു് ബീജഗുപ്തനേക്കാൾ ഒരു നല്ല വരനെ കിട്ടുകയില്ല—ഇതു മനസ്സിലാക്കിക്കൊള്ളുക."

## അദ്ധ്യായം പതിനൊന്നു്

ചിത്രലേഖ അവളുടെ ജീവിതത്തിൽ എത്ര തവണയാണെന്നറിയുന്നില്ല, പ്രേമത്തിനു വ്യാഖ്യാനം നല്കിയിട്ടുള്ളതു്. എന്നാൽ ഓരോ തവണയും പ്രേമത്തെ വ്യാഖ്യാനിക്കുമ്പോൾ അവളുടെ പൂൎവ്വവ്യാഖ്യാനങ്ങൾ തെററായിട്ടാണു് അനുഭവപ്പെട്ടിട്ടുള്ളതു്.

ഒന്നാമതായി ചിത്രലേഖയെസ്സംബന്ധിച്ചേടത്തോളം പ്രേമം ദൈവീകമായിരുന്നു. അവൾ തൻെറ ഭൎത്താവിനെ സ്നേഹിച്ചു. ആ സ്നേഹം പവിത്രമായിരുന്നു. അവൾക്കു് ഭൎത്താവിൽ അളവററ ഭക്തിയുണ്ടായിരുന്നു. ഭൎത്തൃപ്രേമത്താൽ ചിത്രലേഖ സ്വന്തം നിലനില്പിനെ ഭൎത്താവിൻെറ ജീവിതത്തിൽ ലയിപ്പിച്ചു. അല്ല, അവൾ സ്വന്തം നിലനില്പിനെ ഇല്ലാതാക്കി. അവൾ ചിരിച്ചിട്ടുള്ളതു് ഭൎത്താവിനെ സന്തോഷിപ്പിക്കാൻ മാത്രമായിരുന്നു. അവൾ സംസാരിച്ചിട്ടുള്ളതും ഭൎത്താവിനെ രസിപ്പിക്കാൻ മാത്രം. ചുരുക്കത്തിൽ

അവൾ ജീവിച്ചതുതന്നെ ഭർത്താവിനുവേണ്ടിയായിരുന്നു. തന്റെ ജീവിതത്തിന്റെ ഓരോ നിമിഷവും അവൾ ഭർത്തൃപാദങ്ങളിൽ സമർപ്പിക്കയാണു ചെയ്തതു്. അവളുടെ ലോകവും ഈശ്വരനും അവളുടെ നിലനില്പും എല്ലാം ഭർത്താവുതന്നെയായിരുന്നു. ആ ഭർത്തൃപ്രേമത്തിൽ അവൾക്കു് എന്തൊരു സുഖമാണു ലഭിച്ചിരുന്നതു്! പതിപ്രേമം അവളുടെ ആത്മാഹൂതിയുടെ ഉച്ചകോടിയായിരുന്നു. ആത്മാഹൂതിയിൽ എന്തൊരു സുഖമാണുള്ളതെന്നു് അതു ചെയ്യുന്നവർക്കേ അറിയാൻ കഴിയൂ.

ഭർത്താവിന്റെ മരണശേഷം അവളുടെ ലോകം അന്ധകാരമയമായിത്തീർന്നു. അവളുടെ സാധനയും തപസ്യയുമെല്ലാം വ്യർത്ഥമായിപ്പോകുമെന്നുതന്നെ തോന്നിപ്പോയി. പലപ്പോഴും അവൾ ആത്മഹത്യചെയ്യാൻതന്നെ തീരുമാനിച്ചിട്ടുണ്ടു്. എന്നാൽ ആത്മഹത്യ ഒരു മഹാപാപമാണെന്നു് അവൾക്കറിയാമായിരുന്നു. തപശ്ചര്യയ്ക്കു് ജീവിതത്തിൽ കാര്യക്ഷമമായ ഒരു പങ്കുണ്ടെന്നും ഒരു വിധവയുടെ കർത്തവ്യം യമസംയമാദികളോടുകൂടിയ വ്രതാനുഷ്ഠാനമാണെന്നും ആരോ അവൾക്കുപദേശിച്ചു. ചിത്രലേഖ അതനുസരിച്ചു; ഭർത്താവു ജീവിച്ചിരുന്ന കാലമത്രയും പൂജയും വ്രതാനുഷ്ഠാനങ്ങളും മററും സാധ്യമായിരുന്നു. കാരണം, അവയ്ക്കു് ഒരു കേന്ദ്രമുണ്ടായിരുന്നു. അവയുടെ ആധാരം അവളുടെ കൈവശംതന്നെ സ്ഥിതിചെയ്തിരുന്നു.—ആ കേന്ദ്രം നഷ്ടപ്പെട്ടപ്പോൾ അവളുടെ ആത്മലീനത ഭംഗപ്പെട്ടു. വിശ്വാസം ആധാരമില്ലാതെ ആടിത്തുടങ്ങി.

അതിനുശേഷം അവൾ കൃഷ്ണാദിത്യനെ പ്രേമിച്ചു—ഇത്തവണ പ്രേമം ദൈവീകമല്ല, പ്രാകൃതമായിരുന്നു. അതിൽ ഭക്തിയില്ലായിരുന്നു. വെറും ആത്മവിസ്മൃതി മാത്രമാണുണ്ടായിരുന്നതു്. ഈ പ്രേമത്തിൽ അവൾ സ്വന്തം നിലനില്പിനെ ഇല്ലായ്മചെയ്കയല്ല, തന്റെയും തന്റെ പ്രേമിയുടേയും ജീവിതങ്ങളെ പരസ്പരം കോർത്തിണക്കുകയാണു ചെയ്തതു്. കൃഷ്ണാദിത്യനുമായുള്ള പ്രേമത്തിലാണു് അവൾക്കു് ആദ്യമായി ഒരു ദാഹം അനുഭവപ്പെട്ടതു്. പ്രേമത്തിൽ ദാഹത്തിനുള്ള സ്ഥാനം അവൾ അറിഞ്ഞിരുന്നില്ല. ഭർത്തൃപ്രേമത്തിൽ

അവൾ സ്വന്തം നിലനില്പിനെതന്നെ മറക്കുകയാണു് ചെയ്തിട്ടുള്ളതു്. പിന്നെ എങ്ങിനെയാണു് ദാഹം തോന്നുന്നതു്? ഇത്തവണ ചിത്രലേഖ തന്നിൽ ചില ആഗ്രഹങ്ങൾ കുടികൊണ്ടിരിക്കുന്നതായി കണ്ടു. ഹൃദയം പതഞ്ഞു പൊങ്ങി. അതിൻെറ ഉഗ്രരൂപം കണ്ടപ്പോൾ അവൾ ആദ്യം കുറച്ചു ഭയന്നു. പിന്നീടു് അതവൾക്കു സുഖമായി തോന്നി. അതിൽ ഒരു ജീവിതം അന്തർലീനമായിരിക്കുന്നതായി കണ്ടു. പ്രേമം ഭക്തിയല്ല. അതുകൊണ്ടു് അതു് ഏകപക്ഷീയവുമല്ല. പ്രേമം ഒരു ബന്ധമത്രേ. അതു് ഇരുഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണു്. ആത്മാവിൻെറ പവിത്രമായ ബന്ധത്തെയാണു് പ്രേമം എന്നു പറയുന്നതു്. പ്രേമത്തിൽ ഒരു ഹൃദയ:കമ്പമുണ്ടാകുന്നു. ദാഹം അനുഭവപ്പെടും. ആത്മവിസ്മൃതിയുണ്ടാകും. അവിടെ തൃപ്തിക്കു സ്ഥാനമില്ല. പ്രേമത്തിൽ ആത്മാഹുതിയാണു് അടങ്ങിയിരിക്കുന്നതു്. എന്നാൽ അതു ഒരു പക്ഷത്തുനിന്നല്ല. ഇരുപക്ഷത്തുനിന്നുമുണ്ടാകുന്നു. കൃഷ്ണാദിത്യനും പോയി. ഇപ്പോൾ ചിത്രലേഖയ്ക്കു മനസ്സിലായി, പ്രേമം അനശ്വരമല്ലെന്നു്; ഒരു പാവനസ്മരണ ദിനംപ്രതി മാഞ്ഞുമാഞ്ഞു് ഒടുവിൽ നാമാവശേഷമായിത്തീരാവുന്നതാണു്.

ബീജഗുപ്തൻ ചിത്രലേഖയുടെ ജീവിതത്തിലേയ്ക്കു കടന്നുവന്നു. ഇത്തവണ പ്രേമത്തിൽ ചിത്രലേഖ കണ്ടതു് വെറും ദാഹവും ചിലപ്പോഴൊക്കെ ആത്മവിസ്മൃതിയുമായിരുന്നു. അതിൽ ആത്മോത്സർഗ്ഗമുള്ളതായി അവൾക്കു് അനുഭവപ്പെട്ടില്ല. ഇപ്പോൾ പ്രേമത്തിൻെറ മാദകശക്തിയേ അവൾക്കു് അനുഭവിച്ചറിയാൻ കഴിഞ്ഞുള്ളു. പ്രേമത്തോടുകൂടി ഐശ്വര്യത്തിൻെറയും സുഖഭോഗങ്ങളുടെയും മനോഹരരൂപത്തേയും അവൾ കണ്ടു—ചിത്രലേഖ ഒരു പുതിയ വസ്തുതകൂടി കണ്ടെത്തി. ജീവിതത്തിൽ വെറും പ്രേമം മാത്രമല്ല ഉള്ളതു്. പ്രേമം ജീവിതത്തിൻെറ ഏകാധാരവുമല്ല. പ്രേമത്തോടുകൂടി മററു ഹൃദയവികാരങ്ങളുമുണ്ടു്. പ്രേമം മാത്രമായാൽ അതു് ഏതാനും ദിവസത്തെ സുഖത്തിനു കാരണമായേയ്ക്കാം. അതിൽനിന്നുണ്ടാകുന്ന സുഖത്തെ ചിരന്തനമാക്കുന്നതിനു് ആത്മവിസ്മൃതി ആവശ്യമാണു്. എന്നാൽ

ആത്മവിസ്മൃതി സ്വയമേവ ഉണ്ടാവുക സാധ്യമല്ല. അതുകൊണ്ടു് ആത്മവിസ്മൃതി കൈവരുത്തുന്നതിനു് മദ്യം ആവശ്യമായിത്തീൎന്നു.

അതിനുശേഷം അവൾ കുമാരഗിരിയിൽ ആകൃഷ്ടയായി. കുമാരഗിരി യൗവനയുക്തനും സുന്ദരനും പ്രതിഭാശാലിയുമായിരുന്നു...... ചിത്രലേഖയ്ക്കു് അതിനപ്പുറം ചിന്തിക്കാൻ സാധിച്ചില്ല. അവൾ സ്വന്തം ഇച്ഛകൂടാതെതന്നെ കുമാരഗിരിയിലേയ്ക്കു് ആകൎഷിക്കപ്പെട്ടു. അതു് അവൾക്കറിയാമായിരുന്നു. എന്നാൽ തൻെറ ഇച്ഛയെക്കുറിച്ചു് അവൾ ഒട്ടെങ്കിലും അറിഞ്ഞിരുന്നോ?

ഇത്തവണ തൻെറ പ്രേമപാത്രമായ ബീജഗുപ്തൻ ഇരിക്കവെയാണു് അവൾ കുമാരഗിരിയെ പ്രേമിക്കാൻ തുടങ്ങിയതു്; അതുകൊണ്ടു് അവൾക്കു കുമാരഗിരിയുടെ അട്ടത്തു ചെല്ലാൻ ധൈൎയ്യമുണ്ടായില്ല.

എന്നാൽ മൃത്യുഞ്ജയന്റെ ഗൃഹത്തിൽവച്ചു് ആ ആഘോഷദിവസം നടന്ന സംഭാഷണം അവൾക്കു ധൈൎയ്യം നൽകി. ധൈൎയ്യത്തോടൊപ്പം സ്വന്തം മനുഷ്യത്വത്തെ വഞ്ചിക്കാനുള്ള ഒരു വിഡംബനയും നൽകി. അവൾ തന്നോടായി പറഞ്ഞു—"ബീജഗുപ്തനെ സുഖവാനാക്കുക എന്നതു് എൻെറ കൎത്തവ്യമാണു്. അദ്ദേഹത്തിനു് ഉദ്ധാരണമാർഗ്ഗം കാണിച്ചുകൊടുക്കുക എന്നതാണു് ഞാനനുഷ്ഠിക്കേണ്ട ഒരു വലിയ ത്യാഗം. അദ്ദേഹത്തിൻെറ ജീവിതത്തെ അനശ്വരമാക്കുകതന്നെ വേണം. ഞാൻ ബീജഗുപ്തനെ ഉപേക്ഷിക്കണം. എന്നെന്നേയ്ക്കുമായി ഉപേക്ഷിച്ചേ തീരൂ."

അന്നു രാത്രി ചിത്രലേഖയ്ക്കു് ഉറക്കം വന്നില്ല. അവൾ ഇക്കാൎയ്യങ്ങളെക്കുറിച്ചു് ആലോചിച്ചുകൊണ്ടുതന്നെ കിടക്കുകയായിരുന്നു. പ്രഭാതമായപ്പോൾ അവൾ ഒന്നു മയങ്ങി. വളരെ പുലൎന്നാണു് അവൾ ഉറക്കമുണർന്നതു്. അവൾ പരിചാരികയെ വിളിച്ചു ചോദിച്ചു—"ബീജഗുപ്തനിൽ നിന്നു് എന്തെങ്കിലും സന്ദേശം ലഭിച്ചിട്ടുണ്ടോ?"

"ഇല്ല."

ചിത്രലേഖ കുളിച്ചു. ആഹാരം കഴിക്കാൻ കൂട്ടാക്കി യില്ല. രഥം കൊണ്ടുവരാൻ ആജ്ഞാപിച്ചിട്ട് അവൾ വസ്ത്രം മാററാൻ പോയി. ആഭരണങ്ങളെല്ലാം അഴിച്ചുവച്ചു. കേസ രവർണ്ണത്തിലുള്ള ഒരു പട്ടുസാരി എടുത്തുടുത്തു. തലമുടി കെട്ടി വച്ചില്ല. ഇതിനിടയ്ക്ക് രഥം വാതിൽക്കൽ വന്നു.

ചിത്രലേഖ ബീജഗുപ്തന് ഒരു കത്തെഴുതി. താൻ സന്ധ്യക്കുമുമ്പ് മടങ്ങിവന്നില്ലെങ്കിൽ അതു് ബീജഗുപ്തനെ ഏല്പിക്കുന്നതിന് പരിചാരികയെ ചട്ടംകെട്ടി. ഗൃഹത്തി ന്റെ ചുമതല വിശ്വസ്തയായ ഒരു പരിചാരികയെ ഏല്പി ച്ചു. അവൾ ആശ്ചര്യപ്പെട്ടുപോയി. ചിത്രലേഖ പറഞ്ഞു— "ആശ്ചര്യപ്പെടേണ്ട, യമുനേ! ഞാൻ അല്പകാലത്തേയ്ക്ക് ഈ ഐശ്വര്യം ഉപേക്ഷിച്ചിരിക്കുകയാണ്. ഞാൻ മടങ്ങിവരു ന്നതുവരെ നീയായിരിക്കും ഈ ഗൃഹത്തിന്റെ യജമാനത്തി."

ചിത്രലേഖ രഥത്തിൽ കയറി കുമാരഗിരിയുടെ ആശ്ര മത്തിലേക്കു യാത്രയായി. രാജമാർഗ്ഗത്തിലെത്തിയപ്പോൾ അവൾ താഴെ ഇറങ്ങി രഥസഞ്ചാലകനോടു പറഞ്ഞു—"നീ ഇവിടെ നിൽക്കുക. ഞാൻ മദ്ധ്യാഹ്നത്തിനുമുമ്പ് മടങ്ങി വ ന്നില്ലെങ്കിൽ രഥം തിരികെ കൊണ്ടുപോകണം. എന്നെ പ്ര തീക്ഷിക്കേണ്ടതില്ല."

ചിത്രലേഖ കുമാരഗിരിയുടെ ആശ്രമത്തിലെത്തിയ പ്പോൾ അയാൾ ധ്യാനാവസ്ഥയിൽ ഇരിക്കുകയായിരുന്നു. ചിത്രലേഖയും അവിടെ ഇരുന്നു. ഏതാണ്ട് ഒരു യാമനേരം കഴിഞ്ഞു് കുമാരഗിരി ധ്യാനത്തിൽനിന്നുണർന്നു. അയാൾ കണ്ണുതുറന്നു നോക്കിയപ്പോൾ ചിത്രലേഖ അടുത്തിരിക്കുന്ന താണു കണ്ടതു്. അവൾ കണ്ണുമടച്ചിരുന്ന് എന്തോ ആലോ ചിക്കുകയായിരുന്നു. ഒരൊറ്റ വസ്ത്രമേ അവൾ അണിഞ്ഞിരു ന്നുള്ളു. കുമാരഗിരി ഇത്രയുംകാലം ചിത്രലേഖയുടെ ഭ്രാന്തു പിടിപ്പിക്കുന്ന ഐശ്വര്യോന്മത്തമായ സൗന്ദര്യമാണു കണ്ടി ട്ടുള്ളതു്. എന്നാൽ ഇപ്പോൾ അയാൾ പ്രശാന്തതയും തേജ സ്സും നിറഞ്ഞ ഒരു ചിത്രലേഖയെയാണു കണ്ടതു്. ശോഷിച്ചു വിളറിയ അവളുടെ മുഖത്തു് കളിയാടിയിരുന്ന പ്രശാന്തത യുടെ തേജസ്സ് അവളുടെ വിഷയലോലുപതയെ ഒരു തിര യിട്ടു മറച്ചു. മന്ത്രമുഗ്ദ്ധനായിട്ടെന്നവണ്ണം കുമാരഗിരി ചിത്ര

ലേഖയുടെ സൗന്ദര്യത്തെ നിരീക്ഷിച്ചുകൊണ്ടിരുന്നു. അയാൾ പതുക്കെ പറഞ്ഞു—"ആശ്ചര്യം തന്നെ നത്തകീ!"

ചിത്രലേഖ കണ്ണു തുറന്നു—"ഗുരുദേവാ! അവിടത്തെ സമാധി സമാപിച്ചോ?"

"അതെ. എന്നാൽ, നത്തകി ചിത്രലേഖേ, ഭവതി ഇവിടെ എന്തിനു വന്നു?"

"എനിക്കു താങ്കൾ വിദ്യയരുളാൻ മറുത്തതു് ഓമ്മയുണ്ടായിരിക്കുമല്ലോ."

"അതെ. എനിക്കോമ്മയുണ്ടു്!"

"എന്നിട്ടും ഞാൻ വന്നിരിക്കുകയാണു്. ഞാൻ സകലതും ത്യജിച്ചു. എന്റെ ഐശ്വര്യത്തിനു ഞാൻ തിലാഞ്ജലിയർപ്പിച്ചു. ഇനി എന്റെ സ്വപ്രത്യയബോധം മാത്രമേ ശേഷിച്ചിട്ടുള്ളു. അതു് താങ്കളുടെ മുമ്പാകെ കൊണ്ടുവന്നിരിക്കുകയാണു്. അതിനെ എന്നിൽ നിന്നകററേണ്ടതു് താങ്കളുടെ കത്തവ്യമാണു്."

"ഇല്ല, നത്തകീ, ഇല്ല!" ചിത്രലേഖയുടെ വിശാലമായ ആ ഏണമിഴികൾക്കു മുമ്പിലിരുന്നു് കുമാരഗിരി വിറച്ചുപോയി—"നത്തകീ! ഇല്ല. ഇതസാദ്ധ്യമാണു്. ഭവതിക്കു് ഞാൻ വിദ്യയരുളുകയില്ല!" അയാൾ സ്വയം മറന്നു് ഉച്ചത്തിൽ അട്ടഹസിച്ചു.—"ഭവതിക്കു് വിദ്യയരുളുന്നതിന്റെ അത്ഥം അധഃപതിക്കുക എന്നതാണു്. എവിടേയ്ക്കു്? ഏററവും അഗാധതയിലേയ്ക്കു്! എനിക്കു് ഭവതിയെ അറിയാം. എനിക്കു് എന്നേയുമറിയാം. ഭവതിയെ ഉദ്ധരിക്കാൻ പ്രയാസമാണു്. ഞാൻ തന്നെ വീണുപോകാനാണെളുപ്പം."

കുമാരഗിരി എഴുനേററു. അയാൾ വിക്ഷിപ്തനായിട്ടു് ആശ്രമത്തിലങ്ങോട്ടുമിങ്ങോട്ടും ഉലാത്തി. ചിത്രലേഖ ഒരു പ്രതിമപോലെ നിശ്ശബ്ദയായി ഇരുന്നുപോയി. കുമാരഗിരി വീണ്ടും പറഞ്ഞു.—"നത്തകീ! സത്യം പറയണം. ഞാൻ ഭവതിയോടു കള്ളം പറഞ്ഞിട്ടില്ല. സത്യം പറയണമെന്നു് ഞാൻ വീണ്ടും പറയുന്നു. ഭവതി ഇവിടെ എന്തിനു വന്നു? ഭവതി സത്യമായും ജ്ഞാനം സമ്പാദിക്കാൻ ആഗ്രഹിക്കുന്നുണ്ടോ? ഭവതിയുടെ സുഖഭോഗങ്ങൾക്കു് വാസ്തവമായി

ത്തന്നെ തിലാഞ്ജലിയർപ്പിച്ചിട്ടാണോ വന്നിരിക്കുന്നതു്? അതു സാധ്യമാണോ?" കുമാരഗിരി പൊട്ടിച്ചിരിച്ചു—"ഭവതി സത്യം പറയണമെന്നു വിചാരിക്കുകയില്ല. കള്ളം പറയുകയുമില്ല. ഭവതിയുടെ മൗനം 'ഇല്ല' എന്നതിനെയാണു സൂചിപ്പിക്കുന്നതു്."

ചിത്രലേഖയുടെ നിദ്ര ഭംഗപ്പെട്ടു. അവൾ കുമാരഗിരിയെ നോക്കി. രണ്ടുപേരുടെയും ദൃഷ്ടികൾ പരസ്പരമിടഞ്ഞു. ചിത്രലേഖ ശാന്തസ്വരത്തിൽ പറഞ്ഞു.—"യോഗീ! താങ്കളുടെ ജയാപജയങ്ങളെ കൂട്ടാക്കാതെ താങ്കൾ ഒരു തവണ എന്നോടു സത്യം പറഞ്ഞു. ഞാനും താങ്കളോടു് സത്യം പറയുകയാണു്—ഞാൻ താങ്കളെ പ്രേമിക്കാനാണു വന്നിരിക്കുന്നതു്."

"എൻെറ അഭ്യൂഹം തെററിയില്ല. ഭവതിക്കു നന്ദി. ഭവതി എന്നെ പ്രേമിക്കാൻ വന്നിരിക്കുകയാണോ? ഈ എന്നെ! ഒരിക്കലും ആരേയും പ്രേമിച്ചിട്ടില്ലാത്ത, പ്രേമം എന്നതു് എന്തെന്നറിയാത്ത എന്നെ! എത്ര വിചിത്രമായിരിക്കുന്നു; എന്നാൽ ഇനി ഒന്നുകൂടി ചോദിക്കുന്നുണ്ടു്. എങ്ങിനെയാണു പ്രേമിക്കുന്നതു്? ഞാൻ ഇത്രയുംകാലം ധരിച്ചിരുന്നതു് മനുഷ്യനിൽ പ്രേമം സ്വയമേവ ഉണ്ടായിരിക്കും എന്നാണു്. മനുഷ്യൻ ആദ്യമായി പ്രേമിക്കാൻ കച്ചകെട്ടണമെന്നും അതിനു ശേഷമാണു് പ്രേമിക്കുന്നതെന്നും ഞാൻ അറിഞ്ഞിരുന്നില്ല." കുമാരഗിരി ചിരിച്ചു; എന്നാൽ അയാളുടെ ആ ചിരി എത്ര രൂക്ഷവും പരിഹാസപൂർണ്ണവുമായിരുന്നു! ചിത്രലേഖ ഞെട്ടിപ്പോയി.

അവൾ പറഞ്ഞു—"യോഗീ! ഞാൻ പറഞ്ഞതു ശരിയായിരുന്നില്ല. എനിക്കു് എൻെറ മനോഗതത്തെ ശരിയായ പദങ്ങൾകൊണ്ടു് വ്യക്തമാക്കാൻ കഴിഞ്ഞില്ല. ഞാൻ താങ്കളെ പ്രേമിക്കുന്നു. അതു് താങ്കൾക്കറിയാം. താങ്കൾ എന്നേയും പ്രേമിക്കുന്നതിനാണു് ഞാൻ താങ്കളുടെ സമീപം വന്നിരിക്കുന്നതു്. ഇപ്പോൾ ഞാൻ പറയേണ്ടതെല്ലാം പറഞ്ഞുകഴിഞ്ഞു."

"ഭവതി എന്നെ പ്രേമിക്കുന്നു എന്നതുതന്നെ ധാരാളം മതിയാകും. ഞാൻ ഇക്കാര്യത്തിൽ ഒരിക്കലും ഭവതിയെ

തടഞ്ഞിട്ടില്ല. തടയാൻ എനിക്കു കഴിഞ്ഞിട്ടുമില്ല. പ്രേമത്തിനുപകരം പ്രേമത്തെ പ്രതീക്ഷിക്കുന്നതു് ശരിയായിരിക്കാം. എന്നാൽ ആ പ്രേമത്തെ സഫലീകരിക്കാൻ ശ്രമിക്കുന്നതു് അനധികൃതമായ യത്നമാണു്."

ചിത്രലേഖയുടെ മുഖം വിളറിപ്പോയി. എന്നാൽ ക്ഷണനേരംകൊണ്ടു് അവൾ തന്നെ നിയന്ത്രിച്ചു. അവൾ വളരെ ഗംഭീരഭാവം അവലംബിച്ചുകൊണ്ടു പറഞ്ഞു—"താങ്കൾ പറയുന്നതു ശരിയാണു യോഗീ! എനിക്കിപ്പോഴും തെററിപ്പോയി. ഞാൻ ഇവിടെ വന്നിരിക്കുന്നതു് പ്രേമത്തിൻെറ അതൃപ്തമായ ദാഹം ശമിപ്പിക്കുന്നതിനാണു്. എൻെറ പ്രേമിയുടെ പാദധൂളി ദിനംതോറും എൻെറ ശിരസ്സിലർപ്പിക്കുന്നതിനു്; അങ്ങയിൽ എന്നെ നിമഗ്നയാക്കുന്നതിനു്. സേവാ, ഭക്തി, ആത്മവിസ്മൃതി, അശമ്യമായ ദാഹം ഇവ പ്രേമത്തെയാണു് ദ്യോതിപ്പിക്കുന്നതു്. ഇതിനെ സത്യത്തിൻെറയും വിശ്വാസത്തിൻെറയും കർത്തവ്യത്തിൻെറയും ആവരണമണിഞ്ഞു് ഞാൻ എൻെറ വിവാഹസമയത്തു കണ്ടിട്ടുള്ളതാണു്; എന്നാൽ ആ ആവരണങ്ങളുള്ളപ്പോൾ എനിക്കു് സത്യത്തിൻെറ യഥാർത്ഥമായ മഹത്വം കാണാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ ആ സത്യത്തെ വീണ്ടും കാണുന്നതുകൊണ്ടാണു് ഞാൻ താങ്കളുടെ സമീപം വന്നിരിക്കുന്നതു്."

"കുമാരഗിരി ഗംഭീരഭാവമവലംബിച്ചു. അയാളുടെ മനസ്സിൽ ഒരു പ്രശ്നമുദിച്ചു.—ആശയെ അകററിനിറുത്തികൊണ്ടു പ്രേമിക്കാൻ സാധിക്കുമോ? അയാളുടെ സാധനയും വിശ്വാസവും അതിനുത്തരം നൽകി—'ഇല്ല'—അയാളുടെ ഹൃദയം പറഞ്ഞു—'മായാ! പരിശുദ്ധ പ്രേമത്തിൽ ആശക്കും തൃഷ്ണക്കും സ്ഥാനമില്ല.'

കുമാരഗിരി പറഞ്ഞു—"കുറച്ചു സമയം തരൂ ദേവീ! ഇതു് ഒരു കട്ടത്ത പ്രശ്നമാണു്." ചിത്രലേഖ കുമാരഗിരിയുടെ കാൽ പിടിച്ചു.—"സമയം തരാൻ സമയമില്ല ദേവാ! നടക്കേണ്ടതു നടന്നുകഴിഞ്ഞു. ഞാൻ വളരെ മുന്നോട്ടു പോയിരിക്കുകയാണു്. ഇനി പിറകോട്ടു പോവുക അസാദ്ധ്യം. ഞാൻ ഈ ആശ്രമത്തിൽ താമസിക്കാനാണു വന്നതു്. ഇവിടം വിട്ടു പോകാനല്ല."

ഇതിനുത്തരം പറയാതെ കുമാരഗിരി ചോദിച്ചു—"ഭവതി നടന്നാണോ വന്നതു്?"

"അല്ല, രഥത്തിൽ കയറിവന്നു?"

"രഥം എവിടെ?"

"രാജമാർഗ്ഗത്തിൽ വിട്ടിട്ടു വന്നു. അതു് ഇപ്പോൾ മടങ്ങിപ്പോയിട്ടുണ്ടാവും."

കുമാരഗിരി മേല്പോട്ടു നോക്കി—"ഭഗവാനേ! ഇതിൽ എന്തു രഹസ്യമാണു് ഒളിഞ്ഞുകിടക്കുന്നതു്? അവിടത്തെ ഇച്ഛ എന്താണു്? ശരി, അവിടത്തെ ഇച്ഛപോലെതന്നെ നടക്കട്ടെ!" കുമാരഗിരി തന്റെ പാദങ്ങളിൽ വീണുകിടന്ന ചിത്രലേഖയെ എഴുന്നേല്പിച്ചു.—"നന്നു ദേവീ! ഞാൻ ഭവതിക്കു വിദ്യയരുളാം. ഞാൻ ലൗകികമായ ആഗ്രഹങ്ങളോടു മല്ലിടണമെന്നാണു് ഈശ്വരകല്പന. എന്നാൽ അങ്ങിനെ തന്നെയാകട്ടെ. എന്നുപറഞ്ഞു് കുമാരഗിരി വിശാലദേവനെ വിളിച്ചു. വിശാലദേവൻ വന്നു. യോഗി പറഞ്ഞു—"വിശാലദേവാ! നീ ചിത്രലേഖയ്ക്കു് ഒരു ആശ്രമം തയ്യാറാക്കണം."

വിശാലദേവന്റെ മുഖത്തു് ഒരു ആശ്ചര്യചിഹ്നം ഉയന്നു. ഈ ആജ്ഞയിൽ ഒളിഞ്ഞുകിടന്ന രഹസ്യം അയാൾക്കു് നല്ലപോലറിയാമായിരുന്നു. അയാൾ ചിത്രലേഖയെ അഭിവാദ്യം ചെയ്തുകൊണ്ടു പറഞ്ഞു—"ദേവീ! ഭവതിക്കു് സ്വാഗതം!" അയാൾ കുമാരഗിരിയെ അത്ഥഗഭ്മായി നോക്കി.

കുമാരഗിരിക്കു് വിശാലദേവന്റെ ആ നോട്ടത്തിന്റെ താല്പയ്യം മനസ്സിലായി—"വത്സാ! നിനക്കു് ആശ്ചയ്യം തോന്നുകയാണു് അല്ലേ? നീ എന്റെ ദൗർബ്ബല്യം ഒരിക്കൽ കണ്ടിട്ടുള്ളതുകൊണ്ടു് നിനക്കത്ഭുതം തോന്നുന്നതു് സ്വാഭാവികം തന്നെയാണു്. എന്നാൽ ഒരു കാൎയ്യം ഓമ്മിച്ചുകൊള്ളുക. മനുഷ്യന്റെ കത്തവ്യം ദൌർബ്ബല്യത്തിന്റെ മേൽ വിജയം നേടുക എന്നതാണു്. ഇന്നു് ഈശ്വരൻ എന്നോടു് ഒരു സത്യം വെളിപ്പെടുത്തി. ആശയോടു സമരം ചെയ്യുന്നതിലാണു് ജീവിതത്തിന്റെ ശ്രേഷ്ഠത സ്ഥിതിചെയ്യുന്നതു്. ഞാൻ അങ്ങിനെ ചെയ്യാൻ പോവുകയാണു്. അതുകൊണ്ടു് ചി-

ത്രലേഖയെ എൻെറ ശിഷ്യയാക്കാൻ ഞാൻ ഉറച്ചുക ഴിഞ്ഞു."

വിശാലദേവൻ പുഞ്ചിരിതൂകി—"ഗുരുദേവൻ അരുളി ച്ചെയ്തതു് സർവഥാ ശരിയാണു്. ആശ്രമം ഇന്നുതന്നെ തയ്യാ റാക്കേണമോ?"

വിശാലദേവൻെറ പുഞ്ചിരിയും ഈ ചോദ്യവും കൊണ്ടു് കുമാരഗിരിയുടെ ശരീരത്തിലാകമാനം ക്രോധത്തിൻെറ ഒരു വിദ്യുത്പ്രവാഹമുണ്ടായി. അയാൾ വിറച്ചുകൊണ്ടു് ഞെ ളിഞ്ഞുനിന്നു പറഞ്ഞു.—"ഇല്ല, ആശ്രമത്തിൻെറ ആവശ്യ മില്ല. ചിത്രലേഖ എൻെറ ആശ്രമത്തിൽ താമസിക്കും. മന സ്സിലായോ? വിശാലദേവാ! എൻെറ ദൗർബ്ബല്യത്തെ പരിഹ സിക്കുന്ന യുവാവേ! ഓർമ്മിച്ചുകൊള്ളുക! ഞാൻ നിൻെറ ഗുരു വാണു്. നിനക്കു മേലാണു് ഞാൻ. സാധനയിലും തപ സ്യയിലും വെന്തു പാകം വന്ന വ്യക്തി എത്ര ബലവാനാ ണെന്നു് ഞാൻ നിനക്കു കാണിച്ചുതരാം."

കുമാരഗിരിയുടെ രുദ്രരൂപം കണ്ടു് വിശാലദേവൻ ഭയ ന്നു വിറങ്ങലിച്ചുപോയി. അയാൾ ഗുരുവിൻെറ പാദങ്ങ ളിൽ വീണു—"ഗുരുദേവാ! എൻെറ ധാർഷ്ട്യത്തിനു് എനിക്കു മാപ്പുതരണം. ഞാൻ ഉടൻതന്നെ ചെന്നു് ആശ്രമം തയ്യാ റാക്കാം."

"വേണ്ട"—കുമാരഗിരി ഗർജ്ജിച്ചു—"ഇപ്പോൾ ആശ്ര മത്തിൻെറ ആവശ്യമില്ല വിശാലദേവാ! ഒരിക്കൽ ഞാൻ എന്തോ ഭ്രമത്തിൽപെട്ടു് നിൻെറ ഗുരുവിനെ പരിഹസിച്ചു. എനിക്കു് അതിൻെറ ശിക്ഷ ലഭിക്കുകയാണു്. നിൻെറ ഗുരു നിന്നെ പാപത്തെ തേടിപ്പിടിക്കാനാണു് ഇവിടെ അയച്ചി രിക്കുന്നതു്. ഇപ്പോൾ നിനക്കു പാപത്തെ കാണുന്നതിനും അതിൻെറ മേൽ വിജയം വരിക്കുന്നതെങ്ങിനെയെന്നു മന സ്സിലാക്കുന്നതിനുമുള്ള സന്ദർഭം വന്നിരിക്കുകയാണു്. നിനക്കു പോകാം. സന്ധ്യാവന്ദനത്തിനു സമയമായി."

വിശാലദേവൻ പോയി. കുമാരഗിരി ചിത്രലേഖയോടു പറഞ്ഞു—"ദേവീ! ഇപ്പോൾ നടന്നതെല്ലാം വെറും സ്വപ്ന പ്രായമാണു്. എനിക്കുതന്നെ അതിനെക്കുറിച്ചു വിശ്വാസ

മില്ല. എന്നാൽ നടക്കേണ്ടതു നടന്നുകഴിഞ്ഞു. ഞാൻ അഗ്നിയോടു കളിക്കാൻ പോവുകയാണെന്നു് എനിക്കു തോന്നിപ്പോകുന്നു. എനിക്കു ഭയവുമുണ്ടു്!"

ചിത്രലേഖയുടെ മുഖത്തു് ഒരു മധുരസ്മിതി നൃത്തമാടി—"ദേവാ! എന്നെക്കണ്ടു് താങ്കൾ ഭയപ്പെടേണ്ട. താങ്കളുടെ സാധനയ്ക്കും തപസ്യയ്ക്കും ഞാൻ ഒരിക്കലും വിലങ്ങുതടിയായിത്തീരുകയില്ലെന്നു് ഉറപ്പുതരുന്നു. ഞാൻ താങ്കളെ പ്രേമിക്കുന്നു. പ്രേമത്തിന്റെ അർത്ഥം അതിരററ ത്യാഗമാണു്. താങ്കൾക്കു സുഖമരുളുന്നതെന്താണോ അതുകൊണ്ടു് ഞാൻ സുഖം നേടിക്കൊള്ളാം."

"അങ്ങിനെതന്നെയാകട്ടെ!" കുമാരഗിരി തന്റെ ആസനത്തിൽ ഇരുന്നു.—"ഭവതിയുടെ ആവശ്യത്തിനു് കുശപ്പുല്ലുകൊണ്ടു് ഒരാസനം തയ്യാറാക്കണം. കുശപ്പുല്ലു് വിശാലദേവനോടു ചോദിച്ചു വാങ്ങിക്കൊള്ളാം. എനിക്കു സന്ധ്യാസമാധിക്കു സമയമായി" ഇത്രയുംപറഞ്ഞു് കുമാരഗിരി കണ്ണുമടച്ചു് ഇരുന്നു.

# അദ്ധ്യായം പന്ത്രണ്ടു്

ബീജഗുപ്തനു് താൻ കാരണം കൂടാതെ മൃത്യുഞ്ജയനെ അവമാനിച്ചു എന്നു് ഒരു ശങ്ക ജനിച്ചു. പിറേറദിവസം രാവിലെ ശ്വേതാങ്കൻ ബീജഗുപ്തന്റെ സമീപം ചെന്നപ്പോൾ ബീജഗുപ്തൻ പറഞ്ഞു—"ശ്വേതാങ്കാ! മൃത്യുഞ്ജയന്റെ ഗൃഹത്തിലെ സദ്യയിൽ വച്ചു് ഞാൻ പറഞ്ഞ കാര്യങ്ങൾ അനുചിതമായിപ്പോയിട്ടുണ്ടാവണം. ഞാൻ അനുചിതമായി എന്തൊക്കെയാണു പറഞ്ഞതെന്നു് എനിക്കിപ്പോഴും മനസ്സിലാകുന്നില്ല. നീയും അവിടെ ഉണ്ടായിരുന്നല്ലോ. ഒരുപക്ഷേ നിനക്കു് എല്ലാം ഓർമ്മയുണ്ടായിരിക്കാം."

ശ്വേതാങ്കൻ അല്പം ആലോചിച്ചുപറഞ്ഞു—"സ്വാമി പറഞ്ഞ കാര്യങ്ങൾ ശരിയായിട്ടുള്ളവതന്നെയായിരുന്നു. അ

ദ്ദേഹത്തെ അവമാനിച്ചെന്ന കാര്യത്തെപ്പററി ഞാൻ മനസ്സി ലാക്കുന്നതു്. അവിടന്നു കാര്യങ്ങൾ തുറന്നുപറഞ്ഞതുകൊണ്ടു് മൃത്യുഞ്ജയനു തന്നെ അവമാനിച്ചതായി തോന്നിയിരിക്കുകയി ല്ല എന്നു മാത്രമാണു്. എന്നാൽ അതിനെക്കുറിച്ചു് ക്ലേശി ക്കുന്നതെന്തിനു്? സത്യം സത്യമാണു്. പരസ്പരവിരുദ്ധമായ യാഥാർത്ഥ്യങ്ങൾ ഉണ്ടായിരിക്കാവുന്നതാണല്ലോ."

"ഇല്ല, നീ തെററിദ്ധരിക്കുന്നു ശ്വേതാങ്കാ! സത്യം സത്യ മാണു്. എന്നാൽ അതു് അപ്രിയമാകരുതു്. ഞാൻ പറ ഞ്ഞതു് പ്രിയം തോന്നുമാറു മറെറാരുതരത്തിൽ പറയാമായി രുന്നു." ബീജഗുപ്തനു് മൃത്യുഞ്ജയന്റെ അവമാനത്തെപ്പറ്റി യല്ല അത്ര ചിന്തയുണ്ടായതു്. തന്റെ വാക്കുകൾ യശോധരയ്ക്കു് അകാരണമായ ദുഃഖമുളവാക്കിയിരിക്കും എന്നോർത്താണു് അ യാൾ ചോദിച്ചതു്. അയാളുടെ കണ്ണുകൾക്കു മുമ്പിൽ യശോ ധരയുടെ ചിത്രം നിന്നു നൃത്തമാടി. യശോധര പ്രേമിക്കുന്ന ഒരു വിഗ്രഹമായിരുന്നു—അവളുടെ നിഷ്കളങ്കത, പ്രശാന്തവും അമൃതാഭിഷിക്തവുമായ കണ്ണുകൾ, ലജ്ജയും തേജസ്സുംകൊണ്ടു ശോഭിക്കുന്ന അതിസുന്ദരമായ മുഖമണ്ഡലം ഇവയെല്ലാം ഇട വിടാതെ ബീജഗുപ്തന്റെ കണ്മുമ്പിൽ കളിയാടിക്കൊണ്ടി രുന്നു; എന്നാൽ അയാൾക്കു യശോധരയെ പ്രേമിക്കാൻ കഴി ഞ്ഞില്ല, അയാൾ ചിത്രലേഖയെ പ്രേമിക്കുന്നതുകൊണ്ടു്. ചി ത്രലേഖയുടെ മാദകത്വം യശോധരയിലില്ലായിരുന്നു. ചിത്ര ലേഖയുടെ ഹൃദയം യശോധരയ്ക്കുണ്ടായിരുന്നോ ഇല്ലയോ എ ന്നു് അയാൾക്കു തീരുമാനിക്കാൻ കഴിഞ്ഞില്ല. ചിത്രലേഖ അയാളുടെ പത്നിയല്ലാതിരുന്നിട്ടും പത്നിക്കു തുല്യയായിരുന്നു. നർത്തകിയായിരുന്നെങ്കിലും അവൾക്കു പ്രേമിക്കാൻ കഴിഞ്ഞി രുന്നു. പണത്തിനു വേണ്ടിയല്ല, ചിത്രലേഖയുടെ കൈവശം പണത്തിനു കുറവൊന്നുമില്ല, കേവലം പ്രേമത്തിനുവേണ്ടി. ചിത്രലേഖയുമായി ആദ്യമായി പരിചയപ്പെട്ട ആ രാത്രി അ യാൾക്കോർമ്മവന്നു. ചിത്രലേഖയും യശോധരയും തമ്മിൽ യാതൊരു സാമ്യവുമില്ല. ചിത്രലേഖ വളരെ ഉയർന്ന നില യിലുള്ള ഒരു സ്ത്രീ. പിന്നെ താൻ എന്തിനാണു് യശോ ധരയെപ്പററി ചിന്തിക്കുന്നതെന്നോർത്തു് അയാൾ അത്ഭു തപ്പെട്ടുപോയി. അയാൾ ശ്വേതാങ്കനോടു പറഞ്ഞു—"ശ്വേ

താങ്കാ! ഞാൻ മൃത്യുഞ്ജയനോടു പറഞ്ഞുപോയ പരുഷവാക്കുകൾക്കു് ക്ഷമായാചനം ചെയ്യുന്നതു് ഉചിതമായിരിക്കുമെന്നു തോന്നുന്നു.

"സ്വാമിയുടെ ഇച്ഛപോലെയാകട്ടെ!"

ബീജഗുപ്തൻ മൃത്യുഞ്ജയനു് ഒരു കത്തെഴുതി ശ്വേതാങ്കന്റെ കൈയിൽ കൊടുത്തു. ശ്വേതാങ്കൻ അതുംകൊണ്ടു് മൃത്യുഞ്ജയന്റെ ഗൃഹത്തിലെത്തി. അയാൾ ദ്വാരപാലകനോടു ചോദിച്ചു—"ആര്യശ്രേഷ്ഠൻ ഗൃഹത്തിലുണ്ടോ?" ദ്വാരപാലകൻ പറഞ്ഞു—"അദ്ദേഹം എന്തോകാര്യം പ്രമാണിച്ചു് പുറത്തു പോയിരിക്കുകയാണു്. എന്താണു സംഗതി?"

"അദ്ദേഹത്തിനു് ഞാൻ ഒരു കത്തു കൊണ്ടുവന്നിട്ടുണ്ടു്."

"കത്തു് എന്റെ പക്കൽ തരാമല്ലോ. ഞാൻ അതു് അദ്ദേഹത്തെ ഏല്പിക്കാം."

"ഇല്ല! ഈ കത്തു് ഞാൻ അദ്ദേഹത്തിന്റെ പക്കൽ കൊടുക്കുകയേയുള്ളു"—ശ്വേതാങ്കൻ ഇടക്കു നിറുത്തി—"അല്ലെങ്കിൽ അദ്ദേഹത്തിന്റെ പുത്രി യശോധരയുടെ പക്കൽ."—ശ്വേതാങ്കന്റെ നാവിൽനിന്നു് യാദൃച്ഛികമായിട്ടാണു് ഈ വാക്യം നിർഗ്ഗളിച്ചതു്.

ദ്വാരപാലകൻ യശോധരയെ വിവരമറിയിച്ചിട്ടു് ശ്വേതാങ്കനെ സൽക്കാരമുറിയിൽ കൊണ്ടുചെന്നിരുത്തി. അല്പം കഴിഞ്ഞു് യശോധര മുറിയിൽ പ്രവേശിച്ചു. ശ്വേതാങ്കൻ അവളെ അഭിവാദ്യംചെയ്യാൻ എഴുനേററു. ശ്വേതാങ്കനെ കണ്ടു് യശോധര ഇരുന്നുകൊണ്ടുതന്നെ സംഭാഷണം ആരംഭിച്ചു—"പറയണം! താങ്കൾ എന്തിനാണാവോ ഇത്ര ബുദ്ധിമുട്ടിയതു്?"

"സാമന്തബീജഗുപ്തൻ ഭവതിയുടെ അച്ഛനു കൊടുക്കാൻ ഒരു കത്തു തന്നയിച്ചിട്ടുണ്ടു്—ബീജഗുപ്തന്റെ പത്രവാഹകൻ എന്ന നിലയ്ക്കാണു് ഞാൻ വന്നിരിക്കുന്നതു്"—ശ്വേതാങ്കൻ ബീജഗുപ്തനെ 'സ്വാമി' എന്ന പദംകൊണ്ടു കുറിക്കാതിരിക്കുന്നതുതന്നെ ഉചിതമായിക്കരുതി.

"അച്ഛൻ ഇപ്പോൾ വരികയായിരിക്കും. ഒരുപക്ഷേ താങ്കൾക്കു് അദ്ദേഹത്തെ പ്രതീക്ഷിച്ചു് കുറച്ചുകൂടി ബുദ്ധിമു

ട്ടേണ്ടിവരും.'' യശോധരയുടെ ആ വിശാലനേത്രങ്ങൾ ശ്വേതാങ്കൻെറ കണ്ണുകളോടിടഞ്ഞു. എന്നാൽ അവൾക്കു സങ്കോചം തോന്നിയില്ല. ശ്വേതാങ്കൻ പറഞ്ഞു—"പാടലീപുത്രത്തിലെ സർവാധികസുന്ദരിയായ ഭവതിയുടെ സാന്നിദ്ധ്യത്തിൽ കുറച്ചുനേരം ഇരിക്കുന്നതിനു് ആർക്കാണു് പ്രയാസം തോന്നുക?"

യശോധരയ്ക്കു് ഇത്തരം ഭാഷണങ്ങൾ പരിചിതമല്ലായിരുന്നു. വിശേഷിച്ചു കുറച്ചു നാഴികകളോ ഏതാനും നിമിഷങ്ങളോ മാത്രം പരിചയമുള്ള ഒരു വ്യക്തിയിൽനിന്നു്. എങ്കിലും ആ ഭാഷണം മധുരമായിരുന്നു. സന്തോഷവും ലജ്ജയുംകൊണ്ടു് യശോധര അധോനേത്രയായി. അവളുടെ കപോലങ്ങളുടെ സ്വാഭാവികമായ അരുണിമ ദ്വിഗുണീഭവിച്ചു. ശ്വേതാങ്കൻ അവളുടെ അതിഥിയായിരുന്നു. അയാളെ സൽക്കരിക്കേണ്ടതു് അവളുടെ കർത്തവ്യമായിരുന്നു. അവൾ ചോദിച്ചു...

"ആര്യബീജഗുപ്തനെ താങ്കൾ നല്ലപോലെ അറിയുമായിരിക്കും."

"അതെ. ലോകത്തിലെ സർവശ്രേഷ്ഠരായ മനുഷ്യരിൽ ഒരാളായി അദ്ദേഹത്തെ കരുതുന്നതുകൊണ്ടു് ആർക്കും ദോഷം വരാനില്ല."

"നർത്തകി ചിത്രലേഖയെക്കുറിച്ചു് താങ്കളുടെ അഭിപ്രായമെന്താണു്?"

"അവർ വളരെ ഉയർന്ന നിലയിലുള്ള ഒരു സ്ത്രീയാണു്. അവർ ഒരു ദേവിയാണെന്നുകൂടി ഞാൻ പറയും. ചിത്രലേഖയെ അറിയുന്ന ആൾ സൗന്ദര്യത്തെയും സൗന്ദര്യജന്യമായ കർത്തവ്യത്തേയും അറിയുകതന്നെ ചെയ്യും."

യശോധര ചിരിച്ചു—"അപ്പോൾ എൻെറ ധാരണ അടിസ്ഥാനരഹിതമല്ലായിരുന്നു—ആര്യൻെറ പേരു് ശ്വേതാങ്കൻ എന്നാണെന്നു തോന്നുന്നു."

"ഭവതിയുടെ അനുമാനം ശരിയാണു്."

"ആര്യ ശ്വേതാങ്കാ! ഇനിയും ഒരു കാര്യംകൂടി ചോദിക്കാനുണ്ടു്. താങ്കളുടെ ഗുരുനാഥൻ പാപം അന്വേഷിച്ചു കണ്ടു

പിടിക്കുന്നതിന്ന് താങ്കളെ വാസ്തവമായും ബീജഗുപ്തൻെറ അടുത്തു് അയച്ചിരിക്കുകയാണോ? അപ്പോൾ ബീജഗുപ്തന്റെ വ്യക്തിത്വം വാസ്തവത്തിൽ പാപത്തെ തേടിപ്പിടിക്കുന്നതിനുള്ള ഒരുപാധിയാണോ?"

ശ്വേതാങ്കൻ പുഞ്ചിരിതൂകി—"എൻെറ ഗുരുനാഥൻ പാപത്തെ തേടിപ്പിടിക്കുന്നതിന്ന് എന്നെ ആര്യ്യബീജഗുപ്തന്റെ അടുത്തയച്ചിരിക്കുന്നു എന്നു് ഭവതി പറഞ്ഞതു ശരിതന്നെ. പിന്നെ ബീജഗുപ്തൻെറ വ്യക്തിത്വം പാപത്തെ കണ്ടുപിടിക്കുന്നതിനുള്ള ഒരുപാധിയെന്നതിനെപ്പററി ചിന്തിക്കുന്നതായാൽ അതു് എനിക്കുതന്നെ ഒരു കീറാമുട്ടിയാണു്. ഇനി ഒരു കാര്യംകൂടിയുണ്ടു്. യോഗി കുമാരഗിരിയോടുകൂടി എന്റെ ഒരു സതീർത്ഥ്യൻ താമസമുണ്ടു്. ഇന്നലെ അയാൾ അദ്ദേഹത്തോടുകൂടി സദ്യക്കു വന്നിരുന്നു. പാപത്തെ തേടിപ്പിടിക്കുന്നതിനാണു് അയാളെ അവിടെ അയച്ചിട്ടുള്ളതു്. ഇതുകൊണ്ടും ഭവതിക്കു ആശ്ചര്യ്യം തോന്നിയേയ്ക്കാം."

യശോധര ഞെട്ടിപ്പോയി.

"എന്നാൽ ആശ്ചര്യ്യപ്പെടേണ്ട കാര്യ്യമൊന്നുമില്ല, ദേവീ! ഞങ്ങളെ ആരുടെ അടുക്കലാണോ അയച്ചിരിക്കുന്നതു് അവർ പാപികളായിരിക്കണമെന്നില്ല. അവരോടു സമ്പർക്കം പുലത്തുന്ന ആളുകളിൽ ആരെങ്കിലും പാപികളായെന്നുവരാം. എന്നാൽ പാപം എന്നതുതന്നെ എന്താണു്? ആക്കറിയാം?" ഞാൻ പാപമെന്നു കരുതുന്നതിനെ മററൊരു വ്യക്തി പാപമായി കരുതിയില്ലെന്നുവരാം. അതുപോലെ നാം ശ്രദ്ധിക്കാത്ത പല കാര്യ്യങ്ങളും വളരെപ്പേക്കു് പാപമായിത്തോന്നിയെന്നും വരാവുന്നതാണു്."

ഈ ഉത്തരം യശോധരയ്ക്കു് അത്ര ബോധിച്ചില്ല: "ആര്യ്യശ്വേതാങ്കാ! താങ്കൾ ഒരു ഗുണഭാഗദൃക്കാണു്. അതിന്നു ഞാൻ താങ്കളെ പ്രശംസിക്കുന്നു."

ഈ സംഭാഷണമദ്ധ്യേ ആര്യ്യശ്രേഷ്ഠനായ മൃത്യുഞ്ജയൻ മുറിയിൽ പ്രവേശിച്ചു. ശ്വേതാങ്കൻ എഴുന്നേററു് അദ്ദേഹത്തെ അഭിവാദ്യംചെയ്തു. യശോധര അകത്തുപോയി.

മൃത്യുഞ്ജയൻ ശ്വേതാങ്കനു് ഇരിക്കാൻ അനുജ്ഞ നൽകിയിട്ട സംഭാഷണമാരംഭിച്ചു: "താങ്കൾ ഇന്നലെ ബീജഗുപ്തനോട്ടക്കൂടി വന്ന അതേ സേവകനാണോ?"

"അതെ. സ്വാമി താങ്കൾക്കു് ഒരു കത്തു തന്നയിച്ചിട്ടുണ്ടു്."

മൃത്യുഞ്ജയൻ കത്തു വാങ്ങി. അതു വായിച്ചപ്പോൾ അദ്ദേഹത്തിൻെറ മുഖത്തു സന്തോഷം സ്ഫുരിച്ചു: "സാമന്തബീജഗുപ്തനോട്ട പറയണം അദ്ദേഹം ക്ഷമായാചനം ചെയ്യേണ്ട ആവശ്യമൊന്നുമില്ലെന്നു്. അദ്ദേഹത്തോട്ടു് എൻെറ ഹൃദയവൃത്തി മുമ്പുണ്ടായിരുന്നതുപോലെതന്നെ നിമ്മലമാണു്. ഒരു കാൎയ്യം കൂടി പറയണം. അദ്ദേഹത്തിനു മററു ജോലിത്തിരക്കൊന്നുമില്ലെങ്കിൽ സന്ധ്യയോട്ടക്കൂടി ഇത്രടം ഒന്നു വന്നാൽ കൊള്ളാം. ഇവിടെത്തന്നെ ആഹാരം കഴിക്കാം." അല്പനേരം കഴിഞ്ഞു് അദ്ദേഹം വീണ്ടും പറഞ്ഞു: "ശ്വേതാങ്കാ! ബീജഗുപ്തനോട്ടക്കൂടി താങ്കളേയും ഞാൻ ക്ഷണിക്കുന്നു."

ശ്വേതാങ്കൻെറ മുഖം പ്രസന്നതകൊണ്ടു തിളങ്ങി. "ആൎയ്യശ്രേഷ്ഠൻെറ ആജ്ഞയെ പാലിക്കാൻ ഞാൻ തയ്യാറാണു്. യജമാനൻ വരികയാണെങ്കിൽ ഞാനുംകൂടെ തീൎച്ചയായും വരാം. എന്നാൽ അദ്ദേഹത്തിൻെറ ഉത്തരവുകൂടാതെ ഞാൻ ഇവിടെ വരുന്നതു് എത്രകണ്ടു ഉചിതമാകുമെന്നു പറയാൻ പ്രയാസം."

മൃത്യുഞ്ജയൻ ചിരിച്ചു: "താങ്കൾ ശാന്തനും, എന്നാൽ ഗൗരവവാനും കൎത്തവ്യനിഷ്ഠനുമായ ഒരു യുവാവാണു്. താങ്കളിൽ ഞാൻ വളരെ പ്രസന്നനായിരിക്കുന്നു. താങ്കളുടെ വംശം ഏതാണു്? അച്ഛൻെറ പേരെന്തു്? അദ്ദേഹം എവിടെ താമസിക്കുന്നു?"

"ഞാൻ സൂൎയ്യവംശജനാണു്. അച്ഛൻെറ പേരു വിശ്വപതി എന്നാണു്. അദ്ദേഹം താമസിക്കുന്നതു് കൌശലപ്രദേശത്തു്."

"താങ്കളുടെ അച്ഛൻെറ പേരു വിശ്വപതി എന്നാണോ? കൌശലപ്രദേശത്താണോ അദ്ദേഹം താമസിക്കുന്നതു്? അദ്ദേഹം കാശിയിൽ വിദ്യാഭ്യാസം ചെയ്തിട്ടുണ്ടോ?"

"ആര്യശ്രേഷ്ഠൻ പറയുന്നതു ശരിതന്നെ."

"എന്തത്ഭുതം! വിശ്വപതി എൻെറ സതീർത്ഥ്യനാണല്ലോ. താങ്കൾക്കു ഞാൻ സ്വാഗതമരുളുന്നു. താങ്കൾ എന്റെ പുത്രനു തുല്യനാണ്."

മൃത്യുഞ്ജയനും തൻെറ പിതാവുമായുള്ള പൂർവപരിചയത്തിൽ ശ്വേതാങ്കനു് എത്രമാത്രം സന്തോഷമാണുണ്ടായതെന്നു പറയാൻ പ്രയാസം. ശ്വേതാങ്കൻെറ ഹൃദയത്തിൽ ഒരു പ്രത്യാശയുദിച്ചു. അയാൾ ആലോചിച്ചു: "എനിയ്ക്കും യശോധരയ്ക്കും തമ്മിൽ വിവാഹം നടക്കാനിടയുണ്ടോ?"

'അസാദ്ധ്യം'. അതു ശ്വേതാങ്കനുതന്നെ അറിയാമായിരുന്നു. അയാളുടെ അച്ഛൻെറ പ്രതാപമൊക്കെ ക്ഷയിച്ചുപോയി. അതുകൊണ്ടു് അദ്ദേഹം ഇപ്പോൾ വെറും ഒരു ഗ്രാമീണനായി ജീവിക്കുകയാണ്. അദ്ദേഹം ഉന്നതകുലജാതനാണ്. എന്നാൽ അതുകൊണ്ടെന്തു്? മൃത്യുഞ്ജയൻ ശ്വേതാങ്കൻെറ അച്ഛനേക്കാൾ ധനഃസ്ഥിതിയിലും പ്രതാപത്തിലും ശ്രേഷ്ഠനാണ്. അദ്ദേഹത്തേക്കാൾ ശക്തിശാലിയുമാണ്. വിവാഹത്തിനു് ഈ സംഗതികളുടെ സമത്വം ആവശ്യമാണല്ലോ. എങ്കിലും ശ്വേതാങ്കനു് ആ ആഗ്രഹത്തെ അടക്കാൻ കഴിഞ്ഞില്ല.

ശ്വേതാങ്കൻ മൗനമവലംബിച്ചുനിൽക്കുന്നതുകണ്ടു് മൃത്യുഞ്ജയൻ പറഞ്ഞു: "വത്സാ, ശ്വേതാങ്കാ! എൻെറ ഗൃഹത്തെ താങ്കൾ താങ്കളുടെ സ്വന്തം ഗൃഹംപോലെ കരുതണം. താങ്കൾ ഇവിടെയുള്ള വിവരം വിശ്വപതി എന്നെ അറിയിക്കാതിരുന്നതിൽ എനിക്കാശ്ചര്യം തോന്നുന്നു."

"അച്ഛൻ ഈയിടെയായി വാനപ്രസ്ഥജീവിതം നയിക്കുകയാണ്—ഒരുപക്ഷേ കാരണം അതായിരിക്കാം. ശരി. ആര്യശ്രേഷ്ഠൻ എനിക്കു് അനുജ്ഞതന്നാലും."

അപ്പോൾ ഭക്ഷണകാലമായിരുന്നു: "ഇനി ഇവിടെനിന്നു് ആഹാരം കഴിക്കുന്നതിനു് താങ്കൾക്കു് സങ്കോചം കാണുകയില്ലല്ലോ."

ശ്വേതാങ്കൻ ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു: "സങ്കോചപ്പെടേണ്ട കാര്യമൊന്നുമില്ല. എന്നാൽ ആര്യശ്രേഷ്ഠാ! ഞാ

നിപ്പോഴും ബീജഗുപ്തൻെറ സേവകനാണു്. അദ്ദേഹത്തിന്റെ അനുമതികൂടാതെ ഞാൻ ഒന്നും ചെയ്യുകയില്ല. എനിക്കു പോകാൻ അനുമതി തന്നാലും. സമയം അതിക്രമിക്കുന്നു. ആര്യ്യബീജഗുപ്തൻ എന്നെ കാത്തിരിക്കുകയായിരിക്കും.''

"നന്ദി, താങ്കൾക്കു നല്ല കത്തവ്യബോധമുണ്ടു്. താങ്കളിൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. താങ്കൾക്കു പോകാം. എന്നാൽ ഞാൻ പറഞ്ഞ കാര്യം ബീജഗുപ്തനെ അറിയിക്കാൻ മറക്കുകയില്ലല്ലോ.''

ശ്വേതാങ്കൻ മടങ്ങിവന്നു് ബീജഗുപ്തനെ മൃത്യുഞ്ജയൻ ക്ഷണിച്ചിരിക്കുന്ന വിവരം അറിയിച്ചു. ബീജഗുപ്തൻ പറഞ്ഞു: "എനിക്കു ക്ഷണം കിട്ടിയിരിക്കുന്നു. ശരിതന്നെ. എന്നാൽ ഞാൻ അവിടെ പോകുന്നതു് ഉചിതമായിരിക്കുമോ?"

ഈ ക്ഷണത്തെക്കുറിച്ച് ബീജഗുപ്തൻ മദ്ധ്യാഹ്നംവരെ ഇരുന്നാലോചിച്ചു. അവിടെ പോകുന്നതു് അനുചിതമാണെന്നു് അയാൾക്കു് അറിയാമായിരുന്നു. എന്നാൽ അതിൻെറ കാരണത്തെപ്പററി അയാൾക്കൊന്നും പറയാൻ സാധിച്ചില്ല. വളരെനേരത്തെ പര്യ്യാലോചനക്കുശേഷം അയാൾ മൃത്യുഞ്ജയൻെറ ഗൃഹത്തിൽ പോകാൻതന്നെ തീരുമാനിച്ചു. സന്ധ്യയായപ്പോൾ ബീജഗുപ്തൻ ശ്വേതാങ്കനെ വിളിച്ചു പറഞ്ഞു: "ശ്വേതാങ്കാ! ഞാൻ ഒരു മാന്യവ്യക്തിയുടെ ക്ഷണത്തെ നിരസിക്കാൻ പാടില്ലെന്നുതന്നെ കരുതുന്നു.'' യശോധരയെ വീണ്ടും കാണുന്നതിനും ഒരിക്കൽക്കൂടി അവളോടു സംഭാഷണംചെയ്യുന്നതിനുമുള്ള ഒരസ്പഷ്ടമായ ആഗ്രഹം അയാളുടെ മനസ്സിനെ വട്ടമിട്ടുകൊണ്ടിരുന്നു.

അന്നു രാത്രി ബീജഗുപ്തൻ ശ്വേതാങ്കനോടുകൂടി മൃത്യുഞ്ജയൻെറ ഗൃഹത്തിൽ ചെന്നു. കഴിഞ്ഞ രാത്രിയുണ്ടായിരുന്ന കോലാഹലങ്ങളൊന്നും അപ്പോൾ അവിടെ കണ്ടില്ല. അന്തരീക്ഷം ശാന്തമായിരുന്നു. മൃത്യുഞ്ജയൻ ബീജഗുപ്തനു സ്വാഗതമരുളി. എല്ലാപേരും വിശ്രമമുറിയിൽ ചെന്നിരുന്നു. യശോധര നേരത്തെതന്നെ അവരെ പ്രതീക്ഷിച്ച് അവിടെ ഇരിക്കുകയായിരുന്നു.

"ആര്യ്യബീജഗുപ്താ! ആ കത്തിൻെറ യാതൊരാവശ്യവു മില്ലായിരുന്നു"—മൃത്യുഞ്ജയൻ സംഭാഷണമാരംഭിച്ചു.

"ആര്യ്യശ്രേഷ്ഠാ! തൻെറ തെററിനെ ഏല്ക്കുക എന്നതു് ഓരോ വ്യക്തിയും അനുസരിക്കേണ്ടതാണു്."

മൃത്യുഞ്ജയൻ ചിരിച്ചു: "താങ്കളുടെ സേവകൻ ശ്വേതാങ്കൻ എൻെറ സഹപാഠിയായ വിശ്വപതിയുടെ പുത്രനാണ്. എനിക്കു് ഇന്നാണു് അക്കാര്യ്യം മനസ്സിലായതു്."—എന്നു പറഞ്ഞു് മൃത്യുഞ്ജയൻ ശ്വേതാങ്കനെ നോക്കി.

"എന്നാൽ, ആര്യ്യശ്രേഷ്ഠാ! ശ്വേതാങ്കൻ എൻെറ ഭൃത്യനല്ല, സഹപാഠിയാണു്."

"ആര്യ്യബീജഗുപ്താ! താങ്കൾ വരാൻ ഇന്നു കുറച്ചു വൈകിപ്പോയി."

"അതെ. ഇന്നു് കാശിയിൽനിന്നു് എൻെറ ചില പരിചയക്കാർ അതിഥികളായി വന്നിരുന്നു."

അപ്പോൾ യശോധര പറഞ്ഞു: "കാശി വളരെ മനോഹരമായ ഒരു പ്രാചീനനഗരമാണല്ലോ. താങ്കൾ കാശിയിൽ പോയിട്ടുണ്ടോ."

ബീജഗുപ്തൻ ചിരിച്ചു: "എൻെറ ജീവിതത്തിൽ ഏററവും നല്ല കാലം ഞാൻ കാശിയിലാണു കഴിച്ചതു്. എൻ്റെ ഗുരു മഹാപ്രഭു രത്നാംബരൻ പണ്ടു വസിച്ചിരുന്നതും അവിടെയാണു്. ദേവി യശോധരേ! കാശി ഇവിടെ വളരെ അടുത്താണു്. ഞാൻ ഉത്തരഭാരതം മുഴുവൻ സഞ്ചരിച്ചിട്ടുണ്ടു്."

"അപ്പോൾ താങ്കൾ ഹിമാലയപൎവ്വതത്തെയും സന്ദൎശിച്ചിട്ടുണ്ടോ?"

"അതെ. ഹിമാലയവും ഹിന്ദുക്കുഷ്പർവതവും ഞാൻ കണ്ടിട്ടുണ്ടു്. പ്രകൃതിസൗന്ദര്യ്യത്തിൻെറ പൂൎണ്ണരൂപം ദൎശിക്കാൻ കഴിയുന്നതു പൎവ്വതങ്ങളിലാണു്. ആര്യ്യശ്രേഷ്ഠാ! ഞാൻ അവിടെ എത്ര ആശ്ചര്യ്യകരമായ വസ്തുക്കളാണു കണ്ടിട്ടുള്ളതെന്നോ! എന്നാൽ ഒരു സംഭവം എനിക്കു ഇന്നോളവും മറക്കാൻ കഴിഞ്ഞിട്ടില്ല. അതു കേട്ടാൽ ആരും മൂക്കിൽ കൈ വച്ചുപോകും."

യശോധര ജിജ്ഞാസയോടുകൂടി ചോദിച്ചു: "ആ സംഭവം ഒന്നു വിവരിക്കാമോ?"

"തീച്ച്യയായും" ബീജഗുപ്തൻ പറഞ്ഞു: "പത്തുവഷം മുമ്പാണു്. അന്നു ഞാൻ വിദ്യാത്ഥിയായിരുന്നു. മഹാപ്രഭു രത്താംബരനോടുകൂടി ഞാൻ ദേശസഞ്ചാരത്തിനു പുറപ്പെട്ടു. വലിയ വലിയ നഗരങ്ങളും ഉദ്യാനങ്ങളും കടന്നു് ഞങ്ങൾ രണ്ടാളും ഗംഗാതീരത്തുകൂടി നടന്നു് ഹരിദ്വാരത്തിലെത്തി. അവിടെ സമഭൂമി അവസാനിച്ചു. ആകാശത്തിലേക്കു തല യുയത്തിപ്പിടിച്ചുകൊണ്ടു നിൽക്കുന്ന പർവ്വതശിഖരങ്ങൾ ഞങ്ങളുടെ മുമ്പിൽ കാണാമായിരുന്നു. ഞാൻ മഹാപ്രഭുവിനോടു ചോദിച്ചു: "ഇതിനപ്പുറത്തു് എന്താണുള്ളതു?" അദ്ദേഹം പറഞ്ഞു: "ഒരജ്ഞാതപ്രദേശം." ഗംഗാതീരത്തു് ഒരാൾ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ ഒരുപക്ഷേ മഹാപ്രഭു പറഞ്ഞതു കേട്ടിരിക്കണം. അയാൾ ചോദിച്ചു: "എന്തു പറഞ്ഞു? മുമ്പിൽ കിടക്കുന്നതു് അജ്ഞാതപ്രദേശമാണെന്നോ? അതു ശരിതന്നെയാണു്. എന്നാൽ അതു ദേവതകളുടെ നിവാസഭൂമിയാണെന്നു പറഞ്ഞുതരേണ്ടതു് എൻെറ കത്തവ്യമാണെന്നു കരുതുന്നു. ഈ പർവ്വതപ്രദേശത്തിലാണു് കൈലാസം. ഗന്ധവ്വന്മാർ നൃത്തംചെയ്യുന്നതും അപ്സരസ്സുകൾ ക്രീഡിക്കുന്നതും ഈ പ്രദേശത്താണു്." മഹാപ്രഭു രത്താംബരൻ്റെ മുഖത്തു് അവിശ്വാസസൂചകമായ പുഞ്ചിരി സ്ഫുരിച്ചു; എന്നാൽ അനുഭവരഹിതനായ യുവാവിൻെറ ഭാവനയിൽ അവിശ്വാസത്തിനു സ്ഥാനമില്ലല്ലോ. ഞാൻ പറഞ്ഞു: "അങ്ങിനെയാകാൻ ഇടയുണ്ടു്. മഹാപ്രഭോ! ഈ പവ്വതങ്ങൾ കയറിക്കടന്നു് ആ പ്രദേശത്തു ചെല്ലുന്നതിൽ ആപത്തൊന്നുമില്ലല്ലോ." "ഇല്ല, നിനക്കു വരാന്താഗ്രഹമുണ്ടെങ്കിൽ ഞാൻ തയ്യാറാണു്."

ഞങ്ങൾ രണ്ടാളും വീണ്ടും നടന്നു. ആ പ്രകൃതിസൌന്ദയ്യത്തെപ്പററി ഞങ്ങൾ സങ്കല്പിക്കുകപോലും ചെയ്തിട്ടില്ലായിരുന്നു. വനങ്ങളിൽ വിവിധ വണ്ണങ്ങളായ പുഷ്പങ്ങൾ വികസിച്ചുനിന്നിരുന്നു. പവ്വതങ്ങളിൽനിന്നുത്ഭവിച്ച ശീതപവനൻ അവയോടു വിനോദവിക്രിയകൾ നടത്തിക്കൊണ്ടിരുന്നു. പക്ഷികൾ കളകള ഗാനം പൊഴിച്ചു. ചുററുപാടും ഒരു

ശാന്തിസാമ്രാജ്യംതന്നെയായിരുന്നു. യാതൊരു കോലാഹല വുമില്ല. ജനസഞ്ചാരവുമില്ലായിരുന്നു. ഒന്നിനു മുകളിൽ ഒന്നായി ഉയൎന്നുനിൽക്കുന്ന പൎവ്വതനിരകൾ മാത്രം അവിടവിടെ കാണാമായിരുന്നു. വഴിമദ്ധ്യേ ഞങ്ങൾ ഗ്രാമപ്രദേശങ്ങൾ കണ്ടു. അവിടത്തെ ആളുകൾ വെളുത്ത നിറക്കാരാണു്. സ്ത്രീകൾ അതീവസുന്ദരികളും. അവർ നാനാവൎണ്ണങ്ങളായ വസ്ത്രങ്ങളണിഞ്ഞു്, പാട്ടുപാടിക്കൊണ്ടുനിന്നിരുന്നു. അവൎക്കു് ലജ്ജയോ അറപ്പോ ഇല്ല. ഞാൻ യുവാവായിരുന്നു. അവരുടെ സൗന്ദൎയ്യം എന്നെ മോഹിപ്പിച്ചു. അവർ മധുരഗാനം പൊഴിച്ചുകൊണ്ടു് കൂട്ടം കൂട്ടമായി സഞ്ചരിച്ചുകൊണ്ടിരുന്നു. എനിക്കു് അവരുടെ ഭാഷ പരിചിതമായിരുന്നില്ല. എങ്കിലും അവരുടെ ഗാനം കവിതാമയമായിരുന്നുവെന്നും അതിൻെറ വിഷയം പ്രേമമായിരുന്നുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഞാൻ എന്നോടുതന്നെ മന്ത്രിച്ചു: 'ഇതുതന്നെയാണോ അപ്സരസ്സുകളുടെ നിവാസസ്ഥാനം'. ഞങ്ങൾ വീണ്ടും നടന്നു. ഗ്രാമങ്ങൾ ഇപ്പോൾ 'ദൂരദൎശനകൃശങ്ങ'ളായി. ശൈത്യം അതികഠിനമായിരുന്നു. പുഷ്പലതാദികൾ അപൂൎവമായേ കാണാമായിരുന്നുള്ളു. ഒരു പ്രഭാതത്തിൽ നോക്കിയപ്പോൾ ഞങ്ങളുടെ മുമ്പിൽ വളരെ അകലെയായി ഒരു സ്വൎണ്ണപൎവ്വതം നിൽക്കുന്നതു കണ്ടു. ഞാൻ ഭ്രാന്തനെപ്പോലെ ഉച്ചത്തിൽ ആൎത്തുവിളിച്ചു: "ഗുരുദേവാ! നമ്മുടെ മുമ്പിൽ കാണുന്നതു് കുബേരൻെറ സുമേരു പൎവ്വതമല്ലേ?" മഹാപ്രഭുവിനു് എൻെറ ശുംഭത്തരത്തിൽ ചിരിവന്നു: "അതു ഹിമാലയമാണു്. മഞ്ഞിൻെറമേൽ സൂൎയ്യകിരണങ്ങൾ പ്രകാശിച്ചുകൊണ്ടിരിക്കുകയാണു്. അതുകൊണ്ടാണു് അതു നിനക്കു സ്വൎണ്ണമെന്നു തോന്നിപ്പോയതു്." എൻെറ ഭോഷത്വത്തിൽ എനിക്കു ലജ്ജതോന്നി. ഞങ്ങൾ വീണ്ടും മുകളിൽ കയറി. ഭൂമിയിൽ പലേടത്തും മഞ്ഞു മൂടിയിട്ടുണ്ടായിരുന്നു. മഹാപ്രഭു രത്നാംബരൻ പറഞ്ഞു: "ഇനി നാം മടങ്ങിപ്പോവുക!" എന്നാൽ ഞാൻ വീണ്ടും മുന്നോട്ടുപോകാൻതന്നെ ധൈൎയ്യപ്പെട്ടു: "ഇല്ല മഹാപ്രഭോ! മഞ്ഞു മൂടിക്കിടക്കുന്ന പൎവ്വതത്തിൻെറ അടിവാരംവരെ ഒന്നു പോവുകതന്നെ." കുറച്ചുകൂടി നടന്നപ്പോൾ ഒരു കുടിൽ കണ്ടു. അതിൽ ഒരു സ്ത്രീ ഏകയായി എന്തോ ആലോചനയിൽ മുഴുകി ഇരിക്കുന്നുണ്ടായിരുന്നു. ഞങ്ങളെ കണ്ട

ഉടൻ അവൾ എഴുന്നേററു പറഞ്ഞു: "അതിഥികൾക്കു സ്വാഗതം." മഹാപ്രഭു ആ സ്ത്രീയെ സൂക്ഷിച്ചുനോക്കി. അദ്ദേഹം എൻെറ ചെവിയിൽ മന്ത്രിച്ചു: "ഇതു് ആപത്തൊഴിഞ്ഞ സ്ഥലമല്ല. നാം ഇവിടെനിന്നു മടങ്ങിപ്പോവുകയാണു വേണ്ടതു്." സ്ത്രീ ചിരിച്ചു: "വൃദ്ധനായ അതിഥിയുടെ അനുമാനം ശരിയാണു്. എന്നാൽ ഇത്രടം വന്നസ്ഥിതിക്കു് ഒരു കാര്യം കണ്ടുകൊൾക. അതു താങ്കൾ ജീവിതത്തിൽ ഒരിക്കലും മറക്കുകയില്ല: "ഇതുകേട്ടു രത്നാംബരൻ ആശ്ചര്യചകിതനായിപ്പോയി; എന്നാൽ അവളുടെ അഭിപ്രായത്തെ അനുസരിക്കുന്നതു് അദ്ദേഹത്തിനു് ഔചിത്യപൂർവ്വമായി തോന്നിയില്ല. കുറച്ചുകൂടി നടന്നപ്പോൾ ഒരു ശിലാതലത്തിൽ ഒരു യോഗി ഇരിക്കുന്നതു കണ്ടു. അയാളുടെ ജട പാദങ്ങളോളം നീണ്ടുകിടന്നിരുന്നു. നഖങ്ങൾ സിംഹത്തിൻെറ നഖങ്ങൾപോലിരുന്നു. ഞങ്ങൾ എങ്ങോട്ടു തിരിഞ്ഞാലും അയാൾ ദൃഷ്ടി ഇളകാതെ ഞങ്ങളെ തന്നെ നോക്കിക്കൊണ്ടിരുന്നു. ഞങ്ങൾ രണ്ടുപേരും അയാളെ അഭിവാദ്യംചെയ്തു. അയാൾ ഞങ്ങളെ ആശീർവദിച്ചിട്ടു് അടുത്തിരിക്കാൻ പറഞ്ഞു: "ഇന്നു വളരെക്കാലങ്ങൾക്കുശേഷമാണു് ഞാൻ ഒരു പുരുഷനെ കണ്ടെത്തിയതു്." അയാൾ ഒരു തണുത്ത പെരുമൂച്ചെറിഞ്ഞു. അയാളുടെ മുഖത്തു് കരുണയുടേയും വിഷാദത്തിൻെറയും കരിനിഴൽ വ്യാപിച്ചു! മഹാപ്രഭു പറഞ്ഞു: "ദേവാ! താങ്കൾ ദുഃഖിതനാണു്." "അതെ"—അയാൾ ഉത്തരം പറഞ്ഞു: "ദുഃഖിതനാണു്, എന്നാൽ സുഖവാനുമാണു്." എന്നു പറഞ്ഞു് അയാൾ പിൻഭാഗത്തേയ്ക്കു് ചൂണ്ടിക്കാണിച്ചു.

ഞാൻ എഴുന്നേററു് പിന്നിൽ നോക്കി—ഞങ്ങൾ ഭയന്നു വിറച്ചുപോയി. അവിടെ കല്പടികൾ കെട്ടിയിട്ടുള്ള ഒരു രക്തക്കുളമാണു കണ്ടതു്. അതിൽനിന്നു ദുർഗ്ഗന്ധം വമിച്ചുകൊണ്ടിരുന്നു. മഹാപ്രഭു യോഗിയോടു ചോദിച്ചു: "താങ്കൾ ഈ സ്ഥലം ഉപേക്ഷിച്ചു പോകാത്തതെന്താണു്?" അയാൾ പറഞ്ഞു: "ഉപേക്ഷിച്ചു പോകണമെന്നു് ആഗ്രഹമുണ്ടു്. എന്നാൽ ഉപേക്ഷിക്കാൻ സാധിക്കുന്നില്ല. ഞാൻ എത്ര തവണയാണു് ഇവിടം വിട്ടുപോകാൻ തീരുമാനിച്ചിട്ടുള്ളതെന്നു് എനിക്കുതന്നെ അറിഞ്ഞുകൂട. എന്നാൽ എന്റെ

ഉദ്യമങ്ങളെല്ലാം വിഫലമാവുകയാണ് ചെയ്തതു്. ഈ സ്ഥലത്തുനിന്നു് ഒഴിഞ്ഞുപോകാൻ കഴിയുന്നില്ല. ഉഫ്!"

അതിനുശേഷം ഞങ്ങൾ വിജ്ഞേയങ്ങളായ പല കാൎയ്യങ്ങളെപ്പററിയും സംസാരിച്ചു. അദ്ദേഹം വ്രതാനുഷ്ഠാനത്തിൻെറയും ഉപാസനയുടേയും മാഹാത്മ്യത്തെക്കുറിച്ചു് ഞങ്ങളെ ഉപദേശിച്ചു. ആ യോഗിയുടെ ജ്ഞാനം മഹത്തായിരുന്നു. ആ ദുർഗ്ഗന്ധവും സഹിച്ചുകൊണ്ടു് ഞങ്ങൾ പല മണിക്കൂറോളം അവിടെ ഇരുന്നു് അദ്ദേഹത്തിൻെറ സംഭാഷണം ശ്രവിച്ചു. നേരം സന്ധ്യയാകാറായി. യോഗി പെട്ടെന്നു് ഉച്ചത്തിൽ പറഞ്ഞു—"സമയമായി." അദ്ദേഹം എഴുനേററു് ധിറുതിയിൽ ആ കുളത്തിനടുത്തേയ്ക്കു് ഓടി. ഞങ്ങളും കൌതുഹലംകൊണ്ടു് അദ്ദേഹത്തിൻെറ പിന്നാലെ ഓടിച്ചെന്നു. യോഗി ഒരു ഭ്രാന്തനെപ്പോലെ ആ കുളത്തിലേക്കു ചാടി. എന്നാൽ ആശ്ചൎയ്യമെന്നേ പറയേണ്ടു. അപ്പോൾ ആ കുളത്തിൽ രക്തത്തിനു പകരം നിൎമ്മലജലമാണു കണ്ടതു്. അതിലുണ്ടായിരുന്ന നാരകീയ കീടങ്ങൾ മനോഹരങ്ങളായ കമലദളങ്ങളായി മാറി. ഞങ്ങൾ നിൎവ്വാക്കായി നോക്കിനിന്നുപോയി. അപ്പോൾ ആ യോഗിയോടുകൂടി ഒരു സ്ത്രീയുമുണ്ടായിരുന്നു. അതു് ഞങ്ങൾ ആ കുടിലിൽ കണ്ട സ്ത്രീ തന്നെയായിരുന്നു. അവർ രണ്ടുപേരും അതിൽനിന്നു് ക്രീഡകളാരംഭിച്ചു. സ്ത്രീ ചിരിച്ചുകൊണ്ടിരുന്നു. അവൾ ഞങ്ങളോടു വിളിച്ചുപറഞ്ഞു—"മഠയന്മാരെ, നിങ്ങൾ നോക്കിനിൽക്കുകയാണോ? ഇങ്ങോട്ടു വരിക! ഇവിടെ സ്നാനം ചെയ്തു് ജീവിതസുഖം ആസ്വാദിക്കുക." എനിക്കു് അതിലിറങ്ങി ഒന്നു കുളിക്കണമെന്നു തോന്നി. ഞാൻ വസ്ത്രമഴിച്ചിടാൻ തുടങ്ങി. എന്നാൽ മഹാപ്രഭു എന്നെ കൈയ്ക്കു പിടിച്ചു വലിച്ചു. അദ്ദേഹത്തിൻെറ കൈയ്ക്കു് അത്രയും ശക്തി എവിടെനിന്നു ലഭിച്ചു എന്നറിയില്ല. ഞാൻ എത്ര ശ്രമിച്ചിട്ടും എൻെറ കൈ വിടുവിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം എന്നെ പിടിച്ചിഴച്ചുകൊണ്ടുപോയി. അപ്പോൾ അദ്ദേഹം നടക്കുകയല്ല, ഓടുകയാണു ചെയ്തതു്. ആ കുടിലും കടന്നു ഞങ്ങൾ പഴയ മാൎഗ്ഗത്തിൽ നിന്നു മറെറാരു വഴിയിലേക്കു തിരിഞ്ഞു. മഹാപ്രഭു പിന്നീടു് എന്നോടു പറഞ്ഞു. "വത്സാ! നാം ഇതിൽനിന്നു്

രക്ഷപ്പെട്ടതിനു് ഈശ്വരനു് നന്ദിപറയുക." അന്നുമുതൽ വളരെ വർഷങ്ങളോളം എൻെറ കൺമുമ്പിൽ ആ സ്ത്രീയുടെ ചിത്രം നിന്നു നൃത്തമാടിക്കൊണ്ടിരുന്നു."

യശോധര ചോദിച്ചു—"അതിൻെറ അർത്ഥം എന്താണെന്നു് മഹാപ്രഭു എപ്പോഴെങ്കിലും താങ്കളോടു പറഞ്ഞിട്ടുണ്ടോ?"

"ഇല്ല! അദ്ദേഹം പറഞ്ഞതു് ഇതുമാത്രമാണു്: ലോകത്തു് നമുക്കു മനസ്സിലാകാത്തതായി പല കാര്യങ്ങളുമുണ്ടു്. അവയിൽ അതും ഒന്നു്."

അനന്തരം എല്ലാപേരും ഭോജനശാലയിൽ ചെന്നു. ഇന്നു യശോധരയുടെ ഒരു വശത്തു ബീജഗുപ്തനും മറുഭാഗത്തു ശ്വേതാങ്കനും ഇരുന്നു. ആഹാരം കഴിക്കുന്നതിനിടയ്ക്കു് യശോധര ബീജഗുപ്തനോടു പറഞ്ഞു—"ആര്യാ! താങ്കൾ പറഞ്ഞ കഥ വളരെ വിചിത്രമായിരിക്കുന്നു. അതു കേട്ടതുമുതൽ എൻെറ മനസ്സു് അസ്വസ്ഥമായിരിക്കുകയാണു്. ആ ആശ്ചര്യകരമായ ദൃശ്യം ഒന്നു കാണാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു!"

ബീജഗുപ്തൻ ചിരിച്ചുകൊണ്ടു പറഞ്ഞു—"മനുഷ്യൻ അനുഭവത്തെ കൈവരിക്കുകയല്ല, പരിതഃസ്ഥിതികൾ അനുഭവങ്ങളെ അവൻെറ മേൽ അടിച്ചേല്പിക്കുകയാണു ചെയ്യുന്നതു്."

ശ്വേതാങ്കൻ യശോധരയോടു വർത്തമാനം പറയുന്നതിനു് ഒരു സന്ദർഭം തേടുകയായിരുന്നു: "അനുഭവം സമ്പാദിക്കാൻ ഇനി ജീവിതം മുഴുവൻ നീണ്ടുനിവർന്നുകിടപ്പുണ്ടല്ലോ." യശോധരയുടെ മുഖത്തു് ഒരു വിചിത്രമായ ഭാവഭേദം അങ്കിതമായി. "അങ്ങിനെയാകാൻ സാദ്ധ്യതയുണ്ടു്! എന്നാൽ എന്തുതന്നെയായാലും ഈ ഹ്രസ്വമായ ജീവിതത്തിലെ ഓരോ ക്ഷണവും എത്ര വിലപ്പെട്ടതാണു്. ഈ ക്ഷണങ്ങൾ വ്യർത്ഥമായിപ്പോകുന്നതു മോശമല്ലെ?"

ബീജഗുപ്തൻ ചിരിച്ചു: "നമ്മുടെ ഓരോ കാര്യത്തിലും വിധിയുടെ കരവിരുതുണ്ടു്. അതിൻെറ ഇച്ഛയാണു് ഇക്കാണുന്നതെല്ലാം. ജീവിതത്തെപ്പററി ലോകത്തു് രണ്ടഭിപ്രായ

ഗതികളുണ്ടു്. ഒന്നു്, ജീവിതം കോലാഹലമയമായിരിക്കണമെന്നതു്. രണ്ടു്, ജീവിതം ശാന്തിയുടെ കേന്ദ്രമായിരിക്കണമെന്നതു്. ഇരുപക്ഷത്തും നല്ല യുക്തികളുണ്ടു്. അവയിൽ ഏതാണു ശരി എന്നു നിർണ്ണയിക്കുക പ്രയാസമേറിയ കാര്യമാണു്.

ബീജഗുപ്തനോളം തനിക്കു് യശോധരയുടെമേൽ വ്യക്തിപ്രഭാവം ചെലുത്താൻ കഴിയാതിരിക്കുന്നതോർത്തു് ശ്വേതാങ്കൻ വിഷാദിക്കുകയായിരുന്നു. അയാൾ ഒന്നുകൂടി സാഹസപ്പെട്ടു. "ദേവി യശോധരേ! മനുഷ്യനു സുഖവും സന്തോഷവും നിറഞ്ഞ ജീവിതമാണു വേണ്ടതെന്നു വരികിലും അതിൽ കോലാഹലത്തിന്റെയും ഒരു മോടിമിടുക്കു് ആവശ്യമാണു്. പ്രേമം മനുഷ്യന്റെ നിർദ്ദിഷ്ടലക്ഷ്യമാണു്. രണ്ടു വ്യക്തികളുടെ ഹൃദയത്തിലുണ്ടാകുന്ന പ്രകമ്പനവും അതിൽനിന്നു ലഭിക്കുന്ന സുഖവും ഹൃദയദാഹവും അതിന്റെ ശമനവും —ഇതാണു പ്രേമത്തിന്റെ വ്യവഹാരമണ്ഡലം. ജീവിതത്തിൽ പ്രേമം പ്രധാനമാണു്. ഒരു വ്യക്തി മറെറാരു വ്യക്തിയുടെ ആത്മാവിനെ നല്ലവണ്ണമറിയുക എന്നതാണു് ജീവിതത്തിൽ ആവശ്യമായിട്ടുള്ളതു്—പരസ്പരം ഗാഢമായ സഹാനുഭൂതിയോടുകൂടി രണ്ടു വ്യക്തികളുടെ ജീവിതങ്ങളെ ഒന്നാക്കുക. അതാണു പ്രേമം. ജീവിതത്തിന്റെ ഏററവും സുന്ദരമായ ലക്ഷ്യവും അതത്രെ."

യശോധര ശ്വേതാങ്കനെ നോക്കി. രണ്ടുപേരുടേയും ദൃഷ്ടികൾ തമ്മിലിടഞ്ഞു. ശ്വേതാങ്കന്റെ ശരീരം പുളകമണിഞ്ഞു. യശോധര വളരെ നേരംവരെ ശ്വേതാങ്കനെ അങ്ങിനെ തന്നെ നോക്കിയിരുന്നു. ശ്വേതാങ്കനു് ആ ഏതാനും നിമിഷങ്ങൾ എത്ര മാദകത്വം നിറഞ്ഞവയായിരുന്നു! ബീജഗുപ്തൻ ചിരിച്ചു: "ഇതാണു ജീവിതം" അയാൾ പതുക്കെ പറഞ്ഞു.

പെട്ടെന്നു് ശ്വേതാങ്കൻ യശോധരയിൽനിന്നു ദൃഷ്ടി പിൻവലിച്ചു. അവളുടെ മുഖം വിളറിപ്പോകുന്നതിനു പകരം അരുണിമപൂണ്ടു. ശ്വേതാങ്കൻ അല്പം ഭയത്തോടുകൂടി അധോദൃഷ്ടിയായി നിന്നു.

# അദ്ധ്യായം പതിമൂന്ന്

യശോധരയിൽ ഒരു ആകർഷകത്വമുണ്ടായിരുന്നു. അത് എത്ര സുന്ദരവും എത്ര മധുരവും എന്നാൽ എത്ര ചൈതന്യ രഹിതവുമായിരുന്നു! യശോധരയുടെ അടുത്തിരുന്നാൽ പവിത്രത നേരിൽ കാണാം. അനുഭവിച്ചറിയാം. സ്വയം പവിത്രരാവുകയും ചെയ്യാം. എന്നിട്ടും ബീജഗുപ്തനു സുഖം തോന്നിയില്ല. യശോധരയുടെ വ്യക്തിത്വത്തിൽ തനിക്കപരിചിതമായ ഒരു സ്ഥിതിവിശേഷമാണ് അയാൾ കണ്ടെത്തിയത്. അവളുടെ നീക്കുപോക്കില്ലാത്ത ഗാംഭീര്യത്തിൽ ജീവിതത്തിൻെറ ഒരു കടംകഥ ഒളിഞ്ഞുകിടന്നിരുന്നു—അവളുടെ സ്പഷ്ടവും നിഷ്കപടവും കവിത്വഹീനവുമായ സംഭാഷണത്തിൽ ബീജഗുപ്തനു സ്വായത്തമാക്കാൻ കഴിയാത്ത, കേവലം ബഹുമാനിക്കാൻ മാത്രം കഴിയുന്ന ഒരു തപശ്ചര്യയുടെ സ്വാധീനശക്തിയാണ് ധ്വനിച്ചിരുന്നത്.

യൗവനം കുറച്ചു കോലാഹലമൊക്കെ ഇഷ്ടപ്പെടുന്നതാണ്. ഓരോ ചുവടുവെയ്പിലും അതു് പ്രയാസങ്ങളെ തേടിച്ചെല്ലുന്നു. അവയെ തരണം ചെയ്കയും ചെയ്യുന്നു. യൗവനം അതിൻെറ നിലനില്പിനെ സ്പഷ്ടമാക്കണമെന്ന പക്ഷത്താണ്. തൻെറ വ്യക്തിത്വത്തെ അതു് ഒരിക്കലും നഷ്ടപ്പെടുത്താൻ ആഗ്രഹിക്കുന്നില്ല. അതു വ്യക്തിത്വത്തെ പിന്നിലേയ്ക്കു വലിച്ചെറിയണമെന്നും വിചാരിക്കുന്നില്ല. അതോടുകൂടി, യൗവനം സ്പഷ്ടവാദിയും പ്രഭാവശാലിയുമായ വ്യക്തിയെയാണ് ഇഷ്ടപ്പെടുന്നതു്. പല വിഭിന്നശക്തികൾ പരസ്പരം സംഘടിച്ചു് ഒരു ശക്തിയായി മാറുന്നതിനെയാണ് വിപ്ളവം എന്നു പറയുന്നതു്. എന്നാൽ അതിൽ ആ ശക്തികളുടെ യോഗം മാത്രമേ ഉണ്ടാകുന്നുള്ളു. അവ വെവ്വേറെയായിത്തന്നെ സ്ഥിതി ചെയ്യുന്നു. അവ പരസ്പരം വേർപെടുന്നതു് എപ്പോൾ വേണമെങ്കിലും മനസ്സിലാക്കാവുന്നതാണ്.

അതുകൊണ്ടാണ് ബീജഗുപ്തൻെറ ഹൃദയത്തിൽ യശോധരയുടെ സ്മരണ ഭയംകലന്ന സുഖമായും ഭ്രമാത്മകമായ അനുരാഗമായും ചൈതന്യരഹിതമായ പ്രേമമായും തീർന്നതു്.

യശോധര ഒരു വിഗ്രഹമായിരുന്നു. അതിനെ ഹൃദയക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചു പൂജിക്കാം. അവളിൽ നാരീത്വത്തിൻെറ ആദൎശപരമായ പവിത്രത കുടികൊണ്ടിരുന്നു. മതവിശ്വാസത്തിന്റെ പ്രതീകമായിരുന്നു അവൾ. അവളുടെ നയനങ്ങളിൽ നിറഞ്ഞുനിന്നിരുന്ന സുധാരസത്തിൽ ശാന്തി തിങ്ങിനിന്നിരുന്നു. അവ ശീതളമായിരുന്നു. എന്നാൽ ബീജഗുപ്തനു വേണ്ടതു ജീവിതമായിരുന്നു. ജീവിതത്തിൻെറ കോലാഹലം. സ്നായുക്കളിൽ ഉഷ്ണരക്തം ലഹരിപിടിപ്പിക്കുമാറു പ്രവഹിച്ചുകൊണ്ടിരിക്കണം. അതുകൊണ്ടു യശോധര തന്റെ ജീവിതസഖിയായിരിക്കാൻ ബീജഗുപ്തൻ ഇഷ്ടപ്പെട്ടില്ല.

ഒരു തവണ മദ്യപാനം ചെയ്ത ഒരുവനു്, അല്ലെങ്കിൽ വേണ്ട, മദ്യലഹരിയെപ്പററി അറിയാനിടയായാൽമതി, പിന്നെ ഒരിക്കലും മദ്യം ഉപേക്ഷിക്കാൻ സാധിക്കുകയില്ല. ബീജഗുപ്തൻ ചിത്രലേഖയെ പ്രേമിച്ചു; ഇനി ചിത്രലേഖയെ ഉപേക്ഷിക്കുക അയാൾക്കസാദ്ധ്യമായിരുന്നു.

ബീജഗുപ്തൻ ഗൃഹത്തിൽ മടങ്ങിയെത്തിയ ഉടൻതന്നെ അയാൾക്കു ചിത്രലേഖയുടെ കത്തുകിട്ടി. ഒരു സാധാരണ കത്തു്. വളരെ ഹ്രസ്വം. എന്നാൽ അതിൽ ജീവിതത്തിൻെറ ഒരു നീണ്ട ചരിത്രം അടങ്ങിയിരുന്നു.; മനഃശാസ്ത്രത്തിൻെറ പരിപൂൎണ്ണമായ ഒരാഖ്യാനം. അതിപ്രകാരമായിരുന്നു.

"പൂജ്യൻ!

ഞാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ലാത്ത ഒരു കാൎയ്യം ഇന്നു ചെയ്യാൻ പോവുകയാണു്. ഞാൻ താങ്കളെ പ്രേമിച്ചു—ഇപ്പോഴും പ്രേമിക്കുന്നു. പ്രേമത്തിൽ ത്യാഗം ആവശ്യമാണു്. ആ ത്യാഗം ഞാൻ അനുഷ്ഠിക്കാൻ പോവുകയാണു്. ഞാൻ താങ്കളുടെ ജീവിതത്തെ അൎത്ഥശൂന്യമാക്കി. ഒരു യോഗ്യനായ വ്യക്തിയെ എൻെറ പ്രേമം കൎത്തവ്യവിമുഖനാക്കിത്തീൎത്തു. അതിനു് ഞാൻ എന്നോടുതന്നെ പ്രതികാരം ചെയ്യാൻ പോകുന്നു. എൻെറ സുഖഭോഗങ്ങൾക്കു തിലാഞ്ജലിയൎപ്പിച്ചിട്ടു് സന്യാസവൃത്തി സ്വീകരിക്കുന്നതുതന്നെ ഉചിതമെന്നു ഞാൻ തീരുമാനിച്ചുകഴിഞ്ഞു. അതുകൊണ്ടു് ഞാൻ യോഗി കുമാരഗിരിയോടു് വിദ്യയഭ്യസിക്കുകയാണു്. താങ്കൾ വിവാഹം കഴിക്കണം; താങ്കൾക്കു വേണ്ടിയല്ലെങ്കിൽ എൻെറ അപേ

ക്ഷയെ മാനിച്ചെങ്കിലും. എന്റെ സാമീപ്യമുണ്ടായിരിക്കുന്നിടത്തോളം താങ്കൾ വിവാഹം ചെയ്യുകയില്ല. അതു് എനിക്കറിയാം. അതുകൊണ്ടാണു് താങ്കളെ എനിക്കു വിട്ടുപിരിയേണ്ടിവന്നതു്. എന്റെ കാര്യം വിട്ടുക. ഞാൻ ഒരു വിധവ. പ്രേമം നിമിത്തം ഞാൻ എന്റെ കർത്തവ്യത്തെ മറന്നു. വീണ്ടുമൊരിക്കൽക്കൂടി ഞാൻ എന്റെ കർത്തവ്യത്തെ നിറവേററും. വൈധവ്യകാലത്തെ വ്രതാനുഷ്ഠാനത്തെ പാലിക്കാൻ യത്നിക്കും.

—താങ്കളുടെ ചിത്രലേഖ"

ബീജഗുപ്തൻ കത്തുവായിച്ചു. വായിച്ചുകൊണ്ടിരിക്കവേ തന്നെ അയാളുടെ കൈവിറച്ചു തുടങ്ങി. മുഖം വിളറി. ഹൃദയമിടിച്ചു. കത്തു് ശ്വേതാങ്കനെ ഏല്പിച്ചിട്ടു് അയാൾ മുഖവും പൊത്തി ശയനാഗാരത്തിലേയ്ക്കു പോയി.

ബീജഗുപ്തൻ എന്തിനെപ്പററിയാണോ ഭയന്നതു് അതു തന്നെ സംഭവിച്ചിരിക്കുന്നു. ചിത്രലേഖയും കുമാരഗിരിയും! എത്ര വിചിത്രമായ ചാർച്ച! ബീജഗുപ്തൻ വാവിട്ടു പറഞ്ഞു— "ഇതസാദ്ധ്യമാണു്. ഇവർ രണ്ടാളും അധികനാൾ ഒരുമിച്ചു കഴിയുകയില്ല. ഇതസാദ്ധ്യം!"

എന്നാൽ അതുകൊണ്ടെന്തു്? സാദ്ധ്യമായാലും അസാദ്ധ്യമായാലും ബീജഗുപ്തനു് അതിൽ എന്തുകാര്യമാണു്! അയാളുടെ മുമ്പിൽ സ്ഥിതിചെയ്തിരുന്ന പ്രശ്നം ഇതായിരുന്നു. ചിത്രലേഖ കുമാരഗിരിയിൽ എന്തിനു് ആകൃഷ്ടയായി? ഇതിനെയാണോ പ്രേമം എന്നു പറയുന്നതു്? ആത്മാവിന്റെ ബന്ധവും അസ്ഥിരമാണോ? "ആത്മാവിന്റെ ബന്ധം അനാദിയല്ല ബീജഗുപ്താ!" എന്നു ചിത്രലേഖ പറഞ്ഞതു ശരിയായിരുന്നോ? എന്നാൽ ചിത്രലേഖ എന്നുമുതലാണു് ബീജഗുപ്തന്റെ പ്രേമം ഉപേക്ഷിച്ചതെന്ന കാര്യം കത്തിലില്ലായിരുന്നു. കത്തിൽ കണ്ടതു് മറെറാരു സംഗതിയാണു്. ചിത്രലേഖ പ്രേമത്തിന്റെ സർവ്വോൽകൃഷ്ടമായ ആദർശം എന്നു പറയാവുന്ന ത്യാഗവും ആത്മാഹുതിയും അനുഷ്ഠിക്കാൻ പോകുന്നു എന്നാണു് അതിൽ വ്യക്തമായിരുന്നതു്. ചിത്രലേഖ ബീജഗുപ്തനെ ഉപേക്ഷിച്ചു, അയാളെ സുഖവാനാക്കുന്നതിനു്. ബീജഗുപ്തന്റെ ഹൃദയം ചിത്രലേഖയിലുള്ള വിശ്വാസത്തെ നി

ഷേധിച്ചു. ചിത്രലേഖ ദേവിയായിരുന്നു. എന്നാൽ അവൾ തെററു ചെയ്തു. ഒരു ഭയങ്കരമായ തെററ്. ബീജഗുപ്തൻെറ ജീവിതത്തെ സുഖപൂർണ്ണമാക്കുന്നതിനു പകരം ദുഃഖപൂരിതമാക്കിത്തീർത്തു. ബീജഗുപ്തൻ ഇനി വിവാഹം കഴിക്കുക എന്നതു് അസാദ്ധ്യം. അയാൾ ഒരൊററ സ്ത്രീയെയാണു് പ്രേമിച്ചതു്—ചിത്രലേഖയെ. പ്രേമത്തിനും വിവാഹത്തിനും തമ്മിൽ ഗാഢമായ ബന്ധമുണ്ട്.

ബീജഗുപ്തനു് ഉറക്കം വന്നില്ല. അയാൾ എഴുന്നേററു. അപ്പോൾ സമയം പാതിരാത്രി കഴിഞ്ഞിരുന്നു. അയാൾ ഗൃഹത്തിനു പുറത്തിറങ്ങി, കുമാരഗിരിയുടെ ആശ്രമത്തെ ലക്ഷ്യമാക്കി നടന്നു.

ആശ്രമത്തിൽ വിളക്കെരിയുന്നുണ്ടായിരുന്നു. കുമാരഗിരി തന്റെ ആസനത്തിൽ ധ്യാനനിഷ്ഠനായി ഇരിക്കുകയായിരുന്നു. ചിത്രലേഖ ഒരു മൂലയിൽ കുശപ്പുല്ലുകൊണ്ടുണ്ടാക്കിയ ആസനത്തിൽ ഉറങ്ങിക്കിടന്നിരുന്നു. ബീജഗുപ്തൻ ചിത്രലേഖയെ പ്രതാപത്തിൻെറ വർണ്ണപ്പൊലിമയിലാണു കണ്ടിട്ടുള്ളതു്. ശാന്തിയുടെ തണലിലല്ല. ഇപ്പോൾ നർത്തകി ശാന്തിയുടെ തണൽ പററിക്കിടക്കുന്നതാണു് അയാൾ കണ്ടതു്. ദേഹത്തിൽ ആഭരണങ്ങളില്ല. കേസരപരാഗത്തിൻെറ ലേപനവുമില്ല. മുഖത്തു് ചപലതയില്ല. ശാന്തിയുടെ മന്ദഹാസം മാത്രം കളിയാടുന്നുണ്ടായിരുന്നു. ഒരുപക്ഷേ ചിത്രലേഖ താൻ വിഭാവനംചെയ്ത ലോകത്തു് ശാന്തിദേവതയുടെ ചരണങ്ങളിൽ ശയിക്കുകയായിരുന്നോ! ബീജഗുപ്തൻ ചിത്രലേഖയുടെ തലയ്ക്കൽ ഇരുന്നു. അയാൾ അവളിൽത്തന്നെ ദൃഷ്ടിയുറപ്പിച്ചിരുന്നു.

നേരം പുലർന്നു. കുമാരഗിരി സമാധിയിൽനിന്നുണർന്നു. ചിത്രലേഖയും കണ്ണുതുറന്നു. രണ്ടുപേരും ഒരുമിച്ചു് ബീജഗുപ്തനെ നോക്കി. രണ്ടാളും ഒരേശബ്ദത്തിൽ മന്ത്രിച്ചു. "അല്ല! ബീജഗുപ്തനോ!"

കുമാരഗിരിയുടെ മുഖത്തു് ആശ്ചര്യം സ്ഫുരിച്ചു.

ചിത്രലേഖയുടെ മുഖത്തു് ഭയം നിഴലിച്ചു.

ബീജഗുപ്തൻ കുമാരഗിരിയെ പ്രണമിച്ചു. ചിത്രലേഖയും പ്രണമിച്ചു. കുമാരഗിരി അയാൾക്കു് ആശീർവാദം നൽകി. ചിത്രലേഖ കണ്ണടച്ചുകളഞ്ഞു.

ബീജഗുപ്തൻ പതിഞ്ഞ സ്വരത്തിൽ അവളെ വിളിച്ചു.

—"ചിത്രലേഖേ!"

"ബീജഗുപ്താ!"

ബീജഗുപ്തൻ അവളോടു വളരെ കാര്യങ്ങൾ പറയാനാണു വന്നതു്; എന്നാൽ അയാൾ എല്ലാം മറന്നു കഴിഞ്ഞിരുന്നു. അയാൾ വളരെ പണിപ്പെട്ടു പറഞ്ഞു—"ഭവതി തീരുമാനിച്ചുകഴിഞ്ഞോ?"

ഒരപരാധിനിയെപ്പോലെ ചിത്രലേഖ തലകുനിച്ചുനിന്നു. അവളുടെ കണ്ണുകളിൽനിന്നു് രണ്ടുതുള്ളിക്കണ്ണുനീർ അടന്നു വീണു—അവൾ പതുക്കെ പറഞ്ഞു—"ബീജഗുപ്താ! താങ്കൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നതു് എൻെറ അവസാനത്തെ തീരുമാനമാണു്."

"എന്നാൽ ഈ തീരുമാനത്തെ പുനഃപരിശോധന ചെയ്യാൻ ഭവതിക്കധികാരമുണ്ടു്. ഈ തീരുമാനം ചെയ്യുന്നതിനുമുമ്പു് ഭവതി എന്നോടു് ഒരു വാക്കു ചോദിക്കേണ്ടതായിരുന്നില്ലേ? ഭവതിയുടെ ഹൃദയരഹസ്യം എന്നെ അറിയിക്കാതിരിക്കത്തക്കവിധം ഞാൻ ഭവതിയുടെ ജീവിതത്തിൽനിന്നു് വേറിട്ടാണെന്നു കരുതിയോ? ചിത്രലേഖേ! പ്രേമം പരസ്പരമുള്ള വൈജാത്യങ്ങളെ പരിഗണിക്കുന്ന ഒന്നല്ല. അതു് രണ്ടു ഹൃദയങ്ങളുടെ അഭിന്നതയെയാണു് തെളിയിക്കുന്നതു്. ഭവതി വിചാരിക്കുന്നുണ്ടാവും ഈ നിർണ്ണയംമൂലം ഭവതി എന്നെ വിവാഹത്തിനു ബാദ്ധ്യസ്ഥനാക്കുകയാണെന്നു്. ആ ധാരണ തെററാണു്. ഈ തീരുമാനംമൂലം ഭവതിക്കു് എന്നെ സുഖവാനാക്കാൻ കഴികയില്ല. ഇതു ഭവതി വിശ്വസിക്കുക. ഞാൻ എൻെറ ജീവിതത്തിൽ ഭവതിയെ മാത്രമാണു് പ്രേമിച്ചതു്. ഭവതിയെയല്ലാതെ മററാരെയും പ്രേമിക്കാൻ എനിക്കു സാധ്യമല്ല. ഞാൻ വിവാഹംകഴിക്കുക എന്നതു് അസാദ്ധ്യമാണു്.

ചിത്രലേഖ ബീജഗുപ്തൻെറ പാദങ്ങളിൽ വീണു. എഴുന്നേററു് അയാളോടുകൂടി പോകുന്നതിനു് അവൾക്കു് ആഗ്രഹം തോന്നി. എന്നാൽ പെട്ടെന്നു് അവൾ നിന്നുപോയി. അവൾ വളരെ ദൂരം പോയിക്കഴിഞ്ഞു. ഇനി തിരിച്ചുനടക്കുക അസാദ്ധ്യം. ബീജഗുപ്തൻെറ പാദങ്ങളിൽ കിടന്നു് അ

വൾ തേങ്ങിത്തേങ്ങി കരഞ്ഞു. ബീജഗുപ്തൻ അവളെ പിടിച്ചെഴുനേല്പിച്ചു. ചിത്രലേഖ ശാന്തഭാവത്തിൽ പറഞ്ഞു: "ബീജഗുപ്താ! താങ്കൾ പൂജ്യനാണ്. താങ്കൾ മനുഷ്യനല്ല, ദേവനാണ്. എനിക്ക് താങ്കളെ അറിയാം. ഞാൻ താങ്കളെ പ്രേമിച്ച് താങ്കളുടെ ജീവിതത്തെ അൎത്ഥശൂന്യമാക്കിക്കളഞ്ഞു എന്നതുമറിയാം. ബീജഗുപ്താ! താങ്കൾ വിവാഹം കഴിക്കുകതന്നെ വേണം. താങ്കൾ എന്നെ പ്രേമിക്കുന്നു. എനിക്കു സുഖംതരിക എന്നതു് താങ്കളുടെ കൎത്തവ്യമാണ്. എന്നാൽ താങ്കൾ വിവാഹം കഴിക്കുന്നതുവരെയും താങ്കളുടെ സന്താനം എന്നെ 'അമ്മാ' എന്നു വിളിക്കുന്നതുവരെയും എനിക്കു സുഖം ലഭിക്കുകയില്ല. താങ്കൾ വിവാഹം കഴിക്കുക; ഞാൻ താങ്കളെ സദാ പ്രേമിക്കുന്നതായിരിക്കും. അതു മറക്കേണ്ട. പ്രേമത്തിന്റെ ലക്ഷ്യം വെറും സുഖഭോഗമാണോ? ഞാൻ താങ്കളോടുള്ള ദൈഹികബന്ധം മാത്രമേ വെടിഞ്ഞിട്ടുള്ളു; നമ്മുടെ ആത്മീയബന്ധം ഇപ്പോൾ ദൃഢതരമായിരിക്കുകയാണ്."

ബീജഗുപ്തൻ വീണ്ടും പറഞ്ഞു: "ചിത്രലേഖേ, ഒരിക്കൽകൂടി ചിന്തിക്കുക! ഭവതി ആവശ്യപ്പെടുന്നതു എനിക്കു ചെയ്യാൻ സാദ്ധ്യമല്ലതന്നെ.

ചിത്രലേഖ ബീജഗുപ്തന്റെ തോളിൽ തന്റെ കരമൎപ്പിച്ചുകൊണ്ടു പറഞ്ഞു: "ബീജഗുപ്താ! ഏതാനും ദിവസത്തേയ്ക്കു് നമുക്കു പരസ്പരം പിരിഞ്ഞു താമസിച്ചുനോക്കാം. ഒരുപക്ഷേ ഏതാനും ദിവസങ്ങൾക്കുശേഷം താങ്കൾ വിവാഹത്തിനു തയ്യാറായെന്നു വരാവുന്നതാണ്. പ്രേമത്തിൽ വിയോഗമുണ്ടാകുന്നില്ലേ? ആ വിയോഗം നാം അല്പം സഹിക്കുക."

ബീജഗുപ്തൻ എഴുനേററു: "ഞാൻ പറയേണ്ടതു പറഞ്ഞുകഴിഞ്ഞു. അനുസരിക്കുന്നതും അനുസരിക്കാതിരിക്കുന്നതും ഭവതിയുടെ ഇഷ്ടം. ഭവതിയുടെ അഭിപ്രായംപോലെ ചെയ്തുകൊള്ളുക. എന്നാൽ അല്പകാലത്തിനകം ഭവതിക്കു മനസ്സിലാകും ഭവതി ചെയ്യുന്നതു തെററാണെന്നു്." ഇത്രയും പറഞ്ഞു് ബീജഗുപ്തൻ അവിടെനിന്നും യാത്രയായി. ചിത്രലേഖ രാജമാൎഗ്ഗംവരെ അയാളെ അനുഗമിച്ചു. രാജമാൎഗ്ഗത്തിലെത്തിയപ്പോൾ അവൾ നിന്നു. അവൾ ബീജഗുപ്തനെ ചുംബിച്ചു. ആ ചുംബനത്തിൽ ഇതിനുമുമ്പൊരിക്കലും അനു-

ഭവപ്പെടാത്ത മാദകത്വവും അഗാധമായ പ്രേമവും ഉള്ളതായി തോന്നി. യാത്രപറഞ്ഞപ്പോൾ ചിത്രലേഖ ബീജഗുപ്തന്റെ പാദം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു: "ബീജഗുപ്താ, ഒരുപക്ഷേ ഞാൻ ചെയ്യുന്നതു് തെറ്റായേക്കാം. അതിനു് എനിക്കു മാപ്പു തരണം."

ബീജഗുപ്തനെ യാത്രയാക്കിയിട്ടു് ചിത്രലേഖ ആശ്രമത്തിൽ മടങ്ങിവന്നു. കുമാരഗിരി അപ്പോൾ എന്തോ ആലോചനയിൽ മുഴുകിയിരിക്കുകയായിരുന്നു. ചിത്രലേഖയോടു് ആസനത്തിൽ ഇരിക്കാൻ പറഞ്ഞിട്ടു് കുമാരഗിരി ചോദിച്ചു: "ചിത്രലേഖേ! ഭവതി എന്നോടു പറഞ്ഞു, ഭവതി എന്നെ പ്രേമിക്കുന്നുവെന്നു്. അതു ശരിയാണോ?"

ചിത്രലേഖ ആശ്ചര്യത്തോടുകൂടി ഉത്തരംപറഞ്ഞു: "അതെ, അതുകൊണ്ടെന്തു്?"

"എന്നാൽ ഇപ്പോൾ ബീജഗുപ്തനോടു പറഞ്ഞു ഭവതി അയാളെ പ്രേമിക്കുന്നുവെന്നു്, ഇനി എന്നും പ്രേമിക്കുമെന്നും."

"അതെ. അതും ശരിതന്നെ."

"എന്നാൽ ഭവതിക്കു് രണ്ടു വ്യക്തികളെ ഒരേസമയത്തു പ്രേമിക്കാൻ സാധിക്കുമോ?"—കുമാരഗിരിയുടെ പ്രശാന്തവദനത്തിൽ അവിശ്വാസത്തിന്റെ ഒരു അവ്യക്തരേഖ പാഞ്ഞോടി.

"ഇതു് അസാദ്ധ്യമെന്നാണോ താങ്കൾ വിചാരിക്കുന്നതു്? ഗുരുദേവാ! പുരുഷനു് രണ്ടു വിവാഹംചെയ്യാം. അയാൾക്കു രണ്ടു ഭാര്യമാരേയും പ്രേമിക്കാം. എന്നാൽ സ്ത്രീക്കു് എന്തുകൊണ്ടു് അതു പാടില്ല. സ്ത്രീക്കു് തന്റെ ഭർത്താവിനെയും പുത്രനെയും ഒന്നുപോലെ സ്നേഹിക്കാൻ കഴിയും. ആത്മീയബന്ധം ഒരേസമയത്തു് പല വ്യക്തികളോടുണ്ടായിരിക്കാവുന്നതാണു്."

"ചിത്രലേഖേ! ഭവതി വഞ്ചിക്കാനൊരുങ്ങുന്നതു് ബീജഗുപ്തനെയോ, എന്നെയോ അല്ല ഭവതിയെത്തന്നെയോ?"

"ഞാൻ താങ്കളെ വഞ്ചിക്കുകയില്ല ഗുരുദേവാ! ഇതു താങ്കൾ വിശ്വസിക്കണം. ഞാൻ എന്നെയോ ബീജഗുപ്തനെയോ വഞ്ചിക്കാൻ സാധ്യതയുണ്ടു്."

"ഇല്ല ചിത്രലേഖേ! വീണ്ടും ഒരിക്കൽക്കൂടി നല്ലവണ്ണം ആലോചിക്കുക. എന്നോട്ടുകൂടി താമസിച്ചുകൊണ്ടു് ഭവതിക്കു് ബീജഗുപ്തനെ പ്രേമിക്കാൻ സാധിക്കുകയില്ല. ഇതു തീൎച്ചയാണു്. എന്നോട്ടുകൂടി താമസിക്കുകയാണെങ്കിൽ ഭവതി സാംസാരികബന്ധത്തിൽനിന്നുയരണം. എന്റെ പക്കൽ തപസ്യയുടെയും വ്രതാനുഷ്ഠാനങ്ങളുടേയും ഒരു ശുഷ്കിച്ച മണ്ഡലമേയുള്ളു. ഹൃദയദൌൎബ്ബല്യത്തിനു് ഇവിടെ സ്ഥാനമില്ല. ഞാൻ ഭവതിക്കു വീണ്ടും ചിന്തിക്കാൻ സമയം തരുന്നു."

"ഞാൻ ചിന്തിച്ചു ഗുരുദേവാ! നല്ലപോലെ ചിന്തിച്ചു. താങ്കൾ പറയുന്നതെല്ലാം ഞാൻ അനുസരിക്കാം; താങ്കൾ ആജ്ഞാപിക്കുകയാണെങ്കിൽ ഞാൻ എന്റെ മമതാബോധംപോലും ഉപേക്ഷിക്കാൻ തയ്യാറാണു്; ലോകത്തെ ഉപേക്ഷിക്കുക അതിനെക്കാൾ എത്രയോ എളുപ്പം!"

കുമാരഗിരിക്കു ചിത്രലേഖയെ മനസ്സിലാക്കാൻ കഴിഞ്ഞില്ല. ചിത്രലേഖയിൽ ഒരസാധാരണ വ്യക്തിത്വം കുടികൊണ്ടിരുന്നു. ആ വ്യക്തിത്വം എത്ര ശക്തിമത്തായിരുന്നു! ചിത്രലേഖയ്ക്കു് വിദ്യയരുളാൻ മറുത്തുകളയാമെന്നു് കുമാരഗിരി വിചാരിച്ചു. അയാൾ വീണ്ടും പറഞ്ഞു: "ദേവി ചിത്രലേഖേ! എനിക്കു് ഭവതിയെ മനസ്സിലാക്കാൻ കഴിയുന്നില്ല. ഭവതിയുടെ വ്യക്തിത്വം എന്റെ വ്യക്തിത്വത്തിൽ താണതല്ല. അതുകൊണ്ടു ഭവതിക്കു വിദ്യയരുളുന്നതു് എത്രകണ്ടു് ഉചിതമാകുമെന്നു് ചിന്തിക്കേണ്ടിയിരിക്കുന്നു. ഞാൻ അക്കാൎയ്യം തീൎച്ചപ്പെടുത്തുന്നതുവരെ"—കുമാരഗിരി ആ വാക്യം മുഴമിക്കുന്നതിനുമുമ്പു് വിശാലദേവൻ ആശ്രമത്തിൽ പ്രവേശിച്ചു. അയാളെ കണ്ടയുടൻ കുമാരഗിരി ഭാഷണം നിറുത്തി. അയാൾക്കു് ആ വാക്യം പൂൎത്തിയാക്കാൻ കഴിഞ്ഞില്ല. വിശാലദേവൻ കുമാരഗിരിയുടെ ചരണങ്ങളെ സ്പൎശിച്ചു. ചിത്രലേഖയേയും അഭിവാദ്യംചെയ്തു് അയാൾ പോയി.

വിശാലദേവൻ പോയശേഷം കുമാരഗിരി ചിരിച്ചു: "ഞാൻ ഭവതിക്കു വിദ്യയരുളണമെന്നതു് ഈശ്വരാജ്ഞയാണെന്നു തോന്നുന്നു. ഭവതിയെ എന്നോട്ടുകൂടി താമസിപ്പിച്ചു് എന്നെ പരീക്ഷിച്ചുനോക്കണമെന്നാണു തോന്നുന്നതു്. നൎത്തകീ! ഇപ്പോൾ ഞാൻ പറഞ്ഞതു് ഭവതി വകവയ്ക്കേണ്ട.

# അദ്ധ്യായം പതിന്നാല്

പകൽ കഴിഞ്ഞാൽ രാത്രി, രാത്രി കഴിഞ്ഞാൽ പകൽ. സുഖത്തിനുശേഷം ദുഃഖം, ദുഃഖത്തിനുശേഷം സുഖം. രാത്രിയില്ലെങ്കിൽ പകലിനു പ്രാധാന്യമില്ല, പകലില്ലെങ്കിൽ രാത്രിക്കും പ്രാധാന്യമില്ല. ദുഃഖമില്ലെങ്കിൽ സുഖത്തിനു വിലയില്ല, സുഖം കൂടാതെ ദുഃഖത്തിനും വിലയില്ല.

ഇതാണ് പരിവത്തനത്തിൻെറ നിയമം. ലോകം പരിവത്തനവിധേയമാണ്. മനുഷ്യൻ ആ ലോകത്തിൻെറ ഒരു ഘടകമത്രേ. ബീജഗുപ്തനും മനുഷ്യനായിരുന്നു. അയാൾ ഇത്രകാലവും സുഖമനുഭവിച്ചു. അതുകൊണ്ട് ദുഃഖമെന്നതു് എന്തെന്നറിയേണ്ടതു് ആവശ്യമായിരുന്നു—എന്നാൽ ബീജഗുപ്തൻ തൻെറ ദുഃഖഭാരത്താൽ ആടിയുലഞ്ഞുപോയി. അയാൾ ഒരിക്കലും സങ്കല്പിക്കപോലും ചെയ്യാത്ത ഒരു കാൎയ്യം നടന്നു. താൻ ഇനിയും എന്തിനു ജീവിച്ചിരിക്കുന്നു എന്നു് അയാൾ ആലോചിച്ചു. അയാൾക്കു ജീവിതം ഭാരമായിത്തീൎന്നു.

എങ്കിലും, സുഖവും ദുഃഖവും അനുഭവിക്കുന്നതിന്നാണ് മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നതു്. ഇവയിലേതെങ്കിലും ഒന്നിൽനിന്നു മുഖം തിരിച്ചുകളയുന്നതു ഭീരുത്വമാണെന്നു് ബീജഗുപ്തനറിയാമായിരുന്നു. ചിത്രലേഖയുടെ വിയോഗംകൊണ്ടുണ്ടായ ദുഃഖത്തെ ക്ഷമാപൂൎവ്വം സഹിക്കാൻതന്നെ അയാൾ തീരുമാനിച്ചു.

എന്നാൽ അതിനും ഒരു തടസ്സമുണ്ടായിരുന്നു. പാടലീപുത്രത്തിൽ താമസിക്കുകയാണെങ്കിൽ അയാൾക്ക് ചിത്രലേഖയെ കണ്ടുമുട്ടേണ്ട സന്ദൎഭങ്ങളുണ്ടാകും; പിന്നെ വിയോഗം എന്ന അവസ്ഥക്കു് എന്തു വിലയാണ്?

ഇതിനെക്കാൾ ഗൗരവതരമായി മറെറാരു കാൎയ്യമുണ്ടായിരുന്നു. ചിത്രലേഖ ബീജഗുപ്തനെ ഉപേക്ഷിച്ച് സന്യാസവൃത്തി സ്വീകരിച്ചിരിക്കുന്നു എന്നു് മററു സാമന്തന്മാർ അറിഞ്ഞാൽ അയാൾ എങ്ങിനെയാണ് അവരുടെ മുഖത്തു നോക്കുക!

ബീജഗുപ്തൻ മദ്ധ്യാഹ്നംവരെ ഈ പ്രശ്നത്തിനു പരിഹാരം കണ്ടെത്താൻ ശ്രമിച്ചുകൊണ്ടിരുന്നു. എന്നാൽ പരിഹരിക്കാൻ ശ്രമിക്കുന്തോറും പ്രശ്നം കൂടുതൽ കെട്ടുപിണയുകയാണു ചെയ്തതു്. ഒടുവിൽ അയാൾക്കു മുഷിഞ്ഞു. അതിനെപ്പററി കൂടുതൽ ചിന്തിക്കുന്തോറും അയാളുടെ ഹൃദയത്തിൽ ഒരു അസഹ്യമായ വേദന തോന്നി. സന്ധ്യയായപ്പോൾ അയാൾ ശ്വേതാങ്കനെ വിളിച്ചു പറഞ്ഞു—"ശ്വേതാങ്കാ! എനിക്കു് നിന്നെ ഒരു പരിപാടി അറിയിക്കാനുണ്ടു്."

"അതെന്താണു്?"

"നമുക്കു കാശിയിൽ പോകാം—കുറച്ചുകാലത്തേക്കു് ഞാൻ ഒരു ദേശസഞ്ചാരം ചെയ്യാൻ ആഗ്രഹിക്കുകയാണു്."

"ഇത്ര തിടുക്കത്തിലോ?" ശ്വേതാങ്കൻ അത്ഭുതത്തോടുകൂടി ചോദിച്ചു. അയാൾക്കു യശോധരയോടു തനിക്കു്—ഇപ്പോൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രേമത്തെ സുദൃഢമാക്കണമെന്നുണ്ടായിരുന്നു. അതുകൊണ്ടു് പാടലീപുത്രത്തിൽ താമസിക്കുന്നതാണു് അയാൾക്കു് ആവശ്യമായിരുന്നതു്—"ഇനിയും അഞ്ചോ പത്തോ ദിവസംകൂടി കഴിയരുതോ? യാത്രയ്ക്കുവേണ്ട സജ്ജീകരണങ്ങൾ ചെയ്യാൻ വളരെ കുറച്ചു സമയമല്ലേ ഉള്ളു?"

ബീജഗുപ്തൻ നീരസഭാവത്തിൽ പറഞ്ഞു—"ഇല്ല, മറ്റെന്നാൾ തന്നെ പോകണം. ഒരുക്കങ്ങളെല്ലാം അല്പസമയംകൊണ്ടു ചെയ്തുതീർക്കാവുന്നതാണു്. എൻെറയും നിൻെറയും യാത്രയ്ക്കുവേണ്ട സജ്ജീകരണങ്ങൾ മാത്രം ചെയ്താൽ മതി."

"അവിടത്തെ ആജ്ഞപോലെ" അയാൾ രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്നു. ബീജഗുപ്തൻെറ ഈ തീരുമാനം അയാൾക്കു രസിച്ചില്ല. പക്ഷേ എന്തു ചെയ്യാനാണു്? ബീജഗുപ്തനോടുകൂടി പോകാൻ മറുത്തുകളയാം എന്നയാൾ വിചാരിച്ചു. എന്നാൽ അതിനു ധൈര്യമുണ്ടായില്ല. മറുക്കുന്നതു പോരായ്കയാണെന്നു് അയാളുടെ അന്തഃകരണം ഉണർത്തിച്ചു. അതിരാവിലെ എഴുന്നേററു് അയാൾ ബീജഗുപ്തനോടു പറഞ്ഞു: "ആര്യാ! മൃത്യുഞ്ജയനെ ഒന്നു കണ്ടിട്ടു വരുന്നതിനു് എനിക്കു് അനുമതി തരണം."

കാരണമറിയാമായിരുന്നിട്ടും ബീജഗുപ്തൻ ചോദിച്ചു. "എന്തിനു്?"

"നാം വെളിസ്ഥലത്തു പോവുകയാണല്ലോ. ഒരുപക്ഷേ അവിടെ അധികം നാൾ താമസിക്കേണ്ടിവന്നേയ്ക്കും. അതുകൊണ്ടു് അദ്ദേഹത്തോടു യാത്ര ചോദിച്ചുവരണമെന്നുണ്ടു്."

"നിനക്കു പോകാം." ബീജഗുപ്തൻ സ്വയം പുഞ്ചിരിതൂകി. ഒരാൾ പ്രേമിച്ചതിൽ പശ്ചാത്തപിക്കുന്നു. മററൊരാൾ പ്രേമിക്കാൻ വെമ്പൽകൊള്ളുന്നു!

ബീജഗുപ്തന്റെ അനുമതിയോടുകൂടി ശ്വേതാങ്കൻ മൃത്യുഞ്ജയന്റെ ഗൃഹത്തിലെത്തി. മൃത്യുഞ്ജയൻ പുറത്തെവിടെയോ പോയിരുന്നു. ശ്വേതാങ്കൻ താൻ വന്നിരിക്കുന്ന വിവരം യശോധരയെ അറിയിച്ചു.

യശോധര വിശ്രമമുറിയിൽ ശ്വേതാങ്കനെ സന്ധിച്ചു. രണ്ടുപേരും പരസ്പരം അഭിവാദ്യം ചെയ്തുകൊണ്ടു് ആസനസ്ഥരായി. കുറച്ചുനേരം രണ്ടുപേരും മൗനം പാലിച്ചു—"ദേവീ! നാളെ ഞാൻ ബീജഗുപ്തനോടുകൂടി പാടലീപുത്രം വിടുകയാണു്. അതുകൊണ്ടു് നിങ്ങളോടു വിടവാങ്ങാനാണു ഞാൻ വന്നിരിക്കുന്നതു്. ഒരുപക്ഷേ കുറച്ചേറെനാൾ നഗരത്തിനു പുറത്തു കഴിഞ്ഞുകൂടേണ്ടിവരും." ശ്വേതാങ്കൻ യശോധരയുടെ മുഖത്തു് സൂക്ഷിച്ചു നോക്കി; എന്നാൽ അവൾക്കു് യാതൊരു ഭാവഭേദവുമുണ്ടായില്ല—"ബീജഗുപ്തൻ നഗരത്തിനു പുറത്തുപോവുകയാണു്; എന്നാൽ ഇന്നലെ ബീജഗുപ്തൻ പാടലീപുത്രം വിടുന്നതിനെക്കുറിച്ചു് ഞങ്ങളോടു് യാതൊന്നും പറഞ്ഞില്ലല്ലോ."

ശ്വേതാങ്കനു് യശോധരയുടെ ഈ ഉപേക്ഷാഭാവം അത്ര പിടിച്ചില്ല. അയാൾക്കു് കോപം വന്നു. "അതെ, ദേവീ! ചിത്രലേഖ ബീജഗുപ്തന്റെ സഹവാസമുപേക്ഷിച്ചു് യോഗി കുമാരഗിരിയുടെ ശിഷ്യത്വം സ്വീകരിച്ചിരിക്കുകയാണു്."

യശോധര ഞെട്ടിപ്പോയി—"എന്താണു് താങ്കൾ പറഞ്ഞതു്? ചിത്രലേഖ വൈരാഗ്യജീവിതം സ്വീകരിച്ചെന്നോ? ആശ്ചര്യം തന്നെ. ബീജഗുപ്തനു് ഇതുമൂലം തീർച്ചയായും വലിയ ദുഃഖമുണ്ടായിരിക്കും"—യശോധര അല്പനേരം മൗന

മായിരുന്നിട്ട് തുടന്നു—"ചിത്രലേഖയെ ആദ്യമായി കണ്ട നിമിഷംതന്നെ ഞാൻ മനസ്സിലാക്കി അവൾ ഒരു ദേവിയാണെന്നു്. ബീജഗുപ്തനുവേണ്ടി അവൾ എന്തു ത്യാഗവും അനുഷ്ഠിക്കും."

ശ്വേതാങ്കൻ പ്രയോഗിച്ച അസ്ത്രം അയാളുടെ മേൽതന്നെ പാഞ്ഞു. അയാളുടെ പ്രതികാരബുദ്ധി ഉയൎത്തെഴുന്നേററു—"ബീജഗുപ്തൻ ചിത്രലേഖയെയല്ലാതെ മറെറാരു സ്ത്രീയെ പ്രേമിക്കുകയില്ല. എനിക്കു് അദ്ദേഹത്തെ അറിയാം. അല്പം മനശ്ശാന്തിക്കുവേണ്ടിയാണു് അദ്ദേഹം ഇപ്പോൾ വെളിസ്ഥലത്തു പോകുന്നതു്. പാടലീപുത്രത്തിൽ തന്നെ കഴിഞ്ഞുകൂട്ടുകയാണെങ്കിൽ അദ്ദേഹം ആത്മഹത്യകൂടി ചെയ്തേക്കാനിടയുണ്ടു്. അദ്ദേഹത്തിൻെറ ദുഃഖം അത്ര ഉൽക്കടമാണു്."

യശോധരയുടെ മുഖം വിളറിപ്പോയി—"ശ്വേതാങ്കാ! താങ്കൾ പറയുന്നതു ശരിയാണു്. ബീജഗുപ്തനെ ഞാൻ കുറച്ചൊക്കെ മനസ്സിലാക്കിയിട്ടുണ്ടു്. താങ്കൾ പറയുന്നതിൽ സാരമുണ്ടു്. ബീജഗുപ്തൻ എത്ര ശ്രേഷ്ഠനായ വ്യക്തിയാണു്! അദ്ദേഹത്തെ കണ്ടിട്ടു് യാതൊരു ദോഷവും ആരോപിക്കാൻ കഴിയുന്നില്ല. ഈ സംഭവം മൂലം എനിക്കു് അദ്ദേഹത്തോടുള്ള ആദരവു് വളരെ വൎദ്ധിച്ചിരിക്കുകയാണു്."

ശ്വേതാങ്കൻ കോപംകൊണ്ടു ഭ്രാന്തനായിച്ചമഞ്ഞു—"യശോധരേ! ഒരു നൎത്തകിയോടുള്ള പ്രേമംമൂലം ഇങ്ങനെ ഭ്രാന്തുപിടിക്കുന്നതു് ബീജഗുപ്തനോ മററു വല്ല വ്യക്തിക്കോ എത്രകണ്ടു ഉചിതമാകുമെന്നു് എനിക്കു മനസ്സിലാകുന്നില്ല. ഇനി മറെറാരു കാൎയ്യം കൂടി. ദുഃഖമുണ്ടാകുമ്പോൾ ഇത്ര അധീരനാകുന്നതു് മനുഷ്യനിൽ കുടികൊണ്ടിരിക്കുന്ന ദുർബ്ബലമായ വ്യക്തിത്വത്തെയല്ലെ സൂചിപ്പിക്കുന്നതു്?"

യശോധരയ്ക്കു് ശ്വേതാങ്കൻെറ ഈ കോപഭാവത്തിൻെറ കാരണം മനസ്സിലായില്ല. അവൾ ഗംഭീരഭാവത്തിൽ പറഞ്ഞു—"ആൎയ്യശ്വേതാങ്കാ! താങ്കൾ പറയുന്നതു ശരിയായിരിക്കാം. ഞാൻ അതു മനസ്സിലാക്കിയിരുന്നില്ല. എന്നാൽ ബീജഗുപ്തൻ ഇതിൽ കുററക്കാരനല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ചിത്രലേഖ ബീജഗുപ്തൻെറ ദൃഷ്ടിയിലും ശരി, ജീവിതത്തിലും ശരി, കേവലം ഒരു നൎത്തകിയല്ല. അവൾ ബീജ-

ഗുപ്തൻെറ പത്നിക്കു സമാനയാണു്. ഇതു് എനിക്കും താങ്കൾക്കും ഈ ലോകത്തിനു മുഴുവനും അറിയാം. അതോടുകൂടി, ദൌർബ്ബല്യങ്ങൾ ഓരോ വ്യക്തിയിലുമുണ്ടു്. മനുഷ്യൻ ഒരിക്കലും പൂർണ്ണനല്ല. ദൌർബ്ബല്യങ്ങൾകൊണ്ടു് ഒരാളെ മോശക്കാരനെന്നു പറഞ്ഞു പുറംതള്ളുകയോ അയാളോടു ശത്രുത്വം ഭാവിക്കുകയോ ചെയ്യുന്നതു ശരിയല്ല. അങ്ങിനെയായാൽ ഒരുവനു മിത്രങ്ങളുണ്ടാവുക അസാദ്ധ്യമാണു്. ലോകത്തുള്ള ഓരോ മനുഷ്യനെയും അയാൾ ശത്രുവായിക്കരുതും. ഓരോ വ്യക്തിയും അയാളുടെ ശത്രുവായിത്തീരുകയും ചെയ്യും. തത്ഫലമായി അയാൾക്കു ജീവിതം തന്നെ ഭാരമായിത്തീരും. മനുഷ്യൻെറ കത്തവ്യം അന്യരുടെ ദൗർബ്ബല്യങ്ങളിൽ സഹാനുഭൂതി കാണിക്കുകയെന്നതാണു്.''

ശ്വേതാങ്കൻെറ എതിർപ്പു് മനസ്ഥിതി അയാളുടെ അറിവിനെ മുഴുവൻ മൂടിപ്പുതച്ചു കളഞ്ഞു—"കത്തവ്യത്തിൽ സഹാനുഭൂതിക്കും ദയയ്ക്കും യാതൊരു സ്ഥാനവുമില്ല. നിന്ദമൂലം ഒരു വ്യക്തിയിൽ നിന്നു് അതിനെ ദൂരീകരിക്കുകയാണു വേണ്ടതു്.''

യശോധര ചിരിച്ചു—"മനുഷ്യൻ ആദ്യമായി ചെയ്യേണ്ടതു് സ്വന്തം ദൗർബ്ബല്യങ്ങളെ ദൂരീകരിക്കാൻ ശ്രമിക്കുകയാണു്. ആര്യശ്വേതാങ്കാ! അന്യരുടെ കുററങ്ങളെ കണ്ടുപിടിക്കാൻ എളുപ്പമാണു്, സ്വന്തം ദോഷങ്ങളെ ഗുണമായിക്കരുതുന്നതു് ലോകത്തു് ഒരാചാരമായിത്തീന്നിട്ടുണ്ടു്. സ്വന്തം ദൗർബ്ബല്യങ്ങളെ മനസ്സിലാക്കി അവയെ ദൂരീകരിക്കാൻ ശ്രമിക്കുന്നവനാണു് ശ്രേഷ്ഠനായ മനുഷ്യൻ.''

യശോധരയുടെ ഒടുവിലത്തെ വാക്യം ശ്വേതാങ്കൻെറ ഹൃദയത്തിൽ ശരംപോലെ പാഞ്ഞു. യശോധര തൻെറ മേലാണോ ഈ ഒളിയമ്പെയ്തതെന്നു് അയാൾക്കു തീരുമാനിക്കാൻ കഴിഞ്ഞില്ല. എന്നാൽ അവൾ പറഞ്ഞകാര്യം ശരിയായിരുന്നു. അതു ബീജഗുപ്തനു ബാധകമാണു്. കാരണം അയാൾക്കു് തൻെറ ദൗബ്ബല്യങ്ങളെക്കുറിച്ചറിയാം. അതു ശ്വേതാങ്കനേയും ബാധിക്കും. എന്തുകൊണ്ടെന്നാൽ അയാൾ അന്യരുടെ കുററങ്ങളെ നിരൂപണം ചെയ്യും. തൻെറ പ്രതികാരവാഞ്ഛയെ ദോഷമായി കരുതുകയുമില്ല.

അയാളുടെ മുഖം വിളറി. അയാൾ ഗദ്ഗദസ്വരത്തിൽ പതുക്കെ പറഞ്ഞു—"ആര്യ്യബീജഗുപ്തനെ ഭവതിയുടെ മുമ്പിൽ വച്ചു കുററക്കാരനാക്കിയതു തെററു തന്നെ. അതിനു് ഞാൻ ക്ഷമായാചനം ചെയ്യുന്നു. ഇനി എൻെറ ദോഷങ്ങളെ ഇല്ലായ്മ ചെയ്യാനും ശ്രമിക്കാം."

"ആര്യ്യബീജഗുപ്തനെ ഭവതിയുടെ മുമ്പിൽ കുററക്കാരനാക്കിയതു തെററുതന്നെ."—യശോധരയുടെ മുഖം കോപംകൊണ്ടു ചുവന്നു. എന്നാൽ ഉത്തരക്ഷണത്തിൽ ശ്വേതാങ്കനു തന്റെ മേലുണ്ടായ കോപത്തിൻെറ കാരണം അവൾക്കു മനസ്സിലായി. അവളുടെ മുഖം പ്രസന്നമായി—"ആര്യ്യശ്വേതാങ്കാ! താങ്കൾ ഒരു വലിയ വിചാരക്കുഴപ്പത്തിലാണു്. ഞാൻ ബീജഗുപ്തനെ പ്രേമിക്കുന്നില്ല. താങ്കളോടു ഇതു സ്പഷ്ടമായി പറയേണ്ടതു് ആവശ്യമായിരിക്കുന്നു." യശോധരയുടെ നയനങ്ങളിൽ കണ്ണുനീർ നിറഞ്ഞു. അവൾ വസ്ത്രാഞ്ചലം കൊണ്ടു മുഖം മറച്ചു. ശ്വേതാങ്കൻെറ നാവിൽനിന്നു് ഈ വാക്യം യാദൃച്ഛികമായും അനിയന്ത്രിതമായുമാണു് നിർഗ്ഗളിച്ചതു്. അതിൽ അയാൾക്കു ആത്മാർത്ഥമായ ദുഃഖം തോന്നി. എന്നാൽ അയാൾ അങ്ങനെ അങ്ങു പറഞ്ഞുപോയതാണു്. അതിനെ പിൻവലിക്കുക അസാദ്ധ്യമായിരുന്നു. അയാൾ യശോധരയുടെ മുമ്പിൽ കൈ കൂപ്പിക്കൊണ്ടു പറഞ്ഞു—"ദേവി യശോധരേ! ഭവതി എനിക്കു മാപ്പുതരണം. ഞാൻ ഒരു വലിയ തെററാണു ചെയ്തതു്. അപ്പോൾ ഞാൻ നിയന്ത്രണാധീനനല്ലായിരുന്നു. ഞാൻ എന്തിനാണു് ഇത്ര പരുഷമായി സംസാരിച്ചതെന്നു ഭവതി ഒരുപക്ഷേ അറിയുകയില്ലായിരിക്കാം."

"എന്തുകൊണ്ടാണു്?"—കാരണം ഊഹിച്ചറിയാൻ കഴിയുമായിരുന്നിട്ടും അതു വ്യക്തമായി അറിയണമെന്നുള്ള ആഗ്രഹംകൊണ്ടു് യശോധര ചോദിച്ചു.

"ഞാൻ ഭവതിയെ പ്രേമിക്കുന്നതുകൊണ്ടു്." യശോധര ശ്വേതാങ്കനെ നോക്കി. അവളുടെ നിസ്സങ്കോചങ്ങളായ നേത്രങ്ങൾ ശ്വേതാങ്കൻെറ നേത്രങ്ങളോടിടഞ്ഞു—"വളരെ അത്ഭുതംതന്നെ ശ്വേതാങ്കാ!"

ഇതു ശ്വേതാങ്കനെ നിസ്തേജനാക്കിക്കളഞ്ഞു. ഈ വാക്കിൽ എന്തു രഹസ്യമാണു് അടങ്ങിയിരിക്കുന്നതു്! എത്ര ഭ

യങ്കരമായ ഒരു സത്യമാണു് ഈ ചെറിയ വാക്യത്തിൽ ഒളിഞ്ഞു കിടക്കുന്നതു്—യശോധര ശ്വേതാങ്കനെ പ്രേമിച്ചിരുന്നില്ല.

ശ്വേതാങ്കൻ പറഞ്ഞു—"ഭവതി എന്നെ പ്രേമിക്കുന്നില്ലെന്നു് എനിക്കറിയാം. എന്നാൽ ഞാൻ ഭവതിയെ പ്രേമിക്കുന്നു. ഇക്കാര്യം ഞാൻ ഭവതിയോടു പറഞ്ഞിട്ടുതന്നെയില്ല. കാരണം, പ്രേമം പ്രവൃത്തിയിലാണു വേണ്ടതു്. വാക്കിലല്ല. എന്നാൽ എന്തു ചെയ്യാനാണു്? ഇപ്പോൾ അത്തരമൊരു സന്ദർഭമാണു് സംജാതമായിരിക്കുന്നതു്. എൻെറ പാരുഷ്യത്തിനും ദുസ്സാഹസത്തിനും ഞാൻ ഭവതിയോടു ക്ഷമായാചനം ചെയ്യുന്നു."

യശോധര എഴുന്നേററു—"ക്ഷമായാചനത്തിൻെറ ആവശ്യമൊന്നുമില്ല ശ്വേതാങ്കാ! ഞാൻ താങ്കളെ കുററക്കാരനാക്കുന്നില്ല. ജീവിതത്തിൽ ഇമ്മാതിരി സംഭവങ്ങൾ നിത്യമെന്നോണം ഉണ്ടാകാറുണ്ട്. നാം എത്രമാത്രമാണു് ക്ഷമായാചനം ചെയ്യാൻ ശക്തരാവുക! ശരി, ഞാൻ പോയി അച്ഛൻ വരുന്നോ എന്നു നോക്കട്ടെ."

യശോധര പോയി. താൻ ഒരു വലിയ തെററാണു ചെയ്തതെന്നു് ശ്വേതാങ്കനു് അനുഭവപ്പെട്ടു. അയാൾ യശോധരയെ കാണാൻ വന്നതാണു്. ഭാഗ്യവശാൽ യശോധരയോടു് ഏകാന്തതയിൽ സംഭാഷണം ചെയ്യാനും സാധിച്ചു; വളരെ നേരം. തന്റെ ശുംഭത്വംകൊണ്ടു് അവളെ ശുണ്ഠിപിടിപ്പിച്ചില്ലായിരുന്നുവെങ്കിൽ ഇനിയും അധികനേരം അവളോടു് സംഭാഷണം ചെയ്യാമായിരുന്നു. തൻെറ മഠത്തരത്തെയോർത്തു് അയാൾക്കു തന്നോടുതന്നെ ദ്വേഷ്യം തോന്നി. അയാളുടെ ഉദ്ദേശ്യം നിറവേറുന്നതിനു പകരം പരാജയപ്പെടുകയാണു ചെയ്തതു്. അയാൾ എഴുന്നേററു് പുറത്തു പോകാനൊരുങ്ങി. അപ്പോൾ യശോധരയോടുകൂടി മൃത്യുഞ്ജയൻ മുറിയിൽ പ്രവേശിച്ചു. ശ്വേതാങ്കൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്തു.

മൃത്യുഞ്ജയൻ ശ്വേതാങ്കനു് ഇരിക്കാൻ സങ്കേതം നൽകിയിട്ടു പറഞ്ഞു — "ഇരിക്കൂ. വത്സാ, താങ്കൾ ബീജഗുപ്തനോടുകൂടി ദേശസഞ്ചാരത്തിനു പോകുന്നുവെന്നു കേട്ടതു ശരിയാണോ?"

ശ്വേതാങ്കൻ ചെറുതായി ഒന്നു ചിരിക്കാൻ ശ്രമിച്ചുകൊണ്ടു പറഞ്ഞു—"ആൎയ്യശ്രേഷ്ഠാ! ഞങ്ങൾ നാളെതന്നെ പുറപ്പെടുകയാണു്."

"എവിടെ പോകാനാണു വിചാരം?"

"കാശിയിൽ."

"എന്നാണു മടങ്ങിവരാനുദ്ദേശിക്കുന്നതു്?"

"അതു പറയുക പ്രയാസമാണു്; അക്കാൎയ്യം ബീജഗുപ്തനെ ആശ്രയിച്ചാണിരിക്കുന്നതു്."

യശോധര അച്ഛനോടു പറഞ്ഞു—"അച്ഛാ! അച്ഛൻ എന്തുകൊണ്ടാണു് ദേശസഞ്ചാരത്തിനു പോകാത്തതു്? ഞാൻ ഒരിക്കലും കാശിയിൽ പോയിട്ടില്ല. എന്നാലും തരക്കേടില്ല. ഇപ്പോൾ ബീജഗുപ്തനോടുകൂടി അച്ഛനും കാശിയിൽ പോയിട്ടുവരണം."

കാൎയ്യം നല്ലതുതന്നെ. കാശി പാടലീപുത്രത്തിനു സമീപം തന്നെയാണു്. മൃത്യുഞ്ജയൻ പറഞ്ഞു—"മകളേ, ഇത്ര പെട്ടെന്നു് അതെങ്ങനെ സാധിക്കും?"

"എല്ലാം സാധിക്കുമച്ഛാ! അവിടുന്നാജ്ഞാപിച്ചാൽ സന്ധ്യക്കുമുമ്പു് യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ഞാൻ ചെയ്യാം." മൃത്യുഞ്ജയൻ ചിരിച്ചു—"യശോധരേ! ഇതു് നിൻെറ ആദ്യമായുള്ള അപേക്ഷയാണു്. അതിനെ നിരസിക്കാൻ ഞാൻ സമൎത്ഥനല്ല. സജ്ജീകരണങ്ങൾ ചെയ്യാൻ കഴിയുമെങ്കിൽ ചെയ്തുകൊള്ളുക. എന്നാൽ അതുകൊണ്ടു് എനിക്കു ബുദ്ധിമുട്ടൊന്നുമുണ്ടാകാതെ നോക്കിക്കൊള്ളണം."

ശ്വേതാങ്കൻെറ വൈക്ലബ്യം ഒന്നുകൂടി വൎദ്ധിച്ചു. യശോധര തീൎച്ചയായും ബീജഗുപ്തനെ പ്രേമിക്കുകയാണു്. അതുകൊണ്ടാണല്ലോ അവൾ ഇത്ര ധിറുതിയിൽ കാശിക്കു പുറപ്പെടാൻ തയ്യാറായതു്. എന്നാൽ ബീജഗുപ്തൻ യശോധരയെ പ്രേമിക്കുന്നില്ല എന്ന കാൎയ്യമോൎത്തു് അയാൾ സ്വയം സമാധാനപ്പെട്ടു. ഈ ദിവസങ്ങളിൽ ഒരുമിച്ചു കഴിഞ്ഞുകൂടുമ്പോൾ യശോധരയ്ക്കു മനസ്സിലാകും ആരാണു് അവളെ പ്രേമിക്കുന്നതെന്നു്.

യശോധര ശ്വേതാങ്കനോടു പറഞ്ഞു—"ആര്യശ്വേതാങ്കാ! ഞങ്ങളും താങ്കളോടൊപ്പം വരുന്നുണ്ടു്. ബീജഗുപ്തനോടും ഇക്കാര്യം പറയണം."

മൃത്യുഞ്ജയൻ കുറച്ചു് ആലോചിച്ചുകൊണ്ടു പറഞ്ഞു—"യശോധരേ! ആദ്യമായി യാത്രയ്ക്കുവേണ്ട ഒരുക്കങ്ങൾ ചെയ്യുക. നാളെതന്നെ ഒരുക്കങ്ങൾ പൂർത്തിയാക്കിയില്ലെങ്കിൽ ബീജഗുപ്തനു് ഒരു ദിവസം നഷ്ടപ്പെടും."

"ഒരുക്കങ്ങൾ ചെയ്യാൻ കഴികയില്ലെന്നോ? അച്ഛൻ എന്താണു് പറയുന്നതു്? ശ്വേതാങ്കാ! ഞങ്ങൾ തീർച്ചയായും കൂടെ വരും."

ശ്വേതാങ്കൻ എഴുന്നേററു—"ആര്യശ്രേഷ്ഠാ! എന്നാൽ എനിക്കു പോകാൻ അനുമതിതരിക. ഞാൻ ഇക്കാര്യം ബീജഗുപ്തനോടു പറയാം." അയാൾ യശോധരയോടു പറഞ്ഞു—"ദേവീ! ഒരുക്കങ്ങൾ ചെയ്യുന്നതിൽ എന്തെങ്കിലും പ്രയാസമുണ്ടെങ്കിൽ ഞാൻ ഭവതിയെ സഹായിക്കാൻ തയ്യാറാണു്—സന്ധ്യക്കു ഞാൻ വരാം."

യശോധര ചിരിച്ചു—"ആര്യശ്വേതാങ്കാ! താങ്കൾക്കു നന്ദി. സന്ധ്യക്കു താങ്കൾ വരുമ്പോൾ താങ്കളെ അറിയിക്കേണ്ടതായി എന്തെങ്കിലുമുണ്ടെങ്കിൽ ഞാൻ അറിയിക്കാം."

ശ്വേതാങ്കൻ പോയി. ഗൃഹത്തിലെത്തിയ ഉടൻ അയാൾ ബീജഗുപ്തനോടു പറഞ്ഞു—"സ്വാമീ! മൃത്യുഞ്ജയനും അദ്ദേഹത്തിൻെറ പുത്രി യശോധരയും കാശിയാത്ര ചെയ്യാൻ ആഗ്രഹിക്കുന്നു. അദ്ദേഹം അങ്ങയെ അറിയിക്കാൻ എന്നോടു പറഞ്ഞു, യാത്ര ഒരുമിച്ചായാൽ നന്നായിരിക്കുമെന്നു്."

ബീജഗുപ്തൻ ഈ പരിപാടിക്കു തയ്യാറല്ലായിരുന്നു. എന്തു കാരണങ്ങളെക്കൊണ്ടാണോ അയാൾ ദേശസഞ്ചാരം ചെയ്യാൻ ആഗ്രഹിച്ചതു് അവയിലൊന്നു് അയാളോടുകൂടിത്തന്നെ വരുന്നുണ്ടു്. എന്നാൽ ഇനി എന്തുചെയ്യാൻ സാധിക്കും? ബീജഗുപ്തൻ അർദ്ധമനസ്സനായി ഉത്തരം പറഞ്ഞു—"കൊള്ളാം."

# അദ്ധ്യായം പതിനഞ്ച്

യശോധര താൻ പറഞ്ഞകാര്യം നിറവേററി; യാത്രയ്ക്കു വേണ്ട സജ്ജീകരണങ്ങൾ ചെയ്തു. പിറേറ ദിവസം എല്ലാ പേരും കാശിയിലേയ്ക്കു യാത്രയായി.

നേരം സന്ധ്യയായി. ഗ്രീഷ്മർത്തുവിലെ ആ രാത്രി വളരെ മനോഹരമായിരുന്നു. എന്നാൽ ബീജഗുപ്തനു് അതു് അത്ര മനോഹരമായിരുന്നില്ല. പൂർവ്വചക്രവാളത്തിൽ ചതുർദ്ദശി ചന്ദ്രൻ പ്രകാശിച്ചുകൊണ്ടിരുന്നു. ബീജഗുപ്തൻെറ ഹൃദയത്തിൽ ഒരു തീജ്ജ്വാലയാണെരിഞ്ഞുകൊണ്ടിരുന്നതു്. പരിചാരകവൃന്ദം കൈയിൽ തീപ്പന്തങ്ങളും പിടിച്ചുകൊണ്ടു് അവരെ അനുഗമിച്ചു. തീപ്പന്തങ്ങളുടെ ദീപനാളങ്ങളിൽ ബീജഗുപ്തൻ തൻെറ ഹൃദയത്തിൽ എരിഞ്ഞുകൊണ്ടിരുന്ന ചിന്താജ്ജ്വാലകളുടെ പ്രതിരൂപമാണു് കണ്ടതു്.

ബീജഗുപ്തൻെറ രഥത്തിൽ ബീജഗുപ്തനും ശ്വേതാങ്കനും ഉപവിഷ്ടരായിരുന്നു. വഴിയരികലുള്ള ഉദ്യാനങ്ങളിൽനിന്നു് 'ബേലാ' പുഷ്പങ്ങളുടെയും 'ചമേലി'യുടെയും പരിമളം നാലുപാടും വ്യാപിച്ചു. ശ്വേതാങ്കൻ മൗനം ഭഞ്ജിച്ചു. "രാത്രിയിൽ വിശ്രമിക്കുകയല്ലെ വേണ്ടതു്?"

ബീജഗുപ്തൻ അപ്പോൾ എന്തോ ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒന്നിനു പിറകെ മറെറാന്നായി അനേകം ചിന്തകൾ അയാളുടെ മനസ്സിൽ ഉത്ഭവിച്ചും മാഞ്ഞുമിരുന്നു. ആ മാനസികാവസ്ഥയിൽ അയാൾക്കു് സമയത്തെപ്പററിയുള്ള ബോധം തെല്ലുമില്ലായിരുന്നു. മൃത്യുഞ്ജയൻെറ രഥം ബീജഗുപ്തൻെറ രഥത്തിനടുത്തുവന്നു. യശോധര പറഞ്ഞു—"ആര്യബീജഗുപ്താ! അല്പം വിശ്രമിച്ചുകൂടെ?"

ബീജഗുപ്തൻ ഞെട്ടിയുണർന്നു. അയാൾ ആകാശത്തേയ്ക്കു നോക്കി. ചന്ദ്രൻ ആകാശദേശത്തിൻെറ പൂർവ്വാർദ്ധത്തിൽനിന്നു് ഉത്തരാർദ്ധത്തിലേയ്ക്കു് സംക്രമിച്ചു കഴിഞ്ഞിരുന്നു.

അയാൾ ശ്വേതാങ്കനോടു പറഞ്ഞു—"ശ്വേതാങ്കാ! രഥം നിറുത്തുക. അടുത്തെവിടെയെങ്കിലും ഒരുദ്യാനത്തിൽ രാത്രി

കഴിഞ്ഞുകൂടാൻ സൗകര്യമുണ്ടാകുമോ എന്നു നോക്കിവരിക."

രഥം നിന്നു. ബീജഗുപ്തൻെറ രഥം നിന്നതോടുകൂടി മറെറല്ലാ രഥങ്ങളും നിന്നു. ശ്വേതാങ്കൻ രഥത്തിൽ നിന്നിറങ്ങി ഉദ്യാനമന്വേഷിച്ചു പുറപ്പെട്ടു. ബീജഗുപ്തൻ മൃത്യുഞ്ജയനോടു പറഞ്ഞു—"ആര്യശ്രേഷ്ഠാ! ക്ഷമിക്കണം. എനിക്കു സമയം ഒട്ടും നിശ്ചയമില്ലായിരുന്നു. താങ്കൾക്കു ബുദ്ധിമുട്ടു തോന്നിയിട്ടുണ്ടാവും. ഇപ്പോൾ നേരം പാതിരാത്രി കഴിഞ്ഞു. താങ്കൾക്കു വിരോധമില്ലെങ്കിൽ ഇനിയും കുറച്ചുനേരംകൂടി പോകാം. സൂര്യോദയത്തിനുമുമ്പ് ഏതെങ്കിലും ഒരു ഗ്രാമത്തിൽ ചെന്ന് പകൽ മുഴുവൻ അവിടെ വിശ്രമിക്കാം. കാരണം, ഇവിടത്തെ മദ്ധ്യാഹ്നവെയിലിൽനിന്നു രക്ഷപ്പെടാൻ മററുപായങ്ങളൊന്നും കാണുന്നില്ല."

മൃത്യുഞ്ജയൻ അല്പം ആലോചിച്ചു പറഞ്ഞു—"ആര്യ ബീജഗുപ്തൻ പറയുന്നതു ശരിയാണ്. നാം യാത്ര തുടരുകയാണു വേണ്ടതു്."

അല്പനേരം കഴിഞ്ഞു് ശ്വേതാങ്കൻ മടങ്ങിവന്നു പറഞ്ഞു—"ഇവിടെ വളരെ മനോഹരമായ ഒരുദ്യാനമുണ്ട്. അതിൽ ഒരു വലിയ കെട്ടിടവുമുണ്ട്. ആ ഉദ്യാനം സാമന്തനായ....... ന്റേതാണ്. അവിടെ കഴിഞ്ഞുകൂടാൻ വേണ്ടത്ര സൗകര്യമുണ്ട്."

"സാമന്തൻ.......ൻെറ ഉദ്യാനമാണോ?" മൃത്യുഞ്ജയൻ ചോദിച്ചു. "എന്നാൽ അവിടെ സജ്ജീകരണങ്ങൾക്കു കുറവൊന്നും കാണുകയില്ല. ബീജഗുപ്താ! ഞാൻ ഈ ഉദ്യാനത്തിൽ താമസിച്ചിട്ടുണ്ട്. സാമന്തൻ........ൻെറ ഒരു മനോഹരമായ മാളികയും അവിടെയുണ്ട്."

രഥം ഉദ്യാനത്തിലേയ്ക്കു തിരിഞ്ഞു. തോട്ടക്കാരൻ സാമന്തന്മാരെ സ്വാഗതം ചെയ്തു. ഉദ്യാനത്തിൽ അതിഥികൾക്കായുള്ള കട്ടിലുകൾ തയ്യാറാക്കിയിരുന്നു. എല്ലാപേരും ക്ഷീണിച്ചുവശായിരുന്നതുകൊണ്ട് വേഗം തന്നെ കിടന്നുറങ്ങി. എന്നാൽ ബീജഗുപ്തനു് ഉറക്കം വന്നില്ല.

എവിടെ പോകുന്നു! എന്തിനു പോകുന്നു! എന്നുള്ള ചോദ്യങ്ങൾ അയാളെ വട്ടം ചുററിച്ചു. അയാൾ കാശിയിൽ പോവുകയായിരുന്നു. മനശ്ശാന്തിക്ക്. തൻെറ മനഃപീഡകളെ അകററി നിറുത്താൻ, കത്തവ്യവിമുഖനാകാതിരിക്കാൻ. എന്നാൽ അയാൾക്ക് യശോധരയെ വിട്ടകലാൻ സാധിച്ചില്ല. യശോധര പൂവ്വാധികം അയാളുടെ അടുത്തേയ്ക്കു വരികയാണു ചെയ്തതു്. ഇതിൽ കൂടുതൽ അടുത്തുവരാൻ ഒരാളുണ്ടായാലും വരാതിരിക്കുകയാണു ഭേദം. “അസാദ്ധ്യം” ബീജഗുപ്തൻ കുറച്ചു് ഉറക്കെ പറഞ്ഞുപോയി. ബീജഗുപ്തനു് യശോധരയെ പ്രേമിക്കാൻ കഴിഞ്ഞില്ല. അയാളുടെ കൺമുമ്പിൽനിന്നു് യശോധര അപ്രത്യക്ഷയായി. അവളുടെ സ്ഥാനത്തു ചിത്രലേഖ സ്ഥലം പിടിച്ചു. ചിത്രലേഖ ആരായിരുന്നു? അവൾക്കു് അയാളുടെ ജീവിതവുമായി എന്തു ബന്ധമായിരുന്നു? ചിത്രലേഖ അയാളുടെ കാമുകിയായിരുന്നു. പത്നിയുമായിരുന്നു. അയാൾ ചിത്രലേഖയെ പ്രേമിച്ചു. ചിത്രലേഖ അയാളെയും പ്രേമിച്ചു. എന്നാൽ അവൾ ഇപ്പോഴും അയാളെ പ്രേമിക്കുന്നുണ്ടോ? ഒരുപക്ഷേ 'ഉണ്ടു്' അല്ലെങ്കിൽ 'ഇല്ല.' അവൾ ബീജഗുപ്തനെ ഉപേക്ഷിച്ചുപോയതു് അയാളുടെ നന്മയ്ക്കുവേണ്ടിയായിരുന്നു. അതുകൊണ്ടു് 'ഉണ്ടു്' എന്നു പറയാം. അവൾ കുമാരഗിരിയുടെ മുമ്പിൽ വച്ചുതന്നെ താൻ ബീജഗുപ്തനെ പ്രേമിക്കുന്നുവെന്ന വസ്തുത സമ്മതിച്ചു. അതുകൊണ്ടു് 'ഉണ്ടു്' എന്നു പറയാം. എന്നാൽ അയാളുടെ ഇച്ഛയ്ക്കു വിരുദ്ധമായി, അയാൾക്കു് ജീവിതം ഭാരമാക്കിത്തീർത്തിട്ടു് അവൾ കടന്നു കളഞ്ഞു. അതുകൊണ്ടു് 'ഇല്ല' എന്നു വേണം പറയുവാൻ.

അതിനെപ്പററി ചിന്തിച്ചുകൊണ്ടിരുന്നപ്പോൾ പക്ഷികളുടെ 'കളകള' ഗാനം ബീജഗുപ്തൻെറ കാതുകളിൽ വന്നലച്ചു. പൂവ്വദിക്കിൽ പ്രകാശത്തിൻെറ പ്രഥമപാളി അതിന്റെ സ്വണ്ണാംശുകത്തെ വിരിച്ചുപിടിച്ചുകൊണ്ടു് പ്രഭാതസമീരനോടു വിനോദ വിക്രിയകൾ നടത്തിക്കൊണ്ടിരുന്നു. താരഗണങ്ങൾ ഓരോന്നായി മങ്ങി മങ്ങി തങ്ങളുടെ ജീവിതത്തിനു് അറുതി വരുത്തി. ബീജഗുപ്തൻ നോക്കിയപ്പോൾ യശോധര കുറച്ചകലെയായി നിന്നു് 'ബേല'യുടെ പാതി വിടൎന്ന പൂക്ക

ളിൽ തങ്ങിനില്ക്കുന്ന ഹിമബിന്ദുക്കളിൽ തൊട്ടുകളിച്ചു കൊണ്ടു നില്ക്കുന്നതാണു കണ്ടതു്. ബീജഗുപ്തൻ എഴുന്നേററു. നിത്യകർമ്മങ്ങൾ കഴിഞ്ഞു് അയാളും ഉദ്യാനത്തിൽ ചെന്നു; ശീതളവും സുരഭിലവുമായ മന്ദപവനനേററു് തൻെറ ഹൃദയത്തെ കുളിർപ്പിക്കാൻ. യശോധര കൈനിറച്ചു പൂക്കൾ പറിച്ചു വച്ചിരുന്നു. അവൾ ബീജഗുപ്തനെ വിളിച്ചു—"ആര്യ ബീജഗുപ്താ! നോക്കണം പ്രകൃതിയുടെ ഈ സുന്ദര രൂപത്തെ! ഇവിടെ എന്തൊരാഹ്ലാദമാണു്! എന്തു ശാന്തി! എന്തു സൌന്ദര്യം! ലോകത്തിൻെറ മുഴുവൻ ക്ലേശങ്ങളും തൃഷ്ണയും അഭിശാപം നിറഞ്ഞ കോലാഹലങ്ങളും വെടിഞ്ഞു് നിഷ്കളങ്ക ജീവിതം ഇവിടെ ചിത്രശലഭങ്ങളുടെ വർണ്ണശബളമായ പക്ഷപുടങ്ങളോടു മേളിച്ചു കഴിയുകയാണു്."

ബീജഗുപ്തൻ അടുത്തുവന്നു. അയാൾ യശോധരയുടെ ഒരു വശത്തായി നിന്നു. ചുററുപാടും ഒന്നു കണ്ണോടിച്ചു—"ദേവി യശോധരേ! ഞാൻ പ്രകൃതിയിൽ ഒരു സൗന്ദര്യവും കാണുന്നില്ല."

"പ്രകൃതിയിൽ താങ്കൾ ഒരു സൗന്ദര്യവും കാണുന്നില്ലേ?" യശോധര ആശ്ചര്യചകിതയായി ബീജഗുപ്തനെ നോക്കി—"ആര്യബീജഗുപ്താ! താങ്കൾ വാസ്തവമായി പറയുകയാണോ? അല്ല നേരമ്പോക്കു പറയുകയാണോ?"

"നേരമ്പോക്കു പറയുകയല്ല ദേവീ! ഞാൻ വാസ്തവമായി പറയുകയാണു്. ഭവതി പറയുന്നു, പ്രകൃതി സൗന്ദര്യമയമാണെന്നു്. എന്നാൽ എനിക്കു് അതു് വിരൂപമായാണു തോന്നുന്നതു്."

യശോധര ബീജഗുപ്തൻെറ അഭിപ്രായത്തെ അനുകൂലിക്കാൻ തയ്യാറല്ലായിരുന്നു—"ആര്യബീജഗുപ്താ! നോക്കണം ഈ ദൂർവ്വാദളം എത്ര മനോഹരമായിരിക്കുന്നു! എത്ര കോമളം! എനിക്കു് ഈ ദൂർവ്വാദളത്തിൽതന്നെ കഴിഞ്ഞുകൂടാൻ തോന്നിപ്പോകുന്നു. ഇതിൽ കയറി ഇരിക്കാനും വിശ്രമിക്കാനും...."

ബീജഗുപ്തൻ പുഞ്ചിരിതൂകി—"അരുതു്. അങ്ങിനെ ചെയ്യരുതു ദേവീ! ഇവിടെ അടുത്തെങ്ങും വൈദ്യന്മാരില്ല, ഭവതിയെ ചികിത്സിക്കാൻ. ഭവതി പറയുന്ന ദൂർവ്വാദളം കോ

മളമാണ് മനോഹരമാണ് എന്നൊക്കെ. ഭവതി വീട്ടിനു പുറത്തെങ്ങും കഴിഞ്ഞുകൂടിയിട്ടില്ല. അതുകൊണ്ടാണ് ഇങ്ങിനെ പറയുന്നതു്. ഈ ദൂർവ്വാദളത്തിൽ എത്രയെത്ര കീടകങ്ങളാണുള്ളതെന്നു് ഭവതി എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? ദൂർവ്വാദളത്തിൽ നനവുണ്ടു്. അതിനടുത്തു വളരെനേരം ഇരുന്നാൽ ജലദോഷം പിടിക്കും. ദേവീ! പ്രകൃതി മനുഷ്യനു് വളരെ അസൗകര്യങ്ങളാണുണ്ടാക്കി വച്ചിട്ടുള്ളതു്. അതു അപൂർണ്ണമാണു്."

യശോധര ഒരു പുതിയ വസ്തുത കേൾക്കുകയായിരുന്നു. എന്നാൽ ബീജഗുപ്തൻ വളരെ ആകർഷകമായ രീതിയിലാണു് അക്കാര്യം പ്രതിപാദിച്ചതു്. അയാളുടെ യുക്തികളും നന്നായിരുന്നു. യശോധരയ്ക്കു് അതിനെ ഖണ്ഡിക്കാൻ കഴിഞ്ഞില്ല. അവൾ ചോദിച്ചു—"പ്രകൃതി അപൂർണ്ണമാണെന്നോ?"

"അതെ. പ്രകൃതി അപൂർണ്ണമായതുകൊണ്ടാണു് മനുഷ്യൻ കൃത്രിമതയെ ശരണീകരിക്കുന്നതു്. ദൂർവ്വാദളം കോമളമാണു്. മനോഹരമാണു്. എന്നാൽ അതിൽ ഈറപ്പുമുണ്ടു്. കീടകങ്ങളുമുണ്ടു്. അതിനാൽ മനുഷ്യൻ സൂഷ്മപടംകൊണ്ടു മെത്തയുണ്ടാക്കുന്നു. അതിൽ ഈറപ്പമില്ല. കീടകങ്ങളുമില്ല. പോരെങ്കിൽ അതു ദൂർവ്വാദളത്തേക്കാൾ മാർദ്ദവമേറിയതുമാണു്. കാലത്തു് മൂടൽമഞ്ഞു വ്യാപിച്ചു് തണുത്ത കാററു വീശുമ്പോൾ ഈ സുന്ദരദൃശ്യങ്ങളുടെ വൈരൂപ്യം നോക്കുക! വേനൽക്കാലത്തു മദ്ധ്യാഹ്നസമയത്തു് ചൂടുകാററു വീശുന്നു. അപ്പോൾ ശരീരം പൊള്ളിപ്പോകും. പ്രകൃതിയുടെ ഈ അസുഖകരമായ സജ്ജീകരണങ്ങളിൽനിന്നും രക്ഷ നേടുന്നതിനു് മനുഷ്യൻ ഗൃഹം നിർമ്മിക്കുന്നു. ആ ഗൃഹങ്ങളിൽ അവൻ വടക്കൻ കാററിനെ ചെറുത്തുകൊണ്ടു് തീയൂട്ടി ഉഷ്ണമുണ്ടാക്കുന്നു. അതുകൊണ്ടു് അവനു് ശൈത്യം അനുഭവപ്പെടുന്നില്ല. ആ വീടുകളിൽ രാമച്ചംകൊണ്ടു തട്ടിയുണ്ടാക്കി വേനൽക്കാലത്തു് അവൻ വസന്തകാലത്തെ സുഖം കൈവരുത്തുന്നു. പ്രകൃതി മനുഷ്യന്റെ അസൗകര്യത്തെ പരിഗണിക്കുന്നില്ല. അതുകൊണ്ടു് അതു് അപൂർണ്ണമത്രെ."

"ഈ പുഷ്പങ്ങൾ കാഴ്ചയ്ക്കു് എത്ര മനോഹരമായിരിക്കുന്നു! ഇവയുടെ പരിമളം എത്ര മാദകമാണു്! പക്ഷികളുടെ

കളകളാരവം എത്ര ശ്രവണ മധുരമാണു്! മനസ്സിനെ മോഹിപ്പിക്കുന്ന സംഗീതമാണതു്. കുയിലിൻെറ സ്വരത്തിൽ എത്ര മാധുര്യവും കരുണരസവുമാണുള്ളതു്."

ഈ പുഷ്പങ്ങൾ മനോഹരം തന്നെ. എന്നാൽ ഇവയിൽ കീടകങ്ങളുണ്ടു്. എത്രയെത്ര ചെറു പ്രാണികളാണു് ഈ പുഷ്പങ്ങളുടെ ഉള്ളിൽ കടന്നുകൂടിയിരിക്കുന്നതെന്നോ! ഇവയുടെ കോമളിമയും പരിമളവും തന്നെ എടുക്കുക! അവ ക്ഷണികമാണു്. പിന്നെ ഇവയുടെ പരിമളംകൊണ്ടു് എന്താണു പ്രയോജനം? അവ അവയുടെ സുഗന്ധത്തെ വിജനതയിൽ നശിപ്പിച്ചുകളയുന്നു. ഈ 'കളകള' ഗാനത്തിലും മാധുര്യമുണ്ടായെന്നു വരാം. അതു വെറും സ്വരങ്ങളുടെ മാധുരിയാണു്. ഒരു വ്യവസ്ഥിതമായ ഭാഷയുടെ അഭാവം മൂലം ഈ കളകള സംഗീതം സ്വരങ്ങളുടെ ആരോഹണാവരോഹണമില്ലാത്ത വെറും ഭാവശൂന്യമായ പാട്ടാണു്. ഈ സംഗീതത്തിൽ സപ്തസ്വരങ്ങൾ എല്ലാം ഒരുമിച്ചു മുഴങ്ങിക്കേൾക്കുന്നു. ഇതിലും എത്രയോ ഭേദമാണു് മനുഷ്യകണ്ഠത്തിൽനിന്നു പുറപ്പെടുന്ന സംഗീതം! കുയിലിൻെറ ഗാനത്തിൽ പഞ്ചമസ്വരം മാത്രമേയുള്ളു. കുയിൽ എന്താണു പറയുന്നതെന്നു് ആക്കും അറിഞ്ഞുകൂടാ. ഒരുപക്ഷേ അതു് ഒന്നും പറയുന്നില്ലായിരിക്കാം."

യശോധര അത്ഭുതപരതന്ത്രയായിപ്പോയി. അവളുടെ ഗൃഹത്തിനോടു ചേൎന്നു് ഒരുദ്യാനമുണ്ടു്. അവിടെ അവൾ പ്രകൃതിസൗന്ദര്യം കണ്ടിട്ടുണ്ടു്. അതിൽ അവൾ മുഗ്ദ്ധയായിപ്പോയിട്ടുമുണ്ടു്. എന്നാൽ ഇന്നു ബീജഗുപ്തൻെറ വാദങ്ങൾ കേട്ടപ്പോൾ അവൾക്കു തോന്നി ഇത്രയും നാൾ താൻ എന്തു തെററിദ്ധാരണയിലായിരുന്നുവെന്നു്. കുറച്ചു മുമ്പിലായി ഒരു കൃത്രിമ ജലപാതമുണ്ടായിരുന്നു. അതിൽനിന്നു് കുറച്ചകലെയായി ഒരു കൃത്രിമമായ അരുവിയിൽ പ്രാവുകൾ കൂട്ടംകൂട്ടമായി കുളിച്ചുകൊണ്ടിരുന്നു. യശോധര ആ ദിക്കിലേക്കു നടന്നു. പിറകെ ബീജഗുപ്തനും. മന്ത്രമുഗ്ദ്ധയായിട്ടെന്നോണം യശോധര ആ ദൃശ്യത്തെ നോക്കിനിന്നു. അവൾ സാവധാനം പറഞ്ഞു—"ഈ കപോതങ്ങൾ എത്ര സുഖികളാണു്. ഇവ ഒരുമിച്ചിരുന്നു് എത്ര ഭംഗിയിൽ കുളിക്കുന്നു. ഇവക്കു് മനുഷ്യരിലുള്ള അസൂയ, വെറുപ്പു്, ദുഷ്ടത തുടങ്ങിയ ദുർഗ്ഗുണ

ങ്ങൾ യാതൊന്നുമില്ല. എനിക്കും രണ്ടു ചിറകുകളുണ്ടായിരുന്നുവെങ്കിൽ! ഞാനും ഒരു കപോതമായിരുന്നെങ്കിൽ!!"

ആ പെൺകുട്ടിയുടെ ശുദ്ധഗതിയിൽ ബീജഗുപ്തനു ചിരിവന്നു—"ദേവി യശോധരേ! ഞാനുറപ്പിച്ചുപറയുന്നു! ഭവതി ഒരു കപോതമായിരുന്നെങ്കിൽ തീർച്ചയായും മനുഷ്യനാകാൻ ആഗ്രഹിക്കുമായിരുന്നു. ഭവതി വിചാരിക്കുന്നുണ്ടാവും ഈ കപോതങ്ങൾക്കു സുഖമാണെന്നു്, ക്ലേശങ്ങളൊന്നുമില്ല, അവയ്ക്കു് ശത്രുക്കളുമില്ലെന്നു്. അതു ഭവതിയുടെ തെററിദ്ധാരണയാണു്. ആഗ്രഹങ്ങൾ നിറവേററുന്നതിനെയാണു് സുഖം എന്നു പറയുന്നതു്. നിറവേറിയില്ലെങ്കിൽ ദുഃഖവും. ഈ കപോതങ്ങളുടെ എല്ലാ ആഗ്രഹങ്ങളും നിറവേറുന്നുവെന്നു് ഭവതിക്കറിയാമോ? ഇവയ്ക്കു് എന്തെങ്കിലും ആഗ്രഹങ്ങൾ തന്നെയുണ്ടോ എന്നതാണു പ്രശ്നം. മനുഷ്യൻ മൃഗങ്ങളിൽ നിന്നു ശ്രേഷ്ഠനായിരിക്കാൻ കാരണം അവനു് ആഗ്രഹങ്ങളുണ്ടു്, അവയെ നിറവേററിക്കൊണ്ടു് അവൻ സുഖമായി ജീവിക്കുകയും ചെയ്യുന്നു എന്നതാണു്. മനുഷ്യൻ പ്രവൃത്തി ചെയ്യുന്നവനാണു്. അലസനായി ജീവിച്ചു മൃതിയടയുന്നതിനല്ല അവനെ സൃഷ്ടിച്ചിട്ടുള്ളതു്. അവനെ സൃഷ്ടിച്ചിട്ടുള്ളതു് പ്രവൃത്തി ചെയ്വാനാണു്. പക്ഷിമൃഗാദികൾ ആഹാരത്തിനുവേണ്ടി എത്ര ഭയങ്കരമായി സമരം ചെയ്യുന്നു! മനുഷ്യനും ആഹാരത്തിനുവേണ്ടി പരിശ്രമിച്ചേ തീരൂ—അവൻ നിലം ഉഴുതു് ആഹാരം ഉല്പാദിപ്പിക്കുന്നു; എന്നാൽ പക്ഷിമൃഗാദികൾ പ്രകൃതിദത്തമായ വസ്തുക്കളെക്കൊണ്ടു് ഉപജീവിക്കുന്നു. മൃഗങ്ങൾ പരസ്പരം ഭക്ഷിച്ചു ജീവിക്കുന്നു. ഈ കപോതങ്ങളുടെ ശത്രുവായ കഴുകൻ ഇവയുടെ മേൽ ചാടിവീഴുമ്പോൾ ഇവയ്ക്കു് എന്തൊരു ക്ലേശമാണു്. എന്തൊരു വിവശതയാണു്!"

യശോധര അത്ഭുതസ്തബ്ധയായി ബീജഗുപ്തനെ നോക്കിനിന്നുപോയി. അല്പനേരം കഴിഞ്ഞു് ബീജഗുപ്തൻ തുടർന്നു—"ദേവിയശോധരേ? പ്രകൃതപരിതഃസ്ഥിതികളിൽ വസിക്കുന്ന മനുഷ്യൻ സുഖവാനാണെന്നു ഭവതി വിചാരിക്കുന്നുണ്ടാവും. എന്നാൽ മനുഷ്യൻ ഒരിക്കലും തന്റെ അവസ്ഥയിൽ തൃപ്തിപ്പെടുന്നവനല്ലെന്നു് ഓർക്കേണ്ടതാണു്. ഭവതി രാജപ്രാസാദത്തിലാണു വളന്നതു്. രാജമാളികയിൽ ഭവതിക്കു്

അത്ര താല്പര്യമില്ല. അതിൻെറ മനോഹാരിതയെ ഭവതി ഉദാസീനതയോടെയായിരിക്കും വീക്ഷിക്കുന്നതു്. എന്നു മാത്രമല്ല, ചിലപ്പോൾ അതിനെ ഉപേക്ഷിച്ചു പോകുന്നതിനുപോലും ഭവതി ആഗ്രഹിക്കുന്നുണ്ടായിരിക്കണം. പ്രകൃതിയോടിണങ്ങിച്ചേർന്ന കുടിലുകളിൽ ഭവതി സുഖം കണ്ടിട്ടുണ്ടാവണം. ഗ്രാമപ്രദേശങ്ങളിലെ തുറസ്സായ സ്ഥാനങ്ങളിൽ മൃഗങ്ങളോടൊത്തു് കളിവിനോദങ്ങളിലേപ്പെട്ടു കഴിയുന്നതിനെക്കുറിച്ചുള്ള സുന്ദരസ്വപ്നങ്ങൾ ഭവതിയെ മോഹിപ്പിച്ചിട്ടുണ്ടാവും. ശരിയാണു് എല്ലാം സ്വാഭാവികവുമാണു്. എന്നാൽ ഈ ഗ്രാമവാസികളോടു ചോദിച്ചു നോക്കുക: അവർ പറയും സുഖമുള്ളതു് രാജമാളികകളിൽ പരിചാരികവൃന്ദം നമ്മെ വലയം ചെയ്തുനിൽക്കുന്നേടത്താണെന്നു്. ഒരുപക്ഷേ കൊട്ടാരങ്ങൾ നിർമ്മിച്ചിട്ടുള്ള നമ്മുടെ പ്രപിതാമഹന്മാർ ഗ്രാമവാസികളായിരിക്കണം. അവർ ഗ്രാമങ്ങൾ ഉപേക്ഷിച്ചുപോന്നു് നഗരങ്ങൾ നിർമ്മിച്ചതെന്തിനാണു്? പ്രകൃതിയിലുള്ള അസൗകര്യങ്ങളെയും അതിൻെറ വൈരൂപ്യത്തേയും കൃത്രിമമാർഗ്ഗങ്ങളിലൂടെ ദൂരീകരിക്കേണ്ടതു് ആവശ്യമാണെന്നു് അവക്കു തോന്നിയിട്ടുണ്ടാവണം. ഭവതിയെ മോഹിപ്പിച്ച ഈ ഉദ്യാനം തന്നെ കൃത്രിമമാണു്. പ്രകൃതിയെ കാണണമെന്നുണ്ടെങ്കിൽ വനാന്തരങ്ങളിലേക്കു ചെല്ലുക? അവിടെ സിംഹങ്ങൾ രക്തദാഹംകൊണ്ടു തുടിക്കുന്ന നാക്കു നീട്ടിക്കൊണ്ടു് അലഞ്ഞു തിരിയുന്നതുകാണാം. വിഷപ്പാമ്പുകൾ യാതൊരു കാരണവും കൂടാതെ മനുഷ്യനെ ദംശിച്ചു് യമപുരിക്കു യാത്രയാക്കാൻ പുല്ലുകളിൽ പതുങ്ങിക്കിടക്കുന്നുണ്ടാവും. ഈ കൃത്രിമമായ അരുവിയെ ഉപേക്ഷിച്ചിട്ടു് നദികളിലേക്കു നോക്കുക; അവിടെ മുതലകളും ചീങ്കണ്ണികളും മനുഷ്യനെ ഭക്ഷിക്കാൻ തക്കം പാർത്തുകൊണ്ടു് ജലത്തിനടിയിൽ പതിയിരിക്കുകയായിരിക്കും. അപ്പോൾ ഭവതിക്കു മനസ്സിലാകും സുഖസൗകര്യങ്ങൾ പ്രകൃതിയിലാണോ കൃത്രിമതയിലാണോ ഉള്ളതെന്നു്."

ബീജഗുപ്തൻെറ ഈ സംഭാഷണം കേട്ടു് യശോധര അത്ഭുതപരവശയായി അയാളുടെ മുഖത്തു് ദൃഷ്ടിയുറപ്പിച്ചുകൊണ്ടു നിന്നു പോയി. ഇത്രയും കാലം ബീജഗുപ്തനെ സത്സ്വഭാവിയായ ഒരു മനുഷ്യൻ എന്നു മാത്രമാണു് യശോധര കരുതി

പ്പോന്നതു്. എന്നാൽ ഇപ്പോൾ ബീജഗുപ്തൻ ഒരു ഉത്തമസ്വഭാവിയെന്നതോടൊപ്പം ഒരു വലിയ ബുദ്ധിമാനും കൂടിയാണെന്നു് യശോധരയ്ക്കു മനസ്സിലായി. ബീജഗുപ്തന്റെ വൈദഗ്ദ്ധ്യവും ചിന്താഗതിയിലുള്ള മൗലികതാവും യുക്തികളും യശോധരയെ വിസ്മയിപ്പിച്ചു. ബീജഗുപ്തനോടുള്ള ബഹുമാനം ഭക്തിയായി മാറുന്നതായി അവൾക്കു് അനുഭവപ്പെട്ടു. അവൾ അല്പനേരം മൗനമായിരുന്നിട്ടു പറഞ്ഞു —"ആര്യബീജഗുപ്താ! എന്റെ ധാർഷ്ട്യത്തിനു എനിക്കു മാപ്പുതരണം. എന്നാൽ ഇനിയും ഒരു കാര്യം ചോദിക്കാനുണ്ടു്. താങ്കൾ ഇത്രയും കാര്യങ്ങൾ എവിടെ നിന്നു പഠിച്ചു? എപ്പോൾ പഠിച്ചു?"

ചോദ്യം വാസ്തവത്തിൽ ഔചിത്യപൂർവ്വമല്ലായിരുന്നു. എന്നാൽ ബീജഗുപ്തൻ അതിനെ അത്ര കാര്യമാക്കിയില്ല. "ദേവി യശോധരേ! ലോകത്തിന്റെ വിദ്യാലയത്തിൽ അനുഭവത്തിന്റെ പാഠപദ്ധതിയനുസരിച്ചു് ചുററുപാടുകൾ എന്നെ പഠിപ്പിച്ചവയാണു് ഇവ. ഇപ്പോൾ പ്രാതഃകാല ഭക്ഷണത്തിനു സമയമായി. നാം പോവുകയല്ലേ?" ബീജഗുപ്തൻ ഗൃഹത്തിലേയ്ക്കു തിരിഞ്ഞു നടന്നു. അയാളോടുകൂടി യശോധരയും.

ബീജഗുപ്തൻ പ്രസന്നനായിരുന്നില്ല. അതു് അയാളുടെ മുഖഭാവം വ്യക്തമാക്കി. യശോധര ചോദിച്ചു. "ആര്യബീജഗുപ്താ! താങ്കൾ എന്താണു് ഇങ്ങനെ അന്യമനസ്കനായിരിക്കുന്നതു്? താങ്കൾക്കു് എന്തെങ്കിലും ദുഃഖമുണ്ടോ?"

ഒരു തണുത്ത പെരുമൂച്ചെറിഞ്ഞുകൊണ്ടു് ബീജഗുപ്തൻ പറഞ്ഞു—"അതെ, ദേവി യശോധരേ! ഞാൻ ദുഃഖിതനാണു്. എന്നാൽ എന്റെ ദുഃഖത്തിന്റെ കാരണം അറിഞ്ഞാൽ ഭവതിക്കു് എനിക്കുവേണ്ടി എന്തു ചെയ്യാൻ കഴിയും? ഭവതി ആ കാരണം അറിയാതിരിക്കുകയാണു ഭേദം."

"അതു് എന്തെങ്കിലും രഹസ്യമാണോ?"

"അല്ല. എന്റെ ജീവിതത്തിൽ രഹസ്യമായി യാതൊന്നുമില്ല. തെററായി എന്തെങ്കിലുമുണ്ടെങ്കിലല്ലേ രഹസ്യമായി വയ്ക്കേണ്ടതുള്ളു! എന്തെങ്കിലും രഹസ്യമായി സൂക്ഷിക്ക

ന്നതു് ഭയത്തിൻെറ ലക്ഷണമാണു്. ഭയഭീതനായിരിക്കുന്നതു് അപരാധം ചെയ്യുന്നതിനടയാളമാണു്. ഞാൻ എനിക്കു ശരി എന്നു തോന്നുന്നതേ ചെയ്യുകയുള്ളു. അതുകൊണ്ടു് ഞാൻ അവയെ ഒരിക്കലും ഒളിക്കുന്നില്ല. എന്നാൽ എൻെറ ദുഃഖത്തിൻെറ കാരണം ഞാൻ പറയാത്തതു് സ്വന്തം ദുഃഖം അറിയിച്ചു് അന്യൎക്കും ദുഃഖമുണ്ടാക്കേണ്ട എന്നു കരുതുന്നതു കൊണ്ടുമാത്രമാണു്."

യശോധര മൗനമവലംബിച്ചു; ഇക്കാൎയ്യത്തെപ്പററി സംസാരിച്ചു് താൻ ബീജഗുപ്തനു കൂടുതൽ ദുഃഖമുണ്ടാക്കുകയാണെന്നു് അവൾക്കു തോന്നി. അവർ രണ്ടുപേരും ഗൃഹത്തിലെത്തി; മൃത്യുഞ്ജയനും ശ്വേതാങ്കനും രണ്ടാളേയും കാത്തിരിക്കുകയായിരുന്നു. പ്രാതഭക്ഷണം തയ്യാറായിരുന്നു. യശോധര ഓടിച്ചെന്നു് മൃത്യുഞ്ജയൻെറ കഴുത്തിൽ കെട്ടിപ്പിടിച്ചു—"അച്ഛാ! ഇപ്പോൾ ആൎയ്യബീജഗുപ്തൻ എനിക്കു ചില പുതിയ കാൎയ്യങ്ങൾ പറഞ്ഞുതന്നു. അവമൂലം എൻെറ കണ്ണുതുറന്നു. എന്റെ പഴയ അഭിപ്രായങ്ങളെല്ലാം അടിസ്ഥാനരഹിതമായിരുന്നുവെന്നു് ഇദ്ദേഹം തെളിയിച്ചു. ആൎയ്യബീജഗുപ്തൻ ഒരു വലിയ വിദ്വാനുംകൂടിയാണു്. അക്കാൎയ്യം ഇപ്പോഴാണു് എനിക്കു മനസ്സിലായതു്." യശോധര ബീജഗുപ്തനെ നോക്കി.

യശോധര ശ്വേതാങ്കൻെറ മേൽ ദൃഷ്ടിയുറപ്പിച്ചു. അയാളുടെ മുഖം വിളറിപ്പോയി. ശ്വേതാങ്കനു സുഖമില്ലാത്തതുപോലിരുന്നു. യശോധര ശ്വേതാങ്കൻെറ കൈയ്യു പിടിച്ചുകൊണ്ടു പറഞ്ഞു—"ആൎയ്യശ്വേതാങ്കാ! താങ്കൾക്കു സുഖമില്ലേ?" അവൾ ശ്വേതാങ്കൻെറ നാഡി പരിശോധിച്ചു—"ഇല്ല! താങ്കൾക്കൊന്നുമില്ലല്ലോ. പിന്നെന്താണു് താങ്കളുടെ മുഖം നന്നേ വിളറിയിരിക്കുന്നതു്?"

ശ്വേതാങ്കൻ ഒരുപക്ഷേ ശരിക്കു വിശ്രമിക്കാത്തതുകൊണ്ടു ക്ഷീണിച്ചിരിക്കുകയാണെന്നു തോന്നുന്നു"—ബീജഗുപ്തൻ പറഞ്ഞു—"ശ്വേതാങ്കാ! നീ മദ്ധ്യാഹ്നനേരം മുഴവൻ കിടന്നുറങ്ങു."

യശോധര ശ്വേതാങ്കൻെറ കൈയ്യും പിടിച്ചുനിന്നു. അയാളുടെ മുഖത്തിൻെറ വിളൎച്ച ക്രമേണ നീങ്ങിത്തുടങ്ങി. അയാൾ പറഞ്ഞു—"ഇല്ല, എനിക്കു സുഖക്കേടൊന്നുമില്ല—കുറ

ച്ചു ക്ഷീണമുണ്ടായി. അല്പം വിശ്രമിച്ചാൽ എല്ലാം ശരി യാകും."

പ്രാതഭക്ഷണം കഴിഞ്ഞു് ബീജഗുപ്തൻ ശ്വേതാങ്കനോടു പറഞ്ഞു—"ഞാൻ വളരെ ക്ഷീണിച്ചിരിക്കുകയാണു്. ഞാൻ കിടക്കാൻ പോകുന്നു. ആഹാരം തയ്യാറാകുമ്പോൾ നീ എന്നെ വിളിച്ചുണർത്തണം. നീ ആര്യമൃത്യുഞ്ജയനോടുകൂടി ഇരിക്കുക. നാം അദ്ദേഹത്തെ വിഗണിച്ചുകളഞ്ഞെന്നു വിചാരിക്കരുതല്ലോ."

ശ്വേതാങ്കൻ മൃത്യുഞ്ജയനോടും യശോധരയോടും സംസാരിച്ചുകൊണ്ടിരുന്നു.

യശോധര അന്നു രാവിലെ പ്രകൃതിസൗന്ദര്യത്തെപ്പററി നടന്ന സംഭാഷണം അവരെ പറഞ്ഞു കേൾപ്പിച്ചു. ബീജഗുപ്തൻെറ അഭിപ്രായങ്ങളെ കുറിച്ചു കേട്ടപ്പോൾ മൃത്യുഞ്ജയനു് അത്ഭുതംതോന്നി. അദ്ദേഹം പറഞ്ഞു—"ശ്വേതാങ്കാ! ആര്യബീജഗുപ്തൻ കുറച്ചു് അസ്വസ്ഥനായി കാണപ്പെടുന്നു."

ശ്വേതാങ്കൻ ഉത്തരം പറയുന്നതിനു മുമ്പായി യശോധര പറഞ്ഞു—"അതെ, എനിക്കും അങ്ങിനെ തന്നെ തോന്നുന്നു. ആര്യബീജഗുപ്തനോടു് അതിനെപ്പററി ഞാൻ ചോദിക്കുകയും ചെയ്തു. അദ്ദേഹം ദുഃഖിതനാണെന്നു സമ്മതിച്ചു. അതിന്റെ കാരണം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, കാരണം പറയുകയില്ലെന്നു്." ഇപ്പോൾ യശോധരയുടെ ദൃഷ്ടി ശ്വേതാങ്കനു നേരെ തിരിഞ്ഞു.

മൃത്യുഞ്ജയൻ പറഞ്ഞു—"രഹസ്യങ്ങളായി വളരെ കാര്യങ്ങളുണ്ടു്."

"അതു സാദ്ധ്യമാണു്. മനുഷ്യനിൽ രഹസ്യങ്ങളുണ്ടായിരിക്കാവുന്നതു് അവൻെറ സ്വഭാവവൈകല്യത്തിൻെറ ലക്ഷണമാണെന്നു വരികിലും സമുദായം അറിഞ്ഞാൽ തങ്ങളെ നിരൂപണം ചെയ്യും കൊള്ളരുതാത്തവർ എന്നു കരുതും എന്നൊക്കെ ഭയന്നാണു് ആളുകൾ പല കാര്യങ്ങളും രഹസ്യമായി വയ്ക്കുന്നതു്. എന്നാൽ ബീജഗുപ്തൻെറ ദുഃഖത്തിൻെറ കാരണം രഹസ്യമല്ല. അതു് എനിക്കുറപ്പിച്ചു പറയാവുന്ന

താണ്. എന്നോടു് അദ്ദേഹം അക്കാര്യം വ്യക്തമായി പറയുകയും ചെയ്തു."

ഒരുപക്ഷേ "മനുഷ്യനിൽ രഹസ്യങ്ങളുണ്ടായിരിക്കുന്നതു് അവൻെറ സ്വഭാവവൈകല്യത്തിൻെറ ലക്ഷണമാണു് എന്ന വ്യാഖ്യാനവും ബീജഗുപ്തൻേറതു തന്നെയായിരിക്കും അല്ലേ?"

"അല്ല, സമർത്ഥന്മാരെസ്സംബന്ധിച്ചിടത്തോളം ഇതിൽ തെറ്റൊന്നുമില്ല. സമുദായത്തെ തിരസ്കരിച്ചിട്ട് ജീവിക്കാനാഗ്രഹിക്കുന്ന വ്യക്തിക്കു് ഈ സിദ്ധാന്തം സർവഥാ അനുയോജ്യമാണു്; എന്നാൽ ലോകം അങ്ങനെയല്ലല്ലോ. എന്റെ കാര്യംതന്നെ എടുക്കുക. ഞാൻ ബീജഗുപ്തന്റെ സേവകനാണു്. അദ്ദേഹത്തിൻെറ ആജ്ഞയാണു് എൻെറ ഇച്ഛ—എൻെറ കർത്തവ്യം. എന്നിലും ഒരു വ്യക്തിത്വമുണ്ടു്; എന്നാൽ ആ വ്യക്തിത്വംകൊണ്ടു് എന്താണു പ്രയോജനം? ഞാൻ പരാധീനനാണു്. ചിലപ്പോൾ എതിർപ്പിൻെറ സ്വാഭാവികമായ തീജ്ജ്വാല എൻെറ ഹൃദയത്തിൽ ആളിക്കത്താറുണ്ടു്. അപ്പോൾ ആ എതിർപ്പിനെ പുറത്തുകാട്ടി കലഹമുണ്ടാക്കുന്നതാണോ അല്ല, അതിനെ അടക്കിയിട്ടു കർത്തവ്യനിഷ്ഠനാകുന്നതാണോ ഉചിതം എന്ന ചോദ്യത്തിൻെറ ഉത്തരം സ്പഷ്ടമാണല്ലോ."

മൃത്യുഞ്ജയൻ പറഞ്ഞു—"വത്സാ, ശ്വേതാങ്കാ! താങ്കളുടെ എതിർപ്പു് അനുചിതമാണു്. അതുകൊണ്ടു് അതിനെ രഹസ്യമായി വയ്ക്കുന്നതാണുചിതം."

യശോധര സാവധാനം പറഞ്ഞു—"താങ്കളുടെ ഈ എതിർപ്പു് ഉചിതമായിട്ടുണ്ടു് ആര്യശ്വേതാങ്കാ! താങ്കളുടെ ഈ അവസ്ഥയിൽ എനിക്കു ദുഃഖം തോന്നുന്നു." ശ്വേതാങ്കൻ യശോധരയുടെ കണ്ണുകളിൽ സഹാനുഭൂതിയോടുകൂടിയ പ്രേമത്തിൻെറ ക്ഷീണരേഖ നിഴലിക്കുന്നതു കണ്ടു.

# അദ്ധ്യായം പതിനാറ്

ചില ആളുകളുണ്ട്, അന്യരെ തങ്ങളിലേയ്ക്കാകർഷിച്ച് അവരുടെ വ്യക്തിത്വത്തെ അടക്കിക്കളയുന്നവർ. അവർ അന്യരുടെ വ്യക്തിത്വത്തെ തങ്ങൾക്കടിമയാക്കിക്കളയും. അത്തരം ഒരു വ്യക്തിത്വമാണ് ചിത്രലേഖയിൽ കുടികൊണ്ടിരുന്നതു്. അവൾക്കു് തന്റെ ഈ ആകർഷണശക്തിയെക്കുറിച്ചു് ശരിയായ ബോധമില്ലായിരുന്നു. എങ്കിലും അവളറിയാതെ തന്നെ അതു പ്രയോഗിക്കപ്പെട്ടു. ഒടുവിൽ കുമാരഗിരിയ്ക്കു് തന്നെ നിയന്ത്രിക്കാൻ കഴിയാതായി.

കുമാരഗിരിയുടെ ആശ്രമത്തിൽ കുമാരഗിരിയും ചിത്രലേഖയും ഒത്തുകൂടി. കുമാരഗിരി ചിത്രലേഖയിൽ നിന്നു് അകന്നു നിൽക്കാനാഗ്രഹിച്ചു. എന്നാൽ തന്നെ എപ്പോഴും ചിത്രലേഖയുടെ സമീപവർത്തിയായിട്ടാണു് അയാൾ കണ്ടതു്. ഇതിനെക്കുറിച്ചു് അയാൾക്കു ബോധമില്ലായിരുന്നു. ചിത്രലേഖ കുമാരഗിരിയുടെ ആശ്രമത്തിൽതന്നെ താമസമുറപ്പിച്ചു. കുമാരഗിരി ധ്യാനാവസ്ഥയിലിരിക്കുമ്പോൾ ചിത്രലേഖ ആശ്രമത്തിനകത്തു വന്നു് ഒരു ഗൃഹനായികയെപ്പോലെ ആശ്രമകാര്യങ്ങളിൽ വ്യാപൃതയാകും. അപ്പോൾ കുമാരഗിരിക്കു് ധ്യാനാവസ്ഥയിൽ കഴിഞ്ഞുകൂടാൻ സാധിക്കുകയില്ല. അയാളുടെ കണ്ണു തുറന്നുപോകും. ഒരു നീക്കുപോക്കില്ലാതെ ചിത്രലേഖയെ ഒന്നു നോക്കുകയും ചെയ്യും. ഉത്തരക്ഷണത്തിൽ അയാൾ വീണ്ടും കണ്ണടച്ചിരിക്കും. വീണ്ടും ധ്യാനമഗ്നനാകാൻ യത്നിക്കും. പക്ഷേ അയാൾക്കു് അതസാദ്ധ്യമായിരിക്കും.

പിന്നെ, ചിത്രലേഖയോ! അവൾ കുമാരഗിരിയുടെ ആശ്രമത്തിൽ ചെന്നതു് അയാളെ പ്രേമിക്കാനായിരുന്നു. എന്നാൽ ആശ്രമത്തിൽ വന്നതിനുശേഷം അവളുടെ അഭിപ്രായം മാറിപ്പോയി. അവൾ സാധനയും തപസ്യയും അഭ്യസിക്കാൻ ആഗ്രഹിച്ചു. അവൾ കുമാരഗിരിയുടെ മാർഗ്ഗത്തിനു് വിഘ്നമുണ്ടാക്കാൻ ഇഷ്ടപ്പെട്ടില്ല.

അന്നു് വിളക്കുവച്ചു. രാത്രി രണ്ടുയാമം ഇരുട്ടി. കുമാരഗിരിക്കു് ധ്യാനസമയമായി. അയാൾ ധ്യാനാസനത്തിൽ

കണ്ണുമടച്ചിരുന്നു. എന്നാൽ ധ്യാനനിമഗ്നനാകാൻ സാധിച്ചില്ല. കുമാരഗിരി ധ്യാനാവസ്ഥയിലിരിക്കുന്നതു കണ്ടു് ചിത്രലേഖ ആശ്രമത്തിനകത്തുവന്നു് തൻെറ ആസനത്തിൽ ചെന്നിരുന്നു.

ചിത്രലേഖയുടെ കാൽപ്പെരുമാററം കേട്ടു് കുമാരഗിരി കണ്ണുതുറന്നു. അയാൾ പതുക്കെ വിളിച്ചു—"ദേവീ! ചിത്രലേഖേ!"

ചിത്രലേഖ ഞെട്ടിപ്പോയി. കുമാരഗിരി ധ്യാനത്തിൽ മുഴുകിക്കഴിഞ്ഞുവെന്നാണു് അവൾ കരുതിയതു്. അവൾ എഴുന്നേററുകൊണ്ടു പറഞ്ഞു—"ക്ഷമിക്കണം ഗുരുദേവാ! എനിക്കു തെററിപ്പോയി. താങ്കൾ ധ്യാനത്തിൽ മുഴുകുന്നതിനു മുമ്പു് ഞാൻ കടന്നുവന്നു. ഞാൻ ഇതാ പോകുന്നു. താങ്കളുടെ തപസ്യക്കു വിഘ്നമുണ്ടാകാതിരിക്കട്ടെ."

കുമാരഗിരി പുഞ്ചിരിതൂകി—"പോകേണ്ട ആവശ്യമൊന്നുമില്ല. ഇവിടെത്തന്നെ ഇരുന്നുകൊള്ളുക. ഇന്നു ഞാൻ സമാധിയിലിരിക്കുന്നില്ല. ഭവതിയോടു് എനിക്കു് അല്പം സംസാരിക്കാനുണ്ടു്." ചിത്രലേഖ ഇരുന്നു.

"ചിത്രലേഖേ! മനുഷ്യനു കർമ്മമാർഗ്ഗവും ധർമ്മമാർഗ്ഗവും രണ്ടും ഒപ്പം സ്വീകരിക്കാൻ കഴിയുകയില്ലേ എന്നു ഞാൻ ആലോചിക്കുകയായിരുന്നു."

"എനിക്കു മനസ്സിലായില്ല."

"ഭവതി എൻെറ ശിഷ്യത്വം ഏൽക്കാൻ വന്ന ദിവസം പറഞ്ഞു ഭവതി എന്നെ പ്രേമിക്കുന്നുവെന്നു്."

"അതെ, ഞാൻ സത്യമായിത്തന്നെ പറഞ്ഞതാണു്."

"പ്രേമത്തിനു് എന്തെല്ലാം അർത്ഥങ്ങളുണ്ടു്?"

"പ്രേമത്തിൻെറ അർത്ഥം രണ്ടാത്മാവുകൾ പരസ്പരം ബന്ധം സ്ഥാപിക്കുക എന്നതാണു്."

കുമാരഗിരി കുറച്ചുനേരം മൗനം ദീക്ഷിച്ചു—"അപ്പോൾ ഈ നിർവചനമനുസരിച്ചു് രണ്ടാത്മാവുകൾക്കു തമ്മിൽ മാത്രമേ പ്രേമമുണ്ടാകാൻ സാധിക്കൂ; അതായതു് രണ്ടു മനുഷ്യർക്കു തമ്മിൽ പ്രേമമുണ്ടാകാം. മനുഷ്യനും ബ്രഹ്മത്തിനും തമ്മിൽ പ്രേമം ഉണ്ടായിക്കൂടെ?"

"താങ്കളുടെ അഭിപ്രായത്തിൽ ആത്മാവു് ബ്രഹ്മത്തിൻെറ തന്നെ ഒരു ഭാഗമാണല്ലൊ. അതുകൊണ്ടു് ഈ വ്യാഖ്യാനമനുസരിച്ചു് ബ്രഹ്മത്തോടും പ്രേമം ഉണ്ടാകാം." ചിത്രലേഖ മറുപടി നൽകി.

"ഇന്നു് ഞാൻ ഒരു പുതിയ കാര്യം ആലോചിക്കുകയാണു്. ദേവി! ചിത്രലേഖേ, വൈരാഗ്യജീവിതം മനുഷ്യന സാദ്ധ്യമാണു്. കാരണം വൈരാഗ്യം നിഷേധാത്മകമാണു്. വൈരാഗ്യത്തിൻെറ ആധാരം ശൂന്യമത്രെ — അവിടെ ഒന്നുമില്ല. ആ അവസ്ഥയിൽ ഒരാളെ വിരാഗി എന്നു പറയുന്നതു തെററാണു്; കാരണം അതുകൊണ്ടു് അയാൾക്കു് ലോകത്തോടു വെറുപ്പാണെന്നാണു വിവക്ഷ. എന്നാൽ അയാൾക്കു ലോകത്തു എന്തിനോടെങ്കിലും ആസക്തിയുണ്ടായേ തീരൂ. ആ ആസക്തിയുടെ കേന്ദ്രമാണു് ബ്രഹ്മം. ജീവിതത്തിൻെറ പരിപാടികൾ രചനാത്മകമാണു്; വിനാശാത്മകമല്ല; മനുഷ്യൻെറ കർത്തവ്യം അനുരക്തിയിലാണു് അധിഷ്ഠിതമായിരിക്കുന്നതു്. വിരക്തിയിലല്ല. ബ്രഹ്മത്തിൽ ആസക്തി എന്നതിൻെറ അർത്ഥം ബ്രഹ്മേതരമായ വസ്തുവിനെ ത്യജിക്കുക, അഥവാ അതിനോടു വൈരാഗ്യം പുലർത്തുക എന്നതാണു്; എന്നാൽ വാസ്തവമാലോചിച്ചാൽ വിരാഗി എന്നു പറയപ്പെടുന്ന ആൾ വിരാഗിയല്ല, നേരേമറിച്ചു് അയാൾ ഈശ്വരാനുരാഗിയാണു്. ഇക്കാര്യം അത്ര പ്രാധാന്യമുള്ളതല്ല. എന്നാൽ വളരെ പ്രാധാന്യമർഹിക്കുന്നതായി മറെറാരു സംഗതിയുണ്ടു്. ലോകത്തോടു വൈരാഗ്യവും ബ്രഹ്മത്തിൽ ആസക്തിയും രണ്ടും ഒന്നു തന്നെയാണോ?"

കുമാരഗിരിയുടെ ഈ ചോദ്യംകേട്ടു് ചിത്രലേഖ ഞെട്ടിപ്പോയി. അവൾക്കു് കുമാരഗിരിയുടെ മനോഗതി അറിയാമായിരുന്നു. ഒരുപക്ഷേ അയാളുടെ ദൗർബ്ബല്യത്തെയും അവൾ അറിഞ്ഞിരിക്കണം. അവൾ പറഞ്ഞു—"ദേവാ! ഇതിനുത്തരം നൽകാൻ ഞാൻ അസമർത്ഥയാണു്. ഞാൻ അങ്ങയിൽനിന്നു് ജ്ഞാനം സമ്പാദിക്കാനാണു വന്നതു്—ജീവിതത്തിൻെറ ലക്ഷ്യം എന്താണെന്നു കണ്ടറിയാൻ."

കുമാരഗിരിയുടെ ശിരസ്സു കുനിഞ്ഞുപോയി. അയാളുടെ സാധന അയാളുടെ അപരാധിയായ മനസ്സിനെ ഞെരിച്ചു—

"ദേവി ചിത്രലേഖേ! ഭവതി പറയുന്നതു ശരിയാണ്. ജ്ഞാനം യുക്തിഗമ്യമായ വസ്തുവല്ല. അത് അനുഭവിച്ചറിയേണ്ടതാണ്. ഈ കുയുക്തി എന്നിലെങ്ങിനെയുണ്ടായി എന്ന് എനിക്കുതന്നെ അറിയുകയില്ല. എന്നാൽ അതു വളരെ പ്രബലമായിരിക്കുകയാണ്. മനുഷ്യനു ലോകത്തെ വെടിഞ്ഞു് ഈശ്വരനോട്ടു ബന്ധം പുലർത്താൻ കഴിയുമോ എന്ന ചോദ്യത്തിനു് സമാധാനം പറയേണ്ടിയിരിക്കുന്നു. ഈ ചോദ്യത്തിനുത്തരം നൽകുന്നതുവരെ എനിക്കു ശാന്തി ലഭിക്കുകയില്ല."

ചിത്രലേഖ ഒരു ആത്മാന്വേഷണം നടത്തി. തന്നിൽ ഒരു വിചിത്രമായ പരിവർത്തനം കടന്നു കൂടിയിരിക്കുന്നതായി അവൾക്കനുഭവപ്പെട്ടു. അവൾ ആദ്യം കുമാരഗിരിയെ പ്രേമിക്കാനാണു ചെന്നതു്. എന്നാൽ ഇപ്പോൾ അയാളെ പ്രേമിക്കാനോ പൂജിക്കാനോ അയാളിൽനിന്നു് വിദ്യ പഠിക്കാനോ സാധിക്കയില്ലെന്നു് ബോധ്യമായിരിക്കുന്നു. നഗരത്തിലെ കോലാഹലമയമായ ജീവിതം അവൾക്കു മുഷിഞ്ഞു തുടങ്ങിയിരുന്നു. വിജനതയിലെ ശാന്തിയിലും സാത്വികത്തിന്റെ പ്രകാശത്തിലും വിശ്വാസത്തിന്റെ ആവരണത്തിലുമാണ് അവൾ സുഖം ദർശിച്ചതു്. ജീവിതത്തിലെ ആനന്ദാഘോഷങ്ങൾ അവൾക്കു മട്ടത്തുകഴിഞ്ഞു. അതിസുഖം അവൾക്കു് അതിപീഡയുളവാക്കി. കുമാരഗിരിയുടെ ആശ്രമത്തിലെ പ്രശാന്തമായ അന്തരീക്ഷത്തിൽ ചിത്രലേഖ സുഖം കണ്ടെത്തി; അതിൽ അവൾ തൃപ്തികണ്ടു.

കുമാരഗിരി അല്പനേരം ഇരുന്നാലോചിച്ചു. അദ്ദേഹം തുടന്നു—"ദേവീ, ചിത്രലേഖേ! എനിക്കു് ഭവതിയെ ഇന്നോളവും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. എന്റെ ഹൃദയം പറയുന്നു, നമ്മുടെ സാമീപ്യം വളരെക്കാലമായി ഉള്ളതാണെന്നു്."

കുമാരഗിരിയുടെ ആശ്രമത്തിൽ വരുന്നതിനുമുമ്പ് ചിത്രലേഖയും ഇതുതന്നെ ആലോചിച്ചിരുന്നു. "ഒരുപക്ഷേ അങ്ങിനെ ആയിരിക്കാം. എനിക്കു് പൂർവ്വജന്മത്തെക്കുറിച്ചുള്ള അറിവു് വളരെ അസ്പഷ്ടമാണ്. അതു് എനിക്കു് ശരിക്കു ഗ്രഹിക്കാൻ സാധിക്കുന്നില്ല."

കുമാരഗിരി ചിരിച്ചു—"എൻെറ ധാരണ തെററായെന്നുവരാം. എന്നാൽ ചിത്രലേഖേ, ഒരു കാൎയ്യം എന്നോടു ശരിയായി പറയണം. ഭവതിയിൽ ഒരു ആകൎഷണശക്തിയുണ്ടു്. അതു് ഭവതിക്കു് എവിടെനിന്നു ലഭിച്ചു?"

ചിത്രലേഖയുടെ മുഖം ചുവന്നു. വളരെ വൎഷങ്ങൾക്കുശേഷം ഇന്നാണു് അവൾക്കു ലജ്ജയുണ്ടായതു്—"ഗുരുദേവാ! എന്നിൽ ആകൎഷണശക്തിയുണ്ടെന്ന കാൎയ്യം എനിക്കറിഞ്ഞുകൂടാ."

കുമാരഗിരി എഴുന്നേററു് അങ്ങോട്ടുമിങ്ങോട്ടും ഉലാത്താൻ തുടങ്ങി. അയാൾ പറഞ്ഞു:—"ഇന്നു ധ്യാനത്തിൽ മനസ്സു പതിയുന്നില്ല. നിരാകാരത്തിൻെറ ആധാരത്തിൽ മനസ്സിനെ കേന്ദ്രീകരിച്ചു നിർത്താൻ എത്ര പ്രയാസമായിരിക്കുന്നു! ഇതെന്തുകൊണ്ടു്?" കുമാരഗിരിയുടെ സ്വരം തീവ്രമായി—"നിരാകാരോപാസന എന്തുകൊണ്ടു് ഇത്ര പ്രയാസമായി തോന്നുന്നു? ഹൃദയം പറയുന്നു, സാകാരം, സാകാരം എന്നു്" കുമാരഗിരി ചിത്രലേഖയുടെ അടുത്തു വന്നുകഴിഞ്ഞു. അയാൾ അവളുടെ മേൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ടു് അവിടെ നിന്നു— "നർത്തകീ! ഞാനിത്രകാലവും നിരാകാരത്തെയാണുപാസിച്ചതു്. ഇന്നു ഞാൻ സാകാരത്തെ സ്വായത്തമാക്കാനാഗ്രഹിക്കുന്നു. മനസ്സിലായോ? ഞാൻ ഒരു പരീക്ഷണം നടത്തിനോക്കാൻ പോവുകയാണു്. അതിനു ഭവതി എന്നെ സഹായിക്കണം. എഴുന്നേൽക്കുക."

ചിത്രലേഖ വിറച്ചുപോയി. അവൾ യോഗിയുടെ മുഖത്തു് ഒരു കരിനിഴലാട്ടം കണ്ടു. യോഗിയുടെ പ്രശാന്തസുന്ദരമായ മുഖം വികൃതമായി. താൻ യോഗിയിൽ ജ്വലിപ്പിച്ച അഗ്നിയുടെ ജ്വാലാവലേഹങ്ങൾകണ്ടു് അവൾ ഭയന്നുപോയി. അവൾ എഴുന്നേററു. അപ്പോൾ അവളുടെ സകലശക്തികളും അസ്തമിച്ചുപോയതുപോലെ തോന്നി.

കുമാരഗിരി ചിത്രലേഖയുടെ കൈയ്യു കടന്നു പിടിച്ചു. അവൾ ആപാദചൂഡം വിറക്കുവാൻ തുടങ്ങി. അവളുടെ കരങ്ങളിൽ ചുട്ടുപഴുത്ത ലോഹവലയങ്ങൾ അണിഞ്ഞ പ്രതീതിയുണ്ടായി. യോഗിയുടെ ശരീരം മുഴുവൻ ദഹിച്ചുകൊണ്ടി

രുന്നു. "ഞാൻ സാകാരത്തെ സാക്ഷാത്കരിക്കാൻ യത്നിക്കുകയാണു നർത്തകീ! ഈ സാകാരത്തിൻെറ ഭാവനയെ ഭവതിയാണ് എന്നിലുദ്ദീപിപ്പിച്ചതു്. അതുകൊണ്ടു് ഈ പ്രയോഗത്തിൽ ഭവതി എന്നോടു സഹകരിക്കണം. അല്ല, അതിനു ലക്ഷ്യമാകണം. മനസ്സിലായോ?"

ചിത്രലേഖയ്ക്കു് എല്ലാം മനസ്സിലായിരുന്നു. അതിനു വേണ്ടിയാണു് അവൾ അവിടെ വന്നതും. എന്നാൽ അവൾ പ്രതീക്ഷിച്ച വസ്തു അവൾക്കു ലഭിച്ചില്ല. അവൾ മലയപവനനോടു കളിക്കാനാണു വന്നതു്. അഗ്നിയിൽ വെന്തെരിയാനല്ല. അവൾ പറഞ്ഞു—"ഗുരുദേവാ!"

കുമാരഗിരി ചിത്രലേഖയെ തൻെറ ആലിംഗനപാശത്തിൽ ബലമായി ബന്ധിച്ചു. അയാളുടെ അധരങ്ങൾ ചിത്രലേഖയുടെ അധരങ്ങളെ സ്പർശിച്ചു. അയാൾ പറഞ്ഞു—"നർത്തകീ! ഞാൻ ഭവതിയെ പ്രേമിക്കുന്നു."

ചിത്രലേഖയുടെ മുഖം കുമാരഗിരിയുടെ ഉച്ഛ്വാസ വായുവേററു വേവുകയായിരുന്നു. അവൾ ബലം പ്രയോഗിച്ചു് തൻെറ മുഖത്തെ കുമാരഗിരിയുടെ മുഖത്തിൽനിന്നു് വേർപെടുത്തി—"ഗുരുദേവാ! താങ്കൾ മാർഗ്ഗഭ്രഷ്ടനാവുകയാണു്—താങ്കൾ താങ്കളുടെ സാധനയിൽനിന്നും വ്യതിചലിച്ചു." കുമാരഗിരിയുടെ ഹസ്തബന്ധം വേർപെട്ടു. അയാൾ ഞെട്ടി പിന്മാറി—"അയ്യോ! ഞാനെന്താണു ചെയ്തതു്!—കുമാരഗിരി വാവിട്ടു നിലവിളിച്ചു—"എനിക്കു മാപ്പുതരൂ ദേവീ!"—കുമാരഗിരി ധിറുതിയിൽ ആശ്രമത്തിനു പുറത്തിറങ്ങി.

ചിത്രലേഖ അവിടെതന്നെ ഇരുന്നു് ആ സംഭവത്തെപ്പററി വീണ്ടും വീണ്ടും ചിന്തിച്ചു. അവൾ സ്വമേധയാ കുമാരഗിരിയുടെ ആശ്രമത്തിൽ വന്നു. എന്നാൽ ഇപ്പോൾ അവൾ കുമാരഗിരിയെ ഉപേക്ഷിച്ചുപോകാൻ ആഗ്രഹിക്കുകയാണു്.

അവൾ തറയിൽക്കിടന്നു വിങ്ങി വിങ്ങിക്കരഞ്ഞു. താൻ അബദ്ധമാണു പ്രവർത്തിച്ചതെന്നു് അവൾക്കിപ്പോൾ ബോധ്യമായി. അവൾ സ്വയം അധഃപതിച്ചു. അതോടൊപ്പം മറെറാരാളെയും അവൾ അധഃപതിപ്പിച്ചു. ഈ ചിന്തകളിൽ മുഴുകി അവൾ ഉറങ്ങി.

കുമാരഗിരി ആശ്രമത്തിനു പുറത്തിറങ്ങി തുറസ്സായ മൈതാനപ്രദേശത്തു ചെന്നു് ഉലാത്താൻ തുടങ്ങി. അല്പം മുമ്പ് അയാളുടെ ശരീരം ചുട്ടുപഴുത്തു. ഇപ്പോൾ മസ്തിഷ്കം ചുട്ടുപഴുക്കാൻ തുടങ്ങി. ആദ്യത്തെ ചുട്ടുപഴുക്കലിൽ സുഖമുണ്ടായിരുന്നു. എന്നാൽ രണ്ടാമത്തേതിൽ ദുഃഖമാണു തോന്നിയതു്. തന്റെ പ്രവൃത്തിമണ്ഡലത്തിൽനിന്നും തന്റെ സാധനയിൽനിന്നും അയാൾ ഭയങ്കരമായി അധഃപതിച്ചുകൊണ്ടിരിക്കുകയാണ്. ഇനി തന്റെ ദൗർബല്യത്തിനുമേൽ വിജയം പ്രാപിക്കുക എന്ന കർത്തവ്യമാണു ശേഷിച്ചതു്.

മുമ്പിൽ കൂരിരുട്ട്. പിറകിൽ പാടലീപുത്രത്തിലെ ദീപങ്ങൾ മങ്ങിമങ്ങി എരിയുന്നതു കാണാമായിരുന്നു. കുമാരഗിരി ആ അന്ധകാരത്തെ ലക്ഷ്യമാക്കി നടന്നു—"ഇല്ല, ഇനി എനിക്കുതന്നെ എന്നെ തടയാൻ കഴികയില്ല. എന്റെ അധഃപതനം അനിവാര്യംതന്നെയാണു്. എന്നാൽ സ്വയം രക്ഷ നേടുകതന്നെ വേണം"—അയാൾ തന്നോടായി പറഞ്ഞു. ഇതിനിടയ്ക്കു് അയാൾ ആശ്രമത്തിൽനിന്നു വളരെ ദൂരം നടന്നു കഴിഞ്ഞു.

പെട്ടെന്നു് അയാളുടെ ഹൃദയത്തിൽനിന്നു് ആരോ വിളിച്ചു ചോദിച്ചു—"താങ്കൾ ഭീരുവല്ലെ?" അയാൾ ചോദിച്ചു. "എന്തുകൊണ്ടു്?"

ഉത്തരം ലഭിച്ചു—"താങ്കൾ എവിടെ പോവുകയാണു്? താങ്കളുടെ ദൗർബ്ബല്യത്തിനുമേൽ വിജയം നേടുകയെന്നതാണു് ഏററവും വലിയ സാധന. ആരെയും ജയിക്കാതിരിക്കുന്ന കാലത്തോളവും താങ്കൾ അപൂർണ്ണനാണു്. അതുകൊണ്ടാണു് ചിത്രലേഖ താങ്കളുടെ അടുത്തുവന്നിരിക്കുന്നതു്. താങ്കൾ അവളുടെ മേൽ വിജയം നേടുക. താങ്കൾക്കു ചിത്രലേഖയെ ഭയമാണോ? ചിത്രലേഖ താങ്കളെ അധഃപതിപ്പിക്കാൻ പ്രേരിപ്പിക്കുന്നില്ലല്ലോ. താങ്കൾ അവളെ വൃഥാ ഭയപ്പെടുകയാണു്. താങ്കളിൽ ദൗർബ്ബല്യം കുടികൊണ്ടിരിക്കുന്നു. അതിനെ അകററുക. സാധന താങ്കളുടെ കൈവശംതന്നെയുണ്ടു്. താങ്കൾ എവിടെ പോകുന്നു?"

കുമാരഗിരി നിന്നു. "എന്നാൽ അങ്ങിനെ തന്നെയാകട്ടെ" അയാൾ പതുക്കെ പറഞ്ഞുകൊണ്ടു് തിരികെ ആശ്രമ

ത്തിലേക്കു് നടന്നു. ആശ്രമത്തിൽ പ്രവേശിച്ചപ്പോൾ ചിത്രലേഖ ഉറങ്ങിക്കഴിഞ്ഞിരുന്നു. അവളുടെ കവിൾത്തടങ്ങളിൽ തങ്ങിനിന്നിരുന്ന അശ്രുകണങ്ങൾ ഉണങ്ങി. എന്നാൽ കണ്ണുനീർ ഒഴുകിയ പാടുകൾ അവിടവിടെ കാണാമായിരുന്നു. കുമാരഗിരി ചിത്രലേഖയുടെ തലയ്ക്കൽ വന്നു് കുറച്ചുനേരം അവളെ നോക്കിനിന്നു. അയാൾ കുനിഞ്ഞു് അവളുടെ മുഖത്തു സൂക്ഷിച്ചുനോക്കി. അവളുടെ അധരങ്ങളിൽ അപ്പോഴും പുഞ്ചിരി തങ്ങിനിന്നിരുന്നു. തൻെറ അധരങ്ങളെ അവളുടെ അധരങ്ങളോടടുപ്പിച്ചു. എന്നാൽ അവയെ സ്പർശിച്ച മാത്രയിൽതന്നെ അയാൾ ഞെട്ടിപ്പോയി. ചിത്രലേഖയുടെ അധരങ്ങൾ എത്ര തണുത്തു മരവിച്ചുപോയി! എത്ര നിർജ്ജീവം!

എന്തോ ആലോചിച്ചുകൊണ്ടു് അയാൾ തൻെറ ആസനത്തിലിരുന്നു. അയാൾ വീണ്ടും സമാധിസ്ഥനാകാൻ ശ്രമിച്ചു. എന്നാൽ അതു സാധ്യമായില്ല. ഭാവിയിൽ തൻെറ മേൽ വിജയം കൈവരിക്കുന്നതാണെന്നു് സ്വപ്നം കണ്ടുകൊണ്ടു് കുമാരഗിരി നിദ്രപ്രാപിച്ചു.

## അദ്ധ്യായം പതിനേഴ്

പിറേറ ദിവസം രാവിലെ ചിത്രലേഖ ഉണൎന്നപ്പോൾ പതിവിന്നെതിരായി കുമാരഗിരി കിടന്നുറങ്ങുന്നതാണു കണ്ടതു്. അവൾ ആശ്രമത്തിനു പുറത്തു വന്നു. അവളുടെ ശിരസ്സു വേദനിക്കുന്നുണ്ടായിരുന്നു. ശരീരമാകെ അപ്പോഴും ചുട്ടുപഴുത്തു കൊണ്ടിരുന്നു. രാത്രി മുഴുവൻ അവൾ ദുസ്വപ്നങ്ങൾ കണ്ടു. ഹൃദയം അതിവേഗം തുടിച്ചുകൊണ്ടിരുന്നു.

സൂര്യോദയമായി. പക്ഷികളുടെ കളകളാരവം പ്രാതസ്സമീരനിൽ എതിരൊലിച്ചു. പുത്തനായി വികസിക്കുന്ന പൂക്കളുടെ സൗരഭ്യഭാരം കൊണ്ടു് വായുവിൻെറ ഗതി മന്ദീഭവിച്ചിരുന്നു. ചിത്രലേഖ പുറത്തുവന്നു നിന്നു. വിശാലദേവൻ ആശ്രമത്തിൻെറ ബഹിർഭാഗത്തു നിൽക്കുന്ന വടവൃക്ഷ

ത്തിൻെറ ചുവട്ടിൽ ആരാധനയിൽ മുഴകിയിരിക്കുകയായിരുന്നു.

ചിത്രലേഖ ചിന്താമഗ്നയായി അവിടെത്തന്നെ നിന്നു. കുമാരഗിരിയോട്ടുകൂടി ഇനിയും താമസിക്കുന്നതു ഉചിതമോ അനുചിതമോ എന്ന പ്രശ്നത്തിനു പരിഹാരം കണ്ടെത്താൻ അവൾ ശ്രമിക്കുകയായിരുന്നു. എന്നാൽ അവൾ ഇനി എങ്ങോട്ടു പോകാനാണു്? ഏതു മുഖത്തോടു കൂടിയാണു് ബീജഗുപ്തൻെറ സമീപം ചെല്ലേണ്ടതു്? ബീജഗുപ്തൻ അവളെ സ്വീകരിക്കുമോ? ഈ ചോദ്യങ്ങൾക്കു് അവൾക്കു യാതൊരു സമാധാനവും ലഭിച്ചില്ല. ചിത്രലേഖ മുന്നോട്ടു ചെന്നു. അവൾ വിശാലദേവനെ സമീപിച്ചു. വിശാലദേവൻ കണ്ണു തുറന്നു. മുമ്പിൽ ചിത്രലേഖ നിൽക്കുന്നതു കണ്ടു് അവളെ അഭിവാദ്യം ചെയ്തുകൊണ്ടു് അയാൾ പറഞ്ഞു—"ദേവീ! നമസ്കാരം!"

ചിത്രലേഖയുടെ ഹൃദയത്തിൽ പൊട്ടുന്നനവേ ഒരു ചിന്ത ഉയന്നുവന്നു. അവൾ "നമസ്കാരം" എന്നു മാത്രം പറഞ്ഞു.

ചിത്രലേഖ പതിവില്ലാതെ തൻെറ അടുത്തു വന്നതു കണ്ടു് വിശാലദേവനു് അത്യന്തം ആശ്ചര്യം തോന്നി. അയാൾ ചോദിച്ചു—"ദേവീ! ഭവതിക്കു് എന്നോടു് എന്തെങ്കിലും പറയാനുണ്ടോ?"

"അതെ."—ചിത്രലേഖ പറഞ്ഞു—"പറയാനുള്ള കാര്യം വളരെ അത്യാവശ്യവും പ്രാധാന്യമേറിയതുമാണു്. എന്നാൽ ആദ്യമായി താങ്കൾ അതു് സ്വീകരിക്കാത്ത പക്ഷം അതിനെ ആരോടും വെളിപ്പെടുത്തുകയില്ലെന്നു പ്രതിജ്ഞ ചെയ്യണം. എങ്കിൽ മാത്രമേ ഞാൻ കാര്യം പറയുകയുള്ളു."

"ഞാൻ പ്രതിജ്ഞ ചെയ്യുന്നു."

"എന്നാൽ കേൾക്കു വിശാലദേവാ! ഞാനിവിടെ വന്നതു് അബദ്ധമായിപ്പോയി എന്നു് എനിക്കു ബോദ്ധ്യമായിരിക്കുന്നു. ഞാൻ ഉയച്ച് പ്രാപിക്കാനാണു വന്നതു്. എന്നാൽ ഞാൻ ഉയരുകയല്ല, താഴുകയാണു ചെയ്യുന്നതെന്നു് ഇപ്പോൾ എനിക്കു തോന്നിത്തുടങ്ങിയിരിക്കുകയാണു്."

വിശാലദേവൻ പുഞ്ചിരിതൂകി—"അതെ. എനിക്കു മനസ്സിലാകുന്നുണ്ടു്."

വിശാലദേവൻെറ പുഞ്ചിരിയിൽ ഒളിഞ്ഞു കിടന്നിരുന്ന പരിഹാസം ചിത്രലേഖയ്ക്കു് പൂർണ്ണമായി മനസ്സിലായി. അവൾ കോപാവേശം കൊണ്ടു തുള്ളി—"താങ്കൾ ചിരിക്കുകയാണു്. കാരണം, ഞാൻ പറയുന്നതിൽ താങ്കൾക്കു വിശ്വാസമില്ല. അന്നു രാത്രി കുമാരഗിരി എന്നോടുകൂടി നിൽക്കുന്നതു് താങ്കൾ കണ്ടു എന്നതു വാസ്തവം തന്നെ. അതുകൊണ്ടു ഞാൻ താങ്കളോടു സ്പഷ്ടമായി പറയുകയാണു്. ഞാൻ എന്തുദ്ദേശത്തോടെയാണോ ഇവിടെ വന്നതു് അതു നിറവേറിയില്ല. ഇവിടെ വന്നു്, എൻെറ നിലയെ ഒന്നു പ്രത്യവലോകനം ചെയ്തുനോക്കിയപ്പോഴാണു് എനിക്കു മനസ്സിലായതു് എനിക്കു തെററു പററിപ്പോയി എന്നു്. ഇവിടെ വന്നതു മുതൽ ഞാൻ എന്നെ തന്നെ അധഃപതിപ്പിച്ചു. ഇനിയും കൂടുതൽ അധഃപതിപ്പിക്കാൻ ഞാൻ തയാറല്ല. എന്നോടൊപ്പം ഞാൻ കുമാരഗിരിയേയും അധഃപതിപ്പിക്കുകയാണു്. ഇതു് ഒരു വലിയ പാപമാണു്. പറയൂ. ഈ പാപത്തിൽ നിന്നു വിമോചനം നേടാൻ താങ്കൾ എന്നെ സഹായിക്കുമോ?"

"അതിനു ഞാൻ തയാറാണു്."

"വിശാലദേവാ! താങ്കൾക്കു് ആര്യ്യബീജഗുപ്തന്റെ ഗൃഹം എവിടെയാണെന്നറിയാമോ?"

"അതെ."

"അദ്ദേഹത്തിൻെറ ഗൃഹത്തിൽ ശ്വേതാങ്കൻ എന്നൊരു യുവാവുണ്ടു്. എനിക്കു് അയാളെ ഒന്നു കണ്ടുമുട്ടണം."

"ശരി."

അപ്പോൾ കുമാരഗിരി ആശ്രമത്തിനു വെളിയിൽ വന്നു. അയാളെ കണ്ട മാത്രയിൽ തന്നെ അവരുടെ സംഭാഷണം അവസാനിച്ചു. കുമാരഗിരി ഒരപരാധിയെപ്പോലെ തലയും കുനിച്ചു് അവരുടെ അടുത്തുവന്നു നിന്നു. അല്പനേരം മൂന്നുപേരും മൗനം പാലിച്ചു. അതിനുശേഷം കുമാരഗിരി പറഞ്ഞു—"ഇന്നു് ഞാൻ കുറച്ചധികനേരം കിടന്നുറങ്ങിപ്പോയി.

അതിൽ എനിക്കു ദുഃഖമുണ്ടു്" എന്നു പറഞ്ഞു് അയാൾ കുറച്ചുകൂടി മുന്നോട്ടു വന്നു. വിശാലദേവൻ കുമാരഗിരിയുടെ മുഖത്തു് ഒരു വിചിത്രമായ ഭാവവൈവർണ്ണ്യം കണ്ടു. ഈ ഭാവപരിവൎത്തനത്തിൽ അത്ഭുതചകിതനായിട്ടു് അയാൾ ചിത്രലേഖയെ നോക്കി—"ദേവീ! ഗുരുദേവനു് ഇന്നു് അത്ര സുഖമില്ലാത്തപോലെ തോന്നുന്നുവല്ലോ."

"അതെ. ഗുരുദേവനു് സുഖമില്ല. അദ്ദേഹത്തിനു സുഖമില്ലാതാകാൻ കാരണം ഞാൻ ഇവിടെ താമസിക്കുന്നതാണു്. വിശാലദേവാ! താങ്കൾ എന്നെ സഹായിച്ചേ തീരൂ. എനിക്കു വേണ്ടിയല്ല. താങ്കളുടെ ഗുരുദേവനു വേണ്ടി."

"ഞാൻ ഭവതിയെ സഹായിക്കാം. ഇന്നുതന്നെ ഞാൻ ആൎയ്യബീജഗുപ്തന്റെ ഗൃഹത്തിൽ പോയി വരാം."

കുമാരഗിരി ആശ്രമത്തിൽ നിന്നു വളരെ ദൂരം നടന്നകന്നു. പകൽ മുഴുവൻ അയാൾ ആശ്രമത്തിൽ വന്നില്ല. സന്ധ്യയായപ്പോൾ വിശാലദേവൻ പാടലീപുത്രത്തിൽ നിന്നു മടങ്ങി വന്നു് ചിത്രലേഖയോടു പറഞ്ഞു—"ദേവീ! ആൎയ്യബീജഗുപ്തൻ തീൎത്ഥയാത്രയ്ക്കു കാശിയിൽ പോയിരിക്കുകയാണു്."

ഈ വാൎത്ത കേട്ടു് ചിത്രലേഖ ആകെ വിളറിപ്പോയി. അവൾ വിശാലദേവനിൽ തന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു ചോദിച്ചു— "വിശാലദേവാ! ഇനി എന്താണുപായം?"

"ദേവീ! എനിക്കൊന്നും തോന്നുന്നില്ല."

"താങ്കൾക്കു് ഒരുപായവും തോന്നുന്നില്ലേ? എനിക്കും അങ്ങിനെതന്നെ. ഇതു വിധിയുടെ ഒരു വിഡംബനയാണു്."—അല്പനേരം അവൾ മൌനംപൂണ്ടു നിന്നു. അവളുടെ കണ്ണുകൾ ഒരജ്ഞാതമായ ശൂന്യതയിൽ എന്തോ തേടിക്കൊണ്ടിരുന്നു—"വിധിയുടെ വിഡംബനയാണു്. ഒരുപക്ഷേ ഞാൻ ചെയ്ത പാപത്തിന്റെ ഫലവുമായിരിക്കാം. ഒരു ആധാരമുണ്ടായിരുന്നു. അതിനെ ഞാൻ കൈവെടിഞ്ഞു. ബീജഗുപ്തനെ ഞാനുപേക്ഷിച്ചു. എന്തിനു്?—ഇല്ല, ഒന്നുമില്ല. ഞാൻ ജ്ഞാനം സമ്പാദിക്കാനാണു് ഇവിടെ വന്നതു്. ഇതാണോ ജ്ഞാനം? ഈശ്വരൻ എനിക്കു ജ്ഞാനമാണോ

അരുളുന്നതു്? പിന്നെ ഇതെല്ലാമെന്തിനു്? വിശാലദേവാ! ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. താങ്കൾക്കു് ഒന്നും ചെയ്യാൻ കഴികയില്ല. ഗുരുദേവനും ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. എന്തിക്കും അങ്ങിനെതന്നെ. ഒരുപക്ഷേ ഈശ്വരനും ഒന്നും ചെയ്യാൻ കഴിഞ്ഞില്ലെന്നു വരും. നടക്കേണ്ടതു നടക്കുന്നു. നടക്കുകയും ചെയ്യും!" — ചിത്രലേഖയുടെ കണ്ണുകൾ പേപിടിച്ചവളുടെ കണ്ണുകൾപോലെ കിടന്നു തിളങ്ങി. അവളുടെ പ്രശാന്തമായ മുഖമണ്ഡലം വികൃതമായി. അവൾ ആവേശംകൊണ്ടു വിറച്ചു.

ചിത്രലേഖയുടെ ഈ രൂപം കണ്ടു് വിശാലദേവൻ ഭയന്നു പോയി—"ദേവീ! ഭവതി കഴിഞ്ഞകാലങ്ങളിൽ ജീവിച്ചതുപോലെ വീണ്ടും ജീവിച്ചുകൂടെ?"

ചിത്രലേഖ ചിരിച്ചു—"കഴിഞ്ഞ ജീവിതത്തെ വീണ്ടും കൈവശമാക്കാൻ കഴിയുകയില്ല—എന്തൊരു ഭോഷത്വമാണു് താങ്കൾ പറയുന്നതു്? ഞാൻ അവിടമൊക്കെ വളരെ പിന്നിട്ടുകഴിഞ്ഞിരിക്കുകയാണു്. അതു് ഇനി തിരിച്ചുപോകാനല്ല. പിന്നോട്ടു പോകുന്നതു് ഭീരുത്വമാണു്. പ്രകൃതിനിയമങ്ങൾക്കു വിരുദ്ധമാണു്. പിറകോട്ടു പോകാൻ ലോകത്താർക്കു കഴിയും? ആർക്കു കഴിഞ്ഞിട്ടുണ്ടു്? മനുഷ്യൻ ക്ഷണം തോറും മുന്നോട്ടു ചെന്നു് മൃത്യുവക്ത്രത്തിലെത്തിച്ചേരുന്നു. പിന്നിലേക്കു പോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ മനുഷ്യൻ ദേവനാകുമായിരുന്നില്ലേ? മുന്നോട്ടു്, മുന്നോട്ടു്! ഇതാണു നിയമം. പാപത്തിലും ശരി, പുണ്യത്തിലും ശരി, മനസ്സിലായോ?"

ചിത്രലേഖ അവിടെ നിന്നും നടകൊണ്ടു. വിശാലദേവൻ തന്റെ മുമ്പിൽനിന്നു കടന്നുപോകുന്ന ആ വിഗ്രഹത്തെ നോക്കി നിന്നു.

ചിത്രലേഖ കുറച്ചുദൂരം നടന്നു. കുമാരഗിരി ലതാനികുഞ്ജത്തിലിരിക്കുന്നതു കണ്ടു് അവൾ അങ്ങോട്ടു ചെന്നു. ചിത്രലേഖയെ കണ്ട ഉടൻ കുമാരഗിരി എഴുന്നേററു. ചിത്രലേഖ ചോദിച്ചു—"ഇന്നു ഇത്ര നേരം വരെ ഗുരുദേവൻ ആശ്രമത്തിൽ പോയില്ലേ?"

"പോയില്ല നർത്തകീ! ഭവതി പറഞ്ഞതു ശരിയാണു്. ആശ്രമത്തിൽ പോകുന്നതു്—ഉഫ്! ഭയങ്കരമായിരിക്കുന്നു."

"അതെ, അതെ. പിന്നെ ഇതിനെന്താണുപായം?"

"ഉപായമോ? കേവലം ഒരുപായമുണ്ടു നൎത്തകീ! ആ ഉപായം എന്തെന്നു ഭവതിക്കറിയാം. ഞാൻ ഇപ്പോൾ സാകാരപൂജയിൽ വിശ്വസിക്കാൻ തുടങ്ങിയിരിക്കുകയാണു്. എന്നാൽ ഭവതിയുടെ സഹായം കൂടാതെ സാകാരപൂജ സാദ്ധ്യമല്ല."

"സാകാരപൂജ വെറും ഭ്രമമാണു്."

"സാകാരപൂജ ശരിയോ തെറേറാ എന്നു നിൎണ്ണയിക്കേണ്ടതു ഭവതിയല്ല നൎത്തകീ! ഭവതി എൻെറ ശിഷ്യയാണു്. ഞാൻ പറയുന്നതിനെ അനുസരിക്കുന്നതാണു ഭവതിയുടെ കൎത്തവ്യം." എന്നു പറഞ്ഞു് യോഗി കുമാരഗിരി ഞെളിഞ്ഞു നിന്നു.

ചിത്രലേഖയ്ക്കു് ഇപ്പോൾ ഭയം തോന്നിയില്ല. അവൾ പറഞ്ഞു—"യോഗീ! തന്നെത്താൻ മറക്കേണ്ട. താങ്കളുടെ മുമ്പിൽ നില്ക്കുന്ന സ്ത്രീ അത്ര അസഹായയൊന്നുമല്ല. അവളുടെ മേൽ തൻെറ ആധിപത്യം സ്ഥാപിച്ചു കളയാമെന്നു് വിചാരിക്കേണ്ട. താങ്കൾ എനിക്കു വിദ്യയരുളിയെന്നു കരുതുന്നുണ്ടാവും. അതു് താങ്കളുടെ ഭ്രമം മാത്രമാണു്. ഇല്ല, താങ്കൾ സ്വയം വഞ്ചിക്കുകയാണു്. ആരോടാണോ താങ്കൾ ആജ്ഞാപിക്കുന്നതു്, ആരെയാണോ താങ്കൾ അടക്കിബ്ഭരിക്കാൻ ആഗ്രഹിക്കുന്നതു് അവൾക്കു് താങ്കൾ അടിമയായിപ്പോയി എന്ന കാൎയ്യം അറിഞ്ഞുകൂടെ?"

കുമാരഗിരി നിസ്തേജനായി ഇരുന്നു പോയി. ഇരുന്നുകൊണ്ടുതന്നെ അയാൾ കരുണസ്വരത്തിൽ പറഞ്ഞു—"നൎത്തകീ! ഞാൻ ഭവതിയെ പ്രേമിക്കുന്നു."

ചിത്രലേഖ ചിരിച്ചു—"താങ്കൾ എന്നെ പ്രേമിക്കുന്നു എന്നു് എനിക്കറിയാം; എന്നാൽ ഞാൻ താങ്കളെ പ്രേമിക്കുന്നില്ലല്ലോ. ക്ഷണനേരത്തേയ്ക്കു് താങ്കളുടെ മേൽ ആധിപത്യം സ്ഥാപിക്കണമെന്നു് ഞാനാഗ്രഹിച്ചു, അതിനു ശ്രമിച്ചു. അതു സഫലമാവുകയും ചെയ്തു. എന്നാൽ അതുകൊണ്ടെന്തു്? പുരുഷൻെറ മേൽ ആധിപത്യം ചെലുത്തണമെന്നു് സ്ത്രീക്കുണ്ടാകുന്ന ആഗ്രഹം അവൾക്കു് അവൻെറ മേലുള്ള പ്രേമ

ത്തിൻെറ ലക്ഷണമല്ല. പ്രകൃതി സ്ത്രീയെ സൃഷ്ടിച്ചിട്ടുള്ളതു് ഭരിക്കാനല്ല, ഭരിക്കപ്പെടാനാണു്; ആത്മസമപ്പണത്തിനു്. സ്ത്രീ തന്നേക്കാൾ ദുർബ്ബലനായ ഒരുവനെ പ്രേമിക്കുകയില്ല. ഒരുവൻെറ മേൽ സ്ത്രീ തൻെറ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞാൽ പിന്നെ അയാൾ അവളുടെ പ്രേമത്തിൻ പാത്രമാവുകയില്ല. സ്ത്രീയുടെ കമ്മമണ്ഡലം ആത്മസമപ്പണിന്റേതാണു്. തൻെറ ജീവിതത്തെ പുരുഷൻെറ ജീവിതത്തിൽ ലയിപ്പിക്കുക എന്നതാണു് അവളുടെ ലക്ഷ്യം. അതുകൊണ്ടു് സ്ത്രീ അവളെ ജയിക്കുകയും അവളുടെ മേൽ ആധിപത്യം സ്ഥാപിക്കുകയും ചെയ്യുന്ന പുരുഷനെ മാത്രമേ സ്നേഹിക്കുകയുള്ളൂ. യോഗീ! ഇവിടെയാണു് സ്ത്രീക്കും പുരുഷനും തമ്മിലുള്ള ഭേദം സ്ഥിതിചെയ്യുന്നതു്. പുരുഷൻെറ പ്രേമം ആധിപത്യം സ്ഥാപിക്കുക എന്നതു്. സ്ത്രീയുടെ പ്രേമം പുരുഷൻെറ കരങ്ങളിൽ തന്നെ അപ്പിക്കുക എന്നതും. എന്നാൽ ഇവിടത്തെ സ്ഥിതി മറിച്ചാണു്. ഞാൻ താങ്കളുടെ മേൽ എൻെറ ആധിപത്യം സ്ഥാപിച്ചു കഴിഞ്ഞു. താങ്കൾ ആത്മസമപ്പണവും ചെയ്തു. പിന്നെ എന്താധാരത്തിലാണു് താങ്കൾ എൻെറ പ്രേമം ആവശ്യപ്പെടുന്നതു്?"

യോഗി കുമാരഗിരി മൗനമായി ചിത്രലേഖയുടെ സംഭാഷണത്തെ ശ്രവിച്ചുകൊണ്ടു നിന്നു. നത്തകിയുടെ വാദങ്ങൾ തിക്തമായിരുന്നെങ്കിലും സവ്വഥാ സത്യമായിരുന്നു. ഇപ്പോൾ യോഗിക്കു് തൻെറ ദൗബ്ബല്യം അനുഭവപ്പെട്ടു. തൻെറ പരാജയത്തിൻെറ ഭയങ്കരത അയാൾ കണ്ടു. കുറച്ചുനേരം അയാൾ ആലോചിച്ചുകൊണ്ടിരുന്നു. പിന്നീടു് അവിടെ നിന്നു് എഴുനേററു. അയാളുടെ മുഖത്തിൻെറ വിളച്ച് നീങ്ങി. നേത്രങ്ങളിൽ വീണ്ടും പ്രകാശം നിറഞ്ഞു—"ഭവതി പറയുന്നതു ശരിയാണു്. ഞാൻ എന്നെ ഭവതിയിൽ അപ്പിച്ചു. ഞാൻ ഭവതിയേക്കാൾ ദുർബ്ബലനാണെന്നു തെളിയിച്ചു. ഭവതിയിൽക്കൂടി ഈശ്വരൻ എൻെറ അഭിമാനത്തെ തകത്തു. എൻെറ നിസ്സാരതയെ എനിക്കു കാണിച്ചു തന്നു. ഇനി എൻെറ അടുത്ത പരിപാടി ഞാൻ തീരുമാനിച്ചു കഴിഞ്ഞു. ഞാൻ ഭവതിയുടെ മേൽ വിജയം നേടും. പ്രേമിക്കാനല്ല, വിജയം നേടാൻ വേണ്ടി മാത്രം. എൻെറ അധഃപതന

ത്തിൽനിന്നു് എന്നെ വിമോചിപ്പിക്കുന്നതിനു്. കുമാരഗിരിയെ ഭവതി ഇനിമേൽ ഇത്ര ദുർബ്ബലനായി കാണുകയില്ല.''

ചിത്രലേഖ ഗംഭീരഭാവത്തിൽ പറഞ്ഞു: ''ഇതിനു ഞാൻ ഗുരുദേവനെ സഹായിക്കണമെന്നു വിചാരിക്കുന്നു.''

''എങ്ങനെ?''

''ഞാൻ ഗുരുദേവൻെറ ആശ്രമം ഉപേക്ഷിക്കുവാൻ പോവുകയാണു്. ഞാൻ താങ്കളുടെ മാർഗ്ഗത്തിൽ ഒരു വിലങ്ങുതടിയായി വന്നു ഭവിച്ചിരിക്കുകയാണെന്നു് എനിക്കറിയാം. ഞാൻ പാപമാണു ചെയ്യുന്നതു്.''

''ഇതു സാദ്ധ്യമാണോ നത്തകീ? ഭവതിക്കു് എൻെറ ആശ്രമംവിട്ടു പോകാൻ സാധിക്കുകയില്ല. ഭവതി പോയാൽ ഞാൻ പിന്നെ ആരുടെ മേലാണു വിജയം നേടുന്നതു്. ഭവതി എന്നോടുകൂടി തന്നെ താമസിക്കണം. മനസ്സിലായോ?''

''യോഗീ! താങ്കൾ എൻെറ മേൽ വിജയം നേടേണ്ട. താങ്കളുടെ മേൽതന്നെ വിജയം നേടിയാൽമതി. എന്നാൽ ഞാൻ ഇവിടെ വസിക്കുന്നതുവരെ താങ്കൾക്കു് അതു സാദ്ധ്യമാവുകയില്ല. ഇതു് എനിക്കു നല്ലവണ്ണമറിയാം. എന്നെ പോകാനനുവദിക്കുന്നതിലാണു് താങ്കൾക്കു നന്മയുള്ളതു്.'' കുമാരഗിരിയുടെ മുഖം ചുവന്നു—''ഇല്ല, ഭവതി എന്നോടുകൂടെ താമസിക്കണം. ഭവതി എന്നെ വളരെ ദുർബ്ബലൻ എന്നു ധരിച്ചു വശായിരിക്കുകയാണു്. ഭവതി ആശ്രമം ഉപേക്ഷിക്കുന്നതുമൂലം എന്നിൽ ഈ എതിർപ്പുമനസ്ഥിതി ഇല്ലാതായിത്തീരും. പിന്നെ ഞാൻ എങ്ങിനെയാണു് എൻെറ മേൽ വിജയം നേടുന്നതു്? എനിക്കു് എൻെറ മേൽ നടത്തേണ്ട പരീക്ഷണത്തിനു് ഒരുപകരണം ആവശ്യമായിരുന്നു. അതിനു് ഈശ്വരൻ ഭവതിയേയാണു് എൻെറടുക്കൽ അയച്ചിരിക്കുന്നതു്. ഞാൻ തോററുപോയി. എന്നാൽ പരാജയം എന്നതു് എൻെറ പ്രവൃത്തിമണ്ഡലത്തിലുള്ളതല്ല. ഞാൻ പരിപൂർണ്ണവിജയം നേടുന്നതുവരെ ഭവതിയെ പോകാനനുവദിക്കുകയില്ല. ഇതു് ഓർമ്മവേണം.''

''പോകാനനുവദിക്കയില്ലേ?'' താങ്കൾ എന്നെ തടഞ്ഞു നിറുത്തുമോ?''

"ഇല്ല. ഭവതിയെ തടയാൻ എനിക്കു കഴികയില്ല. ഒരു പക്ഷേ ലോകത്താക്കുംതന്നെ കഴികയില്ല! ദുർബ്ബലൻ ബലവാനെ ചെറുക്കുകയോ! അതസാദ്ധ്യമാണു്. ഞാൻ ഭവതിയോടു പ്രാത്ഥിക്കുന്നു. നിർബ്ബന്ധിക്കുന്നു. അപേക്ഷിക്കുന്നു. ഭവതി എന്നെ അധ:പതിപ്പിച്ചു എന്നു മനസ്സിലാക്കുമല്ലോ."

"ഞാൻ താങ്കളെ അധ:പതിപ്പിച്ചില്ല. താങ്കളെ അധ:പതിപ്പിച്ചതു് താങ്കൾതന്നെയാണു്. എന്നാൽ താങ്കളുടെ അധ:പതനത്തിൽ എനിക്കും തീച്ചയായും ഒരു പങ്കുണ്ടെന്നു മാത്രം."

"ശരിതന്നെ. ഞാൻ തന്നെയാണു് എന്നെ അധ:പതിപ്പിച്ചതു്. എന്നാൽ എനിക്കു് എന്നെ ഉദ്ധരിക്കാനും കഴിയും. എൻെറ അധഃപതനത്തിനു് ഭവതി ഒരുപകരണമായി. അതുകൊണ്ടു് എൻെറ ഉദ്ധാരണത്തിനും ഒരുപകരണമായിരിക്കേണ്ടതു് ഭവതിയുടെ കത്തവ്യമല്ലേ?"

ചിത്രലേഖ മുഖം കുനിച്ചു് തറയിൽ ദൃഷ്ടിയുറപ്പിച്ചു.—"അതെ, താങ്കൾ പറയുന്നതു ശരിതന്നെ."

"അപ്പോൾ ഭവതി എൻെറ പ്രാത്ഥന സ്വീകരിക്കുകയില്ലേ? എൻെറ സാധന പൂത്തിയാകുന്നതിനു് ഇനിയും കുറച്ചുനാൾ ഭവതി എന്നോടുകൂടി താമസിക്കുകയില്ലേ?"

ചിത്രലേഖ കുറച്ചുനേരം മൗനമായിരുന്നു. പിന്നെ അവൾ പതുക്കെ പറഞ്ഞു: "യോഗീ! എന്തു കാലാവധിയാണു് താങ്കൾക്കു വേണ്ടതു്?"

"കാലാവധിയോ? എനിക്കു വിജയിയാകാൻ കഴിഞ്ഞാൽ ഭവതിക്കു് എന്നോടുകൂടി താമസിക്കുന്നതിൽ എന്തു പകടമാണു്? ഞാൻ വിജയിയായാൽ എൻെറ മാർഗ്ഗം ശരിയെന്നു ഞാൻ തീച്ചപ്പെടുത്തും. അപ്പോൾ ഭവതിക്കും ശരിയായ മാർഗ്ഗത്തിൽ തന്നെ സഞ്ചരിക്കാം."

"ഇല്ല—എനിക്കു താങ്കളുടെ മാഗ്ഗത്തിൽ സഞ്ചരിക്കാൻ കഴികയില്ല. എന്നാൽ ഞാൻ ഇപ്പോൾ നിൽക്കാം. പോകാനാഗ്രഹമുണ്ടാകുമ്പോൾ ഞാൻ പറയും. അപ്പോൾ താങ്കൾക്കു് എന്നെ തടയാൻ സാധിക്കുകയില്ല!"

# അദ്ധ്യായം പതിനെട്ട്

ചിത്രലേഖ ബീജഗുപ്തൻെറ ജീവിതത്തിൽനിന്നു് അയാളുടെ ഇച്ഛകൂടാതെ കടന്നുകളഞ്ഞു. അയാളുടെ ഇച്ഛകൂടാതെ യശോധര അയാളുടെ ജീവിത്തിലേയ്ക്കു കടന്നുവന്നു. ബീജഗുപ്തൻ ചിരിച്ചു—ജീവിതം അയാളുടെ മുമ്പിൽ ഒരു ചോദ്യചിഹ്നമായി നിലകൊണ്ടു.

കാശിയിലെ ജനരവത്തിൽ ബീജഗുപ്തൻ തൻെറ ഹൃദയത്തിലുണ്ടായ കോളിളക്കത്തെ പൂഴ്ത്തിക്കളയാമെന്നു വിചാരിച്ചു. എന്നാൽ അതു സാദ്ധ്യമായില്ല. കോലാഹലത്തിൻെറ രൂപം മാറി എന്നു മാത്രം. വെള്ളിത്തിരയിലെന്നപോലെ അയാളുടെ കണ്മുന്നിൽനിന്നു് ചിത്രലേഖയുടെ രൂപം മാറിയിട്ടു് അതിൻെറ സ്ഥാനത്തു് യശോധരയുടെ ചിത്രം സ്ഥലംപിടിച്ചു. ദുഃഖത്തിൻെറ കോളിളക്കം സുഖത്തിന്റെ കോരിത്തരിപ്പായി മാറി. ബീജഗുപ്തനും കൂട്ടരും കാശിയിൽ വന്നു് ഏകദേശം ഒരാഴ്ച കഴിഞ്ഞു.

അന്നു നേരം സന്ധ്യയായി. എല്ലാപേരും ഒരുമിച്ചിരുന്നു് കാശിയിലെ സുന്ദരദൃശ്യങ്ങളെപ്പററി ചർച്ചചെയ്യുകയായിരുന്നു. മൃത്യുഞ്ജയൻ പറഞ്ഞു: "എനിക്കു് കാശിയിൽ ഇനിയും അധികനാൾ താമസിക്കാൻ ആഗ്രഹം തോന്നുന്നു. പക്ഷേ എന്തുചെയ്യാം! ഗാർഹസ്ഥ്യജീവിതത്തിൻെറ വല എന്നെ കുടുക്കിവച്ചിരിക്കുകയാണു്. അതുകൊണ്ടു ഞാൻ മടങ്ങിപ്പോകാൻ നിർബ്ബന്ധിതനായിരിക്കുന്നു" എന്നുപറഞ്ഞു് മൃത്യുഞ്ജയൻ അർത്ഥഗർഭമായി ബീജഗുപ്തനെ നോക്കി.

ബീജഗുപ്തൻ മൃത്യുഞ്ജയൻെറ വാക്കുകളുടെ ഗൂഢാർത്ഥം മനസ്സിലാക്കാൻ ശ്രമിക്കാതെ പറഞ്ഞു: "ആര്യാ! ജീവിതരതനും നിസ്സംഗനും, അനുരക്തനും വിരക്തനും ഗൃഹസ്ഥനും സന്യാസിക്കും തമ്മിൽ വ്യത്യാസം വളരെ തുച്ഛമാണു്. അല്പം വ്യത്യാസം വല്ലതുമുണ്ടായാൽപോലും അതു് ഉള്ളതും ഇല്ലാത്തതും ഒപ്പംതന്നെ" എന്നു പറഞ്ഞു് അയാൾ ചിരിച്ചു— "എൻെറ അഭിപ്രായത്തിൽ ആര്യനു് ആശ്ചര്യവും അവിശ്വാസവും തോന്നാനിടയുണ്ടു്. എന്നാൽ ഞാൻ പറയുന്നതു സത്യമാണു്."

ശ്വേതാങ്കനു് ഒരു നല്ല സന്ദർഭം ലഭിച്ചു. മൃത്യുഞ്ജയന്റെ ഭാഗം സമൎത്ഥിച്ചുകൊണ്ടു് അയാൾ പറഞ്ഞു: "സ്വാമിൻ! സത്യം എന്താണെന്നു് എപ്പോഴും അറിയാൻതന്നെ സാധിക്കുമോ? പരിതഃസ്ഥിതിയുടെ ആനുകൂല്യത്തിൻെറ മറെറാരു പേരാണു് സത്യം എന്നു പറയുന്നതു്. പരിതഃസ്ഥിതി എല്ലായ്പോഴും ഒന്നുപോലിരിക്കുന്നില്ല."

മൃത്യുഞ്ജയൻ പുഞ്ചിരിതൂകി: "വത്സാ ശ്വേതാങ്കാ! താങ്കൾ പറഞ്ഞതു് യഥാൎത്ഥമായിരുന്നിട്ടും അതു നമ്മുടെ മുമ്പിൽ സ്ഥിതിചെയ്യുന്ന പ്രശ്നത്തിൽ വേണ്ടുവോളം വെളിച്ചം വിതറുന്നില്ല. ആൎയ്യബീജഗുപ്താ! താങ്കളുടെ അഭിപ്രായത്തെ ഒന്നുകൂടി വ്യക്തമാക്കാമോ?"

ബീജഗുപ്തൻ ശ്വേതാങ്കൻെറ ഈ അനുചിതമായ മറുപടി കേട്ടു് മൎമ്മാഹതനെന്നപോലായി. അയാൾ കുറച്ചു പരുഷസ്വരത്തിൽ പറഞ്ഞു: "കാൎയ്യം സ്വയം സിദ്ധമാണു്; വാസ്തവമാലോചിച്ചാൽ മനുഷ്യനു് ഒരിക്കലും വിരാഗിയായിരിക്കാൻ സാദ്ധ്യമല്ല. വൈരാഗ്യം മരണത്തെയാണു് അനുസ്മരിപ്പിക്കുന്നതു്. സാമാന്യേന വൈരാഗ്യം എന്നു പറയാവുന്നതു് അനുരക്തിക്കുണ്ടാകുന്ന കേന്ദ്രപരിവൎത്തനത്തിൻെറ അപരനാമം മാത്രമാണു്." ബീജഗുപ്തൻെറ ദൃഷ്ടി പെട്ടെന്നു് യശോധരയുടെ നേരെ തിരിഞ്ഞു. യശോധരയുടെയും ബീജഗുപ്തൻേറയും ദൃഷ്ടികൾ തമ്മിലിടഞ്ഞു.

അല്പനേരത്തേയ്ക്കു് അവിടം ഒരു മൗനസാമ്രാജ്യമായിരുന്നു. ആ മൗനത്തിൽ നിൎജ്ജീവതയുടെ ശൂന്യതയും വിഷാദച്ഛായയും നിറഞ്ഞിരുന്നു. ശ്വേതാങ്കനൊഴികെ മററാരും ഒന്നും ചിന്തിച്ചില്ല. ശ്വേതാങ്കൻ അത്ര പന്തിയില്ലാത്ത കാൎയ്യമാണു പറഞ്ഞതു്—ബീജഗുപ്തൻെറ അഭിപ്രായത്തെ അയാൾ ഖണ്ഡിച്ചതു് അപരാധമായിരുന്നു. ശ്വേതാങ്കനു് അതിൽ ദുഃഖം തോന്നി.

യശോധര ശ്വേതാങ്കനെ നോക്കി. അയാളുടെ മുഖം വിളറിയിരുന്നു. അവൾക്കു് ശ്വേതാങ്കൻെറ മനോഗതം മനസ്സിലായി. അയാൾ മൗനംഭഞ്ജിച്ചുകൊണ്ടു പറഞ്ഞു: "ആൎയ്യ ബീജഗുപ്താ! ഇവിടെ എത്രനാൾ കഴിയണമെന്നാണു് വിചാരിക്കുന്നതു്?"

"അതു കൃത്യമായി പറയുക അസാദ്ധ്യമാണ്. പാടലീപുത്രത്തിലേയ്ക്കു മടങ്ങിപ്പോകാൻ ചിലപ്പോൾ ആഗ്രഹം തോന്നാറുണ്ടു്. എന്നാൽ അട്ടത്തക്ഷണംതന്നെ ഇനിയും കുറച്ചു നാൾകൂടി ഇവിടെ താമസിക്കണമെന്നും തോന്നിപ്പോകുന്നു. ബീജഗുപ്തൻ മൃത്യുഞ്ജയനെ നോക്കിപ്പറഞ്ഞു: "ആര്യാ! താങ്കൾ എത്രനാൾ ഇവിടെ താമസിക്കാനുദ്ദേശിക്കുന്നു?"

മൃത്യുഞ്ജയൻ യശോധരയെ നോക്കിപ്പറഞ്ഞു: "എന്റെ ആഗ്രഹം അത്ര സാരമുള്ളതല്ല. യശോധരയുടെ ആഗ്രഹമനുസരിച്ചാണു് ഞാൻകൂടെ കാശിയിൽ വന്നതു്. അതുകൊണ്ടു് മടങ്ങിപ്പോകുന്ന കാര്യവും അവളുടെ ആഗ്രഹത്തെ ആശ്രയിച്ചാണിരിക്കുന്നതു്."

ബീജഗുപ്തൻ യശോധരയെ നോക്കി. അവൾ പുഞ്ചിരിതൂകി. യശോധരയുടെ അന്നത്തെ ആ പുഞ്ചിരിയിൽ ഒരു മാസ്മരച്ഛവി കലർന്നിരുന്നു. ഇന്നാദ്യമായിട്ടാണു് ബീജഗുപ്തൻ യശോധരയുടെ സൗന്ദര്യാമൃതത്തിൻെറ യഥാർത്ഥരൂപം ദർശിച്ചതു്. അയാൾ വളരെനേരം അവളെത്തന്നെ നോക്കിയിരുന്നു. യശോധരയും ബീജഗുപ്തനിൽതന്നെ ദത്തദൃഷ്ടിയായിരുന്നു. മൃത്യുഞ്ജയൻ വെളിയിലേക്കു കണ്ണയച്ചു.

ഈ സംഭവം ശ്വേതാങ്കനു് അസഹ്യമായിത്തീർന്നു. "സ്വാമീ? ഇന്നു നഗരം ചുററിനടന്നുകാണാൻ വിചാരമില്ലേ?"

ബീജഗുപ്തൻ ഞെട്ടിപ്പോയി. അയാൾ യശോധരയിൽനിന്നു് നോട്ടം പാടെ പിൻവലിച്ചു. യശോധരയും തൻെറ നോട്ടം ശ്വേതാങ്കനു നേരെ തിരിച്ചു. ബീജഗുപ്തൻ മൃത്യുഞ്ജയനോടു ചോദിച്ചു: "ആര്യാ! താങ്കൾക്കു് നഗരം ചുററിനടന്നു കാണണമെന്നുദ്ദേശ്യമുണ്ടോ?"

"ഇന്നു് എനിക്കത്ര ആഗ്രഹം തോന്നുന്നില്ല."

ശ്വേതാങ്കൻ യശോധരയോടു ചോദിച്ചു: "ദേവി യശോധരേ! ഭവതി വരുന്നുണ്ടോ?"

യശോധര ചിരിച്ചു: "ഇവിടെ ഇരുന്നു് എന്തുചെയ്യാനാണു്."

ബീജഗുപ്തൻ പറഞ്ഞു: "പോകാൻ എനിക്കും ആഗ്രഹമില്ല."

"എന്നാൽ ശ്വേതാങ്കനെ എന്നോടുകൂടെ വരാൻ താങ്കൾ അനുവദിക്കുമോ?" യശോധര ബീജഗുപ്തനോടു ചോദിച്ചു.

"തീച്ചയായും." ബീജഗുപ്തനു് തന്റെ ഇച്ഛക്കു വിരുദ്ധമായി സമ്മതിക്കേണ്ടിവന്നു. യശോധര ശ്വേതാങ്കനോടുകൂടി പുറപ്പെട്ടു.

ബീജഗുപ്തൻ മൃത്യുഞ്ജയനോടു ചോദിച്ചു: "ആയ്യാ! താങ്കൾ കാശിയിൽ യജ്ഞം ചെയ്യാനുദ്ദേശിച്ചിരുന്നില്ലേ? അതു മാററിവച്ചോ?"

മൃത്യുഞ്ജയൻ ചിരിച്ചു: "കുറച്ചു ദിവസത്തേക്കു് അക്കായ്യം മാററിവച്ചിരിക്കുകയാണു്. ആയ്യബീജഗുപ്താ! ഒരു കായ്യം എനിക്കിനിയും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല. യജ്ഞത്തിൽ ജീവബലിയില്ലാതാക്കാൻ സാധിക്കുകയില്ലേ?"

"എന്തുകൊണ്ടു്?" ബീജഗുപ്തനും ചിരിച്ചു. താങ്കൾ ബൗദ്ധഭിക്ഷുക്കളുടെ ഉപദേശങ്ങളെ വിശ്വസിക്കാൻ തുടങ്ങിയിരിക്കുകയാണോ?"

"അതിൽ ആശ്ചയ്യപ്പെടാനെന്താണുള്ളതു്? ഈ രക്തപാതംകൊണ്ടു് എന്താണു ലാഭം? ഈ രക്തച്ചൊരിച്ചിൽ വാസ്തവത്തിൽ മതത്തെ കളങ്കപ്പെടുത്തുകയാണു ചെയ്യുന്നതു്. ബുദ്ധൻ പറഞ്ഞതിൽ തീച്ചയായും പരമാത്ഥമുണ്ടു്."

കുറച്ചുനേരം രണ്ടുപേരും മൗനമായിരുന്നു. ബീജഗുപ്തൻ എഴുനേററു: "ആയ്യാ! ഇവിടെ മനസ്സിനു ഉന്മേഷം തോന്നുന്നില്ല. നഗരം ഒന്നു ചുററിവരുന്നതുകൊണ്ടു് അപകടമൊന്നുമില്ലല്ലോ."

"എനിക്കു നഗരം ചുററാൻ പോകണമെന്നു വിശേഷിച്ചു് ആഗ്രഹമൊന്നുമില്ല. അപകടത്തിന്റെ പ്രശ്നംതന്നെ ഇല്ല. താങ്കൾ പോകണമെന്നു വിചാരിക്കുകയാണെങ്കിൽ ഞാനും തയ്യാറാണു്."

നഗരത്തിലെ കോലാഹലം കണ്ടുമടുത്തിട്ടു് മൃത്യുഞ്ജയൻ ഗംഗാനദിയുടെ നേരേ രഥം തിരിച്ചു. ഗംഗാതീരത്തു് വള്ള

ങ്ങൾ തയ്യാറായികിടപ്പുണ്ടായിരുന്നു. ശ്വേതാങ്കനും യശോധരയും ഒരു വഞ്ചിയിൽ കയറി യാത്രയ്ക്കൊരുങ്ങുന്നതു ബീജഗുപ്തൻ കണ്ടു. അയാൾ വിളിച്ചു: "ശ്വേതാങ്കാ!"

അപ്പോൾ ശ്വേതാങ്കൻ ഗംഗയുടെ മദ്ധ്യത്തു തുള്ളിക്കളിച്ചുകൊണ്ടുകിടന്ന വഞ്ചികളെ നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ബീജഗുപ്തൻ വിളിച്ചതു് അയാൾ കേട്ടില്ല. യശോധര ശ്വേതാങ്കനോടു പറഞ്ഞു: "നോക്കണം ശ്വേതാങ്കാ! അച്ഛനോടുകൂടി ബീജഗുപ്തൻ അതാ വരുന്നു!"

ശ്വേതാങ്കൻ തിരിഞ്ഞുനോക്കി. രഥം നിന്നു. മൃത്യുഞ്ജയനും ബീജഗുപ്തനും രഥത്തിൽനിന്നിറങ്ങി. ബീജഗുപ്തൻ അപ്പോൾ വന്നതു് ശ്വേതാങ്കനു രസിച്ചില്ല—അയാളുടെ മുഖഭാവം വികൃതമായി. അയാൾ പതുക്കെ പറഞ്ഞു: "നാശം." എന്നാൽ യശോധര അതു കേട്ടു.

യശോധരയുടെ ഭാവം ഗംഭീരമായി: "ആര്യശ്വേതാങ്കാ! ജീവിതത്തിൽ അടക്കം വളരെ ആവശ്യമാണു്!"

യശോധരയുടെ ഈ ഗംഭീരഭാവം കണ്ടു ശ്വേതാങ്കനു ഭയം തോന്നി. എങ്കിലും അയാൾ പറഞ്ഞു: "അടക്കവും പ്രേമവും പരസ്പരവിരുദ്ധങ്ങളാണു്."

ഇതിനിടയ്ക്കു് മൃത്യുഞ്ജയനും ബീജഗുപ്തനും അടുത്തുവന്നു കഴിഞ്ഞു. ശ്വേതാങ്കനുണ്ടായ ക്ഷോഭത്തിന്റെയും നൈരാശ്യത്തിന്റെയും ഭാവം അയാളുടെ മുഖത്തുനിന്നു് അപ്പോഴും മാറിയിട്ടില്ലായിരുന്നു. ബീജഗുപ്തൻ ശ്വേതാങ്കന്റെ മുഖത്തുനിന്നു് അതു ഗ്രഹിക്കുകയും ചെയ്തു. അയാൾ പറഞ്ഞു: "ശ്വേതാങ്കാ! നിങ്ങൾ പുറപ്പെട്ടതിൽപ്പിന്നെ ഞങ്ങൾക്കു് അവിടെ അത്ര സുഖം തോന്നിയില്ല. അതുകൊണ്ടു് ഞങ്ങളും ഇങ്ങുപോന്നു."

ശ്വേതാങ്കൻ ഒരു വരണ്ട ചിരിയോടുകൂടി പറഞ്ഞു: "ഞാൻ ആദ്യമേതന്നെ സ്വാമിയോടു് വരാനപേക്ഷിച്ചുവല്ലോ."

എല്ലാപേരും തോണിയിൽ കയറി ഇരുന്നു. തോണി ഗംഗയുടെ പ്രവാഹത്തിലിറങ്ങി. ഗംഗയുടെ വക്ഷസ്സിലേക്കു് നാലുപാടുനിന്നും തോണികൾ ഇറങ്ങിക്കൊണ്ടിരുന്നു. ചി

ലേടങ്ങളിൽനിന്നു പാട്ടു കേൾക്കാമായിരുന്നു. മററു ചിലേടങ്ങളിൽനിന്നു് വാദ്യഘോഷങ്ങളും കേട്ടു. ജനസഞ്ചയത്തിൻെറ സംഭാഷണവും ചിരിയും മററു ഭാഗങ്ങളിൽനിന്നും കേൾക്കാമായിരുന്നു.

യശോധര ചോദിച്ചു: "ആൎയ്യശ്വേതാങ്കാ! താങ്കൾക്കു് കാശിയോ പാടലീപുത്രമോ കൂടുതൽ മനോഹരമായി തോന്നുന്നതു്?"

ശ്വേതാങ്കൻ കുറച്ചു് ആലോചിച്ചുകൊണ്ടു പറഞ്ഞു: "എനിക്കു് പാടലീപുത്രമാണു് കൂടുതൽ പ്രിയമായിത്തോന്നുന്നതു്. കാരണം പാടലീപുത്രത്തിൻെറ ഐശ്വൎയ്യം കാശിക്കില്ല. കാശി ഒരു വിദ്യാകേന്ദ്രമാണെന്നു മാത്രം."

"ആൎയ്യബീജഗുപ്താ! താങ്കൾക്കു്?"

"എനിക്കു് ഈയിടെയായി കാശി വളരെ പ്രിയമായി തോന്നുന്നു!"

യശോധര വീണ്ടും ചോദിച്ചു: "ഈയിടെ എന്നു പറഞ്ഞതെന്തുകൊണ്ടു്?"

"ദേവി യശോധരേ! ഏതൊരു സ്ഥലവും നമുക്കിഷ്ടപ്പെടുന്നതു് പരിതഃസ്ഥിതിയുടെ ആനുകൂല്യത്തെ ആശ്രയിച്ചാണിരിക്കുന്നതു്. എന്നാൽ നാം സ്ഥലങ്ങളെ ഇഷ്ടപ്പെടുന്നില്ല—സ്ഥലം കേവലമൊരു ജഡപദാൎത്ഥമാണല്ലോ. നാം ഇഷ്ടപ്പെടുന്നതു് അവിടത്തെ ചുററുപാടുകളെയാണു്. അവയോടു നാം ഇണങ്ങിച്ചേരുന്നു. ഓരോ വ്യക്തിക്കും അയാൾ ജനിച്ചുവളൎന്ന സ്ഥലമാണു് പ്രിയമായി തോന്നുന്നതു്. അവിടെ സ്ഥിരമായി താമസിക്കുന്നതുകൊണ്ടു് അയാൾക്കു് അവിടെ സ്നേഹിതന്മാരുണ്ടാകുന്നു. നമ്മുടെ ജീവിതം ജഡപദാൎത്ഥങ്ങൾകൊണ്ടു നിൎമ്മിച്ചിട്ടുള്ളതല്ല. അതു മനുഷ്യരേയും മററു ചേതനവസ്തുക്കളെയും കൊണ്ടാണു് നിൎമ്മിക്കപ്പെട്ടിട്ടുള്ളതു്. നാം വ്യക്തികളോടു വേഴ്ച പുലൎത്തുന്നു. ആ സ്ഥിതിക്കു് പാടലീപുത്രമാണു് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നതു്. അതു സ്വാഭാവികവുമാണു്. എന്നാൽ കാൎയ്യം ഇവിടെ അവസാനിക്കുന്നില്ല. ഒരേ ചുററുപാടുകൾ എല്ലാപേൎക്കും എപ്പോഴും ഇഷ്ടമാവുകയില്ല. നാം പരിവൎത്തനപ്രിയരാണു്.

പരിവർത്തനത്തിനു് നമുക്കു് വ്യത്യസ്തപരിത:സ്ഥിതികളിൽ താമസിക്കേണ്ടിവരുന്നു. നമ്മുടെ പരിവർത്തനവാഞ്ഛക്കു് പരിപൂർണ്ണതൃപ്തിയുണ്ടാകുന്നതുവരെ ആ പരിത:സ്ഥിതി നാം ഇഷ്ടപ്പെട്ടുന്നതായിരിക്കും. എൻെറ അഭിരുചിക്കു് കാശികൊണ്ടു് എനിക്കിനിയും തൃപ്തിവന്നിട്ടില്ല. അതുകൊണ്ടു് എനിക്കിപ്പോഴും കാശി പ്രിയമായി തോന്നുന്നു."

യശോധര ചിരിച്ചു: "ആര്യ്യബീജഗുപ്താ! താങ്കളിൽ ഒരു വിചിത്രമായ പ്രതിഭ കുടികൊണ്ടിരിക്കുന്നു. താങ്കളുടെ വാദഗതി ഖണ്ഡിക്കാനാവാത്തതാണു്." അവൾ ശ്വേതാങ്കനോടു് ചിരിച്ചുകൊണ്ടു പറഞ്ഞു: "ആര്യ്യശ്വേതാങ്കാ! ജ്ഞാനം യുക്തിമൂലം അറിയേണ്ട വസ്തുവല്ല. താങ്കൾ ആര്യ്യബീജഗുപ്തനോടു് കുറച്ചു കരുതലോടെ പെരുമാറണം."

ശ്വേതാങ്കനും ചിരിച്ചുകൊണ്ടുതന്നെ പറഞ്ഞു: "ദേവി യശോധരേ! ഞാൻ ആര്യ്യബീജഗുപ്തൻെറ സഹപാഠിയാണു്. അതുകൊണ്ടു് എൻെറ ഗുരുവായ മഹാപ്രഭു രത്നാംബരനോടും ഞാൻ കരുതലോടെ പെരുമാറട്ടെയോ?"

യശോധര കുറച്ചു് അറപ്പോടുകൂടി പറഞ്ഞു: "ഇതു് ഞാൻ എങ്ങിനെ പറയാനാണു്?"

ബീജഗുപ്തൻ പറഞ്ഞു: "എന്തുകൊണ്ടു പറയാൻ പാടില്ല? യശോധരേ! ഭവതിക്കു് ഇതും പറയാം. ശരിയെന്നു തോന്നുന്ന കാര്യ്യം പറയുന്നതിൽ ശങ്കിക്കുന്നതെന്തിനു്?"

"ഇല്ല, സങ്കോചപ്പെടേണ്ട കാര്യ്യമൊന്നുമില്ല. ആര്യ്യബീജഗുപ്താ! താങ്കളുടെ വിഷയത്തിൽ എനിക്കു് എന്തും പറയാം. കാരണം താങ്കളോടു് ഞാൻ അത്ര അടുത്ത വേഴ്ച യാണു പുലത്തുന്നതു്. താങ്കൾക്കും എനിക്കും തമ്മിൽ അത്രയധികം വ്യത്യാസമുള്ളതായി തോന്നുന്നില്ല. എന്നാൽ മഹാപ്രഭു രത്നാംബരനോ? അദ്ദേഹം പൂജ്യനാണു്."

ബീജഗുപ്തൻ യശോധരയെ നോക്കി. രണ്ടുപേരുടേയും നോട്ടങ്ങൾ തമ്മിലിടഞ്ഞു. രണ്ടുപേരും ദൃഷ്ടിയിളകാതെ നോക്കിയിരിപ്പായി. യശോധരയുടെ കണ്ണുകളിൽ ലജ്ജയോ അറപ്പോ ഇല്ലായിരുന്നു. ഒരു സുഷമ കളിയാടി. സ്പഷ്ടതയും നിഷ്കളങ്കതയും അതിൽ തെളിഞ്ഞിരുന്നു. ബീജ

ഗുപ്തന്റെ സിരകളിൽ രക്തപ്രവാഹത്തിന്റെ വേഗത കൂടി. ഹൃദയം തുടിച്ചു. ശരീരത്തിൽ ആകമാനം ഒരു പ്രകമ്പനം അനുഭവപ്പെട്ടു. ബീജഗുപ്തൻ യശോധരയിൽനിന്നു നോട്ടം പിൻവലിച്ചു. അയാളുടെ ദൃഷ്ടി ശ്വേതാങ്കന്റെ ദൃഷ്ടിയോടിടഞ്ഞു. ശ്വേതാങ്കനു് ബീജഗുപ്തന്റെ മനോഗതം മനസ്സിലായി എന്നതു് അയാളുടെ മിഴികൾ വ്യക്തമാക്കി. ബീജഗുപ്തനു് തന്നോടും ശ്വേതാങ്കനോടും കോപംതോന്നി.

"ശ്വേതാങ്കാ!"

"സ്വാമീ!"

ബീജഗുപ്തൻ സ്വയം നിയന്ത്രിച്ചു: "ഒന്നുമില്ല—നാം ഇവിടെ വന്നിട്ടു് എത്ര ദിവസമായി?"

ബീജഗുപ്തൻ പറയാനൊരുങ്ങിയ കാര്യം പറഞ്ഞില്ല. അതു് ശ്വേതാങ്കനു മനസ്സിലായി. അയാൾ കണക്കുകൂട്ടിപ്പറഞ്ഞു: "എട്ടുദിവസം."

"അപ്പോൾ, ഇനി പാടലീപുത്രത്തിലേക്കു് മടങ്ങുകയാണു വേണ്ടതു്"—അയാൾ ശ്വേതാങ്കൻ മാത്രം കേൾക്കത്തക്കവിധം പറഞ്ഞു: "ചിത്രലേഖയെ മറക്കുക അസാദ്ധ്യമാണു്—പാടലീപുത്രത്തിലേക്കു മടങ്ങിപ്പോകാനുള്ള ഒരുക്കങ്ങൾ ചെയ്യുക."

ബീജഗുപ്തനിൽ പെട്ടെന്നുണ്ടായ ഈ പരിവർത്തനത്തിൽ ശ്വേതാങ്കനു സന്തോഷം തോന്നി. മൃത്യുഞ്ജയനും യശോധരയ്ക്കും ആശ്ചര്യവും. മൃത്യുഞ്ജയൻ പറഞ്ഞു: "ആര്യബീജഗുപ്തൻ വാസ്തവമായിത്തന്നെ മടങ്ങിപ്പോകാനുദ്ദേശിക്കുകയാണോ?" ബീജഗുപ്തൻ തലകുനിച്ചു: "ആര്യമൃത്യുഞ്ജയാ! ക്ഷമിക്കണം. എന്നിൽ ഒരു വലിയ ദുർഗ്ഗുണമുണ്ടു്. ഞാൻ എന്റെ മാനസിക പ്രേരണകളെ വളരെ ആശ്രയിക്കുന്നവനാണു്. ഒരു മണിക്കൂർ കഴിഞ്ഞു് ഞാൻ എന്തുചെയ്യുമെന്നു് എനിക്കറിഞ്ഞുകൂടാ. ഇപ്പോൾ പെട്ടെന്നു് പാടലീപുത്രത്തിന്റെ സ്മരണ വന്നു. കാശി എനിക്കു് മടുത്തുതുടങ്ങിയിരിക്കുന്നു. ഇവിടെ ഒരു നിമിഷം കഴിയുന്നതുപോലും എനിക്കു പ്രയാസമാണു്."

യശോധര ചോദിച്ചു—"അപ്പോൾ എന്നാണു പോകാനുദ്ദേശിക്കുന്നതു്? ഞങ്ങൾക്കും ഒരുക്കങ്ങൾ ചെയ്യണമല്ലോ. ആര്യ്യബീജഗുപ്താ! സ്വന്തം പ്രേരണകൊണ്ടു് പ്രവൃത്തിയിലിറങ്ങുമ്പോൾ മററുള്ളവരുടെ സൗകര്യ്യങ്ങളെയും ഗൌനിക്കേണ്ടതു മനുഷ്യന്റെ കർത്തവ്യമാണു്."

ലജ്ജകൊണ്ടു് ബീജഗുപ്തന്റെ മുഖം വിളറി: "ദേവി യശോധരേ! ഭവതി പറയുന്നതു് ശരിയാണു്. എനിക്കു മാപ്പുതരിക. ഞാൻ ഭവതിയുടെ സൗകര്യ്യത്തെയാണു് പരിഗണിക്കുന്നതെന്നു വിശ്വസിക്കുക. ഭവതിക്കു് സൗകര്യ്യമെന്നു തോന്നുന്ന ദിവസമേ ഞാൻ പുറപ്പെട്ടുകയുള്ളു."

"ഇല്ല, ബീജഗുപ്താ! എനിക്കു് അസൗകര്യ്യമൊന്നുമില്ല. ഞാൻ ഒരു സാമാന്യ വസ്തുത പ്രസ്താവിച്ചുവെന്നേയുള്ളു. താങ്കൾക്കു് അതുകൊണ്ടു ബുദ്ധിമുട്ടുണ്ടാകേണ്ട. ഞങ്ങൾ നാളെ സന്ധ്യയോടുകൂടി മടക്കയാത്രക്കുള്ള ഒരുക്കങ്ങൾ ചെയ്തുകഴിയും. കുറെ സാമാനങ്ങൾ വാങ്ങാനുണ്ടു്. ആര്യ്യശ്വേതാങ്കനോടുകൂടി ഞാൻ നാളെ അങ്ങാടിയിൽ ചെന്നു് അവ വാങ്ങി വരുന്നതാണു്."

# അദ്ധ്യായം പത്തൊമ്പതു്

ബീജഗുപ്തനു് തന്നെക്കുറിച്ചു് ആശ്ചര്യ്യം തോന്നി. അയാൾ സ്വന്തം ഇച്ഛകൂടാതെയും തന്നെത്താൻ അറിയാതെയും യശോധരയിൽ ആകൃഷ്ടനായിക്കൊണ്ടിരുന്നു. അന്നു ശ്വേതാങ്കന്റെ മുഖത്തുണ്ടായ ഭാവപ്പകർച്ച കണ്ടില്ലായിരുന്നുവെങ്കിൽ ഒരുപക്ഷേ അയാൾ യശോധരയെ സ്വായത്തമാക്കുകയും ചെയ്യുമായിരുന്നു.

ബീജഗുപ്തൻ കാശിയിൽ വന്നതു് തന്റെ ദു:ഖത്തെ മറക്കുന്നതിനായിരുന്നു; തന്നിലുണ്ടായ കോളിളക്കത്തെ മറക്കുന്നതിനു്. പാടലീപുത്രത്തിൽ ചിത്രലേഖയുടെ സമീപം ഐശ്വര്യ്യസമ്പൂർണ്ണമായ ചുററുപാടുകളിൽ വസിച്ചാൽ അയാ

ളുടെ ഹൃദയത്തിലുണ്ടായ വ്രണം മാറുകയില്ലായിരുന്നു. പാട ലീപുത്രത്തിൽവച്ച് അയാൾക്കുണ്ടായ ചിന്ത ഇതായിരുന്നു. ഈ വിചാരത്തോടുകൂടി അവിടെനിന്നു പുറപ്പെട്ടു. വൈരാഗ്യചിന്ത അവിടെനിന്ന് അയാളെ പുറത്തേയ്ക്കു വലിച്ചിട്ടു. ഒരു ലക്ഷ്യവുമില്ലാത്ത വഴിയാത്രക്കാരനെപ്പോലെ ബീജഗുപ്തൻ അവിടെനിന്ന് ഇറങ്ങിപ്പുറപ്പെട്ടു.

'ലക്ഷ്യമില്ലാത്ത വഴിയാത്രക്കാരനോ?'—ബീജഗുപ്തൻെറ ചിന്താഗതി മാറി. ഒരു വ്യക്തിയെങ്കിലും ലക്ഷ്യഹീനനാണോ?—അഥവാ ലക്ഷ്യഹീനനായിരിക്കുക ഒരു വ്യക്തിക്കു സാദ്ധ്യമാണോ? ഒരുപക്ഷേ ആയിരിക്കാം. ബീജഗുപ്തൻ ഒരു കീറാമുട്ടിയിൽ അകപ്പെട്ടു. മറെറാരു പ്രശ്നവും അപ്പോൾ അയാളുടെ മുമ്പിൽ ഉയൎന്നുവന്നു—മനുഷ്യനു് എന്തെങ്കിലും ലക്ഷ്യം തന്നെയുണ്ടോ? താൻ എന്തുചെയ്യാനാണു വന്നതെന്നോ എന്തുചെയ്യാനുദ്ദേശിക്കുന്നുവെന്നോ എന്തു ചെയ്യുമെന്നോ ആൎക്കെങ്കിലും പറയാൻ കഴിയുമോ? ഇല്ല. ഇതു സാദ്ധ്യമല്ല. മനുഷ്യൻ പരാധീനനാണു്. പരിത:സ്ഥിതികൾക്കടിമയാണു്. ലക്ഷ്യഹീനനാണു്. എന്തോ ഒരജ്ഞാതശക്തി ഓരോ മനുഷ്യനേയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ ഇച്ഛയ്ക്കു യാതൊരു വിലയുമില്ല; അവൻ ഒരുപകരണം മാത്രം—ബീജഗുപ്തൻ തിരിഞ്ഞുകിടന്നു. അയാൾക്കു് ഉറക്കം വന്നില്ല. സമയം പാതിരാത്രി കഴിഞ്ഞു. നാലുപാടും ഭയങ്കരമായ നിശ്ചലത വ്യാപിച്ചിരുന്നു. ബീജഗുപ്തൻ വീണ്ടും ചിന്തിച്ചു: 'നാളെ ഞാൻ പാടലീപുത്രത്തിലേക്കു മടങ്ങുകയാണു്. എന്തിന്? ചിത്രലേഖയെ കണ്ടുമുട്ടാൻ. ചിത്രലേഖയെ എൻെറ അടുക്കലേക്കു പിടിച്ചുവലിച്ചു കൊണ്ടുവരാൻ'—അയാൾക്കു് ആത്മവിശ്വാസമുണ്ടായിരുന്നു. താൻ നിൎബ്ബന്ധിച്ചാൽ ചിത്രലേഖ വിസമ്മതിക്കുകയില്ലെന്നു് അയാൾക്കറിയാം: 'ഇല്ല, ഇനി ഞാൻ ചിത്രലേഖയുടെ സമീപം ചെല്ലുകയില്ല. ഞാൻ എന്തിനു പോകുന്നു? ഞാൻ അവളെ ഉപേക്ഷിച്ചില്ലേ? ഇല്ല, ചിത്രലേഖ എന്നെ ഉപേക്ഷിച്ചു. എന്തുകൊണ്ടു്? ഒരുപക്ഷേ ഇതു് വിധിയുടെ നിയമസംവിധാനമായിരിക്കാം. ഇതു വിധിയുടെ വ്യവസ്ഥയാണെങ്കിൽ അതിനു മാററമില്ല. പിന്നെന്തിനു ദു:ഖിക്കുന്നു? ചിത്രലേഖ

പോയി. പോകട്ടെ! ഞാൻ എൻെറ ജീവിതത്തെ എന്തിനു നശിപ്പിക്കുന്നു?'

ബീജഗുപ്തൻ കണ്ണടച്ചുകളഞ്ഞു. അയാൾ ഉറങ്ങാൻ ശ്രമിച്ചു. 'ത്യാഗവും വേദനയുംകൊണ്ടു് എൻെറ ജീവിതം നശിക്കുകയാണോ? എന്നാൽ ദുഃഖവും ജീവിതത്തിൻെറ ഒരു ഘടകമല്ലെ? ഓരോ വ്യക്തിയും ജീവിതത്തിൽ സുഖഭാണ്ഡവും പേറിക്കൊണ്ടാണോ വരുന്നതു്? അല്ല. സുഖംപോലെ ദുഃഖവും തുല്യപ്രാധാന്യമുള്ളതാണു്. അതുകൊണ്ടു് ഇനി ദുഃഖം തന്നെ അനുഭവിച്ചുകളയാം. അതിനു ത്യാഗത്തിൻെറ മാർഗ്ഗം അവലംബിക്കുകതന്നെ. എനിക്കു് എൻെറ കർത്തവ്യം നിറവേററണം—എൻെറ കർത്തവ്യമെന്താണു്?'

ബീജഗുപ്തൻ എഴുന്നേററു—അയാൾ ഒരു പാത്രം തണുത്ത ജലം കുടിച്ചു. മുഖം കഴുകി. വീണ്ടും കിടന്നു.

'എൻെറ കർത്തവ്യമെന്താണു്? ഞാൻ പ്രവൃത്തിചെയ്യാൻ ജനിച്ചു. എൻെറ കർത്തവ്യം ഒരു ഗാർഹസ്ഥ്യജീവിതം നയിക്കുക എന്നതാണു്. വംശവൃദ്ധി ചെയ്യുക. അതാണു് എൻെറ കർത്തവ്യം. അതിനു് ആവശ്യമായിരിക്കുന്നതു് ഒരു വിവാഹം. ഇതാണോ വിധിയുടെ വ്യവസ്ഥ? ഒരുപക്ഷേ ഇതുകൊണ്ടായിരിക്കാം ചിത്രലേഖ എൻ്റെ ജീവിതത്തെ വിട്ടകന്നതു്. വിവാഹം കഴിക്കുക—ഒരുതവണ ഗാർഹസ്ഥ്യജീവിതം എന്തെന്നു് അനുഭവിച്ചറിയുക. വിവാഹത്തിനു യോഗ്യയായ ഒരു സ്ത്രീയുണ്ടു്. യശോധര—സൌന്ദര്യത്തിൽ യശോധര ചിത്രലേഖയെക്കാൾ ഒട്ടും മോശമല്ല. യശോധര രത്നമാണു്. ഒരു പവിത്രവിഗ്രഹം. യശോധരയെ വിവാഹം കഴിക്കേണ്ടതായിത്തന്നെ വരുമോ? സ്ത്രീകൾക്കു വേണ്ടതായ എല്ലാ ഗുണങ്ങളും അവളിലുണ്ടു്. ശരി, യശോധരതന്നെ ഇരിക്കട്ടെ. എന്നാൽ അതു സാദ്ധ്യമാണോ? ഒരു തവണ ഞാൻ അവളെ നിരസിച്ചു. ഇനി ഏതു മുഖംകൊണ്ടാണു് ഞാൻ മൃത്യുഞ്ജയനോടു് അവളെ ആവശ്യപ്പെടേണ്ടതു്? മഹാസാമന്തനായ മൃത്യുഞ്ജയൻ എനിക്കു് യശോധരയുടെ കരം നൽകാൻ മറുക്കുന്നതിനു വളരെ സാദ്ധ്യതയുണ്ടു്''—ബീജഗുപ്തൻ ചിരിച്ചു: 'ഇല്ല—അസാദ്ധ്യം. ഇനി എനിക്കു് യശോധരയെ പരിഗ്രഹിക്കുന്നതിനെപ്പററി ചിന്തിക്കുകകൂടി

വയ്യ. വളരെ വൈകിപ്പോയി. ചിത്രലേഖേ!—ശരി! ഇനി ചിത്രലേഖ തന്നെയാണ് എൻെറ ജീവിതസഖി.'

ബീജഗുപ്തൻ വീണ്ടും എഴുനേററു. ഇനി ഉറക്കം വരികയില്ലെന്നു് അയാൾക്കു ബോദ്ധ്യമായി. ചന്ദ്രൻ ഉദിച്ചു. ബീജഗുപ്തൻ ഗൃഹത്തിനു പുറത്തിറങ്ങി. അയാൾ ഗംഗാതീരത്തെ ലക്ഷ്യമാക്കി നടന്നു. പുലരാൻ ഇനിയും രണ്ടു യാമമുണ്ട്.

ബീജഗുപ്തൻ ഗംഗാതീരത്തെത്തി. അവിടെ കുറച്ചാളുകൾ സംഭാഷണംചെയ്തുകൊണ്ടിരിക്കുന്നതു കണ്ടു. അവരുടെ സമീപം ഒരു ഭാഗത്തായി ബീജഗുപ്തനും ഇരുന്നു.

അവിടെ മൂന്നാളുകളുണ്ടായിരുന്നു. അപ്പോൾ സംസാരിച്ചുകൊണ്ടിരുന്ന ആളിനു് സുമാർ എഴുപതു വയസ്സു പ്രായം കാണും. അദ്ദേഹം ഒരു മാന്യപുരുഷൻ ആയിരുന്നു. മുഖത്തു ചുളികൾ വീണിട്ടുണ്ട്. സംഭാഷണത്തിൽനിന്നു് അദ്ദേഹം ഒരു സന്യാസിയാണെന്നു വ്യക്തമായിരുന്നു. മററു രണ്ടു പേരും അദ്ദേഹത്തേക്കാൾ പ്രായം കുറഞ്ഞവരായിരുന്നു. ക്ഷീണകായനായ ഒരു യുവാവാണു് അദ്ദേഹത്തിൻെറ വലത്തുഭാഗത്തിരുന്നതു്. പ്രായം ഏകദേശം ഇരുപത്തഞ്ചു വയസ്സുകാണും. സാമാന്യ ഉയരം, മുഖത്തു മനഃക്ലേശംമൂലമുള്ള ചുളികൾ തെളിഞ്ഞിരുന്നു. സന്യാസിയുടെ ഇടത്തുവശത്തിരുന്നതു് തടിച്ചുകൊഴുത്ത ഒരു മദ്ധ്യവയസ്കനായിരുന്നു. ഇടതൂർന്നു നീണ്ട താടിമീശയുണ്ട്. തലമുടി നരച്ചുതുടങ്ങിയിരുന്നു.

സന്യാസി പറഞ്ഞു: "നിങ്ങൾക്കിപ്പോൾ സന്യസിക്കാൻ പ്രായമായിട്ടില്ല. നിങ്ങൾ പോയി നിങ്ങളുടെ കർത്തവ്യങ്ങൾ നിറവേററുക. അച്ഛൻെറ ആജ്ഞയെ പാലിക്കുക!"

യുവാവു് സന്യാസിയുടെ പാദം ഗ്രഹിച്ചു: "ഞാൻ അവിടത്തെ ആശ്രിതനാണു്—എനിക്കു് അവിടന്നു് സന്യാസവൃത്തിയരുളണം. എനിക്കു് ജീവിതത്തിൽ യാതൊരാസക്തിയുമില്ല. ലോകജീവിതത്തിൽ ഒരുവനു് എന്തെങ്കിലും ഉദ്ദേശ്യമുണ്ടായിരിക്കണമല്ലോ. ഒരു തവണ ജീവിതത്തിൽ വിരക്തിയുണ്ടായാൽ പിന്നെ ലോകജീവിതം ആത്മഹനനമാണു്.

എനിക്കു് അതിൽ ശാന്തി ലഭിക്കുകയില്ല. അവിടന്നു് എന്റെ അച്ഛനോടു ചോദിച്ചുനോക്കണം എന്റെ കഴിഞ്ഞ രണ്ടുവഷ കാലത്തെ ജീവിതം എത്ര ക്ലേശഭൂയിഷ്ഠമായിരുന്നുവെന്നു്."

മദ്ധ്യവയസ്കൻ പറഞ്ഞു: "അതെ, നിങ്ങൾ ഞാൻ പറയുന്നതു കേൾക്കുന്നില്ലല്ലൊ. രണ്ടാംവേളി കഴിക്കാനാണു് ഞാനുപദേശിക്കുന്നതു്. ഇപ്പോൾ നിങ്ങൾക്കു് അത്ര പ്രായക്കൂടുതലൊന്നുമില്ല. അതുകൊണ്ടു് ഇപ്പോൾ സന്യാസവൃത്തി സ്വീകരിക്കുന്നതു് ഉചിതമായിരിക്കുകയില്ല. വിവാഹം കഴിക്കുന്നതുമുതൽ നിങ്ങൾക്കു ജീവിതത്തിൽ വീണ്ടും ആസക്തിയുണ്ടാകും."

സന്യാസി പറഞ്ഞു: "നിങ്ങളുടെ അച്ഛൻ പറയുന്നതു ശരിയാണു്. വത്സാ! പ്രേമം ഒരു മിഥ്യാസങ്കല്പമാണു്. സ്ത്രീപുരുഷബന്ധം ജീവിതത്തിൽ മാത്രമേ ഉണ്ടാവുകയുള്ളു. ജീവിതത്തിൽനിന്നു വേർപെട്ടാൽ രണ്ടുപേരും രണ്ടു വിഭിന്നാത്മാക്കളാണു്. സ്ത്രീപുരുഷന്മാരുടെ ആത്മാവുകൾ ഒത്തുചേരുന്നതു് ജീവിതത്തിൽ മാത്രമാണു്. ആത്മാവുകളുടെ ഏറ്റവും അടുത്ത ബന്ധത്തെയാണു പ്രേമം എന്നു പറയുന്നതു്. ആ ബന്ധം അത്ര പ്രാധാന്യമുള്ളതല്ല. അതു് എപ്പോഴെങ്കിലുമൊരിക്കൽ വിച്ഛിന്നമായെന്നു വരാവുന്നതാണു്. എന്നാൽ അതുകൊണ്ടു് ജീവിതത്തെ ദുഃഖപൂർണ്ണമാക്കിത്തീക്കുന്നതു ബുദ്ധിപൂർവമല്ല. ഒരു വിവാഹം കഴിക്കുകയാണു് ഇപ്പോൾ താങ്കളുടെ കത്തവ്യം. വിവാഹം കഴിക്കാതിരിക്കുന്നതുകൊണ്ടു് താങ്കൾ കത്തവ്യവിമുഖനാവുകയാണു ചെയ്യുന്നതു്."

"അതെങ്ങിനെ?"

"കേൾക്കുക—സ്ത്രീ അബലയാണു്. ഒരബലക്കു് ആശ്രയം നൽകുക എന്നതു് ഒരു പുരുഷന്റെ കത്തവ്യമത്രെ. വിവാഹംമൂലമേ പുരുഷനു് ഒരബലക്കു് ആശ്രയം നൽകാൻ കഴിയൂ. പുരുഷൻ സ്ത്രീക്കു ആശ്രയം നൽകിയില്ലെങ്കിൽ സ്ത്രീയുടെ അവസ്ഥ വളരെ ശോചനീയമായിത്തീരും. പുരുഷന്റെ മുമ്പിൽ പല വിഷമപ്രശ്നങ്ങളും ഉയന്നുവരണം. സന്യസിക്കണമെന്നു വിചാരിക്കുന്നതുകൊണ്ടു് നിങ്ങൾ ഭീരുവായിത്തീരുകയാണുചെയ്യുന്നതു്. ഒരബലക്കു്

ആശ്രയം നൽകുക എന്ന പുരുഷൻെറ കത്തവ്യത്തിൽനിന്നു് നിങ്ങൾ മുഖംതിരിച്ചുകളയുകയായിരിക്കും."

യുവാവു പറഞ്ഞു: "മഹാപ്രഭോ! ഞാൻ സുഖഭോഗങ്ങളൊക്കെ കൈവെടിഞ്ഞു് തപസ്യയുടെ അഗ്നിയിൽ വെന്തെരിയാൻ പുറപ്പെട്ടിരിക്കുകയാണു്. ഇതു ഭീരുതത്തിൻെറ ലക്ഷണമല്ലല്ലൊ."

സന്യാസി ചിരിച്ചു: "നിങ്ങൾ തപസ്യയിൽ വെന്തെരിയാൻ ആഗ്രഹിക്കുന്നോ? എന്തിനു്? നിങ്ങളുടെ പ്രേമത്തിനു പാത്രമായ സ്ത്രീ നിങ്ങളെ ഉപേക്ഷിച്ചതുകൊണ്ടോ? അങ്ങിനെയാണെങ്കിൽ നിങ്ങളുടെ ഈ തപസ്യ വ്യത്ഥമാണു്. ഇതു് ഒരുതരം ആത്മഹത്യയാണു്. ഈ തപസ്യക്കു് യാതൊരു ലക്ഷ്യവുമില്ല. നിങ്ങൾ സ്വന്തം ആത്മാവിനെ വ്യഥാ നശിപ്പിക്കാൻ ആഗ്രഹിക്കുന്നു."

യുവാവു് സന്യാസിയുടെ ചരണങ്ങളിൽ നമിച്ചു: "അവിടത്തെ ഉപദേശത്തെ ഞാൻ സ്വീകരിക്കുന്നു." യുവാവു് അയാളുടെ അച്ഛൻെറ കൂടെ മടങ്ങിപ്പോയി.

ബീജഗുപ്തൻ സന്യാസിയെ പ്രണമിച്ചു. സന്യാസി ഒരു പുഞ്ചിരിയോടുകൂടി ചോദിച്ചു: "താങ്കളും സന്യാസം സ്വീകരിക്കാൻ ആഗ്രഹിക്കുന്നോ?"

ബീജഗുപ്തൻ: "ഇല്ല, ഇപ്പോൾ എനിക്കു സന്യാസവൃത്തി സ്വീകരിക്കണമെന്ന വിചാരമില്ല. അങ്ങയുടെ സംഭാഷണത്തിൽ എനിക്കു് ആനന്ദംതോന്നി. അതുകൊണ്ടു് ഞാൻ ഇവിടെ അല്പം ഇരുന്നതാണു്."

സന്യാസി പുഞ്ചിരിതൂകി: "രാത്രിസമയത്തു് ഈ ഗംഗാതീരത്തുവരുന്ന ആൾ—അയാൾ ദരിദ്രനോ സന്യാസിയോ അല്ല—തീച്ചയായും എന്തെങ്കിലും മനഃക്ലേശം അനുഭവിക്കുന്നുണ്ടായിരിക്കണം."

"അവിടത്തെ അനുമാനം ശരിയാണു്." ബീജഗുപ്തൻ ഉത്തരംപറഞ്ഞു: "എൻെറ ക്ലേശം അസാധാരണമാണു്. താങ്കളുടെ സംഭാഷണത്തിൽ ഞാൻ ആ മനഃക്ലേശത്തിനു കാരണമായ പ്രശ്നം കണ്ടെത്തി. ഇതിനെക്കുറിച്ചു് ഞാൻ കൂടുതലായി എന്തെങ്കിലും ചോദിക്കാമോ?"

"സസന്തോഷം ചോദിച്ചുകൊള്ളുക."

"താങ്കൾ ഇപ്പോൾ പറഞ്ഞു, ഒരു യുവാവ് പ്രേമപരാജയംമൂലം ജീവിതത്തെ ബലിയപ്പിക്കുന്നതു് ആത്മഹത്യയാണെന്നു്. എന്നാൽ പ്രേമത്തിൻെറ സ്മരണമൂലമുണ്ടാകുന്ന ദുഃഖം മനുഷ്യജീവിതത്തിൽ സ്വാഭാവികമോ പ്രകൃതിസാധാരണമോ അല്ലേ? അപ്പോൾ വേദനയെ അടക്കുകയോ അതിന്റെ സ്വാഭാവികരൂപത്തെ കൃത്രിമോപായങ്ങൾമൂലം മറന്നുകളയുകയോ ചെയ്യുന്നതിൽ ഒരുവൻെറ ആത്മാവു് ഹനിക്കപ്പെടുന്നില്ലേ?"

അല്പനേരത്തെ മൗനത്തിനുശേഷം സന്യാസി ഉത്തരം പറഞ്ഞു: "താങ്കൾ പറയുന്നതു ശരിയാണു്. ദുഃഖം കാലാന്തരത്തിൽ മാറിക്കൊള്ളും. പുരുഷന്മാരുടെ സ്വഭാവത്തിലുള്ള വൈവിധ്യമനുസരിച്ചു് അവരുടെ ദുഃഖം ശമിക്കുന്നതിനുള്ള കാലദൈർഘ്യവും വ്യത്യസ്തമായിരിക്കും. അതിനെ കൃത്രിമോപായങ്ങൾമൂലം ആ കാലാവധിക്കുമുമ്പു് അകററിക്കളയുന്നതു് തീച്ച്യയായും പ്രകൃതിക്കു യോജിച്ചതല്ല. എന്നാൽ പ്രകൃതിക്കു യോജിക്കാത്ത എല്ലാ പ്രവൃത്തികളും ആത്മഹനനമല്ലെന്നു് ഓർമ്മിക്കേണ്ടതാണു്. കൃത്രിമതയെ നാം സ്വായത്തമാക്കിയിരിക്കുന്ന രീതികൊണ്ടു് അതു് ഇപ്പോൾ നൈസർഗ്ഗികമായിത്തീന്നിരിക്കുകയാണു്. നാം വസ്ത്രധാരണം ചെയ്യുന്നതു് പ്രകൃതി സാധാരണമായ കാര്യമല്ല. നമ്മുടെ ആഹാരരീതിയും അങ്ങിനെതന്നെ. നമ്മുടെ സുഖഭോഗങ്ങളൊന്നും പ്രകൃത്യനുകൂലമല്ല. പ്രാകൃതജീവിതം ഒരു ഭാരമാണു്. ആ ജീവിതത്തിൽ കുറച്ചു കോലാഹലങ്ങളൊക്കെ കൈവരുത്തുന്നതിനാണു് കളി വിനോദങ്ങളും നൃത്യം, ഉത്സവാഘോഷങ്ങൾ മുതലായവയും മനുഷ്യൻ ഏപ്പെടുത്തിയിട്ടുള്ളതു്. ഇപ്പോൾ നാം ഇവയെ എല്ലാം ജീവിതത്തിൻെറ ഘടകങ്ങൾ എന്നാണു പറയുന്നതു്. ദുഃഖത്തെ കൃത്രിമോപായങ്ങൾമൂലം ദൂരീകരിക്കുന്നതു് ഒരിക്കലും ആത്മഹനനമാവുകയില്ല. കാരണം, അതു് പ്രകൃതിക്കനുകൂലമല്ലെങ്കിലും സ്വാഭാവികമാണു്."

"നന്ദി"—ബീജഗുപ്തൻ എഴുനേറ്റു—അവിടന്നു് എന്റെ മസ്തിഷ്ക്കത്തിൽനിന്നു് ഒരു വലിയ ഭാരം ഇറക്കിവച്ചു. അ

വിടത്തെ ഉപദേശംമൂലം എനിക്ക് എന്റെ കത്തവ്യത്തെ നിണ്ണയിക്കാൻ കഴിഞ്ഞു. എനിക്കു വിടതരിക."—ഇത്രയും പറഞ്ഞു് ബീജഗുപ്തൻ അവിടെനിന്നു് യാത്രയായി.

പ്രാത:സമീരൻ വീശിത്തുടങ്ങി. പൂർവ്വദിക്കിൽ ഒരു നേരിയ പ്രകാശം പരന്നു. പക്ഷികൾ പറന്നുതുടങ്ങി. ബീജഗുപ്തൻ മടങ്ങിവന്നു് കിടന്നുറങ്ങി.

നേരം മദ്ധ്യാഹ്നമായപ്പോഴാണ് ബീജഗുപ്തൻ ഉണന്നതു്. യശോധര ശ്വേതാങ്കനോട്ടുകൂടി മടക്കയാത്രയ്ക്കാവശ്യമായ ചില സാമാനങ്ങൽ വാങ്ങാൻ അങ്ങാടിയിൽ പോയിരുന്നു.

നിത്യകമ്മം കഴിഞ്ഞു് ബീജഗുപ്തൻ മൃത്യുഞ്ജയന്റെ സമീപം ചെന്നു. ബീജഗുപ്തനെ കണ്ടയുടൻ മൃത്യുഞ്ജയൻ പറഞ്ഞു: "ആയ്യബീജഗുപ്താ! താങ്കൾ വളരെ നേരം പുലന്നാണ് ഉറക്കമുണന്നതു്. താങ്കൾക്കു രാത്രി നല്ല നിദ്ര ലഭിച്ചില്ലേ?"

"അതെ. ഞാൻ രാത്രി മുഴവൻ പലതും ആലോചിച്ചുകൊണ്ടു കിടക്കുകയായിരുന്നു."

മൃത്യുഞ്ജയൻ പുഞ്ചിരിതൂകി: "താങ്കളുടെ ജീവിതത്തിൽനിന്നു് ചിത്രലേഖ പോയശേഷം ഭാവിയെക്കുറിച്ചു ചിന്തിക്കുക സ്വാഭാവികം തന്നെയാണ്. ആയ്യബീജഗുപ്താ! താങ്കൾ എന്തെങ്കിലും തീരുമാനം ചെയ്തോ?"

മൃത്യുഞ്ജയന്റെ പുഞ്ചിരിയിൽ ഒളിഞ്ഞുകിടന്നിരുന്ന ഹാസ്യം ബീജഗുപ്തനെ കോപാക്രാന്തനാക്കി. അയാൾ സംഭാഷണം മദ്ധ്യേ നിറുത്തി: "ഇതുവരെ തീരുമാനമൊന്നും ചെയ്തില്ല. എന്നാൽ ഇനി കാലവിളംബം കൂടാതെ തീരുമാനം ചെയ്യേണ്ടിവരും."

"ആയ്യബീജഗുപ്താ! താങ്കളുടെ തീരുമാനം എന്താണെന്നു് എനിക്കറിയാം. ഞാൻ മനുഷ്യന്റെ മനോവൃത്തികൾ അല്പാല്പം മനസ്സിലാക്കിത്തുടങ്ങിയിട്ടുണ്ടു്."

ബീജഗുപ്തൻ വിഷയം മാററി: "ആയ്യാ! താങ്കൾ മടക്കയാത്രയ്ക്കുള്ള ഒരുക്കങ്ങൾ ചെയ്യുന്നതിനു് ഭൃത്യന്മാരോട്ടു് ആജ്ഞാപിച്ചുകാണുമല്ലോ."

"അതെ. താങ്കളുടെ ഭൃത്യന്മാക്കും ശ്വേതാങ്കൻ മുഖേന ഞാൻ ആജ്ഞ നൽകിയിട്ടുണ്ടു്."

"വളരെ നന്നായി."

അപ്പോൾ പുറത്തു യശോധരയുടെ സംഭാഷണം കേട്ടു. "ആര്യശ്വേതാങ്കാ! ഈ മണിമാല അച്ഛനിഷ്ടമായില്ലെങ്കിൽ ഇതു താങ്കൾതന്നെ കൈയിൽവച്ചു ജപിക്കണം. താങ്കളുടെ അഭിപ്രായമനുസരിച്ചാണു് ഞാൻ ഇതു വാങ്ങിയതു്"—ഈ വാക്കുകളോടുകൂടി യശോധര പ്രവേശിച്ചു.

യശോധര ചിരിച്ചുകൊണ്ടു പറഞ്ഞു: "ആര്യബീജഗുപ്താ! താങ്കൾ കിടന്നുറങ്ങിക്കളഞ്ഞു. നോക്കണം! ഞാൻ എന്തെല്ലാം വസ്തുക്കൾ വാങ്ങി വന്നിരിക്കുന്നുവെന്നു്. താങ്കൾക്കായി ഒന്നും വാങ്ങിയില്ല."

ബീജഗുപ്തൻ ഒരു പുഞ്ചിരിയോടുകൂടി പറഞ്ഞു: "ദേവി യശോധരേ! എനിക്കു യാതൊന്നും ആവശ്യമില്ല."

"എനിക്കും യാതൊന്നും ആവശ്യമില്ലായിരുന്നു. എങ്കിലും കാശിയിൽനിന്നു മടങ്ങുമ്പോൾ കാശിയിലെ കൗതുകവസ്തുക്കൾ എന്തെങ്കിലും കൂടെ കൊണ്ടുപോകേണ്ടതാണല്ലോ" എന്നു പറഞ്ഞു് യശോധര താൻ കൊണ്ടുവന്ന സാധനങ്ങളുടെ കെട്ടഴിച്ചു.

"ഇതെങ്ങിനെയിരിക്കുന്നു?" ഒരു മണിമാല ബീജഗുപ്തന്റെ കൈയിൽ വച്ചുകൊണ്ടു് അവൾ ചോദിച്ചു.

"നന്നായിരിക്കുന്നു. എന്നാൽ വില കുറച്ചധികമായിക്കാണുമല്ലോ."

"ഞാൻ ഇനിയും ഇതിനു വില കൊടുത്തിട്ടില്ല. അച്ഛനെ കാണിക്കാൻ കൊണ്ടുവന്നതാണു്."

മൃത്യുഞ്ജയൻ മണിമാല കൈയിൽ വാങ്ങി: "നിനക്കു വേണമെങ്കിൽ വാങ്ങിക്കൊള്ളുക!"

യശോധര മററു വസ്തുക്കളും ബീജഗുപ്തനെ കാണിച്ചു. അയാൾക്കു് എല്ലാം തൃപ്തിയായി. ബീജഗുപ്തൻ ശ്വേതാങ്കനെ നോക്കി: "നീ ഒന്നും വാങ്ങിയില്ലേ?"

"സ്വാമിക്കു് എന്താണാവശ്യമെന്നു ഞാൻ ചോദിച്ചില്ല. എനിക്കു് ഒരു വസ്തുവും ആവശ്യമായി തോന്നിയതുമില്ല."

"ഇല്ല. നിനക്കായി നീ എന്തെങ്കിലും വാങ്ങേണ്ടതായിരുന്നു. ഞാനും കൂടെവരാം. ദേവി യശോധരേ! ഭവതിക്കു് ബുദ്ധിമുട്ടില്ലെങ്കിൽ ഒരു തവണകൂടി പട്ടണത്തിലേക്കു വരാമോ? എനിക്കു വേണ്ട വസ്തുക്കൾ പ്രിയപ്പെട്ടു തിരഞ്ഞെടുക്കുന്നതിനു് ഭവതിക്കു് എന്നെ സഹായിക്കാം"—ബീജഗുപ്തൻ യശോധരയെ നോക്കി.

"ശരി. ഞാനും കൂടെവരാം. എന്നാൽ ആഹാരം കഴിയട്ടെ. ഞാൻ വളരെ ക്ഷീണിച്ചുപോയി."

ഭക്ഷണം കഴിഞ്ഞു് ബീജഗുപ്തൻ മൃത്യുഞ്ജയനോടു ചോദിച്ചു: "ആര്യാ! താങ്കളും കൂടെവരുമോ?"

"ഇല്ല. ഞാൻ വളരെ വൃദ്ധനാണു്. എനിക്കു് നഗരത്തിലെ ജനരവം പിടിക്കുന്നില്ല."

ബീജഗുപ്തൻ ശ്വേതാങ്കനേയും യശോധരയേയും കൂട്ടിക്കൊണ്ടു വിപണിയിലേക്കു പുറപ്പെട്ടു. മൂന്നുപേരും ആദ്യമായി രത്നവ്യാപാരിയുടെ കടയിൽ ചെന്നു. ബീജഗുപ്തനും ശ്വേതാങ്കനും മോതിരങ്ങൾ വാങ്ങി. അവരുടെ മുമ്പിൽ വളരെ വിലപ്പിടിപ്പുള്ള ഒരു മുത്തുമാല ഇരിക്കുന്നതു കണ്ടു. യശോധര അതിനെതന്നെ നോക്കിനിന്നു. ബീജഗുപ്തൻ ആ മാല വെളിയിലെടുപ്പിച്ചു: "ദേവീ! യശോധരേ! ഈ മാല എങ്ങിനെയിരിക്കുന്നു?"

"വളരെ മനോഹരമായിരിക്കുന്നു, ആര്യബീജഗുപ്താ! ഞാൻ ആദ്യം ഇതു കണ്ടില്ല. കണ്ടിരുന്നുവെങ്കിൽ മണിമാലയ്ക്കു പകരം ഞാൻ ഇതു വാങ്ങുമായിരുന്നു"—അവൾ ശ്വേതാങ്കനോടു പറഞ്ഞു: "ആര്യശ്വേതാങ്കാ! ഇതിനെല്ലാം താങ്കളാണു കാരണക്കാരൻ."

ബീജഗുപ്തൻ രത്നവ്യാപാരിയോടു മാല വാങ്ങി യശോധരയുടെ കഴുത്തിലണിയിച്ചു: "ദേവി യശോധരേ! ഭവതിക്കു് ഇതു് എൻെറ ഉപഹാരമാണു്. ഭവതി ഇതു സ്വീകരിക്കണം."

ബീജഗുപ്തൻെറ കരസ്പർശംകൊണ്ടു് യശോധരയ്ക്കു് നഖശിഖാന്തം ഒരു പുളകോദ്ഗമമുണ്ടായി. അവൾ മാല കഴുത്തിൽനിന്നെടുത്തുകൊണ്ടു പറഞ്ഞു: "ആര്യ്യബീജഗുപ്താ! അച്ഛൻെറ അനുമതികൂടാതെ ഈ മാല സ്വീകരിക്കാൻ ഞാൻ അശക്തയാണു്."

ബീജഗുപ്തൻ മാല കൈയിൽ വാങ്ങി: "ദേവി യശോധരേ! ഈ മാല സ്വീകരിക്കുന്നതുമൂലം ഭവതിക്കു് ആപത്തൊന്നും വരാനില്ല; എങ്കിലും അച്ഛൻെറ അനുമതി വേണമെന്നു് ഭവതി അഭിപ്രായപ്പെട്ടതു് വളരെ ഔചിത്യപൂർവ്വമാണു്."

## അദ്ധ്യായം ഇരുപതു്

കുമാരഗിരിക്കു് ചിത്രലേഖയുടെ പ്രവൃത്തിയിൽ ആശ്ചര്യ്യംതോന്നി. ചിത്രലേഖ അയാളുടെ അടുത്തു വരുന്നതിനു് ഉത്സുകയായിരുന്നു. അയാൾ ചിത്രലേഖയിൽ ആകൃഷ്ടനായിരുന്നില്ല; ചിത്രലേഖയാണു് അയാളിൽ ആകൃഷ്ടയായതു്. എന്നിട്ടു് അവളിൽ ഈ പരിവർത്തനമുണ്ടാകാൻ കാരണമെന്തു്?

കുമാരഗിരിക്കു് ചിത്രലേഖയുടെ പ്രവൃത്തിയിലുണ്ടായതിനേക്കാൾ കൂടുതൽ ആശ്ചര്യ്യം തൻെറ പ്രവൃത്തിലാണുണ്ടായതു്. അയാൾ ചിത്രലേഖയെ തന്നിൽനിന്നു് അകററി നിറുത്താൻ പരമാവധി യത്നിച്ചു. എന്നാൽ എന്തുകൊണ്ടാണു് അയാൾ അവളെ സ്വീകരിച്ചതു്? സ്വന്തം അവിശ്വാസത്തെ ദൂരീകരിക്കാൻ ആഗ്രഹിച്ചതുകൊണ്ടായിരുന്നോ? കുമാരഗിരിക്കു് തൻെറ പ്രവൃത്തികളിൽ എപ്പോഴും വിജയമാണു ലഭിച്ചിട്ടുള്ളതു്. അതുകൊണ്ടു പരാജയം അയാൾക്കു് ഒരു പുതിയ അനുഭവമായിരുന്നു. ഒരുപക്ഷേ കുമാരഗിരി സ്വന്തം ദൗർബ്ബല്യത്തെപ്പററി ബോധവാനായിരുന്നിരിക്കാം. ആ ദൗർബ്ബല്യത്തെ ദൂരീകരിക്കുന്നതിനു് ചിത്രലേഖയെ സ്വീകരിച്ചതാവാം. അയാൾ ഒരു പരീക്ഷണം നടത്തിനോക്കി. അതിൽ പരാജയപ്പെട്ടു. ആ പരാജയംതന്നെ എത്ര ഭയങ്കര

മായിരുന്നു! തന്നോടു പരാജയപ്പെട്ടതു പോകട്ടെ, ഒരു സാധാരണ നർത്തകിയോടും അയാൾ പരാജിതനായി. തന്റെ പരാജയത്തിൽ അയാൾക്കു ദുഃഖമുണ്ടായി. എന്നാൽ നർത്തകിയോടു പരാജയപ്പെട്ടതുമൂലമുണ്ടായ കോപം ആ ദുഃഖത്തെ ശമിപ്പിച്ചു. കുമാരഗിരി മുക്തകണ്ഠം ഉൽഘോഷിച്ചു: 'ഇല്ല, നർത്തകി ചിത്രലേഖയെ വശപ്പെടുത്തുകതന്നെ വേണം. എന്നാൽ എങ്ങിനെ?'

'ചിത്രലേഖയ്ക്കു് എന്നെ പ്രേമിക്കാൻ കഴിയാഞ്ഞതെന്തുകൊണ്ടു്'—കുമാരഗിരിയുടെ മനസ്സിൽ ഈ പ്രശ്നം ഉദിച്ചു: 'ഒരുപക്ഷേ അവൾ മറെറാരു വ്യക്തിയെ പ്രേമിച്ചതുകൊണ്ടായിരിക്കാം. ചിത്രലേഖ ബീജഗുപ്തനോടുള്ള പ്രേമം ഉപേക്ഷിക്കുകയാണെങ്കിൽ അവൾ തന്റെ ജീവിതത്തെ എന്നിൽ സമർപ്പിക്കാൻ സാദ്ധ്യതയുണ്ടു്; എന്നല്ല, അതു തീർച്ചയാണു്. അതുകൊണ്ടു് ബീജഗുപ്തനെ ചിത്രലേഖയുടെ മാർഗ്ഗത്തിൽനിന്നു് അകററുകയാണു വേണ്ടതു്.'

ചിത്രലേഖ കുമാരഗിരിയുടെ ആശ്രമത്തിൽ വന്നു് രണ്ടു മാസത്തിനു മേലായി. കഴിഞ്ഞ സംഭവം ഒരു മാസം പഴകി. ഇതിനിടയ്ക്കുള്ള കാലം മുഴുവൻ കുമാരഗിരി സ്വയം നിയന്ത്രിച്ചു കഴിഞ്ഞുകൂടി. അല്പവും ദൌർബ്ബല്യം പ്രകടിപ്പിക്കാൻ അയാൾ ഇടയാക്കിയില്ല. ഏതാനും ദിവസം ചിത്രലേഖയെ തന്നോടുകൂടി താമസിപ്പിച്ചുകൊണ്ടുതന്നെ വിഷയവാസനയെ അകററിനിറുത്താൻ കഴിയുമെന്നായിരുന്നു അയാളുടെ വിചാരം. എന്നാൽ ആ വിചാരം സാധുവാകാൻ തരമായില്ല. ഒരു തവണ കത്തിക്കാളിയ അഗ്നി വീണ്ടും ആഹുതി ആവശ്യപ്പെട്ടു. കുമാരഗിരിക്കു് തന്റെ നിശ്ചയത്തിൽ ഉറച്ചുനിൽക്കാൻ കഴിഞ്ഞില്ല.

അന്നു രാത്രി കുമാരഗിരി ചിത്രലേഖയ്ക്കു തന്റെ അരികിലിരിക്കാൻ നിർദ്ദേശംകൊടുത്തുകൊണ്ടു പറഞ്ഞു: "ദേവി ചിത്രലേഖേ! ഇപ്പോൾ ഒരു മാസക്കാലമായി ഞാൻ എന്നെ ഉദ്ധരിക്കാൻ ശ്രമിച്ചുവരികയാണു്. ഇപ്പോൾ എന്റെ ദൌർബ്ബല്യം നീങ്ങിക്കഴിഞ്ഞെന്നു് എനിക്കു് ബോധ്യമായിരിക്കുന്നു."

"ഒരുപക്ഷേ അങ്ങിനെയാവാം!"—ചിത്രലേഖ ഒന്നു പുഞ്ചിരിക്കുവുകമാത്രം ചെയ്തു.

കുമാരഗിരി ചുണ്ടുകടിച്ചുകൊണ്ടു പറഞ്ഞു: "ആര്യ്യബീജഗുപ്തൻ കാശിയാത്രയ്ക്കു പോയിരിക്കുകയാണെന്നു കേട്ടു. അദ്ദേഹത്തോടുകൂടി മൃത്യുഞ്ജയൻെറ പുത്രി യശോധരയും പോയിട്ടുണ്ട്."

"യശോധരയും ബീജഗുപ്തനോടുകൂടി പോയിട്ടുണ്ടോ?" ചിത്രലേഖ ഞെട്ടിപ്പോയി.

കുമാരഗിരി പുഞ്ചിരിതൂകി: "ഇതിൽ അത്ഭുതപ്പെടാനെന്താണുള്ളതു്? ചിത്രലേഖേ! ഭവതി ബീജഗുപ്തനെ ഉപേക്ഷിച്ചതു് അയാൾ യശോധരയെ വിവാഹം കഴിച്ചു് ഗാർഹസ്ഥ്യജീവിതം നയിക്കണമെന്ന ഉദ്ദേശ്യത്തോടെയാണു്. ഭവതി ചെയ്തതു് ശരിയായ പ്രവൃത്തിയായിരുന്നു. ആര്യ്യബീജഗുപ്തൻ യശോധരയെ വിവാഹം കഴിക്കുന്നതു് അഭികാമ്യമല്ലേ?"

"എനിക്കറിയുകയില്ല!"—ചിത്രലേഖയുടെ സ്വരം കർക്കശമായി. "ദയവുചെയ്തു് ബീജഗുപ്തനെക്കുറിച്ചു് താങ്കൾ എന്നോടു് ഒന്നും പറയാതിരിക്കണം."

"ബീജഗുപ്തനെപ്പററി ഞാൻ ഒന്നും പറയരുതെന്നോ? എന്തുകൊണ്ടു്? ഭവതി ബീജഗുപ്തനെ പ്രേമിക്കുന്നതുകൊണ്ടോ? ബീജഗുപ്തൻ ഒരു അന്യസ്ത്രീയെ പ്രേമിക്കുന്നതു് ഭവതിക്കു് അസഹ്യമാണു്, അല്ലേ? പിന്നെ എന്തിനാണു ഭവതി ബീജഗുപ്തനെ ഉപേക്ഷിച്ചതു്? ഭവതി വിചാരിക്കുന്നുണ്ടാവും സ്ത്രീക്കാണു് എന്തും ചെയ്യാനധികാരമുള്ളതു് പുരുഷനല്ല എന്നു്. ഭവതി ആഗ്രഹിക്കുന്നു ബീജഗുപ്തൻ ഭവതിയുടെ അടിമയായി കഴിഞ്ഞുകൊള്ളണമെന്നു്. എന്നാൽ അതു സാദ്ധ്യമല്ല."

കുമാരഗിരിയുടെ സ്വരത്തിൽ പ്രതികാരത്തിൻെറ ഒരു കടുത്ത വ്യംഗധ്വനി അടങ്ങിയിരുന്നു. തന്നെ പരാജയപ്പെടുത്തിയ സ്ത്രീയെ പരാജയപ്പെടുത്തുക എന്നതായിരുന്നു അയാളുടെ ഉദ്ദേശ്യം.

ചിത്രലേഖ ആവേശംകൊണ്ടു വിറച്ചു: "ഞാൻ ചെയ്തതെല്ലാം ബീജഗുപ്തന്റെ നന്മയെ ഉദ്ദേശിച്ചായിരുന്നു. ബീജഗുപ്തനെ ഞാൻ ജനസമുദായത്തിന്റെ ദൃഷ്ടിയിൽ അധ:പതിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ ഉപേക്ഷിച്ചതുമൂലം ഞാൻ അദ്ദേഹത്തെ സ്വയം ഉദ്ധരിക്കാൻ സഹായിക്കുകയാണു ചെയ്തതു്."

"ഇതു ഞാൻ എങ്ങിനെയാണു സമ്മതിക്കേണ്ടതു്? ദേവി ചിത്രലേഖേ! ഭവതി തന്നെത്താൻ വഞ്ചിക്കുകയായിരുന്നു. ഭവതി ബീജഗുപ്തനെ ഉപേക്ഷിച്ചതു് ആ നിമിഷംമുതൽ എന്നെ പ്രേമിക്കാനായിരുന്നു."—കുമാരഗിരിയുടെ സ്വരം തീവ്രമായി. ഇന്നു കുമാരഗിരി തന്നിൽ ആ പഴയ ശ്രേഷ്ഠതയും ആ പഴയ തേജസ്സും ഉള്ളതായി കണ്ടു. ചിത്രലേഖയുടെ സമ്പർക്കമുണ്ടായതുമുതൽ അവ അയാൾക്കു നഷ്ടപ്പെട്ടിരിക്കുകയായിരുന്നു. "ഭവതിക്കു വേണമെങ്കിൽ ബീജഗുപ്തനെ വഞ്ചിക്കാം. എന്നെ വഞ്ചിക്കാം. എന്നാൽ ഭവതിക്കു് ഭവതിയെത്തന്നെ വഞ്ചിക്കാൻ കഴികയില്ല. ഭവതി വിഷയേച്ഛയുടെ ആവേശംകൊണ്ടു് പവിത്രപ്രേമത്തെ തൊഴിച്ചെറിഞ്ഞു. ഭവതി എന്നിൽ എന്തോ കണ്ടു. അങ്ങിനെ എന്നിൽ ആകൃഷ്ടയായി. ആ സമയത്തു് ഭവതിയിൽ മൃഗീയവൃത്തിയാണു പ്രബലമായിരുന്നതു്. ഭവതി മനുഷ്യത്വത്തിനു ഉദകക്രിയ നടത്തി. ബീജഗുപ്തന്റെ ഇച്ഛകൂടാതെ അയാളുടെ ജീവിതത്തിൽ കടന്നു് അയാൾക്കു ജീവിതം ഭാരമാക്കിത്തീർത്തു. എന്നിട്ടു് എന്റെ അടുത്തേയ്ക്കു വന്നു. പിന്നെ ബീജഗുപ്തനോ? അയാൾ ഒരു സാധാരണ നർത്തകിക്കുവേണ്ടി ഗാർഹസ്ഥ്യജീവിതത്തെ ബലിയർപ്പിച്ചു. അല്ല, അയാൾ സ്വന്തം ജീവിതത്തെ നശിപ്പിച്ചു—ഭവതിയെ പ്രേമിച്ചതുകൊണ്ടു മാത്രം. പ്രേമത്തിന്റെ പരിശുദ്ധി അനുഭവിച്ചറിഞ്ഞതുകൊണ്ടു്."

ചിത്രലേഖ വാവിട്ടു നിലവിളിച്ചു: "നിറുത്തണം! നിറുത്തണം!" കുമാരഗിരി ചിത്രലേഖയുടെ മേൽ ദൃഷ്ടിയുറപ്പിച്ചു. അയാൾ ചിരിച്ചു: "ഞാൻ നിറുത്തട്ടെയോ നർത്തകീ! ഇത്രയും കേട്ടപ്പോൾ ഭവതിയുടെ മനസ്സു വ്യതിചലിച്ചുപോയോ?—ഇല്ല, ഞാൻ മുഴുവൻ വൃത്താന്തവും പറയും. ഭവതി അതു കേൾക്ക

ണം. ഭവതിയുടെ പ്രവൃത്തിക്കു പ്രതിഫലം കിട്ടിക്കഴിഞ്ഞു! ബീജഗുപ്തൻ ഇപ്പോഴും ഭവതിയെ പ്രേമിക്കുന്നുവെന്നു് ഭവതി കരുതുന്നു. ബീജഗുപ്തൻ തിരിച്ചുവരുമ്പോൾ ഭവതി അങ്ങു ചെന്നാൽ അയാൾ വീണ്ടും ഭവതിയെ പ്രേമിച്ചുകൊള്ളും എന്നും കരുതുന്നു. അങ്ങിനെ വിചാരിക്കുകയാണെങ്കിൽ ഭവതിക്കു തെററുപററിയിരിക്കുന്നു. ഭവതിയിൽനിന്നേററ വിഷബാധയ്ക്കു് പ്രതിവിധിയായി അയാൾക്കു് ഒരു വ്യക്തിയെ കിട്ടിയിട്ടുണ്ടു്. ആ വ്യക്തിയെ അകററിനിറുത്താൻ ഭവതി പ്രയോഗിക്കാത്ത തന്ത്രങ്ങളൊന്നുമില്ല. എന്നാൽ യശോധര അവളെ സ്വയം രക്ഷിച്ചു. ഇപ്പോൾ അവൾ ബീജഗുപ്തനോടുകൂടി വൈവാഹികജീവിതത്തിൻെറ ആനന്ദം അനുഭവിച്ചുകൊണ്ടിരിക്കുകയാണു്."

ചിത്രലേഖയുടെ മുഖം വിളറിപ്പോയി: "യോഗീ! താങ്കൾ പറയുന്നതു വാസ്തവമാണോ? ബീജഗുപ്തൻ യശോധരയെ വിവാഹംകഴിച്ചോ? ഇല്ല യോഗീ! ഇതു സാദ്ധ്യമല്ല."

"ഇതു സാദ്ധ്യമല്ല." കുമാരഗിരിയുടെ സ്വരം ഹൃദയത്തിൽ ശൂലംപോലെ തുളച്ചുകയറുന്ന പരിഹാസം നിറഞ്ഞതായിരുന്നു. "വിഷയേച്ഛകൾ വശഗതയായി പവിത്രപ്രേമത്തെ തൊഴിച്ചെറിഞ്ഞിട്ടു് ഭവതി എന്റെ അടുത്തുവരിക സാദ്ധ്യമാണു്! എന്നാൽ ബീജഗുപ്തൻ ഒരു ദേവകന്യകയോടു് വൈവാഹികബന്ധം സ്ഥാപിക്കുകയെന്നതാണോ സാദ്ധ്യമല്ലാത്തതു്? എന്തൊരചഞ്ചലമായ ആത്മവിശ്വാസം! ഭവതിക്കു് ഞാൻ പറയുന്നതിൽ വിശ്വാസമില്ലേ? എന്നാൽ പോവുക! ഭവതിയുടെ കാമുകൻ, അല്ല ദാസൻ മറെറാരു സ്ത്രീയോടുകൂടി പ്രണയലീല ചെയ്യുന്നതു് സ്വന്തം കണ്ണുകൾകൊണ്ടു കാണുക."

"അവർ വന്നോ?"—ചിത്രലേഖ എഴുന്നേററു. അവളുടെ ശരീരം വിറച്ചു. മുഖം വിളറി. അവൾ പാടലീപുത്രത്തിലേക്കു നോക്കി: "അവർ മടങ്ങിവന്നോ യോഗീ! താങ്കളുടെ മുമ്പിൽ ഞാൻ കൈകൂപ്പാം. താങ്കൾ പറഞ്ഞതു കള്ളമാണെന്നു പറയുക!"

"കള്ളമാണെന്നു പറയണമോ? സത്യത്തെ കള്ളമെന്നു പറയണമോ? പോവുക! പോവുക! ഭവതി തന്നെ പോയി കാണുക!"

ചിത്രലേഖ ഇരുന്നു—"ഇല്ല! എല്ലാം അവസാനിച്ചു. ഇനി ഞാൻ പോവുകയില്ല—പോകുന്നതുകൊണ്ടു് ഇനി എന്തു പ്രയോജനം? എൻെറ ധനം അപഹരിക്കപ്പെട്ടു"—ചിത്രലേഖയുടെ സ്വരത്തിൽ ശോകം സ്ഫുരിച്ചു.

കുമാരഗിരി ചിത്രലേഖയുടെ അടുത്തേയ്ക്കു നീങ്ങി: "എല്ലാം അവസാനിച്ചോ? ചിലപ്പോൾ ചിലതൊക്കെ അവസാനിക്കും. ഒരു വസ്തുവിൻെറ അവസാനം മറെറാന്നിൻെറ ആരംഭമാണു്. എങ്ങിനെയാണു അവസാനിച്ചതു ചിത്രലേഖേ!" കുമാരഗിരിയുടെ സ്വരം കോമളമായി. അതിൽ ഒരുതരം മാധുര്യം കലന്നിരുന്നു—"ഭവതിക്കറിയാം ഞാൻ ഭവതിയെ പ്രേമിക്കുന്നുവെന്നു്. ഭവതി എന്നെ പ്രേമിക്കുന്നില്ലെങ്കിലും വെറുക്കുന്നില്ല. ഭവതി എൻെറ ജീവിതത്തിലേക്കു കടന്നു വരാൻ ആഗ്രഹിക്കുന്നു—എന്നാൽ ബീജഗുപ്തൻ നിമിത്തം ഭവതിക്കു് ഇനിയും അതു സാദ്ധ്യമായിട്ടില്ല. ഭവതി അയാളുടെ ജീവിതത്തെ ദുഃഖപൂർണ്ണമാക്കി. അയാൾ ഭവതിയുടെ ജീവിതത്തെയും ദുഃഖമയമാക്കിത്തീർത്തു. ബീജഗുപ്തനു് ഒരു ആധാരം ലഭിച്ചു. ഭവതി ഇനി ആധാരം തേടണമെന്നില്ല. ചിത്രലേഖേ! ഞാൻ ഭവതിയെ പ്രേമിക്കുന്നു!"—കുമാരഗിരി ചിത്രലേഖയുടെ കൈക്കു കടന്നുപിടിച്ചു.

ചിത്രലേഖ യാതൊരെതിർപ്പുംകൂടാതെ കുമാരഗിരിക്കു് തൻെറ കരം നൽകി. അവൾ തല ഉയർത്തി കുമാരഗിരിയുടെ കണ്ണുകളോടു് തൻെറ കണ്ണുകളുടക്കിപ്പിച്ചു.

"പ്രേമം! പ്രേമമാണു് എൻെറ മതമായിത്തീർന്നിരിക്കുന്നതു്. ഭവതി എൻെറ ജീവിതത്തിലേക്കു കടന്നുവന്നു. ഭവതി എന്നെ പ്രേമം പഠിപ്പിക്കാനാണു വന്നതു്. വരിക! നാം രണ്ടാളും ഒന്നാവുക!"—കുമാരഗിരി വിരാമമില്ലാതെ പറഞ്ഞുകൊണ്ടിരുന്നു.

കുമാരഗിരിയുടെ മുഖം താണു. ചിത്രലേഖയുടെ മുഖം കുറച്ചുയന്നു. രണ്ടുപേരുടെയും അധരങ്ങൾ പരസ്പരം സ്പർശി

ച്ചു.—വളരെ നേരം അവരുടെ അധരങ്ങൾ അങ്ങിനെ പരസ്പരസ്പർശത്തിൽ കഴിഞ്ഞുകൂടി.

കുമാരഗിരി ഭ്രാന്തനെപ്പോലെ ഓരോന്നു പുലമ്പിക്കൊണ്ടിരുന്നു: "ഭവതി എന്നെ ആഴത്തിൽ ആഴ്ത്താനാണു വന്നതു്. ഞാൻ അതിനു തയ്യാറാണു്. വരിക. എന്തു സുഖമാണു്—എന്തൊരു ഹൃദയാഘോഷം! എൻെറ ആരാദ്ധ്യദേവീ! പ്രാണേശ്വരീ! ഇന്നു ഞാൻ ഭവതിയുടെ യൗവനത്തിന്റെ നിലയില്ലാത്ത സമുദ്രത്തിൽ മുങ്ങാനാണു വന്നിരിക്കുന്നതു്." കുമാരഗിരിയുടെ കണ്ണുകളടഞ്ഞു. ചിത്രലേഖയുടെ കണ്ണുകളും അടഞ്ഞുപോയി. രണ്ടുപേരും പരസ്പരം ആലിംഗനപാശത്തിൽ ബന്ധിച്ചു.

ചിത്രലേഖ പറഞ്ഞു: "എന്നാൽ അങ്ങിനെതന്നെയാകട്ടെ!"

രാവിലെ കോപാവേശത്തോടുകൂടിയാണു് ചിത്രലേഖ കണ്ണുതുറന്നതു്. ബീജഗുപ്തൻ തന്നെ ഉപേക്ഷിച്ചുവെന്ന വിചാരം അവൾക്കു സഹിക്കാൻ കഴിഞ്ഞില്ല. അവളുടെ ലോകം അന്ധകാരമയമായിത്തീൎന്നു. ചിന്തിക്കുന്തോറും അവൾക്കു തന്നോടുതന്നെ കോപം വൎദ്ധിച്ചുകൊണ്ടിരുന്നു. അവൾ ബീജഗുപ്തനെ എന്തിനുപേക്ഷിച്ചു?

കുമാരഗിരി അപ്പോഴും കിടന്നുറങ്ങുകയായിരുന്നു. അയാളുടെ മുഖം വികൃതമായിക്കൊണ്ടിരുന്നു. തപസ്യയെ ക്ഷണനേരംകൊണ്ടു തച്ചുടച്ചു് വിഷയേച്ഛു യോഗിയുടെ തേജോമയമായ മുഖമണ്ഡലത്തിൽ ഒരു ഇരുണ്ട മൂടുപടം വിരിച്ചു. കുറച്ചുനേരം ചിത്രലേഖ കുമാരഗിരിയെ കണ്ണെടുക്കാതെ നോക്കിക്കൊണ്ടിരുന്നു. അതിനുശേഷം അവൾ യാതൊരു കാരണവുംകൂടാതെ ഇരുന്നു വിറക്കാൻതുടങ്ങി. അവൾക്കു് അധികനേരം അവിടെ ഇരിക്കാൻ ധൈൎയ്യമുണ്ടായില്ല. അവൾ ആശ്രമത്തിനു പുറത്തിറങ്ങി. രാത്രി മുഴുവൻ തൻെറ സുഖഭോഗത്തിനാധാരമായി കഴിഞ്ഞുകൂടിയ വ്യക്തിയുടെ മുഖം ഇത്ര ഭയങ്കരവും ഘൃണാസ്പദവുമായി തോന്നാൻ കാരണമെന്തു്? അവൾക്കു് അത്ഭുതം തോന്നി. അപ്പോൾ വിശാലദേവൻ ഉപാസന അവസാനിപ്പിച്ചു കഴിഞ്ഞിരുന്നു. ചിത്ര

ലേഖയെ കണ്ടു് അയാൾ നമസ്കരിച്ചു: "ദേവിയുടെ മുഖം ഇത്ര വാടിയിരിക്കുന്നതെന്തു്?"

"ഞാൻ രാത്രി മുഴുവൻ ഭയങ്കരസ്വപ്നങ്ങൾ കണ്ടു"—ചിത്രലേഖ പുഞ്ചിരിതൂകി. "ആ സ്വപ്നങ്ങൾ എന്നെ വളരെ ദുഃഖിപ്പിച്ചു."

"ഇന്നു് ഇത്ര പുലർന്നിട്ടും ഗുരുദേവൻ ആശ്രമത്തിനു പുറത്തു വന്നില്ലേ?"

"അദ്ദേഹം ഇപ്പോഴും ധ്യാനത്തിലിരിക്കുകയാണു്."

"ധ്യാനത്തിലിരിക്കുകയാണോ?" —വിശാലദേവൻ അത്ഭുതത്തോടുകൂടി ചോദിച്ചു: "ഇന്നാദ്യമായാണു് ഗുരുദേവൻ അദ്ദേഹത്തിൻെറ ജീവിതചര്യയുടെ നിയമത്തെ ലംഘിച്ചതു്."

രണ്ടുപേരും കുറച്ചുനേരം മൗനം ഭജിച്ചു. അതിനുശേഷം വിശാലദേവൻ പറഞ്ഞു: "ദേവി ചിത്രലേഖേ! ഭവതിയുടെ ആ സ്വപ്നങ്ങളെക്കുറിച്ചു് ഞാൻ കൂടുതലായി എന്തെങ്കിലും ചോദിക്കാമോ?"

"ആ സ്വപ്നങ്ങൾ എൻെറ ഭൂതകാലജീവിതവുമായി വളരെ ബന്ധപ്പെട്ടവയാണെന്നു മാത്രം അറിഞ്ഞിരുന്നാൽ മതി."

"ഭൂതകാലജീവിതവുമായി ബന്ധപ്പെട്ടവയോ?"—വിശാലദേവൻ അല്പനേരം എന്തോ ആലോചിച്ചു: "ദേവീ! ഭവതിക്കു വിരോധമില്ലെങ്കിൽ ഞാൻ ആര്യബീജഗുപ്തൻെറ വിവരങ്ങൾ അന്വേഷിച്ചുവരാം—അദ്ദേഹം മടങ്ങിവന്നിരിക്കാനിടയുണ്ടു്."

"അദ്ദേഹം വന്നുകഴിഞ്ഞു. അതെനിക്കറിയാം." ചിത്രലേഖയുടെ സ്വരം നിർജ്ജീവമായിപ്പോയി: "പക്ഷേ അതുകൊണ്ടെന്തു്? അദ്ദേഹം വന്നതുകൊണ്ടോ വരാത്തതുകൊണ്ടോ എനിക്കു യാതൊരു ലാഭവുമില്ല."

വിശാലദേവൻ ചിത്രലേഖയെ നോക്കി: "ദേവീ! ഭവതി വളരെ വിചിത്രജീവിയാണു്—ഭവതിയെ മനസ്സിലാ

ക്കാൻ വളരെ പ്രയാസമായിരിക്കുന്നു. ഈയിടെയാണല്ലോ ഭവതി ബീജഗുപ്തൻെറ അടുക്കലേക്കു മടങ്ങിപ്പോകാനാഗ്രഹിച്ചതു്."

ചിത്രലേഖയുടെ മുഖം ചുവന്നു: "അതെ. അന്നു ഞാൻ പോകാനാഗ്രഹിച്ചു; എന്നാൽ ഇന്നു പോകാനാഗ്രഹിക്കുന്നില്ല. എൻെറ വ്യക്തിഗതജീവിതത്തിൽ താങ്കൾ ഇത്ര ഔത്സുക്യം പ്രദർശിപ്പിക്കുന്നതു് എത്രകണ്ടു ഉചിതമാണെന്നു് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ?"

വിശാലദേവൻെറ തല കുനിഞ്ഞുപോയി. അയാൾ മന്ദസ്വരത്തിൽ പറഞ്ഞു: "ദേവി പറയുന്നതു ശരിയാണു്. ഭവതിയുടെ വ്യക്തിഗതജീവിതത്തിൽ ഔത്സുക്യം പ്രദർശിപ്പിക്കുക എന്നാൽ ഗുരുദേവൻെറ വ്യക്തിഗതജീവിതത്തിൽഔത്സുക്യം പ്രദർശിപ്പിക്കുക എന്നാണർത്ഥം. അതു് എന്നെസ്സംബന്ധിച്ചേടത്തോളം സ്വാഭാവികമാണു്. ഔചിത്യപൂർവ്വവുമാണു്. ദേവി ചിത്രലേഖേ! ഭവതിക്കു് നല്ലപോലെ അറിയാം ഭവതിയുടെ സാന്നിദ്ധ്യം ഈ ആശ്രമത്തിൻെറ സംയമപൂർണ്ണമായ ശാന്തിയെ നശിപ്പിക്കുകയാണെന്നു്. ഈ ആശ്രമം ഒരു കുടുംബംപോലെയാണു്. ഇവിടെ ഓരോ വ്യക്തിക്കും അന്യരുടെ ഉചിതവും അനുചിതവുമായ കാര്യങ്ങളെ പരാമർശിക്കുന്നതിനു മാത്രമല്ല, അവയിൽ തലയിടുന്നതിനുപോലും അധികാരമുണ്ടു്."

"ഇക്കാര്യമറിയാൻ ഞാൻ ബാദ്ധ്യസ്ഥയല്ല."

"അല്ലെങ്കിൽ പോകട്ടെ. ഞാൻ ഇന്നുതന്നെ ബീജഗുപ്തൻെറ ഗൃഹത്തിൽ പോവുകയാണു്. എൻെറ സഹപാഠിയായ ശ്വേതാങ്കനെ കാണാൻ മാത്രം. ദേവീ! ഞാൻ വീണ്ടും പ്രാർത്ഥിക്കുന്നു, ഭവതി ഞങ്ങളുടെ മേൽ ദയ കാണിക്കണം!"

ചിത്രലേഖ ചിരിച്ചു: "ദയ! ആരോടു ദയ കാണിക്കണമെന്നാണു പറയുന്നതു്? താങ്കൾ ആരാച്ചാരിൽനിന്നാണു ദയ പ്രതീക്ഷിക്കുന്നതു്—താങ്കൾ സംഹാരകനോടു സൃഷ്ടിക്കാനാവശ്യപ്പെടുന്നുവോ? താങ്കൾക്കു തെററിപ്പോയി! തെററിപ്പോയി." ചിത്രലേഖ അവിടെനിന്നു് പോയി.

മദ്ധ്യാഹ്നമായപ്പോൾ വിശാലദേവൻ നഗരത്തിൽനിന്നു് മടങ്ങിവന്നു. ചിത്രലേഖ അയാളെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ഇത്രയൊക്കെ പറഞ്ഞശേഷവും—തൻെറ തീരുമാനത്തിനുശേഷവും—അവൾ ബീജഗുപ്തൻെറ കാര്യങ്ങളറിയാൻ ആഗ്രഹിച്ചു.

വിശാലദേവൻ മടങ്ങിവന്നപ്പോൾ അവൾ ആശ്രമത്തിനുപുറത്തുള്ള വടവൃക്ഷത്തിൻെറ ചുവട്ടിൽ കിടക്കുകയായിരുന്നു. വിശാലദേവനെ കണ്ടയുടൻ അവൾ എഴുന്നേററിരുന്നു.

വിശാലദേവൻ നേരെ ചിത്രലേഖയുടെ അടുത്തുവന്നു: "ദേവി ചിത്രലേഖേ! ഞാൻ ബീജഗുപ്തനെ കണ്ടില്ല, ശ്വേതാങ്കനെ മാത്രം കണ്ടിട്ടു് മടങ്ങിവരികയാണു്. എനിക്കു് അധികനേരം അവിടെ നില്ക്കാനും തരമായില്ല—കാരണം ശ്വേതാങ്കൻ ആര്യമൃത്യുഞ്ജയൻെറ ഗൃഹത്തിലേക്കു പുറപ്പെടുകയായിരുന്നു. ഞാനും അയാളോടുകൂടി വർത്തമാനം പറഞ്ഞുകൊണ്ടു് അത്രടം പോയിരുന്നു. അയാൾ ഗൃഹത്തിനകത്തുപോയി. ഞാൻ അവിടെനിന്നും മടങ്ങുകയും ചെയ്തു."

ചിത്രലേഖ ചോദിച്ചു: "ശ്വേതാങ്കൻ എൻെറ വിവരങ്ങൾ എന്തെങ്കിലും അന്വേഷിച്ചോ?"

"അതെ. ഭവതിയുടെ ആരോഗ്യസ്ഥിതി, ക്ഷേമം മുതലായവയെക്കുറിച്ചു് അയാൾ എന്നോടു് ഇടവിടാതെ പലതും ചോദിച്ചുകൊണ്ടിരുന്നു. അയാൾ കുറച്ചു ധൃതിയിലായിരുന്നു. ഇനി ഒരു കാര്യംകൂടി പറയട്ടെയോ? അതു കേട്ടാൽ ഭവതിക്കു് ഒരുപക്ഷേ ആശ്ചര്യം തോന്നിയേക്കും. ശ്വേതാങ്കൻ യശോധരയെ പ്രേമിക്കുന്നു—അയാൾ അവളെ വിവാഹംകഴിക്കാൻ ആഗ്രഹിക്കുകയാണു്!"

ചിത്രലേഖ ഞെട്ടിപ്പോയി: "ശ്വേതാങ്കൻ യശോധരയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നുവോ! യശോധരയെ ബീജഗുപ്തൻ വിവാഹംകഴിച്ചുവെന്നാണല്ലോ ഞാൻ വിചാരിച്ചതു്!"

വിശാലദേവനു് അത്ഭുതം തോന്നി: "ബീജഗുപ്തൻ യശോധരയെ വിവാഹം കഴിച്ചുവെന്നു് ഭവതി എങ്ങിനെ ഊ

ഹിച്ചു? ശ്വേതാങ്കൻ പറഞ്ഞു, ബീജഗുപ്തൻ യശോധരയിൽ ആകൃഷ്ടനായെന്നു്. പക്ഷേ അയാൾ യശോധരയെ ഒരിക്കലും വിവാഹം കഴിക്കില്ല എന്നാണു് അയാളുടെ വിശ്വാസം. ബീജഗുപ്തനു ഭവതിയിലുള്ള അനുരാഗം അചഞ്ചലമാണു്."

ചിത്രലേഖ എഴുന്നേററു: "നന്ദി! വിശാലദേവാ! ഞാൻ പറഞ്ഞുപോയ പരുഷവാക്കുകൾക്കു് താങ്കൾ എനിക്കു മാപ്പു തരണം. ഞാൻ ഇന്നു് ഇവിടെനിന്നും പോവുകയാണു്. തീച്ഛയായും."

ചിത്രലേഖ നേരെ ആശ്രമത്തിനകത്തു ചെന്നു. വിശാലദേവനു് ചിത്രലേഖയുടെ ഈ പ്രവൃത്തിയുടെ രഹസ്യം മനസ്സിലാക്കാൻ കഴിഞ്ഞില്ല. അയാൾ തന്നോടായി മന്ത്രിച്ചു: "വളരെ വിചിത്ര സ്ത്രീ തന്നെ."

കുമാരഗിരി ചിത്രലേഖയെക്കുറിച്ചു് ആലോചിച്ചുകൊണ്ടു കിടക്കുകയായിരുന്നു. അയാളുടെ ഹൃദയം അസ്വസ്ഥമായിരുന്നു. ചിത്രലേഖയെ കണ്ടമാത്രയിൽ അയാൾ ഭ്രാന്തനെപ്പോലെ അവളുടെ അടുത്തു ചെന്നു: "ഭവതി ഇത്രനേരവും എവിടെയായിരുന്നു? എൻെറ രാജ്ഞീ! വരിക! വരിക!" എന്നാൽ ചിത്രലേഖയുടെ കണ്ണുകളോടുകൂടി തൻെറ കണ്ണുകളിടഞ്ഞപ്പോൾ യോഗിയുടെ ഭ്രാന്തുമാറി. അവളുടെ കണ്ണുകൾ ജ്വലിച്ചുകൊണ്ടിരുന്നു. അവൾ വിറച്ചുകൊണ്ടു പറഞ്ഞു: "നീചനും കപടനുമായ മൃഗമേ! ദൂരെ മാറിപ്പോകൂ!" കുമാരഗിരി അകലെ മാറി: "താങ്കൾ എന്നെ ചതിച്ചു. വിഷയതൃഷ്ണയിൽ മുളച്ച കീടമേ! താങ്കൾ എന്നോടു കള്ളംപറഞ്ഞു! താങ്കളുടെ തപസ്യ നിഷ്ഫലമായിപ്പോകും. യുഗയുഗാന്തരങ്ങളോളം താങ്കൾക്കു് നരകത്തിൽ കിടന്നു വെന്തുപൊരിയേണ്ടിവരും. ഞാൻ പോകുന്നു. ഇനി താങ്കൾക്കു് എന്നെ ചെറുത്തുനിറുത്താൻ സാധിക്കുകയില്ല."

കുമാരഗിരി ഒന്നുകൂടി സാഹസപ്പെട്ടു: "ഞാൻ ചെയ്തതെല്ലാം ഭവതിയോടുള്ള പ്രേമംമൂലം അന്ധനായിപ്പോയതുകൊണ്ടാണു്."

"വിഷയതൃഷ്ണയിൽ മുളച്ച പുഴുവേ! താങ്കൾക്കു പ്രേമത്തെക്കുറിച്ചു് എന്തറിയാം? താങ്കൾ ജീവിക്കുന്നതു താങ്കൾക്കു

വേണ്ടി മാത്രമാണ്. സ്വാത്ഥതയാണ് താങ്കളുടെ ജീവിതത്തിൻെറ കേന്ദ്രം—പ്രേമത്തെക്കുറിച്ച് താങ്കൾ എന്തറിയുന്നു? പ്രേമം ഒരു ബലിദാനമാണ്. ആത്മത്യാഗമാണ്. സ്വാത്ഥതയുടെ വിസ്മൃതിയാണ്. താങ്കളുടെ തപസ്യയും ജ്ഞാനവും—താങ്കളുടെ സാധനയും ആരാധനയും എല്ലാം ഭ്രമമാണ്. സത്യത്തിൽനിന്നു് അവയ്ക്കു് കാതം ദൂരമുണ്ട്. താങ്കൾ സ്വന്തം തൃപ്തിക്കുവേണ്ടി ഗൃഹസ്ഥാശ്രമത്തിൻെറ വിഘ്നങ്ങളിൽനിന്നു് സന്യാസത്തിൻെറ പകൽവേഷമണിഞ്ഞുകൊണ്ട് ലോകത്തെ കബളിപ്പിക്കാൻ ഭീരുത്വത്തോടുകൂടി മുഖം തിരിച്ചുകളയാം. സ്വന്തം ഹൃദയവാസനകളെ തൃപ്തിപ്പെടുത്താൻ എന്നെ വഞ്ചിക്കാം. എന്നിട്ടും പ്രേമത്തിൻെറ മന്ത്രം ഉരുവിടുകയാണ്."

കുമാരഗിരിക്ക് ഈ അപമാനം അസഹ്യമായിത്തീന്നു. അയാൾ എഴുന്നേററു: "പോകൂ നത്തകീ! എനിക്കു് നിന്നെ ആവശ്യമില്ല. നീ എന്നെ അധ:പതിപ്പിച്ചു. ഇപ്പോൾ എന്നെ ഉദ്ധരിക്കുകയാണ്! നീ എന്നെ പരാജയപ്പെടുത്തി. ഞാൻ നിന്നെയും പരാജയപ്പെടുത്തി. നീ എന്നോട് എന്തു പറയുന്നു? ആദ്യമായി നിന്നെത്തന്നെ നോക്കുക. നിൻെറ മുഖത്തു സ്ഫുരിക്കുന്ന മൃഗീയതയുടെ നിഴലാട്ടം കാണാൻ നിനക്കു കണ്ണില്ല. അതു ഞാൻ കാണുന്നുണ്ട്. പോകൂ. നിന്നോടുകൂടി നിൻെറ ശാപത്തേയും എടുത്തുകൊണ്ടു പൊയ്ക്കോൾക"—കുമാരഗിരി ആവേശത്താൽ വിറച്ചുകൊണ്ട് ആശ്രമത്തിനു പുറത്തിറങ്ങി.

## അദ്ധ്യായം ഇരുപത്തൊന്നു്

മൃത്യുഞ്ജയൻെറ ഗൃഹത്തിൽനിന്നു് മടങ്ങിവന്നു് ശ്വേതാങ്കൻ ബീജഗുപ്തനോടു പറഞ്ഞു—"യോഗി കുമാരഗിരിയുടെ ശിഷ്യൻ വിശാലദേവൻ എന്നെ കണ്ടുമുട്ടി. ചിത്രലേഖയ്ക്കു സുഖമാണെന്നും അവരുടെ ആരോഗ്യസ്ഥിതി നന്നായിരിക്കുന്നുവെന്നും അയാൾ പറഞ്ഞു."

ബീജഗുപ്തൻ അതിന്നു സമാധാനമൊന്നും പറഞ്ഞില്ല. ശ്വേതാങ്കൻ വീണ്ടും ചോദിച്ചു—"ഞാൻ സ്വാമിനിയെ ചെന്നു കണ്ടുവരുന്നതു ഉചിതമായിരിക്കുകയില്ലേ?"

"ഇല്ല"—ബീജഗുപ്തന്നു വിശേഷിച്ചു താല്പര്യമൊന്നുമില്ലാത്തതായി ശ്വേതാങ്കൻ കണ്ടു. അയാൾക്കു ശങ്ക ജനിച്ചു. അയാൾ അവിടെനിന്നു് പൊയ്ക്കളഞ്ഞു.

പാടലീപുത്രത്തിൽ വന്നതിന്നുശേഷവും ബീജഗുപ്തന്റെ മനഃക്ലേശം നീങ്ങിയില്ല. നേരെമറിച്ചു് അതു വർദ്ധിച്ചതേയുള്ളു. അയാളുടെ ഹൃദയത്തിൽ രണ്ടു വിഭിന്നാഭിപ്രായങ്ങളുടെ ദ്വന്ദ്വയുദ്ധം നടന്നുകൊണ്ടിരുന്നു. രണ്ടു സ്ത്രീരൂപങ്ങൾ അയാളുടെ കണ്മുമ്പിൽ നിലകൊണ്ടു. ചിത്രലേഖയുടെ വേർപാടു് അയാളുടെ ഹൃദയത്തിൽ ഒരു അന്തരാളം സൃഷ്ടിച്ചതായി തോന്നി. അതു് അയാൾക്കസഹ്യമായിത്തീൎന്നു. എന്നാൽ അതിൻെറ സ്ഥാനത്തു് യശോധര കടന്നുവന്നു. ഇപ്പോൾ അയാൾ യശോധരയെ സ്വായത്തമാക്കാനാഗ്രഹിച്ചു—അവളെ വിവാഹം കഴിക്കാൻ—എന്നാൽ മുമ്പു് ഒരു തവണ അയാൾ യശോധരയെ തിരസ്കരിച്ചു. ഇനി മൃത്യുഞ്ജയനോടു് യശോധരയെ വീണ്ടും ആവശ്യപ്പെടുന്നതു് അയാളെസ്സംബന്ധിച്ചേടത്തോളം ഒരു വലിയ പരാജയമായിരിക്കും. ആ പരാജയമേല്ക്കാൻ ബീജഗുപ്തൻ തയ്യാറല്ലായിരുന്നു.

ബീജഗുപ്തൻ മൗര്യസാമ്രാജ്യത്തിലെ സേനാവിഭാഗത്തിൽ ഒരു അംഗമായിരുന്നു. പാടലീപുത്രത്തിൽ വന്നശേഷം രാജ്യകാര്യങ്ങളിൽ അയാളുടെ ശ്രദ്ധ പതിഞ്ഞില്ല.

ബീജഗുപ്തൻെറ ഹൃദയത്തിൽ നടന്നുകൊണ്ടിരുന്ന കോലാഹലം ഒരു ക്ഷണികമായ വിരക്തിയുടെ പ്രതീതിയെ വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. അയാൾ ഗൃഹംവിട്ടു പുറത്തിറങ്ങാതായി. നഗരത്തിലെ ആ വമ്പിച്ച ജനരവം, ഉത്സവങ്ങൾ, ആനന്ദാഘോഷങ്ങൾ എല്ലാം അയാളെ ദംശിച്ചു.

ഇന്നു് ശ്വേതാങ്കൻ ചിത്രലേഖയെക്കുറിച്ചു് സംസാരിച്ചു് ബീജഗുപ്തൻെറ ഹൃദയത്തിൽ വീണ്ടും ഒരസ്വാസ്ഥ്യത സൃഷ്ടിച്ചു. അന്നുരാത്രി അയാൾക്കു് ഉറക്കം വന്നില്ല. ചി

ത്രലേഖ സന്തുഷ്ടയാണു്. ആരോഗ്യവതിയാണു്. എന്നാൽ ബീജഗുപ്തൻ ദുഃഖിതനായിരിക്കുന്നു. എന്തൊരു വ്യത്യാസം!—എന്തൊരു ഭ്രമം! എന്നാൽ പരാജയപ്പെട്ടാലും ശരി, യശോധരയെ വിവാഹം കഴിക്കുകതന്നെ വേണം. തന്റെ ജീവിതത്തിലെ ശൂന്യതയെ ഇല്ലായ്മചെയ്തു് തനിക്കും ജീവിക്കുകതന്നെ വേണം.

ബീജഗുപ്തന്റെ സ്വരത്തിലും ഭാവത്തിലും ചിത്രലേഖയോട്ട തെളിഞ്ഞുകണ്ട ഉദാസീനതയിൽ ശ്വേതാങ്കൻ ഇന്നാദ്യമായാണു് ഒരു വിശേഷവസ്തുത കണ്ടെത്തിയതു്. ഇത്രകാലവും അയാൾ അതു കാണാൻ ശ്രമിക്കുകപോലും ചെയ്തില്ല. അന്നുരാത്രി ശ്വേതാങ്കനും ഉറക്കം വന്നില്ല.

നേരം പ്രഭാതമായി. അന്നു ബീജഗുപ്തൻ വളരെ പ്രസന്നനായിരുന്നു. മൃത്യുഞ്ജയനോട്ടു് യശോധരയുടെ വിവാഹകാര്യത്തെപ്പറ്റി സംസാരിക്കാൻതന്നെ അയാൾ തീച്ച്പ്പെട്ടത്തി. അയാൾ പുറത്തുപോയി. അയാളുടെ മുഖത്തു് ഇന്നാദ്യമായാണു് ആ പഴയ നൈസർഗ്ഗികമായ പുഞ്ചിരി കളിയാടിയതു്. പ്രാതഭക്ഷണം കഴിഞ്ഞു് അയാൾ ആസനസ്ഥനായി. ശ്വേതാങ്കൻ അവിടെയില്ലായിരുന്നു. പരിചാരികയെക്കൊണ്ടു് അയാൾ ശ്വേതാങ്കനെ വിളിപ്പിച്ചു.

ശ്വേതാങ്കൻ വന്നു. അയാളുടെ മുഖം വിളറിയിരുന്നു—എന്തോ ഒരഗാധമായ ചിന്ത അയാളെ പീഡിപ്പിച്ചുകൊണ്ടിരുന്നുവെന്നു് വ്യക്തമായിരുന്നു. ബീജഗുപ്തൻ ചോദിച്ചു: "ശ്വേതാങ്കാ! നിനക്കു് സുഖമില്ലേ?"

ശ്വേതാങ്കൻ ശിരസ്സുകുനിച്ചുകൊണ്ടു് ഉത്തരം പറഞ്ഞു: "സ്വാമീ! സുഖക്കേടൊന്നുമില്ല. എന്നാൽ മനസ്സിനു് അത്ര സ്വൈരതയില്ല."

"എന്താണു് സംഗതി?"

ശ്വേതാങ്കൻ അല്പനേരം മൗനമായിനിന്നു. അതിനുശേഷം അയാൾ തലയുയർത്തി—"സ്വാമീ! താങ്കൾക്കു് എന്നോട്ടു് ഇത്ര കൃപയുണ്ടല്ലൊ — താങ്കൾക്കു മാത്രമേ എനിക്കെന്തെങ്കിലും നന്മ ചെയ്യാൻ കഴിയൂ."

ബീജഗുപ്തൻ ചിരിച്ചു — "നിനക്കറിയാമല്ലൊ, ശ്വേതാങ്കാ, നീ എനിക്കു സഹോദരതുല്യനാണെന്നു്. എന്നാൽ കഴിയുന്നതൊക്കെ ചെയ്യാൻ ഞാൻ തയ്യാറാണു്."

"അതു് എനിക്കറിയാം. അതുകൊണ്ടാണു് എനിക്കു് അങ്ങയോടു് അപേക്ഷിക്കാൻ ധൈര്യമുണ്ടായതു്. സ്വാമീ! ഞാൻ സാമന്തമൃത്യുഞ്ജയന്റെ പുത്രി യശോധരയെ പാണിഗ്രഹണം ചെയ്യാനാഗ്രഹിക്കുന്നു!"

ബീജഗുപ്തൻ ഞെട്ടിപ്പോയി. അയാൾക്കു് ആയിരം തേളുകൾ ഒരുമിച്ചു തന്നെ ദംശിച്ചതുപോലെ തോന്നി. കുറച്ചുനേരം അയാൾ ഇതികർത്തവ്യതാമൂഢനായി ശ്വേതാങ്കനെ നോക്കി ഇരുന്നുപോയി — "എന്തു പറഞ്ഞു? നീ യശോധരയെ പാണിഗ്രഹണം ചെയ്യാൻ ആഗ്രഹിക്കുന്നുവെന്നോ? അതിന്നു് എന്റെ സഹായം എന്തിന്നാണു്?"

"സ്വാമീ! അവിടന്നാണു് ഈ ആലോചനയെ മൃത്യുഞ്ജയന്റെ മുമ്പാകെ അവതരിപ്പിക്കേണ്ടതു്."

"മൃത്യുഞ്ജയൻ യശോധരയുടെ പാണിഗ്രഹണത്തിന്റെ കാര്യം എന്നോടു മുമ്പുതന്നെ ആലോചിച്ചിട്ടുണ്ടെന്ന വിവരം നിനക്കറിയാമല്ലൊ ശ്വേതാങ്കാ! അപ്പോൾ ചിത്രലേഖ നിമിത്തം ഞാൻ ആ ആലോചനയെ നിരസിച്ചു. ചിത്രലേഖ എന്നെ ഉപേക്ഷിച്ചു പോയതും നിനക്കറിയാം. ഇപ്പോൾ ഞാൻ യശോധരയിൽ വളരെ ആകൃഷ്ടനായിരിക്കുകയാണു്."

"അതു് എനിക്കറിയാം സ്വാമീ! എന്നാൽ അവിടത്തെ ഹൃദയത്തിൽ യശോധരയുടെ പാണിഗ്രഹണം സംബന്ധിച്ച പ്രശ്നം ഉത്ഭവിക്കുമെന്നു് എനിക്കു് അറിയുകയില്ലായിരുന്നു."

"ഇല്ല. നീ പറയുന്നതു് സാദ്ധ്യമല്ല. ഞാൻ യശോധരയെ പ്രേമിച്ചുതുടങ്ങിയിരിക്കുന്നു — ഇന്നു രാത്രിയാണു് ഞാൻ യശോധരയെ വിവാഹം കഴിക്കണമെന്ന കാര്യം തീരുമാനിച്ചതു്." ബീജഗുപ്തനു ദേഷ്യം വന്നു. അയാളുടെ സ്വരം ഗംഭീരമായി — "ശ്വേതാങ്കാ നീ എന്നോടു് എന്തു ചെയ്യാനാണു് ആവശ്യപ്പെടുന്നതു്? ഈ വേദനയും ഈ ദുഃഖവും ഈ അസ്വാസ്ഥ്യതയുമൊക്കെ എനിക്കു മതിയാവുക

യില്ലേ? ഞാൻ എൻെറ ജീവിതത്തെ നശിപ്പിക്കണമെന്നാണോ നീ വിചാരിക്കുന്നതു്? ഇല്ല ശ്വേതാങ്കാ! ഇല്ല. ഇത സാദ്ധ്യമാണു്. ഞാൻ യശോധരയെ വിവാഹം കഴിക്കുക തന്നെ ചെയ്യും. ഇതു നീ മനസ്സിലാക്കിക്കൊള്ളുക."

ശ്വേതാങ്കൻെറ കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു. അയാൾ ബീജഗുപ്തൻെറ മുമ്പിൽ കൈ കൂപ്പി — "സ്വാമീ! എനിക്കു മാപ്പുതരണം. ഞാൻ അപരാധിയാണു്. എനിക്കു മാപ്പു തരണം! ഞാൻ എൻെറ അധികാരസീമയെ അതിലംഘിച്ചു. ക്ഷമിക്കണം. സ്വാമീ അവിടന്നു് ഒരു വിശാലഹൃദയനാണു് — അവിടന്നു് ഒരു ആദശ്പുരുഷനാണു്. എന്നോടു് അവിടന്നു് ക്ഷമിക്കണം."

ബീജഗുപ്തൻ ഉറക്കെ നിലവിളിച്ചു — "എന്നെ ഭ്രാന്തനാക്കാതിരിക്കു ശ്വേതാങ്കാ! പോവുക. ഇവിടെനിന്നും പോവുക! ഞാൻ നിന്നോടു് അപേക്ഷിക്കുകയാണു്. നീ ഇവിടെനിന്നു് പോവുക!"

ശ്വേതാങ്കൻ അവിടെനിന്നു പതുക്കെപ്പതുക്കെ നടകൊണ്ടു.

ബീജഗുപ്തൻ കൈകൊണ്ടു തലയിലടിച്ചു — "ഹായ് വിധി!" അയാൾ തന്നെത്താൻ ഇരുന്നു പുലമ്പി. "ഇല്ല! ഇല്ല! ശ്വേതാങ്കാ! ഇതസാദ്ധ്യമാണു്. ഞാൻ വിവാഹം കഴിക്കും— ഞാൻ വിവാഹം കഴിക്കും! എനിക്കു് സുഖമായി ജീവിക്കാൻ അവകാശമില്ലേ?"

ബീജഗുപ്തൻ എഴുന്നേററു: "ഞാൻ ഇപ്പോൾതന്നെ പോകും. എൻെറ തീരുമാനത്തെ തടയാൻ ആക്കും സാദ്ധ്യമല്ല. യശോധരയെ ഞാൻ വിവാഹം കഴിക്കുമെന്നു തീരുമാനിച്ചുകഴിഞ്ഞു. ഇനി ആ നിശ്ചയത്തെ മാററുക അസാദ്ധ്യമാണു്." — ബീജഗുപ്തൻ രഥം കൊണ്ടുവരാൻ ആജ്ഞാപിച്ചു.

അയാൾ വീണ്ടും ആലോചന തുടങ്ങി: 'ശ്വേതാങ്കൻ! അവനു യശോധരയെ പ്രേമിക്കാൻ എന്തധികാരമാണു്? ഞാൻ യശോധരയിലാകൃഷ്ടനായിരിക്കുന്ന വിവരം അവനറി

ഞ്ഞുകൂടെ?' — ബീജഗുപ്തൻെറ ശരീരം വെന്തെരിയുന്നപോലെ തോന്നി. അയാളുടെ തൊണ്ട വരണ്ടു. അയാൾ ഒരു പാത്രം തണുത്ത ജലം കുടിച്ചു. അയാളുടെ കോപം ശാന്തമായി. മസ്തിഷ്കം തണുത്തു — 'എന്നാൽ ഇതിൽ ശ്വേതാങ്കൻെറ തെറെറന്താണ്? അവൻ പ്രേമിക്കുക എന്നതു സ്വാഭാവികമാണ്. യുവാവ്. രക്തവും മാംസവുമുണ്ട്. എല്ലാ നൈസർഗ്ഗിക പ്രേരണകളുമുണ്ട്. പോരെങ്കിൽ എനിക്ക് ചിത്രലേഖയോടുണ്ടായിരുന്ന പ്രേമം നാമാവശേഷമായിപ്പോയെന്നു് അവനു് എങ്ങിനെ അറിയാം?'

ബീജഗുപ്തൻെറ ചിന്ത തകിടം മറിഞ്ഞു — 'എനിക്ക് ചിത്രലേഖയോടുള്ള പ്രേമം നശിച്ചുപോയോ? എന്തുകൊണ്ട്? ഒരു സ്ത്രീയെ പ്രേമിച്ചിട്ട് ഇപ്പോൾ മറെറാരു സ്ത്രീയെ പ്രേമിക്കുന്ന ഞാൻ എത്ര ദുർബ്ബലനാണ്? വാസ്തവത്തിൽ പ്രേമം അസ്ഥിരമാണോ?'

ബീജഗുപ്തൻ ഒരു വലിയ കീറാമുട്ടിയിൽ അകപ്പെട്ടു. പ്രേമം സ്ഥിരമാണെന്നു സമ്മതിക്കാൻ അയാൾ തയ്യാറല്ലായിരുന്നു — അയാൾ ഇക്കാര്യം സ്വയം അനുഭവിച്ചറിയുകയായിരുന്നെങ്കിലും — 'ഇല്ല, പ്രേമം അസ്ഥിരമല്ലേ? പിന്നെന്തിനാണ് ഞാൻ ഇതൊക്കെ ചെയ്യാൻ ഒരുമ്പെടുന്നതു്? ചിത്രലേഖയോടു പ്രതികാരം ചെയ്യാനോ? അല്ല!' — ചിത്രലേഖയെസ്സംബന്ധിച്ചു് അയാളുടെ ഹൃദയത്തിൽ അഭിപ്രായഭേദമൊന്നുമില്ല.

രഥം വന്നു. ബീജഗുപ്തൻ യശോധരയുടെ ഗൃഹത്തിലേക്കു യാത്രയായി. എന്നിട്ടും അയാളുടെ വിചാരശൃംഖലകൾ ഭംഗം വന്നില്ല — 'ഇതാണോ സംയമത്തിൻെറ അർത്ഥം? ലോകത്തു് സ്വാർത്ഥതയാണോ വലുതു്? അങ്ങിനെയായാൽ മനുഷ്യനും മൃഗത്തിനും തമ്മിൽ എന്താണു് ഭേദം? ഓരോ പ്രാണിയും തനിക്കുവേണ്ടി ജീവിക്കുന്നു. ഓരോ മനുഷ്യനും സ്വാർത്ഥതയുടെ പ്രേരണകൊണ്ടു പ്രവർത്തിക്കുന്നു. പിന്നെ എനിക്കും ലോകത്തെ മററു ജന്തുക്കൾക്കും തമ്മിൽ എന്താണ് വ്യത്യാസം! ഞാൻ യശോധരയെ വിവാഹം കഴിച്ചാൽ എന്തായിരിക്കും ഫലം? ഒരു വ്യക്തിയുടെ ജീവിതം നഷ്ടമാകും — ആ വ്യക്തിയോ? എനിക്കു സഹോദരതുല്യനായ

ശ്വേതാങ്കൻ! എൻെറ സിദ്ധാന്തംമൂലം ഞാൻതന്നെ അധഃപതിക്കും. എനിക്കു യശോധരയെ പ്രേമിക്കാൻ കഴിയുമോ? ഞാൻ ഇപ്പോഴും ക്ലേശമനുഭവിക്കുകയാണ്. എന്നാൽ എന്റെ ദുഃഖത്തെ അകററാൻ യശോധരയെ വേണമെങ്കിൽ വിവാഹം കഴിക്കാം. എന്നാൽ ഭാവിയിൽ? ഇല്ല! എനിക്കു വിവാഹിതനാവാൻ അധികാരമില്ല. ശ്വേതാങ്കൻെറ ജീവിതം ദുഃഖപൂർണ്ണമാക്കാൻ എനിക്കു യാതൊരവകാശവുമില്ല. ഞാൻ എന്റെ മാർഗ്ഗം നിർണ്ണയിച്ചു കഴിഞ്ഞു. ഞാൻ നല്ല വണ്ണമാലോചിച്ചു. ഇനി എൻെറ കാര്യം സഫലമായാലും വിഫലമായാലും എനിക്കു സുഖമായാലും ദുഃഖമായാലും എന്റെ ആ മാർഗ്ഗത്തെ അവലംബിച്ചുതന്നെ കഴിയണം. അന്യരുടെ സുഖത്തിനു ബാധകമാകുന്നതു് സ്വന്തം സുഖത്തിലുള്ള മോഹംകൊണ്ടു കാണിക്കുന്ന ഭീരുത്വമാണ്. ഞാൻ ചെയ്തതു് അന്യായമാണ്. അന്യരോടും എന്നോടും. സുഖവും ദുഃഖവും രണ്ടും നമ്മുടെ പങ്കാണ് — അവ രണ്ടിനേയും സധൈര്യം നേരിടുക എന്നതത്രെ നമ്മുടെ കർത്തവ്യം."

രഥം മൃത്യുഞ്ജയൻെറ ഗൃഹത്തിലെത്തിച്ചേർന്നു. ബീജഗുപ്തൻ മൃത്യുഞ്ജയനെ താൻ വന്ന വിവരമറിയിച്ചു. മൃത്യുഞ്ജയൻ പുറത്തുവന്നു. കുശലപ്രശ്നങ്ങൾക്കുശേഷം മൃത്യുഞ്ജയൻ ചോദിച്ചു: "ആര്യബീജഗുപ്തൻ ഇപ്പോൾ എൻെറ ഗൃഹത്തെ പവിത്രമാക്കാനുണ്ടായ കാരണമെന്താണാവോ?"

ബീജഗുപ്തൻ അല്പനേരം ആലോചിച്ചു പറഞ്ഞു: "ആര്യമൃത്യുഞ്ജയാ! ഞാൻ താങ്കളുടെ പുത്രിയുടെ വിവാഹം സംബന്ധിച്ചു് ഒരു ആലോചനയുമായി വന്നിരിക്കുകയാണ്."

മൃത്യുഞ്ജയൻെറ മുഖത്തു് ഒരു പുഞ്ചിരി തെളിഞ്ഞു: "ആര്യബീജഗുപ്താ! പറഞ്ഞാലും!" ബീജഗുപ്തനു് മൃത്യുഞ്ജയൻെറ പുഞ്ചിരിയുടെ അർത്ഥം മനസ്സിലായി. അയാളും പുഞ്ചിരിതൂകി — "മൃത്യുഞ്ജയാ ഇതിൽ എന്നെസ്സംബന്ധിച്ച കാര്യങ്ങൾ യാതൊന്നുമില്ല. എന്നെസ്സംബന്ധിച്ച കാര്യം ഞാൻ നേരത്തെതന്നെ താങ്കളോടു പറഞ്ഞിട്ടുണ്ടു്. താങ്കൾ താങ്കളുടെ കന്യകയെ ശ്വേതാങ്കനു വിവാഹം കഴിപ്പിച്ചുകൊടുക്കണം എന്ന ആലോചനയുമായാണ് ഞാൻ വന്നിരിക്കുന്നതു്. ശ്വേതാങ്കൻ സുന്ദരനാണ്. കുലീനനാണ്. അ

യാൾക്കു് വേണ്ടുവോളം വിദ്യയുണ്ടു്. സംസ്കാരസമ്പന്നനുമാണു്. അയാൾ വാസ്തവത്തിൽ താങ്കളുടെ പുത്രിക്കു് അനുരൂപനായ വരനായിരിക്കും.''

ഈ ആലോചനയെക്കുറിച്ചു് മൃത്യുഞ്ജയനു അത്യന്തം ആശ്ചര്യം തോന്നി. അദ്ദേഹം കരുതിയതു് ബീജഗുപ്തൻ യശോധരയെ അയാൾക്കായിത്തന്നെ ആലോചിക്കുമെന്നായിരുന്നു — ശ്വേതാങ്കനായി ഈ ആലോചനയുണ്ടായതിനെപ്പററി ആമർശിച്ചു് മൃത്യുഞ്ജയനു് ഉടനെ ഒന്നും പറയാൻ കഴിഞ്ഞില്ല. കുറച്ചുനേരം മൗനമവലംബിച്ചിരുന്നിട്ടു് അദ്ദേഹം ഇങ്ങനെ തുടർന്നു: "ആര്യബീജഗുപ്താ! ശ്വേതാങ്കൻ യോഗ്യനാണു്. എന്നാൽ അയാൾ ഒരു ധനികൻെറ പുത്രനല്ല. അയാൾ നിർദ്ധനനാണു്. അതുകൊണ്ടു് ശ്വേതാങ്കനെസ്സംബന്ധിച്ചിടത്തോളം ഇക്കാര്യം പര്യാലോചിക്കാൻ ഞാൻ സമർത്ഥനല്ല."

ബീജഗുപ്തനു് അത്ഭുതം തോന്നി — "എന്നാൽ ആര്യമൃത്യുഞ്ജയാ! താങ്കൾ അളവററ ധനസഞ്ചയത്തിനധിപനാണു്. താങ്കൾക്കു് യശോധരയല്ലാതെ മററു സന്താനങ്ങളുമില്ലല്ലൊ."

മൃത്യുഞ്ജയൻ ചിരിച്ചു — "ആര്യബീജഗുപ്താ! എൻെറ ധനത്തിൽ എൻെറ മകൾക്കവകാശമൊന്നുമില്ല. അതിന്റെ അവകാശം എൻെറ ദത്തുപുത്രനായിരിക്കും. ആര്യബീജഗുപ്താ! താങ്കൾ എന്തുകൊണ്ടു് യശോധരയെ വിവാഹം കഴിച്ചുകൂടാ?"

"ഇല്ല. ഞാൻ വിവാഹം കഴിക്കുകയില്ല. ആര്യമൃത്യുഞ്ജയാ! ശ്വേതാങ്കനുമായി യശോധരയുടെ വിവാഹം നടത്തുക തികച്ചും അസാദ്ധ്യമാണോ?''

മൃത്യുഞ്ജയൻ മന്ദസ്വരത്തിൽ പറഞ്ഞു: "അതെ, ആര്യബീജഗുപ്താ! ശ്വേതാങ്കൻ യോഗ്യനും കുലീനനുമായ വരനാണെന്നു് എനിക്കറിയാമെങ്കിലും അയാൾ നിർദ്ധനനായിരിക്കുന്ന കാലത്തോളം ഞാൻ അയാൾക്കു യശോധരയെ വിവാഹം ചെയ്യിച്ചുകൊടുക്കുകയില്ല.''

ബീജഗുപ്തൻ കുറച്ചുനേരം എന്തോ ആലോചിച്ചിട്ടു പറഞ്ഞു: "ആര്യമൃത്യുഞ്ജയാ! ഞാൻ ശ്വേതാങ്കനെ എന്റെ ദത്തുപുത്രനായി സ്വീകരിച്ചിരിക്കുകയാണ്. അപ്പോൾ അയാൾ എൻെറ സ്വത്തിനവകാശിയാകും. അങ്ങിനെയായാൽ താങ്കൾക്കു യാതൊരു ഹാനിയും വരാനില്ല."

"ഇല്ല, ആര്യബീജഗുപ്താ! ഇതസാദ്ധ്യംതന്നെയാണ്. താങ്കൾക്ക് ഇപ്പോൾ അത്ര പ്രായക്കൂടുതലൊന്നുമില്ലല്ലൊ. താങ്കൾ അനതിദൂരഭാവിയിൽത്തന്നെ വിവാഹം കഴിക്കാനിടയുണ്ട്. അപ്പോൾ താങ്കളുടെ പുത്രനായിരിക്കും താങ്കളുടെ സ്വത്തിനവകാശി."

"ആര്യമൃത്യുഞ്ജയാ! താങ്കൾ പറയുന്നതു ശരിയാണ്. ഞാൻ ഇപ്പോൾ വിവാഹം കഴിക്കാനുദ്ദേശിക്കുന്നില്ലെങ്കിലും മനുഷ്യബുദ്ധി എങ്ങിനെയാണ് മാറുന്നതെന്നു് ആർക്കറിയാം? എങ്കിലും ശ്വേതാങ്കനും യശോധരയും തമ്മിലുള്ള വിവാഹം നടക്കണമെന്നാണ് ഞാനാഗ്രഹിക്കുന്നതു്. ഈ വിവാഹം മൂലം രണ്ടുപേരുടേയും ജീവിതം സുഖപൂർണ്ണമാകും! ഇതിനുവേണ്ടി ഞാൻ അങ്ങേയററം ത്യാഗമനുഷ്ഠിക്കാൻ തയ്യാറാണ്. ആര്യമൃത്യുഞ്ജയാ! ഞാൻ എൻെറ സ്വത്തു മുഴുവൻ ശ്വേതാങ്കനു ദാനം ചെയ്യുന്നു!"

മൃത്യുഞ്ജയനു് ആകാശത്തിൽനിന്നു ഭൂമിയിൽ വന്നുവീണതുപോലെ തോന്നി—"ആര്യബീജഗുപ്താ! താങ്കൾ എന്താണു പറയുന്നതെന്നു് താങ്കൾക്കുതന്നെ അറിഞ്ഞുകൂടാ. താങ്കളുടെ ബുദ്ധി നിയന്ത്രണാധീനമല്ല."

"താങ്കൾ എന്നെപ്പററി ക്ലേശിക്കേണ്ട ആവശ്യമില്ല—ഞാൻ താങ്കളുടെ മുമ്പിൽവെച്ചു പറഞ്ഞുകഴിഞ്ഞു, ഞാനെൻെറ സമ്പത്തു മുഴുവൻ ശ്വേതാങ്കനു ദാനം ചെയ്യുമെന്നു്. അതിനു് താങ്കൾ തന്നെ സാക്ഷിയാണ്. സാമന്തപദവിയാണെങ്കിൽ അതിനു് സാമ്രാട്ടിൻെറ ഉത്തരവു വേണ്ടിയിരിക്കുന്നു. ഇന്നുതന്നെ ഞാൻ സാമ്രാട്ടിനെ കണ്ടു് അതിനേപ്പാടു ചെയ്യാം. ഇനി താങ്കൾക്കു യാതൊന്നും ശങ്കിക്കാനില്ല."

മൃത്യുഞ്ജയൻ കണ്ണുരുട്ടിമിഴിച്ച് ബീജഗുപ്തനെ നോക്കി നിന്നു: "ഞാൻ വീണ്ടും താങ്കൾക്ക് അവസരം തരുന്നു. താങ്കളുടെ ആലോചന ഞാൻ സ്വീകരിച്ചു കഴിഞ്ഞാൽ പിന്നെ താങ്കൾക്ക് അതിൽനിന്നു വ്യതിചലിക്കാൻ സാദ്ധ്യമല്ല."

ബീജഗുപ്തൻ ഓരോ വാക്കും ഊന്നിയൂന്നിപ്പറഞ്ഞു: "ആര്യമൃത്യുഞ്ജയാ! ഞാൻ പറഞ്ഞതുപോലെതന്നെ പ്രവർത്തിക്കും. ഞാൻ മനുഷ്യനാണ്. വാഗ്ദാനത്തെ ലംഘിക്കാൻ എനിക്കറിഞ്ഞുകൂടാ."

"എന്നാൽ താങ്കളുടെ ആലോചന ഞാൻ സ്വീകരിച്ചിരിക്കുന്നു" — ഗദ്ഗദസ്വരത്തിൽ മൃത്യുഞ്ജയൻ പറഞ്ഞു."

ബീജഗുപ്തൻ എഴുന്നേററു: "ദാനപത്രത്തിനും സാമന്തപദവിക്കുവേണ്ട വാറോലയ്ക്കും ഇന്നുതന്നെ ഏർപ്പാടു ചെയ്യാം — ഇനി വൈകേണ്ട കാര്യമില്ല. വിവാഹത്തീയതി താങ്കൾതന്നെ നിശ്ചയിച്ചാലും!" മൃത്യുഞ്ജയൻ എഴുന്നേററു കൊണ്ടു പറഞ്ഞു: "ആര്യബീജഗുപ്താ! ഞാൻ ലോകം മുഴുവൻ കണ്ടിട്ടുണ്ട്. ഞാൻ പറയുന്നു, താങ്കൾ മനുഷ്യനല്ല; ദേവനാണ്" — മൃത്യുഞ്ജയൻെറ കണ്ണുകളിൽ നിന്നു കണ്ണുനീർ വാർന്നൊഴുകി.

ബീജഗുപ്തൻ ഗൃഹത്തിൽ മടങ്ങിയെത്തി. അയാൾ ശ്വേതാങ്കൻെറ അറയിൽ ചെന്നു. ശ്വേതാങ്കൻ ഉറങ്ങുകയായിരുന്നു. അയാളുടെ കിടക്ക കണ്ണുനീർകൊണ്ടു നനഞ്ഞിരുന്നു. കണ്ണുകളിൽ കണ്ണുനീർ അപ്പോഴും ഉണങ്ങിക്കഴിഞ്ഞിരുന്നില്ല. ബീജഗുപ്തൻ ശ്വേതാങ്കനെ ഉണർത്തി. ശ്വേതാങ്കൻ എഴുന്നേററു: "സ്വാമീ! എന്താണു അവിടത്തെ ആജ്ഞ?"

"ഇനി എന്നെ 'സ്വാമീ' എന്നു വിളിക്കേണ്ടതില്ല, സാമന്ത ശ്വേതാങ്കാ!" — ശ്വേതാങ്കൻ വിസ്ഫാരിതനേത്രങ്ങളോടെ ബീജഗുപ്തനെ നോക്കിപ്പറഞ്ഞു: "അവിടന്ന് എന്താണു പറയുന്നതു്?"

"ഞാൻ സത്യമാണ് പറഞ്ഞതു ശ്വേതാങ്കാ! കേൾക്കുക! ഞാൻ ആര്യമൃത്യുഞ്ജയനെ കണ്ടു് നിൻെറ വിവാഹ

ത്തിനു് ഏർപ്പാടുചെയ്യു — അദ്ദേഹം കുറച്ചു വിസമ്മതം പ്രകടിപ്പിച്ചു. ഒടുവിൽ ഞാൻ അദ്ദേഹത്തിൻെറ മുമ്പിൽവച്ചു് എൻെറ പദവിയും ധനവും നിനക്കു ദാനം ചെയ്യു. ഇനി യശോധരയെ നിനക്കു വിവാഹം ചെയ്യിച്ചുതരാൻ അദ്ദേഹത്തിനു യാതൊരു വിസമ്മതവുമില്ല.''

ശ്വേതാങ്കൻ കുറച്ചുനേരം ഇതികർത്തവ്യതാമൂഢനായി ബീജഗുപ്തനെ നോക്കിനിന്നു — അയാൾ വാവിട്ടു കരഞ്ഞുപോയി— "ഇല്ല സ്വാമീ! ഇല്ല! ഇതു് എനിക്കു സ്വീകരിക്കാൻ സാദ്ധ്യമല്ല. ഞാൻ എന്തൊരു പാപിയാണു് — സ്വാമീ! എന്നോടു ക്ഷമിക്കണം — ഞാൻ പോകുന്നു. എനിക്കു മാപ്പുതരണം. ഞാൻ അവിടത്തെ ജീവിതത്തെ നശിപ്പിച്ചു. ഈ നരാധമനോടു് താങ്കൾ എന്തിനു ദയ കാണിക്കുന്നു? ഇതു ഞാൻ സ്വീകരിക്കുകയില്ല.'' അയാൾ ബീജഗുപ്തൻെറ പാദങ്ങളിൽ വീണു.

ബീജഗുപ്തൻ ശ്വേതാങ്കനെ എഴുനേല്പിച്ചു — "ശ്വേതാങ്കാ! നടക്കേണ്ടതു നടന്നുകഴിഞ്ഞു. നിനക്കു് എന്നോടു് ലവലേശം സ്നേഹമുണ്ടെങ്കിൽ ഇതു നീ സ്വീകരിക്കണം. ലോകസമക്ഷം എന്നെ ഒരു സത്യവിരോധിയാക്കരുതു്. ഈ പ്രതാപങ്ങളൊക്കെ ഞാൻ വേണ്ടുവോളം അനുഭവിച്ചതാണു്. ഇപ്പോൾ എൻെറ മനസ്സു് അതിൽനിന്നു് വ്യതിചലിച്ചുപോയി. ഈ സുഖസംഭാരങ്ങൾ ഇനി നീ അനുഭവിക്കുക. ഞാൻ നിന്നോടപേക്ഷിക്കുന്നു. വരിക! ദാനപത്രത്തിനും സാമന്തപദവിക്കുള്ള ചക്രവർത്തിയുടെ തിരുവെഴുത്തിനും ഇന്നുതന്നെ ഏർപ്പാടു ചെയ്യണം.''

## അദ്ധ്യായം ഇരുപത്തിരണ്ടു്

ചിത്രലേഖ മടങ്ങിവന്നു. എന്നാൽ അവൾ ബീജഗുപ്തനെ കണ്ടുമുട്ടിയില്ല. ബീജഗുപ്തനെ കാണാൻ അവൾക്കു ധൈര്യമുണ്ടായില്ല. ബീജഗുപ്തൻെറ മുമ്പിൽ അവൾ അപരാധിനിയായിരുന്നു—അതു് അവൾക്കു ബോദ്ധ്യമായി; അവൾ നേരേ തൻെറ ഗൃഹത്തിലേക്കു പോയി.

ചിത്രലേഖ തൻെറ ഐശ്വര്യസമ്പൂർണ്ണമായ ഗൃഹത്തിൽ വ്രതചര്യ തുടങ്ങി. ഈ ജീവിതത്തിൽ അവൾക്കു ശാന്തി തോന്നി. പശ്ചാത്താപാഗ്നിയിൽ വെന്തുനീറാൻ അവൾ സന്തോഷസമേതം തയ്യാറായി. അവൾക്കു തന്നോടുതന്നെ വെറുപ്പു തോന്നി. രാത്രിയും പകലും അവൾ ഇടവിടാതെ ഇരുന്നു കരയാൻ തുടങ്ങി.

അവൾക്കു ബീജഗുപ്തനോടു പ്രേമമായിരുന്നു. ആ പ്രേമം എത്ര അഗാധമായിരുന്നുവെന്നു് അത്രയുംനാളത്തെ വിയോഗത്തിനുശേഷമേ അവൾക്കറിയാൻ കഴിഞ്ഞുള്ളു. എന്നാൽ കുമാരഗിരിയുടെ ഭ്രാന്തിൻെറയും മൂർഖതയുടെയും ഒരു ക്ഷുദ്രനിമിഷത്തിൽ തന്റെ ദേഹത്തെ അയാൾക്കർപ്പിച്ചതുമൂലം അവൾ മാർഗ്ഗഭ്രഷ്ടയായി. ബീജഗുപ്തനെ അവൾ വഞ്ചിക്കാനുദ്ദേശിച്ചിരുന്നില്ല. ബീജഗുപ്തനിൽ അവൾക്കുണ്ടായിരുന്ന പ്രേമം അത്ര ശക്തിമത്തായിരുന്നു. അവൾ അപരാധം ചെയ്തു. ആ അപരാധത്തിൻെറ ഫലമായി അവൾക്കു നിരാശാപൂർണ്ണമായ വേദനയുടെ തീജ്ജ്വാലയിൽ വെന്തെരിയുന്നതു തന്നെ ഇഷ്ടമായിത്തോന്നി. അതിൽ വെന്തെരിയുന്തോറും അവൾക്കു കൂടുതൽ സുഖം തോന്നി. കരയുന്തോറും കൂടുതൽ മനശ്ശാന്തിയും ലഭിച്ചു.

ഇങ്ങനെ ചിത്രലേഖ ഒരു മാസം കഴിച്ചുകൂട്ടി. ഒരു ദിവസം അവൾ കരഞ്ഞുകൊണ്ടിരുന്നപ്പോൾ പരിചാരിക വന്നറിയിച്ചു: "ആര്യശ്വേതാങ്കൻ താങ്കളെ കാണാനാഗ്രഹിക്കുന്നു."

അവൾ പിടഞ്ഞെഴുന്നേററു. ഒരുപക്ഷേ ബീജഗുപ്തൻ അവളെ വിളിപ്പിച്ചതായിരുന്നുവോ? —"എവിടെ? ഞാൻ ഇതാ വരുന്നു."

ശ്വേതാങ്കൻ സൽക്കാരമുറിയിൽ ചിത്രലേഖയെ പ്രതീക്ഷിച്ചിരുന്നു. ചിത്രലേഖയെ കണ്ടപ്പോൾ അയാൾക്കു് അത്യന്തം വിസ്മയമുണ്ടായി. അവളുടെ ശരീരം വിളറിയിരുന്നു. സൗന്ദര്യം വികൃതമായിപ്പോയി. അവളെ തിരിച്ചറിയാൻതന്നെ പ്രയാസമായിരുന്നു: "ദേവീ! ഭവതി എത്ര മാറിപ്പോയിരിക്കുന്നു!"

"ഞാൻ നല്ലപോലെതന്നെ ഇരിക്കുന്നു." എന്നുപറഞ്ഞു് ചിത്രലേഖ ഇരുന്നു.

കുറച്ചുനേരം രണ്ടുപേരും മൗനംപാലിച്ചു. ഒടുവിൽ ചിത്രലേഖ ചോദിച്ചു: "ആര്യബീജഗുപ്തനു കുശലംതന്നെയല്ലേ?"

ശ്വേതാങ്കൻെറ മുഖത്തു് ദുഃഖത്തിൻെറ ഒരു നേരിയ നിഴൽ പരന്നു: "അതെ. അദ്ദേഹത്തിനു ക്ഷേമംതന്നെ. എന്നാൽ അദ്ദേഹത്തിൽ ഒരു വലിയ പരിവൎത്തനം വന്നിരിക്കുന്നു."

"പരിവൎത്തനം സംഭവിച്ചോ?"—ചിത്രലേഖയ്ക്കു കൗതുഹലമായി. "എന്തു പരിവൎത്തനമാണു്? അദ്ദേഹം വിവാഹം കഴിച്ചോ?"

ഒരു വരണ്ടപുഞ്ചിരിയോടുകൂടി ശ്വേതാങ്കൻ പറഞ്ഞു: "ഇല്ല, അദ്ദേഹം വിവാഹം കഴിച്ചില്ല. ഇപ്പോൾ ഞാനാണു വിവാഹം കഴിക്കാൻ പോകുന്നതു്. സാമന്തമൃത്യുഞ്ജയൻെറ പുത്രി യശോധരയുമായി എൻെറ വിവാഹം താമസംവിനാ നടക്കുന്നതാണു്. അതിനു ഭവതിയെ ക്ഷണിക്കാനാണു ഞാൻ വന്നിരിക്കുന്നതു്; എന്നാൽ ആൎയ്യബീജഗുപ്തൻ ഒരു വലിയ ത്യാഗമനുഷ്ഠിച്ചു — അദ്ദേഹം ദേവനാണു്. സാമന്തമൃത്യുഞ്ജയൻ അദ്ദേഹത്തിന്റെ പുത്രിയെ എനിക്കു വേളികഴിപ്പിച്ചുതരാൻ ഇഷ്ടപ്പെട്ടില്ല, ഞാൻ നിൎദ്ധനനായതുകൊണ്ടു്. ആൎയ്യബീജഗുപ്തൻ അദ്ദേഹത്തിന്റെ പദവിയും എല്ലാ സമ്പത്തും എനിക്കു ദാനംചെയ്തു. അദ്ദേഹം പാടലീപുത്രം ഉപേക്ഷിക്കാൻ ഒരുങ്ങിയിരിക്കുകയാണു്. എൻെറ വിവാഹത്തിനുവേണ്ടിയാണു് അദ്ദേഹം കാത്തുനിൽക്കുന്നതു്."

ചിത്രലേഖയുടെ ഹൃദയം അതിവേഗം തുടിച്ചു. കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞു: "ബീജഗുപ്തൻ ഇത്രയും ഒക്കെ ചെയ്തോ? ശ്വേതാങ്കാ! ഇതു് എന്തൊരു വലിയ ത്യാഗമാണെന്നറിയാമോ? ഞാനാണു് ഇതിനു കാരണക്കാരിയെന്നു വരികിലും നിനക്കു് എൻെറ അഭിനന്ദനങ്ങൾ! എന്നാണു വിവാഹം?"

"അടുത്ത ഞായറാഴ്ച. തിങ്കളാഴ്ച സദ്യയുണ്ടു്—അതിൽ ചക്രവൎത്തിയും സാമ്രാജ്യത്തിലെ ഉദ്യോഗസ്ഥന്മാരും സാമ

ന്മാരും സന്നിഹിതരായിരിക്കുന്നതാണ്. ദേവീ! സദൃക്ക ഭവതി തീച്ച്യയായും വരണം.''

ചിത്രലേഖ പറഞ്ഞു: "ശ്വേതാങ്കാ! എനിക്കു മാപ്പുതരണം. ഞാൻ മറെറാരു ദിവസം വരാം. സദൃക്ക വരിക സാദ്ധ്യമല്ല. ഞാൻ ഇപ്പോൾ ഒരു വ്യത്യസ്തജീവിതം നയിച്ചുവരികയാണ്—ആ ഉത്സവത്തിൽ ഞാൻ പങ്കുകൊള്ളുന്നതു് ഔചിത്യപൂർവ്വമായിരിക്കുകയില്ല."

"ദേവീ! ചിത്രലേഖേ! ഭവതി എന്നെ സഹോദരൻ എന്നു് അഭിസംബോധനചെയ്തിട്ടുണ്ടു്. ഇതു് എൻ്റെ അപേക്ഷയാണ്."

"ഞാൻ അസമർത്ഥയാണു ശ്വേതാങ്കാ! എൻ്റെ തീരുമാനം മാറ്റമില്ലാത്തതാണെന്നു് നിനക്കറിയാമല്ലോ. എനിക്കു നിന്നോടു് സഹോദരീനിർവിശേഷമായ സ്നേഹമുണ്ടു്. എന്നാൽ അതു് ഒരു ജ്യേഷ്ഠസഹോദരിയുടെ സ്നേഹമാണ്. ഞാൻ മറെറാരു ദിവസം വരാം."

"ഭവതിയുടെ ഇച്ഛപോലെ. എന്നാൽ ഇനി ഒരു കാര്യം കൂടി പറയാനുണ്ടു്. തിങ്കളാഴ്ച രാത്രിതന്നെ ആര്യ്യബീജഗുപ്തൻ ദേശസഞ്ചാരത്തിനു പുറപ്പെടും. ഭവതി ഒന്നുകൂടി ആലോചിക്കുക!"

"ആര്യ്യബീജഗുപ്തൻ അന്നു രാത്രിതന്നെ പുറപ്പെടുമോ?"—ചിത്രലേഖ കുറച്ചു സംശയിച്ചു; എന്നാൽ ഉത്തരക്ഷണംതന്നെ അവൾ ദൃഢസ്വരത്തിൽ പറഞ്ഞു: "അതുകൊണ്ടു് എനിക്കെന്തു്? എൻെറ നിശ്ചയത്തിനു് ഇളക്കമില്ല."

ശ്വേതാങ്കൻ എഴുന്നേററു: "ഭവതിയുടെ ഇച്ഛ!"

ശ്വേതാങ്കൻെറ വിവാഹം നടന്നു. സദൃക്കു് ചക്രവത്തിയോടുകൂടി മററതിഥികളും സന്നിഹിതരായിരുന്നു. ബീജഗുപ്തൻ എല്ലാപേക്കും സ്വാഗതമരുളി. എല്ലാപേരോടും അയാൾ സുസ്മേരവദനനായി സംഭാഷണം ചെയ്തു. എന്നാൽ അയാളുടെ ഹൃദയം വെന്തുനീറുകയായിരുന്നു. ചിത്രലേഖയുടെ അഭാവം അയാൾക്കു് അത്ര അസഹ്യമായിരുന്നു. പാടലീപുത്രം വിടുന്നതിനുമുമ്പു് ചിത്രലേഖയെ അവസാനമായി ഒരു നോ

ക്കു കാണുവാൻ അയാൾ ആഗ്രഹിച്ചു. എന്നാൽ ചിത്രലേഖ വിവാഹത്തിനു വന്നില്ല.

സദ്യക്കുശേഷം ചക്രവത്തി ശ്വേതാങ്കനു് അഭിനന്ദനങ്ങൾ നൽകി. അയാളെ സാമന്തൻ എന്നു് അഭിസംബോധനചെയ്തു. അദ്ദേഹത്തിൻെറ ദൃഷ്ടി ബീജഗുപ്തനിൽ പതിഞ്ഞു. ബീജഗുപ്തനെ അടുത്തുവിളിച്ചു് അദ്ദേഹം അയാളുടെ കരം ഗ്രഹിച്ചു. ചക്രവത്തി എഴുന്നേററു. അദ്ദേഹത്തോടു കൂടി മററതിഥികളും എഴുന്നേററുനിന്നു. സദസ്സു നിശ്ശബ്ദമായി. ചക്രവത്തി അരുളിച്ചെയ്തു: "ബീജഗുപ്താ! താങ്കൾ ഒരു മഹാത്മാവാണു്. താങ്കൾ അസാദ്ധ്യത്തെ സാദ്ധ്യമാക്കിക്കാണിച്ചുതന്നു. താങ്കൾ മനുഷ്യനല്ല, ദേവനാണു്. ഭാരതവഷ സാമ്രാട്ടായ ചന്ദ്രഗുപ്തമൗര്യൻ താങ്കളുടെ മുമ്പിൽ ഇതാ ശിരസ്സു കുനിക്കുന്നു"—എന്നു പറഞ്ഞു് അദ്ദേഹം ബീജഗുപ്തൻെറ മുമ്പിൽ നമ്രശിരസ്കനായി നിന്നു. അദ്ദേഹത്തോടൊപ്പം അവിടെ കൂടിയിരുന്ന എല്ലാ അതിഥികളും അയാളുടെ മുമ്പാകെ ശിരസ്സുകുനിച്ചു. അപ്പോൾ സ്ത്രീകളുടെ ഇടയിൽനിന്നു് ഏങ്ങലടിയോടുകൂടി അടക്കിയ ശബ്ദത്തിൽ ഒരു കരച്ചിൽ കേട്ടു.

ബീജഗുപ്തൻ ചക്രവത്തിയെ നമോവാകം ചെയ്തുകൊണ്ടു പറഞ്ഞു: "മഹാരാജാവേ! ഞാൻ അങ്ങയുടെ ഈ ആദരവിനു് ഒരിക്കലും അർഹനല്ല. ഞാൻ ഇന്നു ദേശസഞ്ചാരത്തിനു പുറപ്പെടുകയാണു്. ഒരു യാചകനെപ്പോലെ. അവിടുന്നു് എന്നെ ആശീർവ്വദിച്ചു യാത്രയാക്കിയാലും."

ഇത്രയും പറഞ്ഞു് ബീജഗുപ്തൻ വാതിൽക്കലേയ്ക്കു നടന്നു. അതിഥികൾ അയാളുടെ ഇരുവശത്തുമായി അണിനിരന്നു. അവരുടെ മദ്ധ്യത്തിൽക്കൂടി ബീജഗുപ്തൻ നടകൊണ്ടു. ബീജഗുപ്തൻെറ മുഖത്തു് ഒരു അടക്കിയ പുഞ്ചിരി കളിയാടുന്നുണ്ടായിരുന്നു. അതിഥികൾ അയാളുടെ മുഖത്തു് ഒരു തേജസ്സു് ദർശിച്ചു. ആബാലവൃദ്ധം ജനങ്ങൾ കൈകൂപ്പിനിന്നു. ബീജഗുപ്തൻ പ്രതാപത്തിൻെറയും അധികാരത്തിൻെറയും ആവാസസ്ഥാനത്തുനിന്നു് ശാന്തിയുടെയും ത്യാഗത്തിൻെറയും ഗരിമയോടുകൂടി യാത്രയായി.

വെളിയിൽ ബീജഗുപ്തന്റെ സേവകന്മാർ നിൽക്കുന്നുണ്ടായിരുന്നു. അയാളെ കണ്ടയുടൻ അവർ പൊട്ടിക്കരഞ്ഞു. ബീജഗുപ്തൻ ക്ഷണനേരം അവിടെ നിന്നു. അവരിൽ ഓരോ വ്യക്തിയേയും പ്രത്യേകമായി നോക്കി അയാൾ പറഞ്ഞു: "നിങ്ങൾ ശ്വേതാങ്കനെ എനിക്കു തുല്യമായി കരുതിക്കൊള്ളണം. അതോടൊപ്പം എന്നെ മറക്കാൻ ശ്രമിക്കുകയും വേണം."

സേവകന്മാർ കുറേക്കൂടെ ഉച്ചത്തിൽ നിലവിളിച്ചു. കുറച്ചുപേർ ഒരേശബ്ദത്തിൽ പറഞ്ഞു: "അങ്ങയുമൊന്നിച്ച് ഞങ്ങളും വരും."

ബീജഗുപ്തൻെറ സ്വരം ഗംഭീരമായി: "എന്തു പറഞ്ഞു? നിങ്ങൾ ഇവിടെതന്നെ താമസിച്ചുകൊള്ളുണമെന്ന് ഞാൻ നിങ്ങളോട് ആജ്ഞാപിക്കുകയാണ്. ആരും ഇവിടംവിട്ടു പോകരുത്."

അവർ ദുഃഖമടക്കിക്കൊണ്ടു പിറകോട്ടു മാറി. ബീജഗുപ്തൻ മുന്നിലേക്കു നടന്നു. സമയം പാതിരാത്രി കഴിഞ്ഞിരുന്നു. പട്ടണമെങ്ങും നിശ്ശബ്ദമായി. ബീജഗുപ്തൻ സാവധാനം നടകൊണ്ടു. ഒരു യാചകനെപ്പോലെ അയാൾ കാൽനടയായിത്തന്നെ യാത്രചെയ്തു. അയാളുടെ ദേഹത്ത് ഒരു സാധാരണക്കാരൻെറ വസ്ത്രവും കൈയിൽ കുറച്ചു വെള്ളിനാണയങ്ങളും മാത്രമുണ്ടായിരുന്നു. അങ്ങിനെ നടന്നുപോകുമ്പോൾ അയാളുടെ പിന്നിൽ ആരുടെയോ കാൽപ്പെരുമാററം കേട്ടു. അതിൻെറ ഒച്ച ക്രമേണ കൂടിവന്നു. ബീജഗുപ്തൻ തിരിഞ്ഞു നോക്കി. ആ ഇരുട്ടിൽ അയാൾ ഒന്നും കണ്ടില്ല. അയാൾ വീണ്ടും നടന്നു.

കാൽപ്പെരുമാററം കൂടുതൽ ഉച്ചത്തിൽ കേട്ടുതുടങ്ങി. ആ അന്ധകാരത്തിൽ വസ്ത്രങ്ങൾകൊണ്ടു മൂടിപ്പുതച്ച ഒരു മനുഷ്യരൂപം അയാൾക്കു ദൃഷ്ടിഗോചരമായി: "എൻെറ ദേവാ!"

ബീജഗുപ്തൻ നിന്നു: "നീയാര്?" അയാൾ ചോദിച്ചു.

"എൻെറ ദേവാ! എൻെറ ദേവാ! എനിക്കു മാപ്പുതരണം" എന്നു പറഞ്ഞ് ആ മനുഷ്യരൂപം ബീജഗുപ്തന്റെ പാദങ്ങളിൽ വീണു.

ബീജഗുപ്തൻ കക്ശസ്വരത്തിൽ പറഞ്ഞു: "ചിത്രലേഖേ! എൻെറ ജീവിതത്തിൻെറ അഭിശാപമേ! നീ എന്തിന്നിവിടെ വന്നു? പോകൂ! പോകൂ!" അയാൾ പിറകോട്ടു മാറി. "ഇപ്പോൾ എല്ലാം അവസാനിച്ചു. നീ എന്തിനു വന്നു?"

"എൻെറ ദേവന്റെ പാദപാംസുക്കൾ തുടയ്ക്കാൻ! എന്റെ ദേവനെ പൂജിക്കാൻ"—ചിത്രലേഖ എഴുന്നേററു: "നാഥാ! ഞാൻ അവിടത്തെ ജീവിതത്തെ നശിപ്പിച്ചു. ഞാൻ അങ്ങയെ പുറംതള്ളി! അങ്ങ് എന്നെ ശപിക്കുക! ശിക്ഷിക്കുക! എന്നെ പ്രഹരിക്കുക! എന്നാൽ എന്നെ വെറുക്കരുത്!"

ബീജഗുപ്തൻെറ ശരീരമാകെ വിറപൂണ്ടു. അയാൾ ശദ്ഗദസ്വരത്തിൽ പറഞ്ഞു: "ചിത്രലേഖേ! എല്ലാം കഴിഞ്ഞു! എല്ലാം അവസാനിച്ചു. നീ കുമാരഗിരിയുടെ ആശ്രമം ഉപേക്ഷിച്ച് എൻെറ അട്ടത്തേയ്ക്കു വരാൻ കൂട്ടാക്കിയില്ല. ഞാൻ നിരാശാഭരിതനായി. ഇപ്പോൾ എൻെറ മനസ്സിനെ വ്യതിചലിപ്പിക്കാൻ നീ എന്തിനാണു വന്നത്? ഇനി എന്റെ പക്കൽ യാതൊന്നുമില്ല, ഹൃദയത്തിനു ഉന്മേഷമില്ല. കൈയിൽ ധനവുമില്ല. എന്നെ പോകാൻ അനുവദിക്കുക!"

ചിത്രലേഖ ബീജഗുപ്തൻെറ കൈയ്ക്കുപിടിച്ചു: "ഇല്ല എൻെറ നാഥാ! ഞാൻ അങ്ങയെ പോകാൻ അനുവദിക്കുകയില്ല. ഒരു ദിവസം അവിടന്നു് എൻെറ അതിഥിയായി താമസിക്കണം. പോകണമെന്നുണ്ടെങ്കിൽ നാളെ പോകാം."

ബീജഗുപ്തൻ കൈ വിട്ടുവിച്ചു: "എൻെറ മുമ്പിൽനിന്നു മാറിപ്പോകൂ നർത്തകീ! എൻെറ മുമ്പിൽനിന്നു് പോവുക! ഇനി നിനക്കു് എന്നെ തടയാൻ കഴികയില്ല. നിൻെറ വിദ്ധ്വംസക പ്രവൃത്തിയുടെ ഈ പരിണതഫലത്തെ നീ കാണുക. അതു കണ്ടു ചിരിക്കുക. പോവുക. എന്നെ പോകാൻ അനുവദിക്കൂ."—ബീജഗുപ്തൻ വീണ്ടും നടന്നു.

ചിത്രലേഖ ബീജഗുപ്തൻെറ പാദം ഗ്രഹിച്ചു: "ഞാൻ അങ്ങയെ പോകാൻ അനുവദിക്കുകയില്ല—അങ്ങ് എന്നോടു കൂടി എൻെറ ഗൃഹത്തിലേക്കു വരണം. ബീജഗുപ്താ! എന്റെ നാഥാ! താങ്കളുടെ ഹൃദയത്തിൽ എന്നോടുണ്ടായിരുന്ന പ്രേമം

മൃതിയടഞ്ഞുപോയോ? പറയണം നാഥാ!'' ചിത്രലേഖയ്ക്കു തേങ്ങലുണ്ടായി. അവൾ വിങ്ങി വിങ്ങിക്കരഞ്ഞു.

ബീജഗുപ്തന്ന് തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല—"ഹായ്! പ്രേമം മൃതിയടഞ്ഞിരുന്നുവെങ്കിൽ ഞാൻ ഈ പ്രതാപൈശ്വര്യങ്ങൾ എന്തിനുപേക്ഷിക്കണം? ചിത്രലേഖേ! എൻെറ ഹൃദയത്തിൽ നിന്നോടുള്ള പ്രേമം അവസാനിക്കണമെന്നു ഞാൻ ആശിച്ചു. എന്നാൽ അതു നിറവേറിയില്ല. ഇനി നിറവേറുകയുമില്ല"—ഇത്രയും പറഞ്ഞു് ബീജഗുപ്തൻ ചിത്രലേഖയെ പിടിച്ചെഴുന്നേല്പിച്ചു് ആലിംഗനം ചെയ്യാനൊരുങ്ങി. എന്നാൽ ചിത്രലേഖ ഞെട്ടി പിന്മാറിക്കളഞ്ഞു: "പാടില്ല. എൻെറ നാഥാ! ഞാൻ അപവിത്രയാണ്. പതിതയാണ്. ഞാൻ പാപിയാണ്. വരിക! എൻെറ ഗൃഹത്തിലേക്കു വരിക! അവിടന്നു് എന്നെ പവിത്രയാക്കണം."

"വരിക!"—ബീജഗുപ്തൻ പറഞ്ഞു: "വരിക ചിത്രലേഖേ! ലോകത്തു നിൻെറ വാക്കാണ് എനിക്കു മറുക്കാനാവാത്തതു്. എന്നെ നീ എത്രമാത്രം അധഃപതിപ്പിക്കാൻ ആഗ്രഹിക്കുന്നുവോ അത്രയും അധഃപതിപ്പിച്ചുകൊള്ളുക. എന്നാൽ നീ നാളെ എന്നെ തടയുകയില്ലെന്നു വാഗ്ദാനം ചെയ്യണം."

"ഞാൻ വാഗ്ദാനം ചെയ്യുന്നു."

ചിത്രലേഖ ഗൃഹത്തിലെത്തി. അവൾ ബീജഗുപ്തനു ശയനത്തിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്യിച്ചു. അതിനു ശേഷം അവൾ പറഞ്ഞു: "നാഥാ! അവിടന്നു ശയിക്കണം! നാളെ രാവിലെ നമുക്കു സംഭാഷണംചെയ്യാം." ബീജഗുപ്തൻ നിർവ്വാക്കായി അവളെ നോക്കി നിന്നുപോയി.

രാവിലെ ചിത്രലേഖ ബീജഗുപ്തൻെറ അട്ടത്തുവന്നു: "സ്വാമീ! എനിക്കു് അവിടന്നു് അവിടത്തെ ചരണാമൃതം നൽകിയാലും."

ബീജഗുപ്തന്ന് ചിത്രലേഖയുടെ ഈ പ്രവൃത്തിയിൽ അതിയായ അത്ഭുതം തോന്നി: "ഇതെന്തിനു്?"

"ഞാൻ എന്നെ പരിശുദ്ധയാക്കുകയാണ്! എൻെറ സ്വാമീ! ഞാൻ എൻെറ മാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചു

പോയി. ഞാൻ യോഗി കുമാരഗിരിയുടെ വിഷയേച്ഛക്കു് ഇരയായിത്തീൎന്നു. ഞാൻ കോപാവേശത്തിൽ എൻെറ ശരീരത്തെ അയാൾക്കൎപ്പിച്ചു. ആ ശരീരത്തെ ഞാൻ പവിത്രമാക്കാൻ ആഗ്രഹിക്കുന്നു."

ചിത്രലേഖ അക്കഥ വിസ്തരിച്ചു പറഞ്ഞു: "ഇപ്പോൾ അങ്ങേയ്ക്കു മനസ്സിലാകും ഞാൻ എന്തുകൊണ്ടാണു് അങ്ങയുടെ അടുത്തു വരാതിരുന്നതെന്നു്. അങ്ങു് എനിക്കു മാപ്പു തരണം!"

"ഇത്രയേ ഉള്ളോ?"—ബീജഗുപ്തൻ ചിരിച്ചു: "ചിത്രലേഖേ! ഭവതി ഒരു വലിയ തെററുചെയ്തു. ഭവതിക്കു എന്നെ മനസ്സിലാക്കുന്നതിൽ തെററു പററിപ്പോയി. ഭവതി എന്നോടു ക്ഷമായാചനം ചെയ്കയോ? ചിത്രലേഖേ! പ്രേമം ഒരു ത്യാഗമാണു്. ഒരു വിസ്മൃതിയാണു്. ഒരു തന്മയീഭാവമാണു്. പ്രേമത്തിൻെറ പൂമുററത്തു് അപരാധം തന്നെ ഉണ്ടാകുന്നില്ല. പിന്നെന്തിനാണു് ക്ഷമായാചനം? എങ്കിലും ഭവതി എന്നെക്കൊണ്ടു 'ക്ഷമിച്ചു' എന്നു പറയിക്കണമെന്നാഗ്രഹിക്കുകയാണെങ്കിൽ ഞാൻ ഇതോ പറയുന്നു: "ഞാൻ ഭവതിയോടു ക്ഷമിച്ചിരിക്കുന്നു!"

ചിത്രലേഖ ബീജഗുപ്തൻെറ പാദം ഗ്രഹിച്ചുകൊണ്ടു പറഞ്ഞു: "നാഥാ! എന്നാൽ താങ്കൾ എന്നെ സ്വീകരിച്ചാലും!"

"ഇതെങ്ങിനെ സാധിക്കും? ദേവീ! ചിത്രലേഖേ! ഞാൻ യാചകനാണു്. ഞാൻ എൻെറ ധനം മുഴുവൻ ഉപേക്ഷിച്ചു. ഇനി ഇതെങ്ങിനെയാണു സാദ്ധ്യമാവുക?"

"നാഥാ! എൻെറ പക്കൽ അളവററ ധനസഞ്ചയമുണ്ടു്. ഞാൻ താങ്കളുടെ സ്വന്തമാണു്. എൻെറ ധനം താങ്കളുടേതാണു്. പിന്നെങ്ങിനെയാണു് അവിടന്നു നിൎദ്ധനനാവുക! അവിടന്നു ഭിക്ഷക്കാരൻ എന്നു് എങ്ങിനെ പറയും?"

"ഭവതിയുടെ ധനം! ഭവതിയുടെ ധനസഞ്ചയം! അതുകൊണ്ടു് എനിക്കു് ഒരുപയോഗവുമില്ല. ഞാൻ എൻെറ സമ്പത്തുപേക്ഷിച്ചതു് വീണ്ടും സ്വീകരിക്കാനല്ല. എന്നെന്നേയ്ക്കു

മായി കൈവെടിയുന്നതിനാണ്. ഞാൻ ഭവതിയെ വേണ മെങ്കിൽ ഒരു ഭിക്ഷക്കാരിയായി സ്വീകരിച്ചുകൊള്ളാം.''

ചിത്രലേഖ എഴുന്നേററു: "എന്നാൽ അങ്ങിനെയാകട്ടെ! നാം രണ്ടാളും യാചകവേഷത്തിൽ ഈ ലോകരംഗത്തേയ്ക്കിറ ങ്ങുക! പ്രേമം. വെറും പ്രേമം, അതായിരിക്കണം നമ്മുടെ ആ ധാരം! എൻെറ ദേവാ! ഞാൻ എൻെറ ധനം മുഴുവൻ ഇന്നു തന്നെ ദാനംചെയ്യാം. ഇന്നു രാത്രി നാം രണ്ടുപേരും അന ന്തമായ ഈ ലോകത്തു് പ്രേമത്തിൻെറ വഞ്ചിയിൽ കയറി യാത്രതുടങ്ങാം.'' ചിത്രലേഖയുടെ മുഖം ദീപ്തമായി. അവളു ടെ നേത്രങ്ങളിൽ പ്രകാശം നിറഞ്ഞു—അവളുടെ ആത്മാവി ന്നു വെളിച്ചംകിട്ടി.

ബീജഗുപ്തൻ ചിത്രലേഖയുടെ ചുംബനം സ്വീകരിച്ചു. "നാം രണ്ടാളും എത്ര സുഖികളാണ്."

# ഉപസംഹാരം

ഒരു വൎഷംകഴിഞ്ഞു. മഹാപ്രഭു രത്നാംബരൻ പറഞ്ഞു: "വത്സാ, ശ്വേതാങ്കാ! നിൻെറ വിവാഹം കഴിഞ്ഞു. നീ ഗൃഹ സ്ഥനായി. ഇപ്പോൾ നിനക്കു പറയാമോ, ബീജഗുപ്തൻ കു മാരഗിരി ഇവരിൽ ആരാണു പാപിയെന്നു്?''

ശ്വേതാങ്കൻ രത്നാംബരൻെറ മുമ്പിൽ ശിരസ്സു കുനിച്ചു: "മഹാപ്രഭോ! ബീജഗുപ്തൻ ദേവനാണ്. ഈ ലോകത്തു് അദ്ദേഹം ത്യാഗത്തിൻെറ മൂൎത്തീഭാവമത്രേ. അദ്ദേഹം വി ശാലഹൃദയനാണ്. കുമാരഗിരി മൃഗമാണ്. അയാൾ ജീ വിക്കുന്നതു് അയാൾക്കുവേണ്ടി മാത്രം. ലോകത്തിനു് അയാ ളുടെ ജീവിതംകൊണ്ടു് ഒരു പ്രയോജനവുമില്ല. ജീവിതനിയ മങ്ങൾക്കു വിരുദ്ധമാണ് അയാളുടെ പോക്കു്. സ്വന്തം സു ഖത്തിനുവേണ്ടി അയാൾ ലോകത്തിൻെറ അരിഷ്ടതകളിൽ നിന്നു് മുഖം തിരിച്ചുകളഞ്ഞു. കുമാരഗിരി പാപി യാണ്.''

"വത്സാ, വിശാലദേവാ! നീ യോഗവിദ്യ പഠിച്ചു. ഇപ്പോൾ നീ ഒരു യോഗിയാണ്. ഇനി നീ പറയുക, കുമാരഗിരി ബീജഗുപ്തൻ ഇവരിൽ ആരാണു പാപിയെന്നു്."

വിശാലദേവൻ രത്നാംബരനെ നമിച്ചു: "മഹാപ്രഭോ! യോഗി കുമാരഗിരി അജേയനാണ്. അദ്ദേഹം സ്വാത്മത്തെ കീഴടക്കിയവനാണ്. ലൌകികബന്ധങ്ങളിൽനിന്നു് അദ്ദേഹം വളരെ ഉയർന്നുകഴിഞ്ഞു. അദ്ദേഹത്തിൻെറ സാധനയും ജ്ഞാനവും ശക്തിയും പൂർണ്ണമാണ്. ബീജഗുപ്തൻ വിഷയവാസനക്കടിമയത്രെ. അയാളുടെ ജീവിതം ലോകത്തിലെ നിന്ദ്യമായ സുഖഭോഗങ്ങളിലാണ്. അയാൾ പാപിയാണ്. പാപമയമായ ലോകത്തിൻെറ ഒരു മുഖ്യഘടകമാണ് ബീജഗുപ്തൻ."

രത്നാംബരൻ പറഞ്ഞു: "നിങ്ങൾ രണ്ടുപേരും രണ്ടു വ്യത്യസ്തപരിതസ്ഥിതികളിൽ ജീവിക്കുന്നതുകൊണ്ടു് പാപത്തെസ്സംബന്ധിച്ച നിങ്ങളുടെ ധാരണകളും വ്യത്യസ്തമായിരിക്കും. നിങ്ങൾ പോവുകയാണ്. നിങ്ങളുടെ വിദ്യാഭ്യാസം പൂർണ്ണമായി. ഇപ്പോൾ അവസാനപാഠം ഞാൻ പറഞ്ഞുതരാം.

"ലോകത്തു പാപം എന്നു് ഒരു വസ്തുവില്ല. അതു് മനുഷ്യൻെറ വീക്ഷണങ്ങളിലുള്ള വ്യത്യസ്തതയുടെ അപരനാമം മാത്രമാണ്. ഓരോ വ്യക്തിയും ഓരോ വിശിഷ്ടമായ മനോവൃത്തിയോടുകൂടി ജനിക്കുന്നു. ഓരോ വ്യക്തിയും ഈ ലോകത്തിൻെറ നാടകരംഗത്തു് അഭിനയിക്കാനായി വരുന്നു. തന്റെ മനോവൃത്തിയുടെ പ്രേരണകൊണ്ടു് തനിക്കു സ്വന്തമായുള്ള പാഠത്തെ അവിടെനിന്നു് ഉരുവിടുന്നു. ഇതാണു മനുഷ്യജീവിതം. മനുഷ്യൻെറ ഓരോ പ്രവൃത്തിയും അവൻെറ സ്വഭാവമനുസരിച്ചിരിക്കും. സ്വഭാവം പ്രകൃതിദത്തവുമാണ്. മനുഷ്യൻ തൻെറ യജമാനനല്ല. അവൻ പരിതഃസ്ഥിതികൾക്കടിമയാണ്. വിവശനാണ്. അവൻ കർത്താവല്ല. കേവലം ഒരുപകരണം. പിന്നെ എങ്ങിനെയാണു പാപവും പുണ്യവുമുണ്ടാകുന്നതു്?"

"മനുഷ്യനിൽ സ്വാത്മമാണു പ്രധാനം. ഓരോ മനുഷ്യനും സുഖമാഗ്രഹിക്കുന്നു. ഓരോരുത്തരുടെയും സുഖത്തിൻെറ കേന്ദ്രമേ വ്യത്യസ്തമായിരിക്കുന്നുള്ളൂ. ചിലർ ധനത്തിൽ സുഖം കാണുന്നു. ചിലർ മദ്യത്തിൽ സുഖം കാണുന്നു; ചിലർ വ്യഭിചാരത്തിൽ സുഖം കണ്ടെത്തുന്നു. ചിലർ ത്യാഗത്തിൽ; എന്നാൽ ഓരോ വ്യക്തിയും സുഖമാഗ്രഹിക്കുന്നു, ലോകത്തു് ആരുംതന്നെ സ്വമനസ്സാലെ ദു:ഖമുണ്ടാകുന്ന പ്രവൃത്തി ചെയ്കയില്ല—ഇതാണു്മനുഷ്യൻെറ മനോവൃത്തി. അവന്റെ ദൃഷ്ടികോണങ്ങളിലുള്ള വിഭിന്നതയും ഇതുതന്നെയാണു്.

"അതുകൊണ്ടാണു പാപത്തിനു ഒരു നിർവ്വചനം നല്കാൻ സാധിക്കാതിരുന്നിട്ടുള്ളതു്, സാധിക്കാത്തതു്. നാം പാപവും ചെയ്യുന്നില്ല, പുണ്യവും ചെയ്യുന്നില്ല. നമുക്കു ചെയ്യേണ്ടിവന്നുപോകുന്നതു് നാം ചെയ്യുന്നു."

രത്നാംബരൻ എഴുന്നേററു: "ഇതു് എൻെറ അഭിപ്രായമാണു്. നിങ്ങൾ ഇതിനോടു യോജിച്ചാലും ഇല്ലെങ്കിലും നിങ്ങളെ ഞാൻ അതിനു നിർബ്ബന്ധിക്കുന്നില്ല. അതു് എനിക്കു സാധിക്കുകയുമില്ല—പോവുക, സുഖമായി ജീവിക്കുക! നിങ്ങൾക്കു് എൻെറ ആശിസ്സുകൾ!"

CHITRALEKHA

‘ചിത്രലേഖ’ ഹിന്ദിയിൽ രചിച്ചിട്ടുള്ള ഒരു നവീന ആഖ്യായികയാണു്. കുറഞ്ഞ കാലത്തിനകം പതിനഞ്ചു പതിപ്പുകൾ അച്ചടിച്ചു വിററുകഴിഞ്ഞിരിക്കുന്നുവെന്നതു് ഇതിൻെറ പ്രചാരത്തിനും പൊതുജനസമ്മതത്തിനും തെളിവുകളാണു്.

ഈ നോവലിൻെറ ഗ്രന്ഥകർത്താവു് ഹിന്ദി സാഹിത്യത്തിൽ പേരും പെരുമയും ആർജ്ജിച്ച ഭഗവതീചരൺവർമ്മയാണു്. വർമ്മ ഒരു നോവലെഴുത്തുകാരനായി മാത്രമല്ല പ്രസിദ്ധിനേടിയിട്ടുള്ളതു്. അദ്ദേഹം ഒരു വിഖ്യാതനായ ചെറുകഥാകൃത്തും, ഉപന്യാസകർത്താവും, നാടകകൃത്തും കൂടിയാണു്. ലളിതമായ ഭാഷയിൽ പ്രൌഢഗംഭീരമായ ആശയങ്ങളെ ബഹുജനസമക്ഷം അവതരിപ്പിക്കുന്നതിൽ വർമ്മയുടെ പാടവം അന്യാദൃശം തന്നെ. ഈ നോവൽ അദ്ദേഹത്തിൻെറ രചനാപാടവത്തിനും പാണ്ഡിത്യത്തിനും ഒരു ഉത്തമോദാഹരണമാണു്.

ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലത്തിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ചതു്.

ഓറിയന്റ് ലോങ്മൻസ്
ലിമിറ്റഡ് : : മദ്രാസ്-2.



SOUTHERN LANGUAGES BOOK TRUST

# ചിത്രലേഖ

രൂ: 2.00

ഭഗവതീചരൺ വർമ്മ



Indic Digital Archive Foundation
gpura.org